# ചിന്തയും കീർത്തനവും

ഫാ.തോമസ് കൊച്ചുമുട്ടം സി.എം.ഐ.

Dharmaram Publications
No.562

# ചിന്തയും കീർത്തനവും

**ഫാ.തോമസ് കൊച്ചുമുട്ടം സി.എം.ഐ.**

**Chavara Central Secretariat**
Kochi 682030 Kerala, India
**&**
**Dharmaram Publications**
Bangalore 560029 India
**2024**

*Chinthayum Keerthanavum*

**Fr Thomas Kochumuttom CMI**

Email: tkcmi@yahoo.com

© 2024 Chavara Central Secretariat, Kochi

Cover design: Jebin Jose Attokaran CMI

Printing: Viani Printings, Kochi

ISBN: 978-93-92996-73-3

Price: Rs 200 ; US 10 $

**Chavara Central Secretariat**
CMI Prior General's House, Chavara Hills, Kakkanad
Post Box 3105, Kochi 682 030 Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/

&

**Dharmaram Publications**
Dharmaram College, Bangalore 560029, India
Tel: +91-8041116137; 6111
Email: dpoffice3@gmail.com

Web: www.dharmarampublications.com

# വിഷയ വിവരം


പിതൃസന്ദേശം:

ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.

പ്രിയോർ ജനറൽ 07

ആമുഖം 11

ചാവറ ഗാനം 15

**ഒന്നാം ഭാഗം: ജീവൻധാരാചിന്തകൾ** 17

1.1. ജീവൻധാര 17

1.2. ഉണ്ണി പിറന്നു ഹിമസാനുക്കളിൽ 25

1.3. ഇതര മതങ്ങൾ 31

1.4. ഏകാന്ത സന്ന്യാസം 47

1.5. ആശ്രമ പ്രസ്ഥാനം 64

1.6. ആശ്രമ ശൈലി 72

**രണ്ടാം ഭാഗം: മാർഗവും മാതൃകയും** 93

2.1. വിളിയും വെല്ലുവിളിയും 93

2.2. കർമ്മയോഗിയായ ചാവറപ്പിതാവ് 123

**മൂന്നാം ഭാഗം: ക്രിസ്തു കീർത്തനം** 141

# പിതൃസന്ദേശം

“ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം; പരിശുദ്ധനായവനെ അറിയുന്നതാണ് അറിവ്.” (സുഭാ 9:10). ദൈവത്തെ തന്റെ ധ്യാനോപാസനയിലൂടെ അന്വേഷിച്ച് കണ്ടെത്താനായി തന്റെ ജീവിതം ഉഴിഞ്ഞുവെച്ച ഒരു ആചാര്യനാണ് ബഹു. തോമസ് കൊച്ചുമുട്ടമച്ചൻ. തന്റെ തത്ത്വശാസ്ത്ര പഠനത്തിനും അധ്യാപനത്തിനുമൊക്കെ ശേഷം തന്റെ ജീവിതം ബിജ്നോർ മിഷനിലെ ജീവൻധാരാ ആശ്രമത്തിൽ പ്രാർത്ഥനയിലും പഠനത്തിലും ഈശ്വര ഉപാസനത്തിലും ചിലവഴിക്കുകയാണ് അദ്ദേഹം. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മിഷൻ അനുഭവങ്ങളും ദർശനങ്ങളും ചിന്താധാരകളും ഒക്കെ ലേഖനങ്ങളായി പല പ്രസിദ്ധീകരണങ്ങളിലും സമയാസമയങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു, അവയെല്ലാം സമാഹരിച്ച് ‘*ചിന്തയും കീർത്തനവും*’ എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഒത്തിരി സന്തോഷിക്കുന്നു. അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

താൻ അഭ്യസിച്ച ജ്ഞാനവും താൻ പഠിച്ചറിഞ്ഞ് മനസ്സിലാക്കിയ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും നമ്മുടെ സംസ്കാരത്തിനും ജീവിതശൈലിക്കും ഇണങ്ങുന്ന രീതിയിൽ കലപ്പുകളില്ലാതെ പകർന്നു നൽകുന്ന ഒരു ആചാര്യനാണ് കൊച്ചുമുട്ടമച്ചൻ. അതുകൊണ്ട് അനേകം സമർപ്പിതസമൂഹങ്ങൾക്കും ഈശ്വരാന്വേഷകർക്കും ക്ലാസ്സുകൾ വഴിയും ധ്യാനങ്ങൾ കൊടുത്തും തന്റെ അറിവും അനുഭവവും പകർന്നു കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു. താൻ അംഗമായ സി.എം.ഐ. സഭയെ ഒത്തിരിയേറെ ആത്മാർത്ഥമായി സ്നേഹിക്കുകയും കർമ്മലസഭാചൈതന്യത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുകയും സ്ഥാപക പിതാക്കന്മാരെയും അവരുടെ സിദ്ധികളെയും സമൂലമായി സംഗ്രഹിച്ച് അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന ഒരു സന്യാസവര്യൻ. “നീർച്ചാലിന് അരികെ നട്ടതും യഥാകാലം ഫലം തരുന്നതുമായ ഇല കൊഴിയാത്ത വൃക്ഷം പോലെയാണ് അവൻ.”(1:3) എന്ന സങ്കീർത്തകന്റെ പ്രാർത്ഥന

ബഹുമാനപ്പെട്ട കൊച്ചുമുട്ടച്ചനിൽ ഒത്തിരി അന്വർത്ഥമായി നാം കാണുന്നു.

'*ചിന്തയും കീർത്തനവും*' അതിന്റെ ഒന്നാം ഭാഗത്തിൽ വടക്കേ ഇന്ത്യയിലെ മിഷനിലെ തന്റെ മിഷൻ അനുഭവങ്ങളിലൂടെ വ്യത്യസ്തമായ സാഹചര്യങ്ങളിൽ ക്രൈസ്തവ സാക്ഷ്യം എങ്ങനെ സാധ്യമാകുന്നു എന്നതിന്റെ വിവരണമാണ്. സുവിശേഷവൽക്കരണം ആകർഷണത്തിലൂടെ എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തയെ ശരിവെച്ചുകൊണ്ട് ബിജ്നോറിന്റെ സാഹചര്യത്തിൽ സുവിശേഷ വൽക്കരണത്തിന്റെ വിവിധ മാനങ്ങളെ ബഹു. കൊച്ചുമുട്ടമച്ചൻ തന്റെ ലേഖനങ്ങളിൽ പ്രതിപാദ്യവിഷയമാക്കുന്നു. താൻ ഏറ്റെടുത്ത ജീവൻധാരാ ആശ്രമം ഈ ഉദ്യമത്തിൽ ചെയ്യുന്ന സംഭാവനകൾ അദ്ദേഹം വിവരിക്കുമ്പോൾ ക്രൈസ്തവ മതത്തിന്റെ ശ്രമം മറ്റു മതങ്ങളെ തകർത്ത് അവിടെ സ്ഥാനം പിടിച്ചെടുക്കുകയല്ല മറിച്ച് എല്ലാ മതവിഭാഗങ്ങളെയും കൂട്ടിയിണക്കി സുവിശേഷാധിഷ്ഠിത മൂല്യങ്ങൾ സ്ഥാപിക്കാനായി ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കുന്നു എന്ന സത്യത്തെ സ്ഥാപിക്കുന്നു. തന്റെ ചുരുങ്ങിയകാല മിഷൻ ജീവിതത്തിന്റെ വെളിച്ചത്തിൽ ബഹു. തോമസ് കൊച്ചുമുട്ടമച്ചൻ പങ്കുവെക്കുന്ന ചിന്തകളും ദർശനങ്ങളും *ചിന്തയും കീർത്തനവും* എന്ന പേരിൽ പുറത്തു വരുമ്പോൾ ഇത് തീർച്ചയായും നമ്മുടെ വിശ്വാസ ജീവിതത്തിനും അതുപോലെ ആത്മീയ മുന്നേറ്റത്തിനും സഹായകരമാകും എന്നത് നിസ്സംശയം പറയാം.

ഈ പുസ്തകത്തിൽ വിശുദ്ധ ചാവറ പിതാവിന്റെ ജീവിതത്തെ അനാവരണം ചെയ്തു നമുക്കായി പകർന്നു തരുന്നതും വിളിയുടെ പ്രാധാന്യത്തെക്കുറിച്ചും പ്രത്യേകമായി ഒരു മിഷനറിയാകാനുള്ള വിളിയുടെ സാംഗത്യവും അതിനുള്ള വെല്ലുവിളികളും തന്റെ ജീവിതാനുഭവത്തിലൂടെ വായനക്കാരുമായി പങ്കുവയ്ക്കുന്നതാണ് ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗം .

തന്റെ ജീവിതത്തിലേയ്ക്ക് തന്നെ തിരിഞ്ഞുനോക്കിക്കൊണ്ട് തന്റെ പ്ലാനും പദ്ധതിക്കും എതിരായി യേശുവിന്റെ വിളി അദ്ദേഹത്തെ ഹിമാലയസാനുക്കളിലേയ്ക്ക് നയിച്ചപ്പോൾ തന്നെ കൂടുതൽ ആവശ്യമുള്ളിടത്തേയ്ക്ക് ദൈവം തന്നെ നയിക്കുന്ന ബോധ്യം അദ്ദേഹത്തിന് പൂർണ സംതൃപ്തിയും സന്തോഷം നൽകുന്നു എന്നത് തന്റെ അനുഭവത്തിലൂടെ അദ്ദേഹം പങ്കുവയ്ക്കുന്നത് ഈ പുസ്തകത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നു.

ഈ പുസ്തകം ഇപ്രകാരം നമ്മുടെ ചിന്തയ്ക്കും വിചിന്തനത്തിനുമായി സാധ്യമാക്കിത്തന്ന ബഹുമാനപ്പെട്ട കൊച്ചുമുട്ടച്ചനെ അഭിനന്ദിക്കുന്നതിനോടൊപ്പം ഇതിന്റെ വായനക്കാർക്കെല്ലാം ഒത്തിരിയേറെ നന്മകൾ നേരുന്നു. ഈ പുസ്തകം നമ്മുടെ ജീവിതത്തിന് ഒത്തിരിയേറെ പ്രചോദനം നൽകുന്നതാകട്ടെയെന്ന് ആശംസിക്കുന്നു.

ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.
പ്രിയോർ ജനറൽ

## ആമുഖം

വർഷങ്ങൾക്കു മുമ്പ് ഞാൻ "സിമിഷൻ", "സത്യദീപം" എന്നീ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് ഈ വിനീത രചന. പ്രസ്തുത പ്രസിദ്ധീകരണങ്ങളുടെ അധികാരികളോട് എനിക്കുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു.

ചാവറ ഗാനം കൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നത്. ചാവറ പിതാവിന്റെയും, യൂഫ്രാസിയ അമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനം ആഘോഷിച്ച സമ്മേളനത്തിൽ ദീപം കൊളുത്തൽ സമയം ആലപിച്ചതാണ് ഈ ഗാനം.

മൂന്ന് ഭാഗങ്ങളുണ്ട് പുസ്തകത്തിന്. 1999 ൽ ഞാൻ ആരംഭിച്ച ആശ്രമ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ എഴുതിയ വിചിന്തനങ്ങളാണ് ഒന്നാം ഭാഗം. അതിൽ ഉത്തരാഖണ്ഡിലും ഉത്തരപ്രദേശത്തുമായി വ്യാപിച്ചുകിടക്കുന്ന ബിജ്നോർ രൂപതയിൽ വച്ച് എനിക്കുണ്ടായ ചില അനുഭവങ്ങളും നിരീക്ഷണങ്ങളും അടങ്ങുന്നു: ഏകാന്തസന്യാസം (hermitage) ആശ്രമപ്രസ്ഥാനത്തിന്റെ ചരിത്രം, ആശ്രമജീവിതവും ആദ്ധ്യാത്മികതയും, ആശ്രമശൈലി എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

രണ്ടാം ഭാഗത്തിൽ സാമാന്യം ദീർഘമായ രണ്ടു ലേഖനങ്ങളാണ് ഉള്ളത്. ആദ്യത്തെതിന്റെ തലക്കെട്ട് "വിളിയും വെല്ലുവിളിയും" എന്നാണ്. അതിന്റെ ഒരു ചെറിയ പതിപ്പ്, 2006-ൽ ആണെന്നു തോന്നുന്നു, സത്യദീപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ദൈവദാനമായ വിളിക്ക് നാം എങ്ങനെ പ്രതികരിക്കണമെന്നും, അനുഭവപ്പെടുന്ന വെല്ലുവിളികളെ എങ്ങനെ നിശ്ചയദാർഢ്യത്തോടെ നേരിടണമെന്നും വിശകലനം ചെയ്യുന്നു. സഭയ്ക്കുള്ളിൽ നിന്ന് ലഭിക്കേണ്ട പ്രോത്സാഹനത്തിന്റെ അഭാവം, കർമ്മരംഗത്ത് അനുഭവപ്പെടുന്ന ഫലരാഹിത്യം, ക്രൈസ്തവവിരോധം എന്നിവയാണ് പ്രധാനവെല്ലുവിളികൾ. അവയെ നേരിടാൻ കേരളസഭയുടെ പ്രേഷിത ബോധത്തെ അടിയന്തരമായി തട്ടി ഉണർത്തമെന്നും,

പൊതുനന്മയ്ക്കായി നൽകപ്പെട്ടിരിക്കുന്ന ദൈവവിളി എന്ന ദാനം മറ്റുള്ളവരുമായി ധാരാളമനസ്സോടെ പങ്കുവയ്ക്കണമെന്നും, വിളിക്കപ്പെട്ടവർ തങ്ങളെ കൂടുതൽ ആവശ്യമുള്ളിടങ്ങളിൽ പോകാനും ജീവിക്കാനും സന്നദ്ധരാകണമെന്നും, പ്രേഷിത പ്രവർത്തനങ്ങളുടെ ജയാപജയങ്ങൾ വിലയിരുത്തുന്നതിൽ ക്രൈസ്തവരുടെ സംഖ്യ തുടങ്ങിയ പ്രത്യക്ഷമായ നേട്ടങ്ങളും കോട്ടങ്ങളുമാകരുത് മാനദണ്ഡം, മറിച്ച് തക്കസമയത്തും വിധത്തിലും തീർച്ചയായും ദൈവം ഫലം പുറപ്പെടുവിക്കും എന്ന ശരണവും ശുഭാപ്തിവിശ്വാസവും ആകണമെന്നും, യേശുവിനെ അനുകരിച്ച് പ്രേഷിതർ ദൈവതൃക്കരങ്ങളിലേക്ക് ചെയ്യുന്ന നിരുപാധികവും നിഷ്കാമവുമായ ആത്മസമർപ്പണമാണ് നിർണായക ഘടകമെന്നും, പ്രേഷിത ജീവിതത്തിൽ ലഭിക്കുന്ന തിക്തവും മധുരവുമായ എല്ലാ അനുഭവങ്ങളും വിളിയുടെ ഭാഗമായി കണക്കാക്കണമെന്നും, പ്രതിബദ്ധതയാണ് സർവ്വ പ്രധാനമെന്നും, അജപാലനം തുടങ്ങിയ പൗരോഹിത്യ ധർമ്മത്തിന് പുതിയ അർത്ഥങ്ങളും മാനങ്ങളും കണ്ടെത്തണമെന്നും, ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യമാണ് എല്ലാ ചോദ്യങ്ങൾക്കും ആത്യന്തികമായ ഉത്തരമെന്നും സമർത്ഥിക്കാൻ ശ്രമിച്ചിരിക്കുന്നു.

വൈദിക സന്ന്യാസത്തിന് ലഭിച്ച വിളിയെ കൃത്യമായി വിവേചിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കുകയും, വെല്ലുവിളികളെ ധീരതയോടെ നേരിടുകയും ചെയ്തൊരു വിശുദ്ധനാണ് ചാവറ പിതാവ്. ഈ വിഷയത്തിൽ സമാനതകളില്ലാത്ത ഒരു മാതൃകയാണദ്ദേഹം. ഇക്കാര്യം വിശകലനം ചെയ്യുന്നതാണ് രണ്ടാമത്തെ ലേഖനം. 'യോഗാസ്ഥ: കുരു കർമ്മാണി' (യോഗാവസ്ഥയിലിരിക്കെ കർമ്മങ്ങൾ ചെയ്യുക) എന്ന ഗീതോപദേശം ജീവിതാദർശമാക്കിയൊരു കർമ്മയോഗിയാണദ്ദേഹം. ഈശ്വര ദത്തമായ എല്ലാ കഴിവുകളും ദാനങ്ങളും ലേശം പോലും സ്വാർത്ഥലാഭേച്ഛ കൂടാതെ, ദൈവ മഹത്വത്തിനും സമുദായോന്നതിക്കും വേണ്ടി നിർലോഭം വ്യയം ചെയ്തൊരു യുഗപുരുഷനാണദ്ദേഹം.

ക്രിസ്തു കീർത്തനം എന്നാണ് മൂന്നാം ഭാഗത്തിന്റെ ശീർഷകം. ക്രിസ്തുചരിതം മുഴുവൻ സംഗ്രഹിക്കുന്ന 103 ശ്ലോകങ്ങളാണ് ഉള്ളടക്കം, മലയാള ഭാഷയിൽ, സംസ്കൃത വൃത്തത്തിൽ 2014-ൽ

എന്റെ കൂട്ടുകാരൻ തോമസ് ചക്കാലമറ്റമച്ചനും സഹപ്രവർത്തകരും ചേർന്ന് ഈണം നൽകി സി.ഡി. യിൽ ആക്കിയിട്ടുള്ളതാണീ കൃതി.

1999-2006 വർഷങ്ങളിൽ എഴുതപ്പെട്ടതാണ് ലേഖനങ്ങൾ. അന്നത്തെ സ്ഥിതിഗതികളും ചിന്താഗതികളുമാണ് പശ്ചാത്തലം. ഇന്ന് അവയെല്ലാം കുറച്ചെങ്കിലും മാറിയിരിക്കും. അത് നമ്മുടെ ഗതി മുന്നോട്ടോ പിന്നോട്ടോ എന്ന് വിലയിരുത്താൻ വായനക്കാർക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ലേഖനങ്ങൾ സമാഹരിച്ച് പുസ്തകമാക്കാൻ എന്നെ സഹായിച്ചവരെയെല്ലാം കൃതജ്ഞതയോടെ ഓർമിക്കുന്നു. എന്റെ സഹ സന്ന്യാസി ടോം മുണ്ടാടൻ, അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ് സിജു അച്ചാണ്ടി, ഫാദർ നിതിൻ അയിരൂക്കാട്ട്, ഫാദർ ജോസഫ് കുഴികണ്ടത്തിൽ, എന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാദർ ഡേവിസ് വരയിലാൻ, ആശ്രമ നിയന്താവ് ഫാദർ വർഗീസ് കൈതാരൻ എന്നിവർ ഓരോ വിധത്തിൽ എന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഓഫീസ് സെക്രട്ടറി ജെസ്റ്റോ ജേക്കബ്ബിനെയും നന്ദിയോടെ ഓർമ്മിക്കുന്നു. ലേഖനങ്ങളെല്ലാം കൂട്ടിവച്ച് പുസ്തകത്തിന് അവസാന രൂപം നൽകാൻ ധാരാളമനസ്സോടെ സഹായിച്ചത് ഈ യുവസ്നേഹിതനാണ്. അദ്ദേഹത്തിന്റെ ക്ഷമയും ശ്രദ്ധയും അഭിനന്ദനമർഹിക്കുന്നു.

സി.എം.ഐ. സഭയുടെ വികർ ജനറലും 'പ്രേഷിത പ്രവർത്തനവും അജപാലനവും' എന്ന വകുപ്പിന്റെ സെക്രട്ടറിയുമാണ് ഫാദർ ജോസി താമരശ്ശേരി. അദ്ദേഹമാണ് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം തന്റെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭംഗിയായി നിർവ്വഹിച്ചിട്ടുള്ളത്. അദ്ദേഹത്തോട് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം, അദ്ദേഹത്തിന്റെ ഉദ്യമങ്ങളെല്ലാം സഫലമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എനിക്കൊരിക്കലും മറക്കാനാകാത്തൊരു വ്യക്തിയാണ് എന്റെ ഇന്നത്തെ പ്രിയോർ ജനറൽ ഫാ. തോമസ് ചാത്തംപറമ്പിൽ. വിശാല ഹൃദയത്തിന്റെയും മഹാമനസ്കതയുടെയും തർക്കമില്ലാത്ത ഉടമ. എന്റെ കൊച്ചുലോകത്തിലേയ്ക്ക് കനിഞ്ഞിറങ്ങിവന്ന്, ചേതോഹരമായൊരു സന്ദേശം നല്കിക്കൊണ്ട് അദ്ദേഹം എന്നെ അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു! ഞാനതിന് എന്നും

കൃതജ്ഞനാണ്. യേശുനാഥന്റെ അനുഗ്രഹവർഷം ഇനിയും ധാരാളമായി അദ്ദേഹത്തിനുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഫാദർ തോമസ് കൊച്ചുമുട്ടം സി.എം.ഐ.
ജീവൻധാര ആശ്രമം, ജയ്ഹരിഖാൽ,
ഉത്തരാഖണ്ഡ്, 246193.
23 ഫെബ്രുവരി 2024



1. ശ്രീ സിദ്ധ ചാവറ! കുലീന കുടുംബജാതം,
കുര്യാക്കുസേലിയ! സുകീർത്തിത പുണ്യവന്തം,
മാതൃപ്രദേശ ജനരാശി ഗുരൂത്തമം ത്വാം,
ഭക്ത്യാ തഥാ സവിനയം നിതരാം നമാമ:.

2. അമലോദ്ഭവ കർമ്മല ദാസ പിത:,
നിയതം പ്രഭുമേഷഗണാഭയദ,
വനിതാ യതി സംഘ വിധാതൃ ഗുരോ,
മരിയാംബിക വത്സല നോ നമനം.

3. അസക്തസ്തഥാ കർമ്മയോഗീ ച ഭക്തോ-
സി വിജ്ഞാനവാന്ത്വം മഹാശ്ചര്യമേവം,
ത്വദീയാശിഷം ലബ്ധുമിച്ഛന്തി ശിഷ്യാ:
വയഞ്ചാനിശം ദിവ്യമാർഗ്ഗേ ചാരേമ:.

4. യൂഫ്രാസിയാ തവ വിനീത വിശുദ്ധ സൂനു,
കന്യാമണിർവിലസതീശ്വര സന്നിധാനേ,
ഈശപ്രിയാം മനുജസേവന തത്പരാഞ്ച,
ഭക്താം പ്രഭോർനവവധൂം ഖലു താം നമാമ:.

# ഒന്നാം ഭാഗം
# ജീവൻധാരാചിന്തകൾ

## 1.1. ജീവൻധാര

ഇതൊരു ആശ്രമം. ഉത്തരപ്രദേശത്തും ഉത്തരാഖണ്ഡിലുമായി വ്യാപിച്ചു കിടക്കുന്ന ബിജ്നോർ രൂപതയിൽ. ഹിമാലയ മലമടക്കുകൾക്കിടയിൽ അയ്യായിരം അടിയോളം ഉയരത്തിൽ മനോഹര ദൃശ്യം. ഏതാണ്ട് 45 കിലോമീറ്റർ യാത്ര ചെയ്താൽ താഴ്വരയായി. അവിടെയാണ് ബിഷപ്സ് ഹൗസ്. കോഡ്ദ്വാർ, ഹിമാലയത്തിലേക്കുള്ള വാതിൽ.

ആശ്രമത്തിൽനിന്ന് ഏതാണ്ട് ഏഴു കിലോമീറ്റർ അകലെയായി ലാൻസ്ഡൗൺ (Lansdowne) എന്നൊരു സ്ഥലം, മറ്റൊരു മല. അതൊരു പട്ടാളക്യാമ്പാണ്. അവിടെയുണ്ട് ഒരു മിഷൻ സ്റ്റേഷൻ. ഒരച്ചനും ഏതാനും സിസ്റ്റേഴ്സുമാണ് അവിടത്തെ മിഷനറിമാർ. അവർ പ്രധാനമായും ഒരു സ്കൂൾ നടത്തുന്നു.

ചുറ്റുപാടും സാധാരണ ഗ്രാമീണർ. പക്ഷേ ആശ്രമം ഇരിക്കുന്നിടം ശാന്തം, സ്വച്ഛം. 1982-ൽ സ്ഥാപിതമായി ഈ ആശ്രമം. വന്ദനമാതാജിയും കൂട്ടുകാരുമാണ് സ്ഥാപകർ. യേശുവാകുന്ന ജീവന്റെ പ്രവാഹം എന്ന അർത്ഥത്തിൽ അവർ ജീവൻധാര എന്നിതിനു പേരിട്ടു. ധ്യാനിക്കുവാനും പ്രാർത്ഥിക്കാനുമെല്ലാമായി ധാരാളം പേർ വന്നും പോയുമിരിക്കുന്നിടമാണിത്. മൗനം, ഏകാന്തത, പ്രാർത്ഥന എന്നിവയുടെ അന്തരീക്ഷം. അതാണ് ആശ്രമത്തിൽ സാധകർക്കു ലഭിക്കുക. അതിൽ ലയിച്ചിരിക്കുന്നതു വഴി അവരിലേക്ക് യേശുവാകുന്ന ജീവൻ ഒഴുകണം. തുടർന്ന് അവരും ജീവന്റെ അരുവികളായി മാറുക. ഇതാണ് ആദർശം. ഇതു തന്നെ മിഷൻ. പ്രേഷിത ധർമ്മം. ഏറ്റവും ഫലപ്രദമായ വചന പ്രഘോഷണം ഇതാണെന്നാണ് ആശ്രമസ്ഥാപകരുടെ അഭിമതം. ഭാരത മനസ്സിന് ഏറ്റവും രുചിക്കുന്ന സമീപനവും അതുതന്നെ. സ്വയം സുവിശേഷമായി തീരുക. യേശുവിന്റെ പാദാന്തികത്തിൽ ഇരുന്ന് അവിടുത്തെ സ്പർശമേറ്റ് സുവിശേഷമായി രൂപാന്തരപ്പെടുക. യേശു രക്ഷകനാണെന്നതിന് ഏറ്റവും ശക്തമായ സാക്ഷ്യമാകും അത്. ഈ

രൂപാന്തരീകരണത്തിന്റെ വിവിധ മാനങ്ങൾ സംബന്ധിച്ച് അടുത്തൊരു അദ്ധ്യായത്തിൽ കാണാം. ഇവിടെ ഒരാമുഖ ചിന്ത മാത്രം.

കാലത്തിന്റെ ചുവരെഴുത്ത് വ്യാഖ്യാനിച്ച് പ്രതികരിക്കാനുള്ളൊരു പരിശ്രമം. അതാണ് ആശ്രമജീവിതം. ക്രൈസ്തവ ചരിത്രത്തോളം തന്നെ ദൈർഘ്യമുണ്ട് ഭാരതത്തിലെ പ്രേഷിത വൃത്തിയ്ക്കും. തീക്ഷ്ണമതികളായ അനേകായിരം പ്രേഷിതരുടെ കഠിനാദ്ധ്വാനത്തിന്റെ ഇരുപതോളം നൂറ്റാണ്ടുകൾ. അതിന്റെ ഫലമോ? വളരെ തുച്ഛം!! ഈ രാജ്യത്ത് ക്രൈസ്തവസമൂഹം അംഗസംഖ്യയിൽ ഇന്നും നന്നേ ചെറുത് എന്നതു പോകട്ടെ, യേശുവിനെയോ അവിടുത്തെ സന്ദേശത്തെയോ പേരിനുപോലും അറിയാത്തവരാണ് ഭാരതജനതയിൽ വലിയൊരു ഭാഗം. മതവിശ്വാസമെന്ന നിലയിലല്ല, നല്ലൊരു ആദർശമെന്ന നിലയിലെങ്കിലും ക്രിസ്തുദർശനവുമായി പരിചയപ്പെടാത്ത ജനകോടികൾ രാജ്യത്ത് ഇനിയും ഉണ്ടെന്നത് വിചിത്രമല്ലേ? അനേകമനേകം പ്രേഷിതരുടെ സുദീർഘമായ പ്രയത്നത്തിന്റെ ഫലം ഇത്ര നിസ്സാരമെന്നത് ഒരു ചുവരെഴുത്തല്ലേ? എന്താണിതിന്റെ അർത്ഥം? അതെങ്ങനെ വ്യാഖ്യാനിക്കാം. പ്രേഷിതർക്ക് വേണ്ടത്ര സമർപ്പണബോധമില്ലാതെ പോയി, അവർ ആത്മാർത്ഥത പുലർത്തിയില്ല എന്നൊന്നും വ്യാഖ്യാനിക്കാനാവില്ല. ജീവൻ ബലികഴിച്ചും, ഒരിക്കലും മടുപ്പ് തോന്നാതേയും അവർ വേല ചെയ്തു എന്നത് സ്പഷ്ടം. ഇന്നും കൂടുതൽ കൂടുതൽ പ്രേഷിതർ രംഗത്തേക്ക് ഇറങ്ങികൊണ്ടിരിക്കുന്നു, അഹോരാത്രം അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. പിന്നെ ഇത്രമാത്രം ഫലശൂന്യത? നമ്മുടെ പ്രേഷിതശൈലിയിൽ എന്തോ അപാകതയുണ്ടെന്ന സന്ദേശ മല്ലേ ഇവിടെ ലഭിക്കുക? ഫലശൂന്യതയെന്ന ചുവരെഴുത്തിന്റെ വ്യാഖ്യാനമതാണെന്നു വേണം അനുമാനിക്കാൻ. എങ്കിൽ, നമ്മുടെ പ്രേഷിത രംഗത്ത് ഒരു ശൈലിമാറ്റം ആവശ്യമാണ്. അതിലേക്കാണ് ആശ്രമജീവിതം വിരൽ ചൂണ്ടുന്നത്.

സി.ജി. യുങ് എന്ന മനശ്ശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ, മനുഷ്യമനസ്സിന്റെ അഗാധതയിൽ--അബോധമനസ്സിൽ-- രൂഢമൂലമായിട്ടുള്ള ഒരഭിനിവേശമാണ് ഈശ്വരനെ സാക്ഷാത്കരിക്കുക എന്നത്. ഈ അഭിനിവേശം എങ്ങനെ സാധിക്കുമെന്നാരായുകയാണ് മനുഷ്യൻ എവിടെയും. അതിനുത്തരമായി വാക്കുകളിലൂടെ വിശദീകരണം ലഭിച്ചാൽ പോരാ. ഈശ്വര

സാക്ഷാത്കാരം സാധിച്ച വ്യക്തികളെ കാണാൻ സാധിക്കണം. ഈശ്വരസാക്ഷാത്കാരത്തിന്റെ പ്രതീകങ്ങൾ അഥവാ മാതൃകകൾ ആയ വ്യക്തികളെ കാണണം. അവരെ കേൾക്കുവാൻ, അവരെ പിഞ്ചെല്ലുവാൻ, അവരാൽ സ്വാധീനിക്കപ്പെടുവാൻ മനുഷ്യൻ സ്വമേധയാ സന്നദ്ധനാകുന്നു. ഭാരതീയ പാരമ്പര്യത്തിൽ അങ്ങനെയുള്ള വ്യക്തികളാണ് ഋഷിമാർ, യോഗികൾ, സന്ന്യാസികൾ എന്നൊക്കെ അറിയപ്പെടുന്നവർ. ഈശ്വരസാക്ഷാത്കാരം, മോക്ഷം തുടങ്ങിയ വിഷയങ്ങളിൽ ഇങ്ങനെയുള്ളവർക്കുമാത്രമേ വിശ്വസനീയത അവകാശപ്പെടാനാവു എന്നാണ് ഭാരതീയമതം. അവർ മാത്രമാണ് ഈ വിഷയങ്ങളിൽ ആധികാരികതയുള്ള വ്യാഖ്യാതാക്കൾ, പ്രേഷിതർ. അവരുടെ ജീവിതം തന്നെ പ്രഘോഷണം. ആർക്കും അവഗണിക്കാനോ അനാദരിക്കാനോ വയ്യാത്ത പ്രവചനം, ശക്തമായ സാക്ഷ്യം.

അങ്ങനെയിരിക്കെ, ഭാരതത്തിൽ ക്രൈസ്തവസാക്ഷ്യവും മുകളിൽപ്പറഞ്ഞ ശൈലിയിലാകണം -- ഋഷിമാരുടെ, യോഗികളുടെ, സന്ന്യാസികളുടെ ശൈലി. അതിന്റെ ചുരുക്കെഴുത്താണ് ആശ്രമശൈലി. ഒരു സ്ഥാപനമെന്നതിനെക്കാൾ വ്യക്തിജീവിതമാണ് വിവക്ഷ. നിഷ്കൃഷ്ടാർത്ഥത്തിൽ ഒരു മനോഭാവം അഥവാ ചൈതന്യ മാണത്. പക്ഷേ മനോഭാവം അഥവാ ചൈതന്യം മൂർത്ത രൂപമെടുത്താൽ മാത്രമേ പ്രതീകമാകൂ. എല്ലാവർക്കും നോക്കിക്കണ്ട് പ്രചോദനമാർജ്ജിക്കത്തക്കവിധത്തിൽ അത് മൂർത്തമാകണ മെന്നർത്ഥം. അങ്ങനെ മൂർത്തരൂപത്തിൽ സന്ന്യാസശൈലിയെ ജീവിതത്തിൽ പകർത്താൻ പറ്റിയൊരന്തരീക്ഷം നല്കുന്നിടമാണ് ആശ്രമം.

അടിസ്ഥാനപരമായി ക്രൈസ്തവ ചൈതന്യമെന്നത് സന്ന്യാസ ചൈതന്യമാണെന്ന് പറയാം. (അതെങ്ങനെയെന്ന് പിന്നീട് വ്യക്തമാക്കാമെന്നു വിചാരിക്കുന്നു). ക്രൈസ്തവരെല്ലാവരും സ്വഭാവത്താലെ പ്രേഷിതരുമാണ്. അക്കാരണത്താൽ നാമിവിടെ വിവക്ഷിക്കുന്ന സന്ന്യാസശൈലിയും അതിന്റെ പര്യായമായ ആശ്രമശൈലിയും എല്ലാ പ്രേഷിതർക്കും പൊതുവാണ്. എന്നാൽ എല്ലാവരിലും അത് ഒരുപോലെ മൂർത്തരൂപമെടുക്കണമെന്നില്ല; ചൈതന്യത്തിൽ, മനോഭാവത്തിൽ മതിയാകും. പക്ഷേ, പ്രത്യേകം വരം ലഭിച്ചിരിക്കുന്നവർ, വിളിക്കപ്പെടുന്നവർ, മൂർത്തരൂപത്തിൽ തന്നെ അതു ജീവിക്കണം. അതായത്, ആശ്രമത്തിൽ, ആശ്രമച്ചിട്ടയിൽ ജീവി

ക്കണം. അവർ അക്രൈസ്തവർക്കുമാത്രമല്ല, സഹപ്രേഷിതർക്ക് അഥവാ ക്രൈസ്തവർക്കും പ്രതീകങ്ങളായി വർത്തിക്കുന്നു. വേറെ വാക്കുകളിൽ, എല്ലാവരും പ്രേഷിതരാണെങ്കിലും, ചിലർ പ്രത്യേകമായി പ്രേഷിതവൃത്തിക്ക് വിളിക്കപ്പെടുന്നു എന്നാണല്ലോ ധാരണ. ക്രൈസ്തവവിളിയ്ക്കുള്ളിലെ വിവിധ വിളികളിൽ ഒന്നാണത്. ഭാരതത്തിൽ അങ്ങനെ പ്രത്യേകവിധം പ്രേഷിതരായി വിളിക്കപ്പെടുന്നവർക്ക് ആശ്രമജീവിതത്തിനുള്ള വരവും കൂടി കിട്ടുന്നു എന്ന് വിചാരിക്കണം. അവർ അത് ചൈതന്യത്തിൽ മാത്രമല്ല മൂർത്തരൂപത്തിൽ തന്നെ ജീവിക്കണം. എങ്കിൽ അവരുടെ ജീവിതം ശക്തമായ ക്രൈസ്തവപ്രതീകമായി, പ്രവചനമായി, പ്രഘോഷണമായി, സാക്ഷ്യമായി. അതു വഴി ഫലശൂന്യതയെന്ന ചുവരെഴുത്ത് വ്യാഖ്യാനിച്ച്, ക്രിയാത്മകമായി പ്രതികരിക്കയാവും നമ്മൾ ചെയ്യുക.

സി.എം.ഐ. കാർ ബിജ്നോർ മിഷൻ ആരംഭിക്കുന്നതു 1972–ൽ ആണ്. അതൊരു രൂപതയായി പ്രഖ്യാപിക്കപ്പെടുന്നത് 1977–ലും, രൂപതാസ്ഥാപനത്തിന്റെ ജൂബിലി വർഷം അടുത്തുവരുന്നു. ഇത്തരുണത്തിൽ പിന്നോട്ടുനോക്കി ലാഭനഷ്ടങ്ങൾ വിലയിരുത്തുവാനുള്ള പ്രവണത സ്വാഭാവികമാണ്. മിഷന്റെ ഇതുവരെയുള്ള ചരിത്രം രേഖപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ആരെങ്കിലും ശ്രമിക്കുന്നെങ്കിൽ അതും ശ്ലാഘനീയം. പക്ഷേ, അതിലെ ഉള്ളടക്കം എന്താകും? എന്താകണം? പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരുടെ കഥ മിക്കവാറും വട്ടപൂജ്യമാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ മിഷനറിമാർ ഇവിടെ വാങ്ങിച്ചു കൂട്ടിയിരിക്കുന്ന ഭൂമിയുടെയും, പണിതുയർത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും, വിജയകരമായി നടത്തിയിട്ടുള്ള പദ്ധതികളുടെയും കാര്യം പറയാൻ ഒട്ടേറെ ഉണ്ടാകും. പക്ഷേ, അതുമാത്രമാണ് മിഷൻ ചരിത്രമെന്നവകാശപ്പെട്ടാൽ, അതു യേശുവിന് എതിർ സാക്ഷ്യമാകും! എങ്കിൽ എടുത്തുപറയത്തക്കതായി ഒന്നുമില്ലേ? തീർച്ചയായുമുണ്ട്. ധാരാളമുണ്ട്. ഇവിടെ വ്യയം ചെയ്യപ്പെട്ടിരിക്കുന്ന അനേകം മിഷനറിമാരുടെ ജീവിതങ്ങൾ! ഈ മണ്ണിൽ ഇറ്റിറ്റു വീണ് ഊറി ഇറങ്ങിയിട്ടുള്ള അവരുടെ ചോരയും നീരും. അതാണ് നാളിതുവരെയുള്ള മിഷന്റെ ചരിത്രവസ്തു. അതിന്റെ ആഖ്യാനം വായനക്കാരെ കോരിത്തരിപ്പിക്കും, ഹൃദയങ്ങളിൽ പ്രചോദനം പകരും! കുറെ ഒറ്റപ്പെട്ട വ്യക്തികളുടെ ജീവചരിത്രസംഗ്രഹമല്ല വിവക്ഷ. അവരെ കഥാപാത്രങ്ങളാക്കികൊണ്ടുള്ള ആഖ്യായികയാണ് ആവശ്യം. അവർ ഇവിടെ

കണ്ടുമുട്ടിയ ജനങ്ങളുടെ വേദനയും സന്തോഷവും, ആശയും നിരാശയും, പട്ടിണിയും പരാധീനതകളുമെല്ലാം ഇതിവൃത്തമാകണം. അതുപോലെതന്നെ മിഷനറിമാർ കയറി ഇറങ്ങിയ മലകളും താഴ്വരകളും, അവിടങ്ങളിലെ പ്രകൃതി സൗന്ദര്യവും, സംസ്കാര വിശേഷങ്ങളും, ആചാരാനുഷ്ഠാനങ്ങളും, വിശ്വാസ പാരമ്പര്യ ങ്ങളുമെല്ലാം ഒരു കാൻവാസിലെന്നതുപോലെ വിരചിതമാകണം. അതോടൊപ്പം, മിഷനറിമാരുടെതന്നെ ഹൃദയാവർജ്ജകമായ ജീവിതാനുഭവങ്ങൾ അവരുടെ വിജയപരാജയങ്ങൾ, സന്തോഷ സന്താപങ്ങൾ, അവർക്കു ലഭിച്ച സ്വീകരണവും തിരസ്കാരവും, അവർക്കുപറ്റിയ അമളികളും അബദ്ധങ്ങളും, അവരുടെ ഓർമ്മയിൽ പച്ചകെടാതെ തങ്ങിനില്ക്കുന്ന തമാശകളും പൊട്ടിച്ചിരികളും, അവർ നേരിട്ട വെല്ലുവിളികളും എതിർപ്പുകളും, അവർക്കുണ്ടായ അപകടങ്ങളും നാശനഷ്ടങ്ങളും, ഇതിനകം മരിച്ച് ഈ മണ്ണിൽ മൂടപ്പെട്ടവരുടെ പാവനസ്മരണകളുമെല്ലാം ചേരുംപടി ചേർത്ത് ചരിത്രകാരന്റെ സൂക്ഷ്മതയോടും കവി ഭാവനയോടുംകൂടി എഴുതപ്പെടട്ടെ. അതിലൂടെ മിഷനറിമാരുടെ കറകളഞ്ഞ വിശ്വാസവും, പതറാത്ത പ്രത്യാശയും, പ്രാർത്ഥനാ ചൈതന്യവും, ത്യാഗ സന്നദ്ധതയും, സ്വയം ശൂന്യമാക്കലും, സമർപ്പണ ബോധവുമെല്ലാം നിതരാം വ്യക്തമാകണം. അതാണ് കാൽനൂറ്റാണ്ടു കാലത്തെ ബിജ്നോർ മിഷന്റെ സത്യസന്ധമായ ചരിത്രം. അതു നേട്ടങ്ങളുടെ പട്ടിക ആകില്ല; സ്വാധീനിക്കപ്പെട്ട ആളുകളുടെ എണ്ണമെടുക്കലാകില്ല. മറിച്ച്, കോട്ടങ്ങളുടെ ചിത്രീകരണമാകും, നഷ്ടങ്ങളുടെ കണക്കാകും. വ്യയം ചെയ്യപ്പെട്ട ജീവിതങ്ങളുടെ കഥയാകും. ഇവിടെ അദ്ധ്വാനിച്ച് മരിച്ച് മണ്ണോടുമണ്ണായിതീർന്ന ക്രിസ്തുശിഷ്യരുടെ ഉദ്വേഗജനകമായ ജീവിതാഖ്യാനമാകും. ഈ പ്രദേശത്ത് നമ്മൾ മുടക്കിയിരിക്കുന്ന മുതലാണത്. അതിന്റെ ലാഭം കിട്ടുവാൻ കാലമായിട്ടില്ല. കർത്താവിന്റെ സമയത്തും ശൈലിയിലും അതു ലഭിച്ചുകൊള്ളും. അതിനായി ക്ഷമയോടെ, ശുഭാപ്തിവിശ്വാസത്തോടെ കാത്തിരിക്കുക. ഈ മണ്ണിൽ വീണ് അലിഞ്ഞുചേർന്നിട്ടുള്ള മിഷനറിമാരുടെ വിയർപ്പും രക്തവും മാംസവുമെല്ലാം നമ്മൾ നട്ടിരിക്കുന്ന വിത്തുകളാണ്. കാലമാകുമ്പോൾ കർത്താവിന്റെ സമയത്തും ശൈലിയിലും അവ ഫലം പുറപ്പെടുവിക്കും, മുപ്പതുമേനി, അറുപതുമേനി, നൂറുമേനി.

ഇത്രയും കുറിച്ചതിന്റെ മുഖ്യോദ്ദേശ്യം ചരിത്രകാരനു മാർഗ്ഗ നിർദ്ദേശം കൊടുക്കുക എന്നതല്ല. മിഷൻ യഥാർത്ഥത്തിൽ

എന്താണെന്ന് വ്യക്തമാക്കാനാണ്. അതു തന്നെത്തന്നെ വ്യയം ചെയ്യുക എന്നതാണ്. സ്വയം നിലത്തുവീണ് അഴുകി ഇല്ലാതാകുക, അതുവഴി, വിശ്വാസബീജം വിതയ്ക്കുക, വിളവെടുപ്പില്ല. കൊയ്ത്തിനു കാലമാകുമ്പോൾ വിളവിന്റെ നാഥൻ വേലക്കാരെ വിട്ടു വിളവെടുത്തുകൊള്ളും. അതേകുറിച്ചുള്ള ചിന്ത ഇപ്പോൾ വേണ്ട. അതായിരുന്നു യേശുവിന്റെ സമീപനം. അവിടുന്ന് അന്ത്യശ്വാസം വലിക്കുമ്പോൾ പൂർണ്ണതൃപ്തിയോടെ ഉദീരണം ചെയ്തു, എല്ലാം പൂർത്തിയായി എന്ന്. സ്വന്തം മിഷൻ പൂർത്തിയായി എന്ന്. യേശുവിന്റെ ജീവിതത്തിൽ, മരണത്തോടെ, എന്താണ് വാസ്തവത്തിൽ പൂർത്തിയായത്? എണ്ണി പറയുവാനായി നേട്ടങ്ങളൊന്നും അവിടുത്തേയ്ക്ക് ഉണ്ടായിരുന്നില്ല. അനുയായികൾ മിക്കവാറും ഇല്ല. സ്ഥാവര ജംഗമവസ്തുക്കളില്ല. നീക്കിയിരുപ്പ് പണമില്ല. സ്ഥാപനങ്ങൾ കെട്ടിപ്പടുത്തിട്ടില്ല.... ഒന്നുമില്ല. എന്നിട്ടും അവിടുന്ന് ആത്മാർത്ഥമായി പറഞ്ഞു എല്ലാം പൂർത്തിയായി" എന്ന്. അതിന്റെ അർത്ഥമെന്തെന്നോ? തന്നെതന്നെ വ്യയം ചെയ്തുതീർന്നു എന്ന്, സ്വയം ഇല്ലാതായി തീർന്നു എന്ന്, താൻ മണ്ണിലടിയുന്നുവെന്ന്. തന്റെ രക്തം ഇറ്റിറ്റുവീണ് മണ്ണു കുതിർന്നു, തന്റെ മുറിക്കപ്പെട്ട ശരീരം മണ്ണോടുചേർന്നു. അങ്ങനെ തന്റെ മിഷൻ പൂർത്തിയായി എന്നാണ് യേശു പറഞ്ഞത്. മാനുഷികമായി നോക്കുമ്പോൾ അതു പരാജയത്തിന്റെ, നഷ്ടത്തിന്റെ കഥയാണ്. പക്ഷേ, അതായിരുന്നു യേശുവിന്റെ വീക്ഷണത്തിൽ സ്വന്തമിഷൻ. അതു പൂർത്തിയായി. തനിക്കു തൃപ്തിയായി. വിത്തുപാകി. അതു കാലത്തിന്റെ തികവിൽ മുളച്ചുകൊള്ളും, ഫലം പുറപ്പെടുവിച്ചുകൊള്ളും. പിന്നാലെ പിന്നാലെ വരുന്നവർ വിളവെടുത്തുകൊള്ളും.

ഈ കാഴ്ചപ്പാടാണ് മിഷനെ സംബന്ധിച്ച് നമുക്കിവിടെ ആവശ്യം. ജീവിതം ബലിയർപ്പിക്കാൻ വേണ്ടി, ഒരുപക്ഷേ, വധിക്കപ്പെടുവാൻ വേണ്ടി, കുഴിച്ചിടപ്പെടുവാൻ വേണ്ടി അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം. വിശ്വാസബീജം പാകലാണത്. നിഷ്കാമമായി, നിസ്വാർത്ഥമായി അതുചെയ്യുക. നമ്മൾ പാകുന്ന വിശ്വാസബീജം കാലക്രമത്തിൽ മാത്രമേ മുളച്ച് ഫലം പുറപ്പെടുവിക്കുകയുള്ളു. വിളവെടുപ്പ് ഭാവിതലമുറകൾക്ക് വിട്ടുകൊടുക്കുക. പീഡിപ്പിക്കപ്പെടാനും, തിരസ്കരിക്കപ്പെടാനും, കൊല്ലപ്പെടാനും, ഈ മണ്ണിൽ അടക്കപ്പെടാനുമായി അയയ്ക്കപ്പെട്ടിരിക്കുന്നവരായി തങ്ങളെത്തന്നെ മനസ്സിലാക്കുക. പിതാവു

തനിക്കായി സജ്ജമാക്കിയ ശരീരം ബലിയർപ്പിക്കാൻ വന്ന യേശു (ഹീബ്രു 10: 510). മനുഷ്യന് വിലയായി തന്നെത്തന്നെ നല്കിയ യേശു (1 കൊറി. 6:20; 7:23). ആ യേശുവിന്റെ മനോഭാവം സ്വന്തമാക്കി ജീവിക്കുക. അതാണ് മിഷൻ. അതു വിട്ടുള്ള പരിഗണനയെല്ലാം അസ്ഥാനത്താണ്. സ്വയം ബലിയായി അർപ്പിക്കാൻ വെമ്പൽ കൊണ്ട വിശുദ്ധ ശ്ലീഹായെ അനുസ്മരിക്കുക (2 തിമോ. 4:6). നിങ്ങളെത്തന്നെ സുഗന്ധം പരത്തുന്ന നൈവേദ്യമായർപ്പിക്കുക, ദൈവത്തിനു സ്വീകാര്യവും പ്രസാദകരവുമായ ബലിയായി അർപ്പിക്കുക (ഫിലി. 4:18) എന്നാണ് അദ്ദേഹം ഉപദേശിക്കുക. പ്രേഷിതൻ ഉപ്പായി ഈ മണ്ണിൽ അലിഞ്ഞുചേരണം, ജനതയ്ക്ക് പ്രകാശമായി കത്തിയെരിയണം (മത്താ. 5:1316); ഈ സംസ്കാരത്തെ മുഴുവൻ കാലക്രമത്തിൽ പുളിപ്പിക്കുന്ന ഒരുതരി പുളിമാവായി ലയിച്ചു ചേരുക (ലൂക്ക 13:20-21); ഈ തോട്ടത്തിൽ നടപ്പെടുന്ന ഒരു കടുകുമണി -- കാലാന്തരത്തിൽ മാത്രം മുളച്ച്, വളർന്ന്, പന്തലിക്കുന്ന കടുകുമണി -- ആയി തന്നെ ത്തന്നെ മനസ്സിലാക്കുക (ലൂക്ക 13:18-19). യേശു പത്രോസിനോടു പറഞ്ഞത്, നീ പാറയാകുന്നു, അതിന്മേൽ ഞാൻ എന്റെ പള്ളി പണിയും എന്നാണ് (മത്താ 16:18). ഏതെങ്കിലും പാറ പൊട്ടിച്ചു നീ എന്റെ പള്ളി പണിയുക എന്ന നിർദ്ദേശമല്ല യേശു നല്കിയത്. മറിച്ച്, പണിക്ക് യോഗ്യമായ പാറയായി യേശുവിന്റെ കരങ്ങളിൽ തന്നെത്തന്നെ അർപ്പിക്കുക, അതുപയോഗിച്ച് അവിടുന്ന് പള്ളി പണിയും, സ്വന്തസമയത്ത്, ശൈലിയിൽ. ഇതുതന്നെ പ്രേഷിതധർമ്മം. നീ എന്റെ പള്ളി പണിയുക എന്ന നിർദ്ദേശം കിട്ടിയതേ ഫ്രാൻസിസ് അസ്സീസി സ്ഥലത്തെ ഇടവകപള്ളി പുതുക്കി പണിയാൻ ആരംഭിച്ചു. പിന്നീടാണ് മനസ്സിലാകുന്നത് യേശു ഉദ്ദേശിച്ച പള്ളി അതല്ലായിരുന്നെന്ന്! ഈ അബദ്ധം ഇന്നും പ്രേഷിതർക്ക് പറ്റുന്നില്ലേ? അവിടെനിന്നും ഇവിടെനിന്നും ശേഖരിച്ച കല്ലും മണ്ണും ഉപയോഗിച്ച് പള്ളി (സൗധങ്ങൾ) പണിയുന്നതിൽ അവർ വ്യാപൃതരാകുന്നു. അതല്ല ആവശ്യം. പണിയ്ക്കു യോഗ്യമായ പാറയായി സ്വയം യേശുവിന്റെ കൈകളിൽ അർപ്പിക്കുക. അവിടുന്നാണ് പണിക്കാരൻ. അവിടുത്തെക്ക് മാത്രമേ പള്ളി പണിയാനാവൂ. പ്രേഷിതരാകുന്ന പാറ ഉപയോഗിച്ച് അവിടുന്ന് സ്വന്തം പള്ളി പണിയട്ടെ, സ്വന്തസമയത്തും ശൈലിയിലും!

രാജ്യത്ത് ഇപ്പോൾ അനുഭവപ്പെടുന്ന സംഘർഷാവസ്ഥ നമ്മെ നിരുത്സാഹപ്പെടുത്തരുത്. മറിച്ച്, പ്രേഷിത ജീവിതത്തിന് (പ്രേഷിത

പ്രവർത്തനത്തിന് എന്നതിനെക്കാൾ പ്രേഷിത ജീവിതത്തിന്) കൂടുതൽ അനുകൂലമായ സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ജീവിതം ബലിയായർപ്പിക്കുവാൻ, മണ്ണിലടിഞ്ഞഴുകുന്ന നമ്മുടെ ജീവിതത്തിലൂടെ വിശ്വാസബീജം പാകുവാൻ അനുകൂലമായ കാലാവസ്ഥ. കേരളസഭ ഈ ആഹ്വാനം കേൾക്കുന്നില്ലെന്നു വരുമോ? സംശയം തോന്നിപ്പോകുന്നു! തങ്ങൾക്ക് ലഭിച്ചിരിക്കുന്ന വിശ്വാസമാകുന്ന ആ ധാന്യമണി മണ്ണു പുരളാതെ കണ്ണാടിക്കൂട്ടിൽ ഭദ്രമായി സൂക്ഷിക്കാൻ മാത്രമായി അവർ തത്രപ്പെടുന്നതുപോലെ. ചില പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളുമാകുന്ന കണ്ണാടിക്കൂട്! ഈ ബദ്ധപ്പാടിൽ നഷ്ടമാകുന്ന സമയത്തെക്കുറിച്ചോ, വ്യർത്ഥമാകുന്ന ദൈവികദാനങ്ങളെക്കുറിച്ചോ നമ്മൾ അല്പം കൂടി ചിന്തിച്ചിരുന്നെങ്കിൽ! നിലത്തുവീണ് അഴിയുന്നില്ല എങ്കിൽ ഗോതമ്പുമണി തനിയേ ഇരിക്കുന്നു. മറിച്ചായാൽ അതു സമൃദ്ധമായ ഫലം പുറപ്പെടുവിക്കും (യോഹ. 12:29) എന്ന യേശുവിന്റെ ആഹ്വാനത്തിന് കേരളസഭ ഇനിയെങ്കിലും ചെവികൊടുത്തിരുന്നെങ്കിൽ. വിശന്നുവരുന്ന ഉടമസ്ഥനു നല്കാൻ ഫലം പുറപ്പെടുവിക്കാതെ, വൃക്ഷം ശാഖോപശാഖകൾ വീശി തഴച്ചു വളർന്നിട്ടെന്തു പ്രയോജനം? ആ കണ്ണാടികൂട് പൊട്ടിച്ചിട്ടാണെങ്കിൽ തന്നെയും, വിശ്വാസമാകുന്ന ധാന്യമണി ഹൃദയത്തിൽ വഹിച്ചുകൊണ്ട് ഇങ്ങകലേയ്ക്കു പോരിക. ഇവിടെ മരിച്ചു മണ്ണോടു മണ്ണായി തീരുക. അതുവഴി ആ വിത്ത് ഈ മണ്ണിൽ പാകപ്പെടട്ടെ. യേശുവിൽ ആഴമായി വിശ്വസിക്കുന്ന പ്രേഷിതരുടെ ഹൃദയഗുഹയിൽ നിന്ന് ജീവൻ ധാര പ്രവഹിക്കട്ടെ (യോഹ. 4:14). അതെവിടെനിന്നു വരുന്നെന്നോ, എവിടേയ്ക്കു പോകുന്നെന്നോ ആരും അറിഞ്ഞിട്ടുകാര്യമില്ല. അതിന്റെ സ്പർശമേറ്റ് എല്ലാവരും പുനർജനി പ്രാപിക്കട്ടെ, പുതു ജീവനാർജ്ജിക്കട്ടെ.

## 1.2. ഉണ്ണി പിറന്നു ഹിമസാനുക്കളിൽ

അവിസ്മരണീയമായൊരു ക്രിസ്മസ്കരോൾ! യേശുദേവൻ ജനിച്ചുവെന്ന സുവിശേഷ പ്രഘോഷണം. ബിജ്നോർ രൂപതയിലെ ഭിക്കാവാല എന്ന മിഷൻ സ്റ്റേഷൻ. പുതിയതായി രൂപം കൊണ്ടിരിക്കുന്ന ഉത്തരാഞ്ചൽ സംസ്ഥാനത്ത്. കാൽ നൂറ്റാണ്ടിലധികം പഴക്കമുള്ള ഒരു മിഷൻ. പരിചയ സമ്പന്നരും പക്വമതികളുമായ അനേകം മിഷനറിമാർ കാലാകാലങ്ങളിൽ ചോര നീരാക്കി പടുത്തുയർത്തിയിട്ടുള്ളൊരു മിഷൻ. മാത്യു കുരിശുമ്മൂട്ടിലച്ചനും, എസ്. ഡി. സഹോദരിമാരുമാണ് ഇപ്പോഴത്തെ മിഷനറിമാർ. പ്രായോഗിക പരിശീലനത്തിനായി എത്തിയിരിക്കുന്ന ശെമ്മാശ്ശൻ പോളച്ചനും. നല്ലൊരു ഹിന്ദി മീഡിയം സ്ക്കൂളും, ചിട്ടയിൽ നടക്കുന്നൊരു ബോർഡിംഗും, ചെറിയൊരു ഹോസ്പിറ്റലും, അത്ര പ്രധാന്യം കല്പിക്കപ്പെടാത്തൊരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും, ധാരാളം ഗ്രാമസേവനവുമാണ് മുഖ്യപ്രവർത്തനങ്ങൾ. പതിനഞ്ചിലധികം ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മിഷൻ. ഫലഭുയിഷ്ഠമായ ധാരാളം കൃഷിഭൂമികൾ. കരിമ്പ്, ഗോതമ്പ് തുടങ്ങി സമൃദ്ധമായ കൃഷി. കർഷക ജനം. ചിലയിടങ്ങളിൽ കുറച്ച് മെത്തോഡിസ്റ്റ് ക്രൈസ്തവരുണ്ട്. മറ്റു ചിലയിടങ്ങളിൽ ഏതാനും കത്തോലിക്കരും. ബഹുഭൂരിഭാഗം വരുന്ന ബാക്കി ജനമത്രയും അക്രൈസ്തവർ. സിക്കുകാരും ഹൈന്ദവരും മുസ്ലീമുകളും ഇടകലർന്നു തിങ്ങിപ്പാർക്കുന്നു.

1999 ഡിസംബർ 12-ാം തീയതിയാണ് ഞാനവിടെ ചെന്നെത്തിയത്. വർഷം തോറും നടക്കുന്ന കരോൾ പരിപാടി ആരംഭിക്കുന്ന ദിവസമായിരുന്നു. ഈ വർഷം തുടങ്ങാൻ ഏതാനും ദിവസം വൈകിപ്പോയി എന്നു പറയുന്നു. വളരെ അർത്ഥവത്തും അനുഭൂതിജനകവുമായൊരു പരിപാടി. അതിൽ പങ്കെടുക്കാൻ സാധിച്ചത് അസുലഭമായൊരു ഭാഗ്യമായി ഞാൻ കരുതുന്നു. മനസ്സിൽ പ്രതിഷ്ഠിച്ച് ഓർമ്മിച്ചോമനിക്കാനൊരു ദിവ്യാനുഭൂതി.

വൈകുന്നേരം ഏതാണ്ട് അഞ്ചരമണിയോടെ കരോൾ സംഘം പുറപ്പെടുകയായി. മാത്യുവച്ചനും ശെമ്മാശ്ശനും സഹോദരിമാരും സന്ന്യാസാർത്ഥിനികളും നേഴ്സുമാരും കൊട്ടാനും പാടാനുമെല്ലാമായി ചുറുചുറുക്കുള്ള ഏതാനും അക്രൈസ്തവ യുവാക്കളും. അവരി

ലൊരാളുടെ തുറന്ന ട്രാക്ടറിലാണ് യാത്ര. കുണ്ടും കുഴിയും നിറഞ്ഞ ഗ്രാമീണ നിരത്തിലൂടെ കുലുങ്ങി കുലുങ്ങിയുള്ള യാത്ര. സൂര്യനസ്തമിച്ച്, ഗ്രാമം രാത്രിയുടെ ഇരുട്ടിലേയ്ക്ക് വഴുതിവീഴുന്ന സായാഹ്നം. ഡിസംബർ മാസത്തിലെ മരംകോച്ചുന്ന തണുപ്പ്. പത്തും പതിനഞ്ചും കിലോമീറ്റർ അകലെയുള്ള ഏതെങ്കിലുമൊരു ഗ്രാമം ലക്ഷ്യമാക്കിയാണ് യാത്ര. ഓരോ ദിവസവും ഓരോ ഗ്രാമം. അല്ലെങ്കിൽ രണ്ട്. ഗ്രാമത്തിലെത്തുന്നതിനുമുമ്പു തന്നെ ഭക്തി നിർഭരമായ ഗാനാലാപം തുടങ്ങിയിരിക്കും. പാട്ടിന്റെ താളത്തിനൊത്ത് അടിവയ്ക്കുകയാണോ ആ ഗ്രാമീണ വാഹനം എന്നു തോന്നിപോകും. ഗ്രാമകവാടത്തിലെത്തിയാലുടനെ എല്ലാവരും വാഹനത്തിൽ നിന്നിറങ്ങുകയായി. യേശുവിനെ ധ്യാനിച്ചു കൊണ്ട്, ട്രാക്ടറിന്റെ മുകളിലൂടെ ഊർന്നിറങ്ങുന്ന നമ്മുടെ സഹോദരിമാരെ ഭാവനയിൽ കണ്ടുകൊള്ളുക. പ്രേഷിത ചൈതന്യത്തിൽ എന്നതുപോലെ പ്രായത്തിലും അവരിൽ പലരും അത്ര പിന്നോട്ടല്ല എന്നോർക്കണം. ഹൃദയത്തിൽ യേശുപ്രേമവും അധരങ്ങളിൽ തിരുനാമവും മാത്രമാകുമ്പോൾ ഇരുട്ടു വെളിച്ചമാകും, തണുപ്പ് ആസ്വാദ്യമാകും, തടസ്സങ്ങൾ വഴിമാറും. ഇനി അങ്ങോട്ടു വീടുതോറുമുള്ള നടപ്പാണ്. കത്തിച്ച തിരിയോടുകൂടി ഒരു കടലാസു നക്ഷത്രവുമായി പ്രദക്ഷിണം നയിക്കുന്നതാരെന്നോ? മൂകനും ബധിരനുമായൊരു അക്രൈസ്തവ യുവാവ്. ആംഗ്യ ഭാഷയിൽ സംസാരിക്കുന്നൊരു സാധു. ആടുമേയ്ക്കലാണ് തൊഴിൽ. ആട്ടിൻപറ്റത്തെ കൂട്ടിലാക്കിയ ശേഷമാണ് എല്ലാദിവസവും ഞങ്ങളുടെ സംഘത്തിലേയ്ക്ക് വരുന്നത്, ആവേശത്തോടെ, അത്യാഹ്ലാദത്തോടെ. രണ്ടായിരം വർഷം മുമ്പ് യേശുവിന്റെ ജന്മദിനത്തിൽ മാലാഖമാരുടെ സ്വർഗ്ഗീയഗാനം ശ്രവിക്കാൻ ഭാഗ്യം ലഭിച്ച ഇടയവൃന്ദത്തിന്റെ അനന്തരവൻ തന്നെ. ബധിരനായാലെന്ത്? അതു കൂടി പരിഹരിക്കാൻ പോരുന്നത്ര സൂക്ഷ്മമാണയാളുടെ ആത്മീയ ശ്രവണശക്തിയെന്നുവേണം പറയാൻ. ഏതു ഗ്രാമത്തിൽ ചെന്നാലും അയാൾ എല്ലാവർക്കും പരിചിതനും പ്രിയപ്പെട്ടവനുമാണ്, അങ്ങനെതന്നെ അയാൾക്കും എല്ലാവരും.

പൂക്കൊട്ടയിൽ ശയിക്കുന്ന ഉണ്ണിയേശുവിന്റെ കൗതുകമാർന്ന തിരുസ്വരൂപം ആദരപൂർവ്വം വഹിച്ചുകൊണ്ട് മന്ദം മന്ദം നടക്കുന്നത് ഒരു സിസ്റ്ററോ സന്ന്യാസാർത്ഥിനിയോ ആകും. കത്തിച്ച ഓരോ തിരിയുമായി വേറെ രണ്ടുപേർ ഇടത്തും വലത്തും. ഗായകസംഘത്തിന്റെ ഈണത്തിലുള്ള ഗാനം ഗ്രാമത്തിന്റെ ശാന്തമായ

അന്തരീക്ഷത്തിൽ അലയടികൾ ഉയർത്തും. യുവജനത്തിന്റെ ശ്രവണമധുരമായ ചെണ്ടയടി. സംഗീതത്തിനു നേതൃത്വം നല്കുന്നത് ചിലപ്പോൾ സഹോദരിമാർ, മറ്റുചിലപ്പോൾ യുവാക്കൾ. എല്ലാവരും എല്ലായ്പ്പൊഴും സജീവം. വളരെ ക്രമീകൃതവും അച്ചടക്കബോധ ത്തോടുകൂടിയതുമായൊരു പ്രദക്ഷിണം. നിരത്തിനിരുവശത്തും വീടുമുറ്റങ്ങളിലും ഗ്രാമീണർ കാതോർത്തുനില്ക്കും. എല്ലാവീട്ടിലും ഉണ്ണിദേവന് സ്വാഗതമാണ്. ഒന്നോ രണ്ടോ ഗ്രാമങ്ങളിലൊഴികെ മറ്റിടങ്ങളിൽ ക്രൈസ്തവർ ആരും തന്നെയില്ലെന്ന് ഓർമ്മിക്കണം. മതഭിത്തികൾക്കതീതമായുയർന്നുകൊണ്ട് യേശുദേവനെ സ്വാഗതം ചെയ്യുന്നൊരു ജനമാണിത്. അവരിലേയ്ക്ക്, അവരുടെ ഭവനങ്ങളിലേയ്ക്ക്, അവരുടെ ഹൃദയങ്ങളിലേയ്ക്ക് യേശുവിനെയും അവിടുത്തെ സന്ദേശത്തെയും എത്തിച്ചു കൊടുക്കാൻ വിനീത മെങ്കിലും ത്യാഗനിർഭരമായ പരിശ്രമം ചെയ്യുന്ന ഏതാനം പ്രേഷിതർ.

ഓരോ വീട്ടിലും കയറി ചെല്ലുമ്പോൾ കുടുംബാംഗങ്ങൾ ബദ്ധപ്പെട്ട് സജ്ജമാക്കുന്ന പീഠത്തിൽ ഉണ്ണിയേശുവിനെ പ്രതിഷ്ഠിക്കും, രണ്ടു തിരിനാളങ്ങൾക്കു മധ്യേ. അതൊരു കട്ടിലാകാം, സ്റ്റൂളാകാം, ചെറിയൊരു മേശയാകാം, ഒരു പഴയ പുതപ്പാകാം. അവരവർക്കുള്ളതിൽ ഏറ്റവും നല്ലത്. തുടർന്ന് ഒന്നോ രണ്ടോ ക്രിസ്മസ് ഗാനം. ഒരു കൊച്ചുപ്രാർത്ഥനയും. ചിലപ്പോൾ ചെറിയൊരു സന്ദേശം നല്കും, സംഘത്തിൽ ആരെങ്കിലും; എല്ലാം ഹിന്ദിയിൽ. എല്ലാറ്റിലും ശ്രദ്ധയോടെ പങ്കെടുക്കുന്ന കുടുംബാംഗങ്ങൾ, നമ്രശിരസ്കരായി, കൂപ്പുകൈകളോടെ. സ്ത്രീകളും പുരുഷന്മാരും, എല്ലാ പ്രായക്കാരും. അതിനിടയിൽ വീട്ടമ്മ അല്ലെങ്കിൽ മറ്റാരെങ്കിലും വലുതോ ചെറുതോ ആയൊരു കാഴ്ച ഉണ്ണിയ്ക്കർപ്പിച്ച് നമിക്കും. എല്ലാവർക്കും സന്തോഷം, സംതൃപ്തി, ചാരിതാർത്ഥ്യം.

പല വീട്ടിൽ നിന്നും ചെറുപ്പക്കാരും മുതിർന്നവരുമായി കുറച്ചുപേരെങ്കിലും ഞങ്ങളുടെ കൂടെ ചേരും, ഞങ്ങളുടെ സന്തോഷത്തിൽ പങ്കുചേരാനായി, മുന്നോട്ടുള്ള വഴികാണിക്കാനായി. അങ്ങനെ ഞങ്ങളുടെ സംഘം വലുതായിക്കൊണ്ടേയിരിക്കും. കൂടുതൽ കൂടുതൽ കുട്ടികൾ, യുവാക്കൾ, പ്രായം ചെന്നവർ. സ്ത്രീകളും പുരുഷന്മാരും. ഉത്സവത്തിന്റെ പ്രതീതി.

ഗ്രാമങ്ങളിൽ ചിലത്, അല്ലെങ്കിൽ ചിലയിടങ്ങൾ, സാമ്പ ത്തികശേഷിയുള്ളത്. അക്ഷരാഭ്യാസമുള്ള ജനങ്ങൾ, നല്ല വീടുകൾ, വൃത്തിയും വെടുപ്പുമുള്ള പരിസരങ്ങൾ, വൈദ്യുതി വെളിച്ചവും

സജ്ജീകരണങ്ങളും. മറ്റിടങ്ങളിൽ കൂരിരുട്ട് അല്ലെങ്കിൽ മങ്ങിമാത്രം കത്തുന്ന ദീപങ്ങൾ. നിർധനരും നിരക്ഷരകുക്ഷികളുമായ ജനങ്ങൾ. ചെറ്റകുടിലുകൾ. വെള്ളവും ചെളിയും നിറഞ്ഞ നിരത്തുകൾ; അതല്ലെങ്കിൽ പൂഴിമണ്ണ്. അതുമല്ലെങ്കിൽ ഗോതമ്പ്പാടവും കുറ്റിക്കാടുകളും. ഓടിനടന്നു ബഹളമുണ്ടാക്കി കുരയ്ക്കുന്ന നായ്ക്കൾ. അവയ്ക്കിടയിൽ കുസൃതികാണിക്കുന്ന കൊച്ചുകുട്ടികളും. ചിലപ്പോൾ നടന്നുപോകുന്നത് കന്നുകാലി തൊഴുത്തിലൂടെ, ചാണകത്തിൽ ചവുട്ടി, ഗോമൂത്രം മണത്ത്! സമയം മുന്നോട്ടുപോകുന്തോറും അധികരിച്ചുവരുന്ന തണുപ്പ്. തണുപ്പിനെതിരായി വാരിപ്പുതച്ചിരിക്കുന്ന പലയടുക്കു കുപ്പായങ്ങളുടെ ഭാരവും കൂടിവരുന്നതുപോലെ! കൈയും കാലും മരവിക്കും. എന്നാലും മനസ്സുമാത്രം ഉണർന്നിരിക്കും. തൊണ്ടയ്ക്ക് വേദന തോന്നും. എന്നാലും പാട്ടിന്റെ സ്വരത്തിനോ മധുരിമയ്ക്കോ കുറവുതോന്നാറില്ല. പാട്ടു നയിക്കുന്നത് മനോജെന്ന അക്രൈസ്തവ യുവാവാണെങ്കിൽ, ഹരമായി. ഇരുത്ത മുള്ള സ്വരത്തിൽ മനസ്സു ലയിച്ചവൻ പാടും. എല്ലാവരും ഏറ്റുപാടും. യേശു സ്തുതിപ്പുകൾ, യേശു സന്ദേശം. പാട്ടിലും പ്രാർത്ഥനയിലും ആശംസാവാക്കുകളിലുമെല്ലാം ഒരേ ഒരു സന്ദേശം മാത്രം. ശാന്തി, സ്നേഹം. ശാന്തിദൂതനായ യേശു. ഈശ്വരപ്രേമത്തിന്റെ അവതാരം. ആർക്കും എതിർപ്പില്ലാത്ത സന്ദേശം. എല്ലാവരും കേൾക്കാൻ കൊതിക്കുന്ന സന്ദേശം.

ചില വീടുകളുടെ മുറ്റത്ത് തീ കാഞ്ഞുനില്ക്കുന്ന ജനം. വേറെ ചിലയിടത്ത് തീക്കനലിൽ ചപ്പാത്തി ചുട്ടുകൊണ്ടു നില്ക്കുന്ന കുടുംബാംഗങ്ങൾ. ഇനിയും ചിലയിടത്ത് തങ്ങളുടെ ഇഷ്ടഭോജനമായ പരിപ്പും ചപ്പാത്തിയും തിന്നുകൊണ്ടിരിക്കുന്നവർ. ചില വീടുകളിൽ കണ്ണിൽ നിന്ന് ഉറക്കം തുടച്ചു നീക്കികൊണ്ട് എഴുന്നേറ്റു വരുന്നവരെ കാണാം. വേറെ ചില വീടുകളിൽ കനമുള്ള കമ്പളിപ്പുതപ്പ് മുഖത്തുനിന്ന് മെല്ലെമാറ്റി ഞങ്ങളെ ഉറ്റുനോക്കുന്ന വൃദ്ധരോ ശിശുക്കളോ ഉണ്ടായെന്നുവരും. അവരൊക്കെ അതതു സ്ഥലങ്ങളിൽ അതതു കാര്യങ്ങൾ തന്നെ ചെയ്തുകൊണ്ട് കഴിഞ്ഞു എന്നിരിക്കും. എന്നാലും ഉണ്ണിയെ കിടത്താനായി ആരെങ്കിലും എന്തെങ്കിലുമൊന്ന് ആദരപൂർവ്വം വലിച്ചിട്ടുതരും. ഞങ്ങൾക്ക് നില്ക്കാനുമിരിക്കാനുമായി പഴംപായെങ്കിലും വിരിച്ചുതരാനും ചിലർ മറക്കില്ല. ഞങ്ങളുടെ പ്രാർത്ഥനയിലും പാട്ടിലും എല്ലാവരും ശ്രദ്ധിക്കയും ചെയ്യും. ഞങ്ങളെ സ്വാഗതം ചെയ്യാത്ത ഒരു വീടുമുണ്ടാകയില്ല. ഞങ്ങൾ കയറി ചെല്ലാൻ

വിട്ടുപോയതിൽ സങ്കടപ്പെടുന്നവരുണ്ട്. ഞങ്ങളുടെ പിന്നാലെ വന്ന് വിളിച്ചു കയറ്റിയവരുമുണ്ട്. ഒന്നു രണ്ട് വീടുകളിൽ മാത്രം, ദയവായി ചെണ്ടകൊട്ടരുതേ, പാട്ടുപാടരുതേ എന്ന അപേക്ഷയുണ്ടായി. അന്വേഷിച്ചപ്പോൾ, അതിനു തക്ക കാരണമുണ്ട്. ആ വീടുകളിൽ അടുത്തനാളിൽ ആരൊക്കെയോ മരിച്ചിട്ടുണ്ട്. ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ നിശ്ചിത കാലത്തേയ്ക്ക് അവിടെ ആഘോഷമൊന്നുമരുതെന്നാണ് പാരമ്പര്യം. അതുകൊണ്ടാണ് പാട്ടും കൊട്ടും വേണ്ട എന്ന ക്ഷമാപണത്തോടുകൂടി അപേക്ഷ. എന്നാലും അവരും ഉണ്ണിയേശുവിനെ സ്വാഗതം ചെയ്യുന്നു, പ്രാർത്ഥനയിൽ പങ്കെടുക്കുന്നു, കാഴ്ചയർപ്പിക്കുന്നു. ഞങ്ങളുടെ സന്ദർശനത്തിൽ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുന്നു.

ഈ സാർവ്വത്രിക സ്വാഗതത്തിന് ചില കണ്ണികളുണ്ട്. നമ്മൾ നടത്തുന്ന സ്ക്കൂളുകളും, ബോർഡിംഗും, ഹോസ്പിറ്റലും, സാമൂഹ്യസേവനങ്ങളും. അവയിലൂടെ നാമുമായി ബന്ധപ്പെട്ടും കടപ്പെട്ടും കഴിയുന്നവരാണ് ഗ്രാമീണരിൽ ബഹുഭൂരിഭാഗവും. അതിന്റെ ആദരവും പ്രതിനന്ദിയും നിർലോഭം പ്രദർശിപ്പിക്കുകയാണവർ. നമ്മുടെ സിസ്റ്റേഴ്സിന് അവരുടെ മദ്ധ്യേയുള്ള സ്വാതന്ത്ര്യവും സ്വാധീനവും അംഗീകാരവും ഒന്നുവേറെതന്നെ. നിസ്വാർത്ഥസേവനം കാഴ്ചവയ്ക്കുന്ന നമ്മെ മാത്രമല്ല, നമ്മുടെ ദേവനെയും അവർ സ്വാഗതം ചെയ്യുന്നു, വന്ദിക്കുന്നു. നിർവ്യാജമായി തന്നെ.

ചില വീടുകളിൽ ഞങ്ങൾക്ക് സത്കാരവും ലഭിക്കുന്നു. അതൊരു കപ്പ് ചായയാകാം, മധുരപലഹാരമാകാം. ചിലയിടങ്ങളിൽ കൂടുതൽ വിപുലമായ സത്കാരവും. ഞങ്ങൾ താല്പര്യം കാണിക്കുകയാണെങ്കിൽ സത്കരിക്കാൻ തയ്യാറുള്ള ഒട്ടനേകം കുടുംബങ്ങൾ ഉണ്ടാകും. സമയപരിമിതിയും അനൗചിത്യവും പരിഗണിച്ച് ഞങ്ങൾ അത് പ്രോത്സാഹിപ്പിച്ചില്ല. ദിവസവും ശരാശരി 25 വീടുകളിൽ കയറി ഇറങ്ങി. ഓരോ വീട്ടിലും ഏറെക്കുറെ 15 മിനിട്ട്. വീടുകളിൽ ചിലത് തൊട്ടുതൊട്ടാകാം, മറ്റുള്ളവ അകലെ അകലെ. വീടുകളിലും നിരത്തുകളിലുമായി ഓരോ ദിവസവും കുറഞ്ഞത് 250 പേരുമായി ബന്ധപ്പെടും. ഇങ്ങനെ ഏകദേശം രണ്ടാഴ്ച നീണ്ടുനില്ക്കുന്ന പരി പാടിയിലൂടെ 5000 പേരുടെയെങ്കിലും കർണ്ണപുടങ്ങളിൽ യേശുവിന്റെ തിരുനാമവും സ്നേഹവും സന്ദേശവും പതിഞ്ഞിരിക്കും. യേശുദേവൻ അവരുടെ ഹൃദയങ്ങളെ പുല്കിയിരിക്കും! എത്രയോ മനോഹരം. പത്ത് അല്ലെങ്കിൽ പത്തര

മണിയോടെയായിരിക്കും ഗ്രാമത്തിൽനിന്ന് മടങ്ങുക. വന്നതുപോലെ തന്നെ തുറന്ന ട്രാക്ടറിൽ. കുഴിനിറഞ്ഞ നിരത്തിലൂടെ കുടുങ്ങി കുടുങ്ങിയുള്ള മടക്കയാത്ര. ക്ഷീണിതസ്വരത്തിലാകും ഗാനാലാപം. ചെണ്ടയുടെ ശബ്ദവും പതറിതുടങ്ങിയിരിക്കും. ഇരുട്ടിന്റെ കട്ടിയും മഞ്ഞിന്റെ തണുപ്പും പലമടങ്ങ് കൂടിയിരിക്കും. ശരീരത്തിന്റെ ശക്തിയും ഒട്ടേറെ വാർന്നുപോയിരിക്കും. പക്ഷേ, മനോഹരമായൊരു ദൗത്യം നിർവ്വഹിച്ചതിന്റെ നിർവൃതിയായിരിക്കും മനസ്സുനിറയെ! മഠത്തിൽ അല്ലെങ്കിൽ വൈദികഭവനത്തിൽ തിരികെ വന്ന് ഉറങ്ങാൻ കിടക്കുമ്പോൾ സമയം ഏതാണ്ട് പാതിരാത്രി ആയിരിക്കും. സഫലമായൊരു ദിവസത്തിന്റെ പര്യവസാനം.

ഈ കരോൾ രാത്രികൾ എനിക്ക് ദിവ്യമായൊരനുഭവമായിരുന്നു. അതു നടത്തിയ സഹോദരങ്ങളെ ഞാൻ മുക്തകണ്ഠം പ്രശംസിച്ചു. അക്രൈസ്തവസഹോദരങ്ങളുടെ സഹകരണവും ത്യാഗസന്നദ്ധതയും വാക്കുകൾക്കതീതമാണ്. ഗായകസംഘത്തോടൊത്ത് ചലിക്കാനേ എനിക്കു സാധിച്ചുള്ളു. ഉച്ചത്തിൽ പാടാനോ പ്രാർത്ഥിക്കാനോ പ്രസംഗിക്കാനോ ഒന്നും എനിക്കായില്ല. പക്ഷേ ഞാനൊരു മൂകസാക്ഷി മാത്രമായിരുന്നെന്നു പറഞ്ഞുകൂടാ. മനസ്സിൽ നിറയെ പ്രാർത്ഥനയും ഭജനവുമായി ഞാനവരോടുകൂടെ സഞ്ചരിച്ചു. അതുതന്നെ എന്റെ ദിവ്യാനുഭവം. യേശുവിന് ജനഹൃദയങ്ങളിലേയ്ക്കെത്തുവാനായി വിനീതമായൊരു മാദ്ധ്യമമാകാൻ സാധിച്ചല്ലോ എന്ന തൃപ്തി!

## 1.3. ഇതരമതങ്ങൾ

*അടിയന്തരാഹ്വാനം*

മതസൗഹൃദം, മതസംഭാഷണം, മതൈക്യം, മതപരിവർത്തനം, മതഭ്രാന്ത്, മതമൈത്രി എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ഇക്കാലത്ത് സർവ്വസാധാരണമാണ്, മിക്കവാറും എല്ലാവേദികളിലും. ലൗകികസമ്പത്തിന്റെയും സുഖസൗകര്യങ്ങളുടെയും അതിപ്രസരത്തിൽ മതമൂല്യങ്ങളെയും ആദ്ധ്യാത്മിക യാഥാർത്ഥ്യങ്ങളെയും ഈശ്വരനെപോലും മറന്നും ധിക്കരിച്ചും മനുഷ്യൻ ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെതന്നെ മറ്റൊരു പ്രത്യേകതയാണ് മതങ്ങളുടെ ആഴപ്പെട്ട ആത്മാവബോധവും ആത്മസമർപ്പണവും! ലോകത്തിൽ നിലവിലുള്ള ചെറുതും വലുതുമായ എല്ലാമതങ്ങളും താന്താങ്കളുടെ അനന്യതയെക്കുറിച്ച് ഇത്രമാത്രം ബോധമതികളായിട്ടുള്ള ഒരവസരം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട് എന്നു തോന്നുന്നില്ല. യഹൂദരും ക്രൈസ്തവരും ബൗദ്ധരും ജൈനരും ഹൈന്ദവരും സൊറാവാസ്ത്രിയരും കൺഫ്യൂഷ്യരും ടാവോക്കാരുമെല്ലാം പെട്ടെന്ന് സടകുടഞ്ഞെഴുന്നേൽക്കുക മാത്രമല്ല, പരസ്പരം സംശയിച്ചും ഭയപ്പെട്ടും എതിർത്തും നില്ക്കുന്നൊരു പ്രതീതിയാണ്. മതങ്ങൾ യഥാർത്ഥത്തിൽ പരസ്പരം ഏറ്റുമുട്ടുന്നൊരു സന്ദർഭം! ക്രൈസ്തവ മതത്തിനുപോലും ഇതരമതങ്ങളുടെ സാന്നിദ്ധ്യവും ശക്തിയും എതിർപ്പും ഇത്രമാത്രം രൂക്ഷമായി അനുഭവപ്പെട്ടിട്ടുള്ള സന്ദർഭങ്ങൾ പിൽക്കാലത്ത് അധികം ഉണ്ടായിട്ടില്ല എന്നു വേണം പറയാൻ. ഇന്നത്തെ ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല. ക്രിസ്തുവിനെയും ക്രൈസ്തവ മൂല്യങ്ങളെയും ക്രൈസ്തവ സേവനത്തെയും ആദരവോടെ വീക്ഷിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നവരാണ് ഭാരതത്തിലെ ഭൂരിഭാഗം സാധാരണ ജനങ്ങൾ ഇന്നും എന്ന വസ്തുത മറന്നിട്ടാവശ്യമില്ല. എന്നിരുന്നാലും ജനസ്വാധീനവും രാഷ്ട്രീയാധികാരവുമുള്ള ഹൈന്ദവനേതൃത്വത്തിന്റെ ഒരു വിഭാഗമെങ്കിലും ക്രൈസ്തവസാന്നിദ്ധ്യം ഇഷ്ടപ്പെടാത്തവരും ഭയപ്പെടുന്നവരും എതിർക്കുന്നവരുമാണെന്നാണ് പ്രത്യക്ഷാനുഭവം. അവരുടെ അലറുന്ന സ്വരം ചിന്തിക്കാൻ കഴിയാത്ത സാധാരണക്കാരിലും ക്രൈസ്തവവിരുദ്ധ ചിന്തയും ഭീതിയും ഉണർത്തുന്നു എന്നതാണ് വാസ്തവം. നേതൃത്വനിരയുടെ പരോക്ഷമായിട്ടെങ്കിലുമുള്ള പിന്തുണ

ക്രൈസ്തവർക്കെതിരെയുള്ള അക്രമങ്ങളെയും അതിക്രമങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു. അവരുടെ ദുഷ്പ്രചരണങ്ങളും അവാസ്തവ പ്രസ്താവനകളും അടിസ്ഥാനരഹിതമായ ആരോപണങ്ങളും ക്രൈസ്തവ പദ്ധതികളെയും പരിപാടികളെയും തളർത്തുന്നില്ലെങ്കിലും തടസ്സപ്പെടുത്തുന്നു. ഇങ്ങനെ ആകെ കൂടി നോക്കുമ്പോൾ, സംഘട്ടനത്തിന്റെയും സംഘർഷത്തിന്റെയും അന്തരീക്ഷമാണ് അനുഭവപ്പെടുക. അടുത്ത നാൾ വരെ ക്രൈസ്തവർ അനുഭവിച്ചിരുന്ന ജനപ്രീതിയും അംഗീകാരവും നഷ്ടപ്പെടുന്ന പ്രതീതിയാണ് സംജാതമായിരിക്കുന്നത്. ഈ സാഹചര്യത്തോട് എങ്ങനെ പ്രതികരിക്കണം? ഇതൊരു ആഹ്വാനമായിട്ടെടുക്കുക: ക്രൈസ്തവ ശുഭാപ്തിവിശ്വാസം ആഴപ്പെടുത്താനുള്ള ആഹ്വാനം; ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു എന്ന വിശ്വാസം ജീവിക്കാനുള്ള ആഹ്വാനം; അതോടൊപ്പം ആത്മ പരിശോധനയ്ക്കുള്ള ഒരാഹ്വാനം; ഒരു പക്ഷേ, എല്ലാറ്റിനുമുപരി, ഇതരമതങ്ങളെ സംബന്ധിച്ചുള്ള ക്രൈസ്തവധാരണ പുനഃപരിശോധിക്കാനുള്ളൊരു അടിയന്തരാഹ്വാനം.

*വ്യത്യസ്തമായ മതാനുഭവങ്ങൾ*

അവഗണിക്കാനാകാത്തൊരു യഥാർത്ഥ്യമാണ് മതങ്ങളുടെ ബാഹുല്യം. ഒരു മതം മാത്രം എന്ന ആദർശം എത്രമെച്ചമാണെങ്കിലും, അതൊരിക്കലും ചരിത്രത്തിൽ യാഥാർത്ഥ്യമായിരുന്നിട്ടില്ല. ഭാവിയിലും അങ്ങനെ ഒരു സ്ഥിതി ഉണ്ടാകുമെന്ന് ചിന്തിക്കാൻ ബുദ്ധിമുട്ടാണ്, ഇതു വരെയുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ. മാനുഷികമായി പറഞ്ഞാൽ, എന്നും ഒന്നിലധികം മതങ്ങൾ ഉണ്ടായിരിക്കും എന്നുവേണം പറയാൻ. അപ്രമേയനും അനിർവചനീയനുമായ ഈശ്വരനെ മനുഷ്യൻ പല കോണിൽ നിന്ന് നോക്കിക്കാണുന്നു; തത്ഫലമായി, അവനു ലഭിക്കുന്ന ഈശ്വരാനുഭവവും വ്യത്യസ്തമായിരിക്കും. വ്യത്യസ്തമായ ഈശ്വരാനുഭവങ്ങൾ വ്യത്യസ്തമായ മതങ്ങൾക്ക് ജന്മം നല്കുകയും ചെയ്യുന്നു.

നിലവിലിരിക്കുന്ന മതങ്ങളെല്ലാം ഒരിക്കൽ ഒരു സാർവ്വത്രികമതത്തിന് വഴിമാറികൊടുക്കുന്നു എന്നു സങ്കല്പിക്കുക; ഈ സാർവ്വത്രികമതം അവിഭക്തമായി ഏറെനാൾ നിലകൊള്ളുമെന്ന് വിചാരിക്കാമോ? അങ്ങനെ ഒരു സാധ്യത കാണുന്നില്ല, ചരിത്രം പരിശോധിക്കുമ്പോൾ. എല്ലാമതങ്ങളും കാലക്രമത്തിൽ പലതായി

വിഭജിക്കപ്പെടുന്നു എന്നതാണ് അനുഭവം. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം തുടങ്ങി എല്ലാ മതങ്ങളുടെയും കഥ ഇതാണ്. ഒരു ഹൃദയവും ഒരു മനസ്സുമായി ആരംഭിച്ച ക്രിസ്തുശിഷ്യർ ഇന്ന് എത്രയോ വ്യത്യസ്ത വിഭാഗങ്ങളായി തിരിഞ്ഞിരിക്കുന്നു! എന്തിനേറെ, കത്തോലിക്കാസഭയിൽ തന്നെ ഔദ്യോഗികാംഗീകാരംപോലും ലഭിച്ചിട്ടുള്ള എത്രയോ ഗ്രൂപ്പുകൾ: റീത്തുകൾ എന്നറിയപ്പെടുന്ന ഗ്രൂപ്പുകൾ, വിഭിന്ന സാംസ്കാരിക പശ്ചാത്തലത്തിൽ രൂപംകൊണ്ടു വളർന്നുവന്നിട്ടുള്ള റീത്തുകൾ. ഇങ്ങനെ നോക്കുമ്പോൾ മതങ്ങളുടെ വൈവിധ്യം സ്വാഭാവികമെന്നുമാത്രമല്ല, ദൈവത്തിന്റെ മഹത്തായ പദ്ധതി കൂടിയാണെന്നു തോന്നിപ്പോകുന്നു.

ക്രൈസ്തവമിഷന്റെ ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോഴും നമ്മെ ചിന്തിപ്പിക്കുന്നൊരു വസ്തുത വ്യക്തമാകുന്നു. അതായത്, നിലവിലുള്ള ഏതെങ്കിലുമൊരു മതത്തെ അപ്പാടെ ഇല്ലാതാക്കിയിട്ട്, അതിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കാൻ ക്രൈസ്തവമതത്തിന് ഇതുവരെ സാധിച്ചിട്ടില്ല. യൂറോപ്പിലും അമേരിക്കയിലുമാണല്ലോ ക്രൈസ്തവമിഷൻ ഇതിനകം ഏറ്റവും വിജയിച്ചിട്ടുള്ളത്. ആ ഭൂഖണ്ഡങ്ങളിൽ നിലവിലിരുന്ന ഏതെങ്കിലും മതത്തെ തൂത്തെറിഞ്ഞിട്ട്, അതിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കയാണോ ക്രിസ്തുമതം ചെയ്തിരിക്കുന്നത്? അല്ല എന്നു വേണം പറയാൻ. അവിടങ്ങളിൽ എടുത്തു പറയത്തക്ക മതങ്ങളൊന്നും-- വ്യവസ്ഥാപിതമതങ്ങളൊന്നും-- ഇല്ലായിരുന്നു എന്നു വേണം പറയാൻ. വളരെ അസംഘടിതമായ വല്ല മതങ്ങളും മതാചാരങ്ങളും ഉണ്ടായിരുന്നിരിക്കാം. അങ്ങനെ നോക്കുമ്പോൾ, മതമൊന്നുമില്ലാതിരുന്ന ജനങ്ങൾക്ക് കെട്ടുറപ്പുള്ളൊരു മതം പ്രദാനം ചെയ്യുകമാത്രമാണ് അവിടങ്ങളിൽ ക്രൈസ്തവർ ചെയ്തത്. തങ്ങൾക്കില്ലാതിരുന്ന ഒന്നു കിട്ടിയപ്പോൾ ജനങ്ങൾ അത് സ്വാഗതം ചെയ്യുകയും ചെയ്തു.

പിന്നീട് ഇതരഭൂഖണ്ഡങ്ങളിലേക്കു തിരിഞ്ഞപ്പോൾ ക്രൈസ്തവമിഷനറിമാരുടെ അനുഭവം ഒന്നു വേറെയാണ്. പ്രത്യേകിച്ച്, ആഫ്രിക്കയിലും ഏഷ്യയിലും. അവിടങ്ങളിൽ വ്യവസ്ഥാപിതമതങ്ങളെ നേരിടേണ്ടിവന്നു അവർക്ക്. യഹൂദമതം, ഇസ്ലാംമതം, ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, ടാവോമതം തുടങ്ങിയ കെട്ടുറപ്പുള്ള മതങ്ങൾ. അവയൊന്നും ക്രിസ്തുമതത്തിന്

വഴിമാറികൊടുക്കാൻ കൂട്ടാക്കിയില്ല, കൂട്ടാക്കുന്നില്ല. പൊതുവിൽ ശക്തമായ എതിർപ്പും തിരസ്കാരവുമാണ് ക്രിസ്തുമതത്തിന് അവയിൽ നിന്നും ലഭിച്ചതും ലഭിച്ചുകൊണ്ടിരിക്കുന്നതും. അവയിൽ ഒന്നിനെപോലും കാര്യമായ രീതിയിൽ ഇല്ലായ്മ ചെയ്യാനോ, സ്പർശിക്കാൻ പോലുമോ, ഇതുവരെ ക്രൈസ്തവമിഷനു സാധിച്ചിട്ടില്ല എന്നതാണ് വാസ്തവം. പ്രസ്തുത മതങ്ങളുടെ വർദ്ധമാനമായികൊണ്ടിരിക്കുന്ന ആത്മാവബോധത്തിന്റെയും ആത്മ സമർത്ഥനത്തിന്റെയും പശ്ചാത്തലത്തിൽ, അവയിൽനിന്ന് ഭാവിയിൽ കൂടുതൽ കൂടുതൽ ക്രിസ്ത്വനുയായികളെ നേടുക, സാമാന്യഗതിയിൽ ചിന്തിക്കുമ്പോൾ, ഏറെ ദുഷ്കരമാണെന്നുവേണം പറയാൻ. അങ്ങനെ നോക്കുമ്പോൾ, ക്രൈസ്തവമിഷന്റെ ഉദ്ദേശ്യവും അർത്ഥവുമെന്തെന്ന് ചോദിക്കാൻ നമ്മൾ നിർബ്ബന്ധിക്കപ്പെടുകയാണ്! ഇതരമതങ്ങളുടെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുക എന്നതാണോ ക്രൈസ്തവദൗത്യം? അവയുടെ അപ്പാടെയുള്ള തിരോധാനം ദൈവം ഉദ്ദേശിക്കുന്നുണ്ടോ? അവയ്ക്ക് ശാശ്വതമായൊരു സ്ഥാനം ദൈവത്തിന്റെ പദ്ധതിയിൽ ഉണ്ടാകില്ലേ?

*എല്ലാവരും രക്ഷയിലേക്ക്*

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതരമതങ്ങളെ സംബന്ധിച്ച് വളരെ തുറന്നൊരു മനോഭാവവും ക്രിയാത്മകമായൊരു സമീപനവും സ്വീകരിച്ചിരിക്കുന്നത് അനുസ്മരിക്കുക. മനസ്സാക്ഷിയനുസരിച്ച് ജീവിക്കുന്ന അക്രൈസ്തവർക്ക്, എന്നല്ല എല്ലാവർക്കും, രക്ഷ ലഭിക്കും; കാരണം അവർ പരോക്ഷമായിട്ടെങ്കിലും ക്രിസ്തുവിൽ വിശ്വസിക്കുന്നവരും തിരുസ്സഭയുടെ അംഗങ്ങളും ആണ് എന്നത് ഈ കൗൺസിലിന്റെ വ്യക്തമായ പഠനമാണ്. ക്രിസ്തുവും ക്രിസ്തുവിന്റെ സഭയും മനുഷ്യരക്ഷയ്ക്ക് അനിവാര്യമാണ്. അതുകൊണ്ട് ക്രിസ്തുവിലും ക്രിസ്തുവിന്റെ സഭയിലും മാത്രമാണ് ആർക്കാണെങ്കിലും രക്ഷ ലഭിക്കുക എന്ന നിലപാടിന് ഇവിടെ മാറ്റമൊന്നുമില്ല. എന്നിരുന്നാലും അക്രൈസ്തവരിൽ കാണുന്ന നന്മ അഥവാ സത്യം സുവിശേഷത്തിനുള്ള ഒരുക്കമാണെന്ന് കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. തിരുസ്സഭയെ സംബന്ധിച്ചുള്ള പ്രമാണരേഖയിലാണ് ഇതു കാണുക. ഇതരമതങ്ങളെ സംബന്ധിച്ചുള്ള പ്രഖ്യാപനത്തിൽ ഈ വിഷയം കുറച്ചുകൂടി വിപുലീകരിച്ചിട്ടുണ്ട്. ഇതരമതങ്ങളിൽ ദൃശ്യമാകുന്ന സത്യവും വിശുദ്ധവുമായിട്ടുള്ള ഒന്നിനെയും

കത്തോലിക്കാസഭ നിരസിക്കുന്നില്ല; അവയുടെ പഠനങ്ങളെയും ജീവിതനിയമങ്ങളെയും, അവ സ്വന്തനിലപാടുകളിൽനിന്ന് വ്യത്യസ്ത മാണെങ്കിൽത്തന്നെയും, അവൾ ആത്മാർത്ഥമായി ആദരിക്കുന്നു; ലോകത്തിലേക്കുവരുന്ന എല്ലാമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ഏകസത്യമായ ക്രിസ്തുവിന്റെ കിരണങ്ങൾ ഈ മതങ്ങളിൽ പലപ്പോഴും ലഭ്യമാണ്. ഇതത്രയും സഭയുടെ ഇന്നത്തെ ഔദ്യോഗിക നിലപാടാണ്. ഇതരമതങ്ങളിൽ നന്മ കാണാനും അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും സഭ തയ്യാറായിരിക്കുന്നു. അവയുമായി സഹകരിക്കണമെന്നും സംഭാഷണത്തിലേർപ്പെടണമെന്നും കൂടി കൗൺസിൽ രേഖകൾ അനുശാസിക്കുന്നു.

ഇവിടെ, ക്രിസ്തുവിലൂടെ സാധിച്ച രക്ഷ അക്രൈസ്തവർക്കും സംലഭ്യമാണ് എന്നതു വ്യക്തം. പക്ഷേ, മനുഷ്യരക്ഷയിൽ ഇതര മതങ്ങൾക്ക് തനതായ രീതിയിൽ എന്തെങ്കിലും പങ്കുവഹിക്കാനുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം വ്യക്തമല്ല. എന്നിരുന്നാലും, കാൾ റാനർ തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ, അക്രൈസ്തവർക്ക് രക്ഷ എത്തിച്ചു കൊടുക്കുന്നതിൽ അതതു മതങ്ങളും ഉപാധികളാണ് എന്നത് കൗൺസിലിന്റെ പഠനത്തിൽ അന്തർഭവിച്ചിട്ടുണ്ട്. മനുഷ്യരക്ഷയിൽ ഇതരമതങ്ങൾ കേവലം മൂകസാക്ഷികളോ നിഷ്ക്രിയരോ അല്ല എന്ന നിഗമനത്തിലേക്കാണ് ഈ അഭിപ്രായം വിരൽ ചൂണ്ടുന്നത്. ദൈവം ആർക്കെങ്കിലും രക്ഷ നല്കുമ്പോൾ അയാളുടെ സാമൂഹികതയെ-- അയാൾ ഒരു സമൂഹത്തിന്റെ അംഗമാണെന്ന വസ്തുതയെ-- ഉപജീവിച്ചാണത്രെ അങ്ങനെ ചെയ്യുക. അതായത്, സമൂഹവുമായി ബന്ധമൊന്നുമില്ലാത്ത ഒരു കേവല വ്യക്തി എന്ന നിലയിലല്ല ഒരാൾ രക്ഷിക്കപ്പെടുന്നത്. സമൂഹത്തിൽ നിന്ന് അപ്പാടെ മാറ്റി നിറുത്തികൊണ്ടുമല്ല ദൈവം അയാളെ രക്ഷിക്കുന്നത്. മനുഷ്യൻ അവശ്യം സമൂഹജീവിയാണ്. ആ നിലയിൽ തന്നെയാണ് അവൻ രക്ഷിക്കപ്പെടുന്നതും. അല്ലാതെ വെറും വ്യക്തിയെന്ന നിലയിലല്ല. ദൈവം അവനെ സ്നേഹിക്കുന്നതും രക്ഷിക്കുന്നതും കൂടി അവൻ അംഗമായിരിക്കുന്ന സമൂഹ ത്തിലൂടെയാണ്, ആ സമൂഹത്തെ മാദ്ധ്യമമാക്കികൊണ്ടാണ്. ഇങ്ങനെയുള്ള സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളാണ് മതവും സംസ്കാരവുമെല്ലാം. അങ്ങനെയെങ്കിൽ ആരെങ്കിലും രക്ഷിക്ക പ്പെടുമ്പോൾ, അവന്റെ മതവും അതിന് അവശ്യം ഉപാധിയാണ്, ദൈവത്തിന്റെ പദ്ധതിയിൽ. ഒരുവൻ ഏതു മതസ്ഥനാണോ, ആ

മതവും കൂടി അയാളുടെ രക്ഷയ്ക്ക് ഉപകരണമാകുന്നു എന്നർത്ഥം. മറിച്ചായാൽ മനുഷ്യന്റെ മൗലികപരിമാണമായ സാമൂഹികത അവഗണിക്കപ്പെടുന്നു എന്നു വരും.

ക്രൈസ്തവർ രക്ഷിക്കപ്പെടുന്നതും സഭയാകുന്ന സമൂഹത്തിന്റെ അംഗമെന്ന നിലയിലാണ്, വെറുമൊരു വ്യക്തിയെന്ന നിലയിലല്ല. തിരുസഭ അടിസ്ഥാനപരമായി ഒരു സമൂഹം (ecclesia) ആണല്ലോ. ക്രൈസ്തവനു രക്ഷ ലഭിക്കുന്ന മാദ്ധ്യമവും അതുതന്നെ. തിരുസ്സഭ ക്രിസ്തുവിന്റെ ശരീരമാണ്, അവിടുത്തെ വിസ്തൃതസാന്നിദ്ധ്യമാണ്. ആ നിലയ്ക്ക് തിരുസ്സഭയെ കൂടാതെ ക്രിസ്തുവാകുന്ന യാഥാർത്ഥ്യം പൂർണ്ണമാകുന്നില്ല. ക്രിസ്തുവിനെ സ്വീകരിക്കുന്നവർ അവശ്യം തിരുസ്സഭയെയും സ്വീകരിക്കുന്നു, സ്വീകരിച്ചേ പറ്റൂ. അതുപോലെതന്നെ ക്രിസ്തു മുഖേനയാണ് രക്ഷിക്കപ്പെടുന്നത് എന്നു പറയുമ്പോൾ, തിരുസഭ ഉൾപ്പെടുന്ന മുഴുവൻ ക്രിസ്തുവാണ് വിവക്ഷ. ഇപ്രകാരം, ക്രിസ്തുവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ മനുഷ്യരക്ഷയിൽ തിരുസ്സഭയുടെ സ്ഥാനവും പങ്കും വ്യക്തം. മുൻ പറഞ്ഞതുപോലെ, തിരുസഭ രക്ഷയുടെ സമൂഹ സാധനയുമാണ്.

ഇതരമതസ്ഥരും പരോക്ഷമായ വിധത്തിലെങ്കിലും തിരുസ്സഭയുടെ അംഗങ്ങൾ എന്ന നിലയിലാണ് രക്ഷിക്കപ്പെടുന്നത് എന്നു മുകളിൽ പറഞ്ഞല്ലോ. രക്ഷയുടെ കാര്യത്തിൽ തിരുസ്സഭയെ സംബന്ധിച്ച് മുൻ ഖണ്ഡികയിൽ പറഞ്ഞതത്രയും അവരെക്കുറിച്ചും ശരിയാണ്. പക്ഷേ, അവരെ സംബന്ധിച്ചിടത്തോളം രക്ഷയുടെ സമൂഹസാധനയായി നേരിട്ടു വർത്തിക്കുന്നത് അവരുടെ തന്നെ മതമാണ്. ആ മതത്തെ ഉപാധിയാക്കികൊണ്ട് ദൈവം അവരെ രക്ഷിക്കുന്നു; ആ മതത്തിലൂടെ അവർ രക്ഷിക്കപ്പെടുന്നു.

ദൂരവ്യാപകമായ ചില നിഗമനങ്ങളിലേയ്ക്കല്ലേ ഈ ചിന്ത നമ്മെ നയിക്കുന്നത്? വിവധ മതങ്ങൾ യാദൃഛിക പ്രതിഭാസങ്ങളല്ല, ദൈവത്തിന്റെ പദ്ധതിയിൽ പെട്ടതാണ് എന്നു ചിന്തിക്കുന്നതാകും യുക്തം. മനുഷ്യന്റെ ദൈവോന്മുഖമായ പ്രയാണത്തിൽ അവയിൽ ഓരോന്നിനും അതതിന്റെ പങ്കുണ്ടെന്ന് പറയുക. നന്മനസ്സുള്ള അക്രൈസ്തവർക്കു വേണ്ടിയുള്ള താത്കാലിക സജ്ജീകരണമാണ് അവരുടെ മതങ്ങൾ എന്നു മാത്രം പറഞ്ഞാൽ പോരാ. ക്രിസ്തുവിനെയും അവിടുത്തെ സഭയെയും അവർ അറിഞ്ഞു സ്വീകരിക്കുന്നതോടെ പ്രസ്തുത മതങ്ങൾ അപ്രസക്തമാകുന്നു

എന്നും വരുന്നില്ല. ഈ വിഷയത്തിന്റെ ഉപരിവിശകലനം താഴെ കൊടുക്കാം.

ഒന്നിനേയും നശിപ്പിക്കാതെ എല്ലാറ്റിനേയും പൂർത്തിയാക്കാൻ വന്നവനാണ് യേശു; ഏതു മതാവലംബിയും ദൈവാന്വേഷിയാണ്. സാക്ഷാൽ ദൈവാനുഭവം ഉണ്ടായവർ അത് സഹജീവികളുമായി സഹിഷ്ണുതാപൂർവ്വം പങ്കുവെയ്ക്കുകയും സ്വജീവിതത്തിൽ അതു പ്രകടിപ്പിക്കുകയും ചെയ്യണം.

പാപത്തിൽ വീണുപോയ മനുഷ്യനെ താനുമായി രമ്യപ്പെടുത്തി സമുദ്ധരിക്കുക എന്ന ഈശ്വരപദ്ധതിയിൽ ഇതര മതങ്ങൾ നിഷ്ക്രിയരോ മൂകസാക്ഷികൾ മാത്രമോ അല്ല. രക്ഷാകര പദ്ധതിയിലെ ചില ആകസ്മിക ഘടകങ്ങളായിട്ടോ, അതതു മതസ്ഥർക്കു വേണ്ടിയുള്ള താത്ക്കാലിക സജ്ജീകരണങ്ങളായിട്ടോ മാത്രം അവയെ കണ്ടുകൂടാ. നേരേമറിച്ച്, മതങ്ങളെല്ലാം ഈശ്വരന്റെ പദ്ധതിയുടെ ഭാഗമാണ്; രക്ഷണീയ ചരിത്രത്തിൽ ഓരോ മതത്തിനും തനതായ പങ്കും സ്ഥാനവുമുണ്ട്. ക്രിസ്തുവിലൂടെയും ക്രിസ്തുമതത്തിലൂടെയും മാത്രമാണ് മനുഷ്യൻ രക്ഷിക്കപ്പെടുക എന്ന വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടു തന്നെയാണ് ഇതൊക്കെ പറയുക.

സ്വന്തം കുറ്റം കൊണ്ടല്ലാതെ ക്രിസ്തുവിനെ അറിയുവാനോ സ്വീകരിക്കുവാനോ ഇടയാകാത്ത കോടിക്കണക്കിന് ആളുകളെക്കുറിച്ചു ചിന്തിക്കുക. ക്രിസ്തുവിനു മുമ്പും പിമ്പും ജീവിച്ചിട്ടുള്ള അനേകരുടെ കാര്യമിതാണല്ലൊ. അവരെ സംബന്ധിച്ചിടത്തോളം ഈശ്വരനിലേയ്ക്കുള്ള യാത്രയിൽ ഏകമാർഗ്ഗം അവരുടെ മതമാണ്. അതിലൂടെയാണ് ഈശ്വരൻ അവർക്ക് ആവിഷ്കൃതനാകുന്നതും, അവരെ തന്നിലേയ്ക്കടുപ്പിക്കുന്നതും രക്ഷിക്കുന്നതും. അങ്ങനെ സംഭവിക്കുന്നത് അവിടുത്തെ പദ്ധതിയിൽ പെടുന്നില്ലെന്നോ, അവിടുത്തെ പദ്ധതിയ്ക്കു പുറമേ ആണെന്നോ പറയാനാകുമോ? അതായത്, അവരെ സംബന്ധിച്ചിടത്തോളം ആ മതം ഈശ്വര കല്പിതമായ രക്ഷാപദ്ധതിയാണ്. ആ മതത്തിലൂടെയാണ്, ആ മതത്തെ ഉപാധിയാക്കികൊണ്ടാണ്, അവിടുന്ന് അവരെ രക്ഷിക്കുക.

ഉദാഹരണത്തിന്, നമ്മുടെ രാജ്യത്തെ ഹൈന്ദവ സഹോദരങ്ങളുടെ കാര്യമെടുക്കുക. നൂറ്റാണ്ടുകളുടെ പഴക്കവും പാരമ്പര്യവുമുള്ള ഹിന്ദുമതം. അതിൽ വിശ്വസിച്ച്, അതനുസരിച്ച് ആത്മാർത്ഥമായി ജീവിച്ചിട്ടുള്ള എത്രയോ തലമുറകൾ, എത്രയോ

കോടി ജനങ്ങൾ!! അവരിൽ ബഹുഭൂരിഭാഗത്തിനും ക്രിസ്തുവിനെക്കുറിച്ച് അറിയുവാനുള്ള സാഹചര്യം പോലും ഉണ്ടായിട്ടില്ല. അങ്ങനെയുള്ളവർ ഇന്നും നിരവധി. അവരെ സംബന്ധിച്ചിടത്തോളം ഈശ്വരസാക്ഷാത്കാരത്തിന്റെ ഏകമാധ്യമം ഹിന്ദുമതമല്ലെ? കോടാനുകോടി ജനഹൃദയങ്ങളിൽ ഈശ്വരചിന്ത ജനിപ്പിക്കുകയും നിലനിറുത്തുകയും, അവരെ ധർമ്മനിഷ്ഠരായി വളർത്തുകയും ആത്മസാക്ഷാത്കാരത്തിലെത്തിക്കുകയും ചെയ്ത ഹൈന്ദവ പാരമ്പര്യം. അതിന്റെ അഭാവത്തിൽ, സാമാന്യ ഗതിയിൽ ചിന്തിക്കുമ്പോൾ, പ്രസ്തുത ജനം മുഴുവനും ആത്മീയാന്ധകാരത്തിൽ തപ്പിതടയേണ്ടി വന്നേനെ എന്നു കൂടി ചിന്തിക്കണം. ഇത്രയേറെ ജനങ്ങളുടെ ജീവിതയാത്രയിൽ നിർണ്ണായകപങ്കു വഹിച്ചിട്ടുള്ള, വഹിച്ചുകൊണ്ടിരിക്കുന്ന ഹൈന്ദവമതം, എന്നല്ല ഏതൊരു മതവും, ഈശ്വരപദ്ധതിയിൽപ്പെടുന്നില്ല, വെറും യാദൃച്ഛിക പ്രതിഭാസമാണ് എന്നൊക്കെ പറയുക മൗഢ്യം മാത്രമല്ല, ദൈവ ദൂഷണം കൂടിയാകും

ക്രൈസ്തവ മതമെന്നതുപോലെ ഇതരമതങ്ങളും ഈശ്വരന്റെ രക്ഷാപദ്ധതിയിൽപ്പെടുന്നുണ്ട് എന്നു പറയണം. . ഓരോ മതത്തിനും തനതായ പങ്കും സ്ഥാനവുമുണ്ട് ഈശ്വരന്റെ പദ്ധതിയിൽ, മനുഷ്യ രക്ഷയിൽ.

ഒന്നിനെയും നശിപ്പിക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്താ. 5:17) എന്നു പറഞ്ഞ ക്രിസ്തുവിന്റെ നിലപാടാണ് നമ്മൾ സ്വീകരിക്കേണ്ടത്. യഹൂദമതത്തെയാണ് അവിടുന്ന് നേരിട്ടു വിവക്ഷിച്ചത്. മറ്റെല്ലാ മതങ്ങളെയും പരോക്ഷമായിട്ടെങ്കിലും അവിടുന്ന് ഉദ്ദേശിച്ചിട്ടുണ്ട്. തന്റെ അനുയായികൾ അതതു സ്ഥല കാലങ്ങളിൽ വിവിധ മതങ്ങളുമായി ബന്ധപ്പെടുമ്പോൾ സ്വീകരിക്കേണ്ട നിലപാടാണിത്. ക്രൈസ്തവർ എന്നതു പോലെ അക്രൈസ്തവരും ഈ സമീപനം അംഗീകരിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഓരോരുത്തരും അന്യമതങ്ങളോടു മാത്രമല്ല, സ്വന്തമതത്തോടും ഈ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒരു മതത്തെയും നശിപ്പിക്കാതെ, എല്ലാ മതത്തെയും പൂർത്തിയാക്കുക. എല്ലാ മതസ്നേഹികളുടെയും ഈശ്വരവിശ്വാസികളുടെയും ആദർശ മാകണമിത്. കാരണം, മതങ്ങളെല്ലാം ഈശ്വരന്റെ പദ്ധതിയാണ്, മനുഷ്യരക്ഷ സംബന്ധിച്ച പരിപാലനയുടെ ഭാഗമാണ്. അതൊന്നും നശിക്കാതെ പൂർത്തിയാകുന്ന അവസ്ഥാവിശേഷമാണ് മനുഷ്യനെ

സംബന്ധിച്ച ഈശ്വര പദ്ധതിയുടെ പൂർണ്ണ രൂപം. അതു ലക്ഷ്യം വച്ചാകണം മനുഷ്യരെല്ലാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ക്രൈസ്തവർ ക്രിസ്തുമതത്തിന്റെ മാത്രമല്ല, എല്ലാ മതങ്ങളുടെയും പൂർത്തീകരണം, സമ്പൂർണ്ണമായ വളർച്ച ലക്ഷ്യം വയ്ക്കുക, ഹൈന്ദവർ ഹിന്ദുമതത്തിന്റേത് എന്നതു പോലെ മറ്റെല്ലാ മതങ്ങളുടെയും പൂർത്തീകരണം ലക്ഷ്യമാക്കണം. അതുപോലെ എല്ലാ മതസ്ഥരും അവരവരുടെ മതത്തിന്റെ മാത്രമല്ല, എല്ലാ മതത്തിന്റെയും പൂർത്തീകരണം മുന്നിൽ കാണണം. യേശുക്രിസ്തു സ്വന്തമതമായ യഹൂദവിശ്വാസത്തിന്റെ മാത്രമല്ല, ഇതര മതങ്ങളുടെയും വളർച്ചയും പൂർത്തീകരണവും ലക്ഷ്യമാക്കിയെന്ന് ന്യായമായി വിചാരിക്കാം. എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന വിശ്വവീക്ഷണവും നിലപാടുമാണ് അവിടുന്നു സ്ഥാപിച്ച മതം--ക്രിസ്തുമതം. അതിനിയും രൂപീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതേ ഉള്ളൂ.

സ്വന്തമതത്തിന്റെയും അന്യമതങ്ങളുടെയും വളർച്ചയും പൂർത്തീകരണവും സാധിക്കുവാനായി ഒരുവൻ ചെയ്യേണ്ടത് രണ്ടു കാര്യങ്ങളാണ്. ഒന്ന്: സ്വന്തമതത്തെ ആത്മാർത്ഥമായി സ്നേഹിച്ചഭ്യസിക്കുക. തത്ഫലമായി സ്വന്തമതത്തിന്റെ ഉൾകാഴ്ചകളും ഉൾപ്രേരണകളും ആഴത്തിൽ മനസ്സിലാക്കുകയും, കൂടുതൽ കൂടുതൽ വെളിച്ചത്തുകൊണ്ടുവരികയും ചെയ്യുക. അതോടൊപ്പം, തുറന്ന മനസ്സോടെ ഇതരമതങ്ങളുടെ സംഭാവനകൾ സ്വീകരിക്കുകയും, അവ കാഴ്ച വയ്ക്കുന്ന അനുഭവങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുക. രണ്ട്: സ്വന്ത മതാനുഭവങ്ങളും ബോധ്യങ്ങളും ഇതരമതസ്ഥരുമായി ഔദാര്യത്തോടും സദ്ഭാവനയോടും കൂടി പങ്കുവയ്ക്കുക. ഇങ്ങനെ സ്വയം വളരുക, എല്ലാവരെയും വളർത്തുക. ഈശ്വരന്റെ വരങ്ങളും ദാനങ്ങളും ആത്മാർത്ഥമായി പങ്കിട്ടനുഭവിക്കുക. ഇതു തന്നെ മതസൗഹൃദം, മതസംഭാഷണം. പരസ്പരം കൊണ്ടും കൊടുത്തും വളരുക. മതങ്ങൾ തമ്മിൽ ക്രിയാത്മകമായ ഏറ്റുമുട്ടലാണിവിടെ നടക്കുക. തത്ഫലമായി സ്വയം വിലയിരുത്താനും വിമർശിക്കാനും, അതുവഴി ഉപര്യുപരി വിശുദ്ധീകരിക്കപ്പെടാനും വളരാനുമുള്ള അവസരങ്ങളാണ് ഒരോ മതത്തിനും ലഭിക്കുക. വിനയഭാവത്തോടും യാഥാർത്ഥ്യ ബോധത്തോടുംകൂടി അവയെ പ്രയോജനപ്പെടുത്തുക. കാലഹരണപ്പെട്ടതും അശാസ്ത്രീയവും അന്ധവിശ്വാസപരവുമായ പലതുമുണ്ടാകും ഓരോ മതത്തിലും, ക്രിസ്തുമതത്തിൽ പോലും!

അവ കണ്ടുപിടിക്കാനും തിരസ്കരിക്കാനും, അവയുടെ സ്ഥാനത്ത് ഉത്തമമായവയെ പ്രതിഷ്ഠിക്കാനും ഈ ഏറ്റുമുട്ടലും പരസ്പര വിനിമയവും എല്ലാമതങ്ങളെയും സഹായിക്കുന്നു, പ്രചോദിപ്പിക്കുന്നു.

മുകളിൽ വിവരിച്ച പ്രക്രിയയുടെ പരിണതഫലം വിഭാവനം ചെയ്യുക. അവിടെ ഒരു മതവും ഇല്ലാതായിട്ടില്ല. മറിച്ച് എല്ലാ മതങ്ങളും പൂർത്തിയായിരിക്കുന്നു. ഓരോ മതവും സ്വന്തസാധ്യതകൾ പൂർണ്ണമായി സാക്ഷാത്കരിച്ചിരിക്കുന്നു; പൂർണ്ണമായി സംസ്ക രിക്കപ്പെട്ടിരിക്കുന്നു, ഫലവത്തായിരിക്കുന്നു. അതിനായി മതങ്ങളോരോന്നും ഇതരമതങ്ങളുടെ സംഭാവനകളും നിർദ്ദേശങ്ങളും കൃതജ്ഞതയോടും ആദരവോടുകൂടി സ്വീകരിച്ചിരിക്കുന്നു. തന്നിലെ നന്മയത്രയും മറ്റു മതങ്ങൾക്ക് കലവറയില്ലാതെ സംലഭ്യമാക്കുകയും ചെയ്തിരിക്കുന്നു. മതങ്ങളുടെ ഇടയിൽ പരസ്പര വിദ്വേഷത്തിനോ ശത്രുതക്കോ ഒന്നും സ്ഥാനമില്ലാതായിരിക്കുന്നു. പരസ്പരം ആദരവും മൈത്രിയും സഹകരണവും മാത്രം. മതങ്ങൾ തമ്മിലുള്ള അതിർത്തി വരമ്പുകൾ മാഞ്ഞു പോയിരിക്കുന്നു. എന്റേത് നിന്റെത് എന്നീ വിഭാഗീയ ചിന്തയ്ക്ക് അർത്ഥമില്ലാതായിരിക്കുന്നു. മതമൂല്യങ്ങളും ഉൾകാഴ്ചകളും അനുഭവങ്ങളുമെല്ലാം പൊതു മുതലായി തീർന്നിരിക്കുന്നു. മതങ്ങൾ പരസ്പരം സ്വന്തമാകുന്ന, സ്വന്തമാക്കുന്ന അവസ്ഥ. അവിടെ ക്രിസ്തുവും കൃഷ്ണനും ബുദ്ധനുമെല്ലാം അവരവർ അർഹിക്കുന്ന സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ആര് ആരേക്കാൾ വലുത് അല്ലെങ്കിൽ ചെറുത് എന്ന ചോദ്യത്തിന്റെ ഉത്തരം സ്വയം ആവിഷ്കൃതമായിരിക്കുന്നു. ഈശ്വരനെ ചൊല്ലിയും സത്യം സംബന്ധിച്ചുമെല്ലാമുള്ള മനുഷ്യരുടെ സംവാദം അവസാനിച്ചിരിക്കുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും വെളിപ്പെട്ടിരിക്കുന്നു. കണ്ണാടിയിലൂടെ മാത്രം കണ്ടിരുന്ന അവ്യക്ത ചിത്രങ്ങൾ മാറി, മനുഷ്യൻ ഈശ്വരനെ മുഖാഭിമുഖം കാണാൻ തുടങ്ങിയിരിക്കുന്നു.

“മതമേതായാലും മതി” എന്നരീതിയിലുള്ള നിഷ്പക്ഷതയോ അനാസ്ഥയോ അല്ല വിവക്ഷ. പ്രത്യുത, മനസ്സാക്ഷിയുടെ സ്വരമനുസരിച്ച് സ്വന്തമതത്തിൽ അർപ്പണബോധത്തോടെ ജീവിക്കുന്നവർ നടത്തേണ്ട ആത്മവിമർശനവും, അവർക്ക് ഇതരമതങ്ങളുടെ നേർക്ക് ഉണ്ടായിരിക്കേണ്ട തുറന്ന മനോഭാവവുമാണ് ഉദ്ദേശിക്കുന്നത്. ക്രൈസ്തവരായ നമ്മുടെ കാര്യമെടുക്കുക,

ഉദാഹരണത്തിന്. ക്രിസ്തുവിലുള്ള വിശ്വാസത്തെയോ സഭയോടുള്ള സമർപ്പണചൈതന്യത്തെയോ നമ്മൾ ഒരിക്കലും കളഞ്ഞുകുളിക്കരുത്. ജീവൻ ബലികൊടുത്തും അതൊക്കെ സംരക്ഷിക്കാൻ നമ്മൾ സന്നദ്ധരായിരിക്കണം. ആഴമേറിയ വിശ്വാസവും അതിന്റെ അനുഭവവും ഉള്ളവർക്കുമാത്രമേ അർത്ഥവത്തായ രീതിയിൽ മതസംഭാഷണത്തിൽ ഏർപ്പെടാനാകൂ എന്നതാണ് പരമാർത്ഥം. കാരണം, വിശ്വാസത്തിന്റെ പങ്കുവയ്ക്കലാണല്ലോ മതസംഭാഷണത്തിന്റെ കാതലായ ഭാഗം. വിശ്വാസാനുഭവവും സ്വന്തമായ ബോധ്യങ്ങളുമില്ലാത്തർക്കു പങ്കുവയ്ക്കാനൊന്നുമുണ്ടാകില്ല. മറ്റുള്ളവരുടെ വിശ്വാസാനുഭവം മനസ്സിലാക്കാനും അവർക്കായില്ല എന്നുവരും. മതസംഭാഷണത്തിൽ പങ്കെടുക്കാനുള്ള പ്രാപ്തിയോ അർഹതയോ അവർക്കില്ല. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിൽ അടിയുറച്ച വിശ്വാസമുണ്ടായിരിക്കുക. അതു മറ്റുള്ളവരുമായി പങ്കു വയ്ക്കുവാൻ ലഭിക്കുന്ന അവസരങ്ങളെല്ലാം ഉപയോഗപ്പെടുത്തുകയും ചെയ്യുക.

പക്ഷേ, നമ്മുടെ നിലപാടിൽ തിരുത്തേണ്ടതായിട്ടൊന്നുമില്ല, നമുക്കിനി പുതുതായി അറിയാനൊന്നുമില്ല എന്നിങ്ങനെയുള്ള ഔദ്ധത്യഭാവം വെടിയണം. കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങളും, തെറ്റായ ആശയങ്ങളും, അന്ധവിശ്വാസങ്ങളും, അനീതിപരമായ സമീപനങ്ങളും, അസുരഭാവവുമെല്ലാം നമ്മിലും, നമ്മുടെ സഭയിലും കയറിപ്പറ്റിയിട്ടുണ്ടാകാം, ഇന്നും ശക്തമായ രീതിയിൽ നിലനില്ക്കുന്നുമുണ്ടാകാമെന്ന യാഥാർത്ഥ്യബോധവും വിനയമനോഭാവവും നമുക്കുണ്ടാകണം. തിരുത്തുന്നതിനും തിരുത്തപ്പെടുന്നതിനുമുള്ള സന്നദ്ധത കാണിക്കുക; നിരന്തരം ആത്മവിമർശനം നടത്തുകയും ആത്മ നവീകരണം സാധിക്കുകയും ചെയ്യുക. അതായിരുന്നു യേശുക്രിസ്തുവിന്റെ സമീപനം. അവിടുന്ന് നിശിതമായി വിമർശിച്ചതും നവീകരണത്തിന് ക്ഷണിച്ചതും ഇതരമതങ്ങളെയല്ല, പ്രത്യുത സ്വന്തമതമായ യഹൂദമതത്തെ ആണ്.അതിലെ അഴുകിയ ആചാരങ്ങളെയും സ്ഥാപിത താത്പര്യങ്ങളെയുമെല്ലാം അവിടുന്നു ചോദ്യം ചെയ്തു. പ്രവാചക ബുദ്ധിയോടെ തിരുത്തി, ഈ മാതൃക നാമും സ്വീകരിക്കേണ്ടിയിരിക്കുന്നു. തെറ്റുകൾ വിനയപൂർവ്വം ഏറ്റു പറയുക, തിരുത്തുക. അതോടൊപ്പം, ഇനിയും ഒട്ടേറെ അറിയാനും വളരാനുമുണ്ടെന്ന് സമ്മതിക്കുക. ക്രിസ്തുരഹസ്യങ്ങളെക്കുറിച്ചുള്ള

നമ്മുടെ സഭയുടെ അറിവും അനുഭവവും പൂർണ്ണമല്ല, നിരന്തര ധ്യാനത്തിലൂടെയും പഠനത്തിലൂടെയും നമ്മുടെ അറിവ് ആഴപ്പെടണം, അനുഭവം തീവ്രമാകണം. തിരുത്തപ്പെടുക, വളരുക എന്നീ പ്രക്രിയയിൽ ഇതരമതങ്ങൾക്ക് നമ്മെ സഹായിക്കാനാകും. നമ്മുടെ തെറ്റുകൾ മനസ്സിലാക്കാനും തിരുത്താനും അവയുടെ സാന്നിദ്ധ്യവും സമ്പർക്കവും നമ്മെ സഹായിച്ചെന്നിരിക്കും. തിരുസ്സഭയിലൂടെ എന്നതുപോലെ അവയിലൂടെയും പ്രവർത്തിച്ചുകൊണ്ട് അരൂപി നമ്മുടെ തെറ്റുകൾ ചൂണ്ടികാണിച്ചെന്നുവരും, തിരുത്തുവാൻ നമ്മെ പ്രചോദിപ്പിച്ചുവെന്നുവരും. അതുപോലെതന്നെ അവയിലെ വിശ്വാസാനുഭവങ്ങളും ഉൾക്കാഴ്ചകളും ക്രിസ്തുരഹസ്യത്തിന്റെ നൂതന പരിമാണങ്ങൾ വെളിച്ചത്തുകൊണ്ടുവന്നു എന്നു വരും. ക്രിസ്തുരഹസ്യത്തിന്റെ ആഴങ്ങളിലേയ്ക്ക് നമ്മെ നയിച്ചു എന്നും വരും. നമ്മുടെ സാന്നിദ്ധ്യവും സമ്പർക്കവും മറ്റു മതങ്ങളിലും ഇമ്മാതിരിയുള്ള തിരുത്തലുകൾക്കും വളർച്ചയ്ക്കും ഇടയാക്കുന്നു. തത്ഫലമായി ഇരുഭാഗക്കാരും, അതായത് എല്ലാ മതങ്ങളും, പുതിയതും പൊതുവുമായ നിലപാടുകളിലേയ്ക്ക് നീങ്ങുകയില്ല എന്നു പറയാൻ ആർക്കു കഴിയും? എല്ലാവരിലും മാനസ്സാന്തരം സംഭവിക്കുന്നു. ആരും ആരുടെമേലും അടിച്ചേല്പിക്കുന്ന മാനസ്സാന്തരമല്ല; ബോധ്യങ്ങളിൽ അധിഷ്ഠിതമായ, അരൂപിയാൽ പ്രചോദിതമായ മാനസ്സാന്തരം. അതിനു വിധേയമാകുക എല്ലാവരുടെയും കടമയെന്നതിലുപരി അവകാശം കൂടിയാണ്. ഒന്നിനെയും നശിപ്പിക്കാതെ പൂർത്തി യാക്കുന്നതിനുള്ള കടമയും അവകാശവുമാണത്.

*പ്രവാചകശബ്ദം*

ബിജ്നോർ മിഷൻ ആരംഭിക്കുന്ന സന്ദർഭത്തിൽ സ്വാമി അഭി ഷിക്താനന്ദ, സി.എം.ഐ. സഭയുടെ അന്നത്തെ പ്രിയോർ ജനറൽ ബ. കനീസിയൂസച്ചന്, എഴുതിയ കത്താണ് താഴെ കൊടുക്കുന്നത്:

ബ. അച്ചാ,

ഹിമാലയപർവ്വതനിരകൾ ഉൾപ്പെടുന്ന ബിജ്നോർ രൂപത സി.എം.ഐ. സഭയെ ഏല്പിക്കാൻ പോകുന്നു എന്ന വാർത്ത രണ്ടു ദിവസം മുമ്പ് എനിക്കു ലഭിച്ചു. ഏകാകിയായ എന്റെ സാന്നിദ്ധ്യമൊഴിച്ചാൽ വേറൊരു കത്തോലിക്കാ മിഷൻ ഇതുവരെ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല... ഹൈന്ദ

വർക്ക് ഏറ്റവും പരിശുദ്ധമായ ഭൂമിയാണിത്. പവിത്രനദിയായ ഗംഗാ ഉദ്ഭവിച്ച് പ്രവഹിക്കുന്നത് ഈ പർവ്വതനിര കളിലൂടെയാണ്. ഗംഗോത്രി, കേദാർനാഥ്, ബദരിനാഥ്, ഉത്തരകാശി തുടങ്ങിയ തീർത്ഥസ്ഥലങ്ങൾ ഇവിടെയാണ്. വർഷം തോറും അനേകായിരം ഭക്തർ ആരാധനയ്ക്കും ദർശനത്തിനുമായി കയറി ഇറങ്ങുന്ന പുണ്യസ്ഥലങ്ങൾ!

സി.എം.ഐ. മിഷൻ തികച്ചും വ്യതിരിക്തമായൊരു ശൈലി സ്വീകരിക്കണമെന്നു മുമ്പൊരിക്കിൽ അങ്ങു പറഞ്ഞത് ഓർമ്മി ക്കുന്നുണ്ടാകുമല്ലോ. ഭാരതത്തിൽ എവിടെയെങ്കിലും തികച്ചും കർമ്മലീത്താശൈലിയിൽ മിഷൻ പ്രവർത്തനം നടത്തണമെങ്കിൽ, അതിന് എന്തുകൊണ്ടും ഏറ്റവും പറ്റിയ സ്ഥലം ഈ ഗംഗാ ക്ഷേത്രമാണ്.

വളരെ വിനീതമായിട്ടെങ്കിലും ധൈര്യമായിത്തന്നെ ഞാൻ കുറിക്കട്ടെ. ബ. അച്ചാ, ഈ പർവതനിരകളിൽ ആരംഭിക്കുന്ന മിഷൻ കേന്ദ്രങ്ങൾ പ്രഥമവും പ്രധാനവുമായി പ്രാർത്ഥനയുടെയും പ്രണിധാനത്തിന്റെയും കേന്ദ്രങ്ങൾ ആകണം. നമ്മുടെ വൈദികർ സമുദായത്തിലേയ്ക്കു പ്രവേശിക്കാനൊരു ലൗകിക പഴുത് (temporal point of insertion) അന്വേഷിക്കുന്ന കാലമാണല്ലോ ഇത്. രാജ്യത്തിലെ മറ്റിടങ്ങളിലെ സാധ്യതകളെ കുറിച്ച് ഞാനൊന്നും പറയുന്നില്ല. പക്ഷേ, ഈ സ്ഥലത്ത് ജനങ്ങളിലേക്കു പ്രവേശിക്കാനായി ഒരു ആത്മീയ പഴുത് (spiritual point of insertion) സ്വീകരിക്കാൻ തയ്യാറുള്ള വൈദികർ മാത്രമേ വന്നിട്ടാവശ്യമുള്ളു. അല്ലെങ്കിൽ ഭാവിസാധ്യതകളെ ആരംഭത്തിലേ തന്നെ നശിപ്പിക്കലായിരിക്കും നമ്മൾ ചെയ്യുക. ആത്മീയപഴുത് മാത്രം അവലംബിക്കുക എന്നു വച്ചാൽ, വരുന്ന വർഷങ്ങളിലേക്ക് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ ഉതകുന്ന സ്ഥിതിവിവരകണക്കുകൾ ഒന്നും ഉണ്ടായില്ല എന്നുവരും. പക്ഷേ, സമയത്തിന്റെ തികവിൽ അദ്ഭുതാവഹമായ ഫലങ്ങൾ ദൃശ്യമാകും എന്നതിൽ തെല്ലും സംശയം വേണ്ട.

ഞാൻ പച്ചയ്ക്ക് കാര്യങ്ങൾ പറയുന്നത് സദയം ക്ഷമിക്കുക. ഇക്കാര്യത്തിൽ അങ്ങനെയൊന്നും പറയാൻ

എനിക്ക് അവകാശമില്ല. എന്നിരുന്നാലും അസുലലഭമായ ഈ അവസരം തുടക്കത്തിലേ തന്നെ നഷ്ടപ്പെട്ടെങ്കിലോ എന്നതാണ് എന്റെ ആകുലത!

അങ്ങയുടെ വൈദികർ ഉദ്യോഗസ്ഥരോ ബാബു ലോഗോ ആയിട്ട് ഇവിടെ വന്നിട്ടാവശ്യമില്ല. പാതിരി ആയിട്ടു പോലും വേണ്ട. അവർ വെറും മുനിമാർ (monks) ആയിട്ടു വരട്ടെ. ക്രിസ്തുവിൽ ആവിഷ്കൃതമായ ഈശ്വര രഹസ്യത്തിന്റെ സാക്ഷികൾ! എന്നെപ്പോലെ ഏകാന്തവാസികൾ ആകണം എല്ലാവരും എന്നു ഞാൻ പറയുന്നില്ല. പ്രത്യുത, ആത്മീയ സാക്ഷ്യം കൊടുക്കുന്നവരാകണം എന്നതാണു പ്രധാന കാര്യം.

പ്രവാചക ശബ്ദമാണത്. വളരെ വിനീതമെങ്കിലും ധൈര്യ സമേതമായ ശബ്ദം. കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് വ്യാഖ്യാനിക്കുന്ന ശബ്ദം. അതിൽ ധാർമികരോഷമുണ്ട്, പ്രത്യാശയുമുണ്ട്. ശകാരമുണ്ട്, ആശീർവ്വാദവുമുണ്ട്. ഉൾക്കാഴ്ചയുണ്ട്, ഉപദേശവുമുണ്ട്. വിമർശനവും വിപ്ലവവുമുണ്ട്. ഭവിഷ്യവാണിയും!!

ആരാണെന്നോ ഈ സ്വാമി? ഒരു ഫ്രഞ്ചുകത്തോലിക്കാ മഹർഷി. 1910 ൽ ജനിച്ച് 1973 ൽ മരിച്ചു. ബനഡിക്റ്റൈൻ സഭാംഗം. ഇൻഡ്യയിലെത്തി. ഈ നാടിന്റെ ആത്മീയസംസ്കാരത്താൽ ആകൃഷ്ടനായി വന്നതാണ്. ഹൈന്ദവമതത്തിലെ മൗതിക പാരമ്പര്യത്തെ പ്രേമിച്ചു, ഉപാസിച്ചു. ക്രൈസ്തവ വിശ്വാസത്തെയും ബനഡിക്റ്റൈൻ ആദ്ധ്യാത്മികതയെയും മുറുകെ പിടിച്ചുകൊണ്ടുതന്നെ അദ്വൈതദർശനത്തെ ആഞ്ഞു പുല്കി. അതിന്റെ നിലയില്ലാത്ത ആഴത്തിലേയ്ക്ക് ഊളി ഇട്ടിറങ്ങി. ഭാരതീയ സന്ന്യാസശൈലി സ്വായത്തമാക്കി. വിട്ടുവീഴ്ചയില്ലാതെ അതു ജീവിച്ചു. കാവിയുടുത്ത്, ഭിക്ഷയാചിച്ച്, മൗനത്തിൽ, ഏകാകിയായി ഉത്തരകാശിയിൽ, ശൈത്യമുറഞ്ഞുകിടക്കുന്ന മലമുകളിൽ, ചെറിയൊരു കുടിലിൽ താമസിച്ചു. സംസ്കൃതം പഠിച്ചു. ഹൈന്ദവവേദഗ്രന്ഥങ്ങൾ വായിച്ചു മനനം ചെയ്തു. ഈടുറ്റ ഗ്രന്ഥങ്ങൾ രചിച്ചു. ക്രൈസ്തവാദ്വൈതം തന്നെ മുഖ്യപ്രമേയം. ഹൈന്ദവാചാര്യന്മാരുടെ കൂടി ശ്രദ്ധയും ആദരവും പിടിച്ചുപറ്റിയ വിചിന്തനങ്ങൾ. അതിലേറെ ജീവിതത്തിന്റെ ആധികാരികത. തപസ്സിന്റെ ധീരത. അന്തരാത്മാവിന്റെ നിഷ്കളങ്കത. ഹൃദയഗുഹയിൽ സച്ചിദാനന്ദസാക്ഷാത്കാരം!

1968-ൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ നടന്ന അഖിലേന്ത്യാ സെമിനാറിൽ സ്വാമിജിയുടെ പ്രവാചകശബ്ദം മുഴങ്ങി. ഫ്രഞ്ചുചുവയുള്ള ആംഗ്ലേയ ഭാഷയിൽ മുറിഞ്ഞ വാചകങ്ങൾ. പക്ഷേ അസന്നിഗ്ധമായ നിലപാട്. അനിഷേധ്യമായ സന്ദേശം: ഭാരതസഭ അടിയന്തരമായി മാനസാന്തരപ്പെടണം. സമീപനരീതി മാറ്റണം. ഭാരതത്തിന്റെ ആത്മീയത ഉൾകൊള്ളണം. ഭാരതീയസംസ്കാരത്തിലും ദർശനത്തിലും ഊന്നികൊണ്ടുള്ള ദൈവ വിജ്ഞാനീയം പടുത്തുയർത്തണം. അനുഭവപ്രധാനമായ ദൈവ വിജ്ഞാനീയം. അതിനെല്ലാം ആക്കം നല്കുന്ന ആശ്രമശൈലി സ്വീകരിക്കണം: തുറവിയും ലാളിത്യവും മുഖമുദ്രയാക്കികൊണ്ടുള്ള ജീവിതശൈലി. സാക്ഷ്യമൂല്യമുള്ള, പ്രഘോഷണത്തെ വിശ്വസനീയമാക്കി ചെയ്യുന്ന ജീവിതശൈലി. സഭയുടെ എല്ലാ വിഭാഗക്കാരിലും ഈ മാനസാന്തരം സംഭവിക്കണം. അത്മായരിലും വൈദികരിലും സന്ന്യസ്തരിലും. ആശ്രമങ്ങൾ ആരംഭിക്കുക. എല്ലാവർക്കുമായി തുറന്നിരിക്കുന്ന ഇടങ്ങൾ. ജാതിമതഭേദമെന്യേ എല്ലാവക്കും വന്നു വസിക്കാവുന്ന, ഈശ്വരാനുഭവത്തിന്റെ ആസ്ഥാനങ്ങൾ. പ്രകൃതിയുമായി ഇഴുകിചേർന്ന്, സൗഹൃദം പങ്കുവച്ച്, എല്ലാവരും ഈശ്വരധ്യാനത്തിൽ ജീവിക്കുന്ന അന്തരീക്ഷം.

ഈ സന്ദേശത്തിന്റെ വളരെ പ്രായോഗികമായൊരു സന്ദർഭമാണ് മുകളിൽ ഉദ്ധരിച്ച കത്തിലെ പരാമർശം. ഉത്തരേന്ത്യയിലെ വചനപ്രഘോഷണം, ക്രൈസ്തവസാക്ഷ്യം: അതിനൊരു രൂപരേഖ. ക്രാന്തദൃഷ്ടിയോടുകൂടിയൊരു നിർദേശം. ജനങ്ങളെ സമീപിക്കാൻ തേടേണ്ടത് ലൗകികപഴുതല്ല, ആത്മീയപഴുതാണ്. ഉദ്യോഗസ്ഥരെയോ ബാബുലോഗിനെയോ വൈദികരെപ്പോലുമോ അല്ല ആവശ്യം. മുനിമാരെയാണു വേണ്ടത്. പ്രാർത്ഥനയുടെയും പ്രണിധാനത്തിന്റെയും ആളുകളെ. ആത്മീയസാക്ഷ്യത്തിനു മുൻതൂക്കം നൽകുക! വായിച്ചും കേട്ടുമറിഞ്ഞവരെല്ലാം സ്വാമിജിയുടെ കത്തിനെ മുക്തകണ്ഠം പ്രശംസിച്ചു. തികച്ചും അർത്ഥവത്തും അടിയന്തരവുമായൊരു പ്രവാചകശബ്ദമെന്ന് അതിനെ വിശേഷിപ്പിച്ചു. പക്ഷേ, അത്രടംകൊണ്ട് അവസാനിച്ചു പോയില്ലേ നമ്മുടെ പ്രതികരണം! ആ സന്ദേശത്തെ പ്രവൃത്തിയിലേക്കു കൊണ്ടുവരാൻ നമ്മൾ ചെയ്ത പരിശ്രമം നാമമാത്രമല്ലേ? പ്രത്യക്ഷത്തിൽ നിലവിൽ വന്നത് പതിവിൻപടി പ്രസ്ഥാനങ്ങൾ മാത്രമെന്നു സമ്മതിക്കണ്ടേ? സ്ഥാപനങ്ങൾ, പദ്ധതികൾ! അവയ്ക്കായി ജീവിതം വ്യയം ചെയ്യുന്ന

ഉദ്യോഗസ്ഥരും ബാബുലോഗും. ഏതാനും വൈദികരും. ലൗകികപഴുതുകൾ! സാവകാശത്തിൽ ഈ ലൗകികപഴുതുകളെ ആത്മീയപഴുതുകളാക്കി മാറ്റാമെന്ന ഉദ്ദേശ്യശുദ്ധി തീർച്ചയായും ഉണ്ടായിരുന്നു. അല്ലെങ്കിൽ, ഈ ലൗകിക പഴുതുകളിലൂടെ ആത്മീയ പഴുതുകൾ തുറന്നുകിട്ടും എന്നു നമ്മൾ കണക്കുകൂട്ടിയിരുന്നു. അങ്ങനെ സംഭവിച്ചുവോ?

ബിജ്നോർ രൂപത രജതജൂബിലി ആഘോഷിക്കുന്ന അവസരം. അതിന്റെ ഭാഗമായി തെല്ലൊന്ന് ആത്മപരിശോധന ചെയ്തു നോക്കുക: കിട്ടിയ അവസരം തുടക്കത്തിലേ നഷ്ടപ്പെടുമോ? എന്ന സ്വാമിജിയുടെ ആശങ്ക അസ്ഥാനത്തായിരുന്നോ? തുടക്കത്തിലെ അബദ്ധം തിരുത്താൻ തയ്യാറാകുക. ആ പ്രവാചകശബ്ദത്തിന് ഇനിയെങ്കിലും ചെവികൊടുക്കുക. അതാകട്ടെ ജൂബിലി ആഘോഷത്തിന്റെ മുഖ്യധാര. ജീവൻധാര!

## 1.4.ഏകാന്തസന്ന്യാസം

ഏതാണ്ടു രണ്ടു വർഷം മുമ്പ് ഗുജറാത്തിലെ രാജ്കോട്ടു രൂപതയിൽപ്പെടുന്ന ഗീർവനത്തിൽ വളരെ ലളിതമായൊരു ചടങ്ങു നടന്നു. വളരെ പ്രധാനമെങ്കിലും അധികമാരും ശ്രദ്ധിക്കാത്തതും, ഇന്നും അധികം പേരുടെ ശ്രദ്ധയിൽപ്പെടാത്തതുമായ ഒരു ചടങ്ങ്. പ്രസന്നാദേവിയുടെ സന്ന്യാസവ്രതവാഗ്ദാനം. ആ കൊച്ചു കുടിലിൽ മാർ ഗ്രിഗറി കരോട്ടംബ്രയുടെ മുമ്പാകെ ചെയ്ത വ്രതവാഗ്ദാനം. ദേവിയുടെ സന്ന്യാസ ദീക്ഷ. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷോപദേശങ്ങൾ വ്രതമായെടുത്ത്, തിരുസ്സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെടുന്നൊരു സന്ന്യാസിനിയായി തീർന്നു ആ സഹോദരി. കാനോനിക (canonical) മായി തിരുസഭയിൽ സന്ന്യാസികൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങൾക്കും ആ സഹോദരിയും അർഹയായി തീർന്നു.

ഇതിലെന്ത് അസാധാരണത്വമെന്നോ? പ്രസന്നാദേവി ഒരു സന്ന്യാസ സഭയുടെയും അംഗമല്ല എന്നതു തന്നെ. സ്വന്തനിലയിൽ വർഷങ്ങളായി സന്ന്യാസജീവിതം നയിച്ചിരുന്നൊരാൾ. വ്രതം ചെയ്യുമ്പോഴോ, അതിനു ശേഷമോ സന്ന്യാസസഭയൊന്നിന്റെയും അംഗമല്ല. വ്രതം ചെയ്യുന്നത് സന്ന്യാസാധികാരിയുടെ മുമ്പിലല്ല, മറിച്ച് സ്ഥലത്തെ മെത്രാനച്ചന്റെ മുമ്പിൽ. അദ്ദേഹംവഴി ദൈവത്തോട് വ്രതമനുഷ്ഠിക്കുന്നു. ഇതു പുതുമയുള്ള സംഭവമാണ്. നിയമാനുസൃതം സ്ഥാപിതമായിട്ടുള്ള ഏതെങ്കിലുമൊരു സന്ന്യാസസഭയുടെയോ സമൂഹത്തിന്റെയോ അംഗമായിരിക്കുന്നവർക്കു മാത്രമേ തിരുസഭയിൽ ഔദ്യോഗികമായി സന്ന്യാസിയായി അംഗീകരിക്കപ്പെടാനാകൂ എന്നാണ് പൊതുധാരണ. അതു തിരുത്തിയെഴുതി, അങ്ങനെ പുതിയൊരു തുടക്കം കുറിച്ചു എന്നതാണ് പ്രസന്നാദേവിയുടെ വ്രതവാഗ്ദാനത്തിന്റെ പ്രത്യേകത. അതു വലിയൊരു തുടക്കമാണ്. സന്ന്യാസത്തിന്റെ ആദിരൂപത്തിലേയ്ക്കുള്ള തിരിച്ചുപോക്ക്. ഭാവിയിൽ കൂടുതൽ പ്രായോഗികവും പ്രസക്തവും സാക്ഷ്യമൂല്യ മുള്ളതുമായ സന്ന്യാസരൂപത്തിലേയ്ക്കുള്ളൊരു ചൂണ്ടുപലകയും. വിശദമാക്കാൻ ശ്രമിക്കാം.

സന്ന്യാസമെന്നാൽ ഏകാന്തവാസമെന്നായിരുന്നു ആദിമ കാലങ്ങളിലെ ധാരണ. ക്രൈസ്തവരും അക്രൈസ്തവരും അങ്ങനെ

ചിന്തിച്ചു. ഹൈന്ദവരുടെ ചതുരാശ്രമ സമ്പ്രദായമുണ്ടല്ലോ. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ നാല് ആശ്രമങ്ങൾ, അഥവാ ചതുരാശ്രമങ്ങൾ. ഓരോ വ്യക്തിയും ഒന്നിനു പുറകേ ഒന്നായി ഈ ആശ്രമങ്ങളിലൂടെ കടന്നു പോകുന്നു. അവയിലോരോന്നിലും യഥാവിധി ജീവിച്ച് ലക്ഷ്യപ്രാപ്തിക്കായി ശ്രമം ചെയ്യുന്നു, ഓരോ രുത്തനും. അതനുസരിച്ച് സാധാരണ ഗതിയിൽ ജീവിത സായാഹ്നത്തിലാണ് ഒരാൾ തീവ്രസന്ന്യാസം വരിക്കുക. എന്നു വച്ചാൽ, നാടും വീടുമെല്ലാം അക്ഷരാർത്ഥത്തിൽ വിട്ടു, വല്ല വനാന്തരത്തിലും പോയി ഏകാന്തതയിൽ ഈശ്വരധ്യാനത്തിലും തപസ്സിലും ശിഷ്ട ജീവിതം കഴിച്ചു സായുജ്യമടയുക എന്നർത്ഥം. അപൂർവ്വമായി ചിലർക്കെങ്കിലും ചെറുപ്പത്തിലേതന്നെ സന്ന്യാസ ത്തിന് ഉൾപ്രേരണ ലഭിച്ചുവെന്നു വരാം. അവർക്കു മുന്നാ ശ്രമങ്ങളിലൂടെ കടന്നു പോകാതെ നേരിട്ടു സന്ന്യാസമെടുക്കാം. ഉദാഹരണത്തിന് ശ്രീശങ്കരാചര്യർ ഗൃഹസ്ഥ വാനപ്രസ്ഥാശ്രമങ്ങൾ കൂടാതെ നേരിട്ടു സന്ന്യാസം വരിച്ചു. എങ്ങനെയായാലും സന്ന്യാസമെടുക്കുക എന്നാൽ ഏകാന്തവാസത്തിനു പോകുക എന്ന ചിന്തയ്ക്ക് അപവാദമില്ല. ഇന്നു നമ്മൾ കാണുന്നതുപോലെ ഏതെ ങ്കിലുമൊരു അംഗീകൃത സന്ന്യാസസഭയുടെ അംഗമാകുക, സന്ന്യാസികൾ ഒരധികാരിയുടെ കീഴിൽ സമൂഹമായി ജീവിക്കുക എന്ന ആശയം ഇല്ലായിരുന്നു എന്നു സാരം. സന്ന്യാസി എന്നാൽ ഏകാകി എന്നർത്ഥം. ഇങ്ങനെയുള്ള സന്ന്യാസിക്ക് ആഗ്ലേയ ഭാഷയിൽ ഹെർമിറ്റ് (hermit) എന്നു പേര്. അയാളുടെ വാസസ്ഥലം ഹെർമിറ്റേജും (hermitage). അയാളുടെ ജീവിതം hermitic life. അതു മരുഭൂമിയിലോ നദീതടത്തിലോ വനാന്തരത്തിലോ ഉള്ള ഗുഹയിലോ കുടിലിലോ ഒക്കെയാകാം. അയാൾക്ക് ശിഷ്യരും ഭക്തരുമൊക്കെ ഉണ്ടാകാം. പക്ഷേ അവരെല്ലാം ചേർന്ന ഒരു സന്ന്യാസസഭക്ക് അഥവാ സന്ന്യാസ സമൂഹത്തിന് രൂപം നല്കുന്നു എന്ന ചിന്തയില്ലായിരുന്നു.

ക്രൈസ്തവസന്ന്യാസത്തിന്റെ കഥയും വ്യത്യസ്ഥമല്ല. എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ക്രൈസ്തവരുടെ ഇടയിൽ സന്ന്യാസം ഒരു പ്രത്യേക ജീവിതാവസ്ഥയായി രൂപമെടുക്കുന്നത്. അതോടെ ഏകാന്തവാസസ്ഥലങ്ങൾ അന്വേഷിച്ചുള്ള ജന പ്രവാഹമായി. നാടും വീടുമുപേക്ഷിച്ച് തപസ്സിലും ധ്യാനത്തിലും ജീവിതം കഴിക്കാൻ യാത്ര തിരിക്കുന്ന ഏകാന്തപഥികർ. മരുഭൂമി കളായിരുന്നു പലരുടെയും ലക്ഷ്യം. മറ്റു ചിലർക്കു വനപ്രദേശങ്ങൾ

അതല്ലെങ്കിൽ നദീതടങ്ങൾ. ഈജിപ്ത്, സിറിയ, അറേബ്യ, പാലസ്തീന എന്നിവിടങ്ങളിലെ ഏകാന്തവാസികൾ പ്രസിദ്ധരാണ്. പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മിക പാരമ്പര്യത്തിലെ അതികായരാണ് അവരിൽ പലരും. മരുഭൂമിയിലെ പിതാക്കന്മാർ (desert fathers) എന്നാണ് അവർ അറിയപ്പെടുക. വിളി ലഭിക്കുന്നവർ സ്വന്തനിലയിൽ പറ്റിയ സ്ഥലം അന്വേഷിച്ചു കണ്ടെത്തി ഏകാന്തവാസം നടത്തുന്ന രീതിയായിരുന്നു. ഒരംഗീകൃത സന്ന്യാസ സഭയിൽ ചേരാൻ പോകുന്നു എന്നില്ല. ഒരേ പ്രദേശത്തുതന്നെ പല ഏകാന്തവാസികൾ ഉണ്ടാകാം. ഓരോരുത്തനും സ്വന്ത കുടിലിൽ അഥവാ ഗുഹയിൽ. സമാനചിന്താഗതിക്കാരും ജീവിതശൈലിക്കാരുമെന്ന നിലയിൽ അവർ തമ്മിൽ ഒരു കൂട്ടായ്മ ഉണ്ടാകാം. ആരാധനാ ശുശ്രൂഷകൾക്കായി ഒരുമിച്ചുകൂടിയെന്നും വരാം. അവർ അന്യോന്യം ആത്മനിയന്താക്കളും ശിഷ്യരുമെന്ന രീതിയിൽ ബന്ധപ്പെടാം. ഒരാളുടെ കീഴിൽത്തന്നെ അനേക ശിഷ്യരുണ്ടാകയും പതിവാണ്. അങ്ങനെ ഒരു മഹാഗുരുവായിരുന്നു ഈജിപ്തിലെ വിശുദ്ധ അന്തോനീസ് (251--356). ഏകാന്ത സന്ന്യാസികളുടെ കുലപതി എന്ന പേര് അദ്ദേഹത്തിന് അന്വർത്ഥമാണ്.

ഇതോടൊപ്പം സമൂഹസന്ന്യാസ (cenobitic life) വും സാവകാശത്തിൽ രൂപം കൊണ്ടുവെന്നതും ശരിതന്നെ. സെനോബൈറ്റ് (cenobite) എന്നാണ് സമൂഹസന്ന്യാസിക്കു ലഭിച്ച പേര്. വിശുദ്ധ പക്കോമിയൂസ് ആണ് അവരുടെ ആരംഭകൻ. വിശുദ്ധ അന്തോനീസിന്റെ സമകാലികൻ. ഈജിപ്തിൽ തന്നെ. പക്ഷേ വിശുദ്ധ പക്കോമിയൂസും സന്ന്യാസം ആരംഭിക്കുന്നത് ഏകാന്തവാസിയായിട്ടാണ്. താമസിയാതെ ഒരു സന്ന്യാസസമൂഹത്തിനു രൂപം നൽകാൻ ഉണ്ടായ ഉൾപ്രേരണയനുസരിച്ച് അദ്ദേഹം ഈജിപ്തിന്റെ തന്നെ മറ്റൊരു ഭാഗത്ത് പല ആശ്രമങ്ങൾ സ്ഥാപിച്ചു. ഭക്ഷിക്കുക, ആരാധിക്കുക, പണി ചെയ്യുക എന്നിവയെല്ലാം ഒരുമിച്ചു ചെയ്യുക എന്നതിന് ആക്കം നല്കി. വിശുദ്ധഗ്രന്ഥ പഠനത്തിനും ദിനചര്യയിൽ നല്ലൊരു സ്ഥാനമുണ്ടായിരുന്നു. അനുസരണം, വിനയം എന്നീ പുണ്യങ്ങൾക്ക് വലിയ വില കല്പിച്ചു. സെസേരിയായിലെ വിശുദ്ധ ബേസിൽ (330--379) ആണ് പൗരസ്ത്യസഭയിൽ ആദ്യമായി സമൂഹസന്ന്യാസികൾക്കായി നിയമാവലിഎഴുതിയുണ്ടാക്കിയത്. അദ്ദേഹവും അഞ്ചു വർഷം ഏകാന്തസന്ന്യാസം നടത്തിയ ശേഷമാണ് അതെഴുതിയത്. തന്റെ ശിഷ്യത്വം തേടിവന്ന അനേകരെ ചേർത്ത്

സ്ഥാപിച്ച ആശ്രമങ്ങൾക്കുവേണ്ടിയാണ് അതു ചെയ്തത്. അവരുടെ ജീവിതത്തിൽ കൈവേല, പഠനം, പ്രാർത്ഥന എന്നിവയ്ക്ക് മുഖ്യ സ്ഥാനം നല്കപ്പെട്ടു. ഈ വിശുദ്ധനാണ് പൗരസ്ത്യ സഭയിൽ സമൂഹ സന്ന്യാസത്തിന്റെ പിതാവ് എന്നറിയപ്പെടുക.

പാശ്ചാത്യ സഭയിൽ അരംഭം മുതലേ സമൂഹ സന്ന്യാസമാണ് നമ്മൾ കാണുക. വിശുദ്ധ അഗസ്റ്റിന്റെതാണ് ആദ്യത്തെ സന്ന്യാസസഭ എന്നു തോന്നുന്നു. അവിടെ ആദ്യമായി സന്ന്യാസ നിയമങ്ങൾ എഴുതുന്നത് അദ്ദേഹമാണ്, 396-400 വർഷങ്ങളിൽ. എന്നിരുന്നാലും പടിഞ്ഞാറൻ സന്ന്യാസികളുടെ പാത്രിയർക്കീസ് (Patriarch of Western Monks) എന്ന് അറിയപ്പെടുന്ന വിശുദ്ധ ബനഡിക്ട് 526 ൽ എഴുതിയ നിയമാവലിയാണ് പാശ്ചാത്യസഭയിൽ സന്ന്യാസത്തിന്റെ അടിസ്ഥാന പ്രമാണമായി ഗണിക്കപ്പെടുന്നത്. അദ്ദേഹവും ഒരു ഏകാന്ത വാസിയായിട്ടാണ് സന്ന്യാസം ആരംഭിക്കുന്നത്, ഇറ്റലിയിലെ സുബിയാക്കോ എന്ന സ്ഥലത്ത് ഒരു ഓണം കേറാമൂലയിലെ ഗുഹയിൽ. അദ്ദേഹത്തിന്റെ നിയമാവലിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്, അധികാരിയുടെ കീഴിൽ ഒരുമിച്ചു വസിച്ചു പ്രാർത്ഥിക്കയും പണിയെടുക്കയും പഠിക്കുകയും ചെയ്യുന്ന സന്ന്യാസ സമൂഹമാണ്. എന്നിരുന്നാലും അതിലും ഏകാന്തസന്ന്യാസികൾക്ക് സ്ഥാനം നല്കിയിട്ടുണ്ട്. അതിനും പറമേ 9, 10 നൂറ്റാണ്ടുകളിൽ ബനഡിക്ടൈൻ സന്ന്യാസ കുടുംബത്തിന്റെ ഭാഗമായി ഉടലെടുത്ത കമൽഡൊളീസ് (Camaldolese) സഭയും കർത്തുസ്യൻ (Carthusian) സഭയും ഏകാന്തസന്ന്യാസികൾക്കാണ് കൂടുതൽ പ്രാധാന്യം നല്കുന്നത്.

11, 12 നൂറ്റാണ്ടുകളിലാണ് പാശ്ചാത്യസഭയിൽ സന്ന്യാസത്തിന്റെ പുതിയ മുഖങ്ങളും പരിമാണങ്ങളും യൂറോപ്പിൽ പ്രത്യക്ഷപ്പെടുക. പുതിയ സഭകൾ. പുതിയ ദൗത്യങ്ങൾ, ഏകാന്ത സന്ന്യാസികൾക്കെന്നതിനെക്കാൾ സമൂഹസന്ന്യാസികൾക്കാണ് അവിടെ പ്രാമുഖ്യം. ആശ്രമ ഭിത്തികൾക്കുള്ളിൽ ഒതുങ്ങി നില്ക്കാൻ സന്ന്യാസികൾ വിസമ്മതിക്കുന്നു. സമുദായത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് അജപാലനം, സുവിശേഷ പ്രഘോഷണം തുടങ്ങിയ സഭാ ദൗത്യങ്ങളിൽ പങ്കു കൊള്ളുക, അങ്ങനെ തങ്ങളുടെ പ്രാർത്ഥനാനുഭവത്തിന്റെ സദ്ഫലങ്ങൾ സഹോദരങ്ങൾക്കു കൂടി സംലഭ്യമാക്കുക എന്നതായിരുന്നു അവരുടെ ആദർശം. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് വിശുദ്ധരായ ഡൊമിനിക് (1170-1221), ഫ്രാൻസിസ് അസീസി (1181-

1226), ഇഗ്നേഷ്യസ് ലൊയോള (1491-1536) എന്നിവർ തങ്ങളുടെ മഹത്തായ സഭകൾ സ്ഥാപിക്കുന്നത്. അപ്പസ്തോലിക സന്ന്യാസ സഭകളാണവ. ധ്യാനാത്മക ജീവിതത്തിനെന്നതുപോലെ തന്നെ കർമ്മനിരത ജീവിതത്തിനും ഊന്നൽ നല്കുന്ന സഭകൾ: വനാന്തരങ്ങളും മരുഭൂമികളുമെന്നല്ല, ആശ്രമങ്ങൾ പോലും വിട്ട് ജനങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലുന്ന സന്ന്യാസികൾ. അവരിലൂടെ തിരുസ്സഭയിൽ എന്നല്ല, ലോകത്തിലാകെ ചെയ്യപ്പെട്ടിട്ടുള്ള നന്മകൾ കുറച്ചൊന്നുമല്ല.

ഇവിടെയും നമ്മടെ ശ്രദ്ധയിൽപ്പെടേണ്ട ഒരു കാര്യമുണ്ട്. ഏകാന്തതയും ഏകാന്തവാസം പോലും സഭയിൽ ഒരിക്കലും അവഗണിക്കപ്പെട്ടിട്ടില്ല എന്നല്ല, ഏകാന്തസന്ന്യാസത്തിന്റെ പാരമ്പര്യം ഇടമുറിയാതെ നിലനിന്നിട്ടുണ്ടെന്നതാണ് വാസ്തവം. അഞ്ചു മുതൽ എട്ടു വരെയുള്ള നൂറ്റാണ്ടുകളിൽ ഐർലൻഡ്, സ്കോട്ട്ലൻഡ്, വെയിൽസ് എന്നിവിടങ്ങളിൽ തീർത്ഥാടകരും മിഷനറിമാരുമായ ഏകാന്തസന്ന്യാസികളെ കാണുന്നുണ്ട്. വിശുദ്ധ ബനഡിക്ടിന്റെ നിയമാവലിയിൽ ഏകാന്തവാസികൾക്ക് സ്ഥാനം നൽകിയിട്ടുണ്ടെന്നു മുകളിൽ പറഞ്ഞല്ലോ. അതിന്റെ ഫലമായി പിന്നീടു സ്ഥാപിതമായ ആബി (abbey), പ്രൈയറി (priory) എന്നിങ്ങനെയുള്ള ആശ്രമങ്ങളുടെ ഭാഗമായി ഏകാന്ത കുടിലുകളും (hermitages) കാണാം. മദ്ധ്യശതകങ്ങളിൽ ഇടവകകളോടു അനുബന്ധമായും ഏകാന്ത സന്ന്യാസികൾ ഉണ്ടായിരുന്നു. പൗരസ്ത്യസഭകളിൽ 12, 13 നൂറ്റാണ്ടുകളിൽ പ്രബലമായ ഹെസിക്കാസ്റ്റു (hesychast) പാരമ്പര്യം ഏകാന്തസന്ന്യാസത്തെ വളരെ പ്രോത്സാഹിപ്പിച്ചു. ഫ്രാൻസിസ് അസ്സീസിയും ഏകാന്തവാസ പ്രേമിയായിരുന്നു. ഒരു ഏകാന്ത സന്ന്യാസിയായിട്ടാണ് തന്റെ ആദ്ധ്യാത്മിക വിപ്ലവം അദ്ദേഹം ആരംഭിക്കുന്നത്. സന്ന്യാസസമൂഹത്തിനു രൂപം കൊടുത്തതിനു ശേഷവും, വർഷം തോറും മൂന്നു പ്രാവശ്യം നാല്പതു ദിവസം വീതം ഏതെങ്കിലുമൊരു മലഞ്ചെരുവിൽ ഏകാന്തവാസമനുഷ്ഠിക്കുക അദ്ദേഹത്തിന്റെ സ്ഥിരം പരിപാടിയായിരുന്നു. അദ്ദേഹത്തിന്റെ നിയമാവലിയിലും സഭയിലും ഏകാന്ത സന്ന്യാസത്തിനു വകുപ്പുകളുണ്ടെന്നത് പ്രസ്താവ്യമാണ്.

സമൂഹസന്ന്യാസവും ഏകാന്ത സന്ന്യാസവും ഒരുമിപ്പിക്കുക എന്ന രീതിയാണ് കാലക്രമത്തിൽ നിലവിൽ വരുന്നത്. തിരുസ്സഭയിൽ സന്ന്യാസിയായി അംഗീകരിക്കപ്പെടണമെങ്കിൽ അംഗീകൃതമായ

ഏതെങ്കിലുമൊരു സഭയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ അംഗമായിരിക്കണമെന്ന നിബന്ധനയും ഉണ്ടാകുന്നു. അതേസമയം ഏകാന്തസന്ന്യാസത്തെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. സന്ന്യാസാശ്രമങ്ങളുടെ ഭാഗമായിത്തന്നെ, അവയുടെ തന്നെ പുരയിടത്തിലെ കോണുകളിൽ, ഏകാന്തവാസം ആഗ്രഹിക്കുകയും അർഹിക്കുകയും ചെയ്യുന്ന അംഗങ്ങളെ ഉദ്ദേശിച്ച് ഏകാന്തകുടിലുകൾ (hermitages) വയ്ക്കുക എന്ന പാരമ്പര്യം പല സഭകളും സ്വീകരിച്ചു. ഇങ്ങനെയുള്ള കുടിലുകളിലേയ്ക്ക് താമസം മാറ്റുന്നയാൾ നിശ്ചിതവർഷക്കാലം സമൂഹത്തിൽ ജിവിച്ചിരിക്കണമെന്ന് നിഷ്കർഷയുണ്ട്. അങ്ങനെ സമൂഹത്തിൽ ജീവിക്കുന്നതിന്റെ ഫലമായി സന്ന്യാസിക്കുതന്നെ ആത്മവിശ്വാസമുണ്ടാകുന്നു. തനിച്ചായാലും വിശ്വസ്തതയോടും തീഷ്ണതയോടും കൂടി സന്ന്യാസം ജിവിക്കാമെന്ന വിശ്വാസം. അതിനൊരു ഉൾപ്രേരണയും അനുഭവപ്പെടണം. അത്രയും പോരാ, തന്റെ സമൂഹത്തിനും അധികാരിക്കും കൂടി അങ്ങനെയൊരു ബോധ്യമുണ്ടാകണം. അതായത്, ആധികാരികമായും വിശ്വസ്തമായും സ്വന്തനിലയിൽ സന്ന്യാസം ജീവിക്കാൻ പക്വത ഈയാൾക്കായിട്ടുണ്ടെന്ന ബോധ്യം. അങ്ങനെ അധികാരിയുടെയും സമൂഹത്തിന്റെയും അനുവാദത്തോടും ആശീർവാദത്തോടും കൂടി അയാൾ ഏകാന്തകുടിലിലേയ്ക്ക് താമസം മാറ്റുന്നു. തന്നെക്കുറിച്ചുള്ള ഉത്തരവാദിത്വം കൂടുതൽ പങ്കും സ്വയം ഏറ്റെടുത്തു കൊണ്ട് ജീവിതമാരംഭിക്കുന്നു, ഏകാന്തതയിൽ, മൗനത്തിൽ, ധ്യാനത്തിൽ. ചില വിശേഷ അവസരങ്ങളിൽ മാത്രം സമൂഹത്തോടുചേരും. മറ്റു സമയം മുഴുവൻ തനിച്ച്. പക്ഷേ, സമൂഹത്തിന്റെ അംഗമായിത്തന്നെ തുടരുന്നു, അധികാരിക്ക് അധീനനായിത്തന്നെ. എപ്പോൾ വേണമെങ്കിലും അയാളെ തിരിച്ചു വിളിക്കാനുള്ള അവകാശവും അധികാരിക്കുണ്ടാകും; അനുസരിക്കാനുള്ള കടമ ഏകാന്തവാസിക്കും.

കർമ്മലീത്താ സഭയുടെ ചരിത്രം ഒന്നു വേറെയാണ്. പാലസ്തീനായിലെ കർമ്മലമലയിൽ താമസിച്ചിരുന്ന ഏകാന്തവാസികൾക്കായി 1206--1214 വർഷങ്ങളിൽ ജറുസലം പാത്രിയർക്കീസ് ആയിരുന്ന വിശുദ്ധ ആൽബർട്ട് എഴുതിയതാണ് കർമ്മലീത്താ നിയമാവലി (The Primitive Rule). ക്രിസ്തുവിനുമുമ്പ് 9-ാം നൂറ്റാണ്ടിൽ ജീവിച്ച ഏലിയ പ്രവാചകന്റെ പിന്തുടർച്ചക്കാരായിട്ടാണ് ഈ ഏകാന്തവാസികൾ പറയപ്പെടുക. ഗുഹയുടെ ഏകാന്തതയിൽ സൈന്യങ്ങളുടെ കർത്താവായ ദൈവത്തോടുള്ള തീഷ്ണതയാൽ കത്തി

ജ്വലിച്ച ഏലിയ പ്രവാചകൻ. കൊടുങ്കാറ്റിലും, ഭൂകമ്പത്തിലും, അഗ്നിയിലുമെന്നതിനെക്കാൾ, ഹൃദയത്തിന്റെ നിശ്ചലതയിൽ ദൈവത്തിന്റെ മൃദുലസ്വനം ശ്രവിച്ച പ്രവാചകൻ. ഏകാന്ത സന്ന്യാസത്തിന്റെ മാത്രമല്ല, സന്ന്യാസത്തിന്റെ തന്നെ പ്രാഗ്രൂപവും പ്രതീകവുമായിട്ടാണ് അദ്ദേഹം ചിത്രീകരിക്കപ്പെടുക. അദ്ദേഹത്തിന്റെ ശിഷ്യരായ ഏകാന്തവാസികൾ കർമ്മലയിലും സമീപപ്രദേശങ്ങളിലും തുടർച്ചയായിത്തന്നെ ഉണ്ടായിരുന്നുവെന്നാണ് വിശ്വാസം. എലിഷാ പ്രവാചകൻ തുടങ്ങി യോഹന്നാൻ മാംദാന വരെ എത്തി നില്ക്കുന്ന ശിഷ്യപരമ്പര. യേശുതന്നെയും ആ പാരമ്പര്യത്തിൽ പങ്കുചേർന്നു എന്നുപറയാം. മുപ്പതു വർഷത്തെ രഹസ്യജീവിതത്തിനിടയിൽ കുറച്ചു നാളത്തേയ്ക്കെങ്കിലും അവിടുന്ന്, യോഹന്നാൻ മാംദാന ചെയ്ത തുപോലെ, ഏകാന്തവാസത്തിനായി മരുഭൂമിയിലേയ്ക്ക് അല്ലെങ്കിൽ മലമുകളിലേയ്ക്ക് പോയില്ലെന്ന് ആരറിഞ്ഞു? യോഹന്നാൻ മാംദാനയെ രണ്ടാമത്തെ ഏലിയായി യേശു തന്നെ ചിത്രീ കരിച്ചിട്ടുണ്ടല്ലോ (Mk 1:3). ഏതായാലും സ്വന്തം മാമ്മോദീസായ്ക്ക് തൊട്ടുശേഷം, പരസ്യ ജീവിതത്തിനു ഒരുക്കമായി അവിടുന്ന് മരു ഭൂമിയിൽ നാല്പതു രാവും പകലും കഠിനതപസ്സിൽ കഴിച്ചത് സുവിദിതമാണ്. പരസ്യജീവിതകാലത്ത് രാത്രിയുടെ നിശബ്ദതയിൽ, മലമുകളിന്റെ ഏകാന്തതയിൽ, പിതൃസന്നിധിയിൽ ധ്യാനത്തിൽ കഴിയുക അവിടുത്തെ പതിവായിരുന്നു. ഏകാന്തത! മറ്റെല്ലാം മറന്ന് പിതാവിനോടു കൂടി മാത്രമായിക്കഴിയുന്ന അനർഘനിമിഷങ്ങൾ! തന്റെ ശിഷ്യരെയും അവിടുന്നു പലപ്പോഴും ഏകാന്തതയിലേയ്ക്ക് ക്ഷണിച്ചു, നയിച്ചു (മർക്കോസ് 6:30, 9:2). ക്രിസ്തുവിനുശേഷവും ഏലിയാ പ്രവാചകന്റെ പിൻഗാമികൾ കർമ്മലയിൽ തുടർച്ച യായുണ്ടായിരുന്നുവത്രെ. 11, 12 നൂറ്റാണ്ടുകളിലെ കുരിശുയുദ്ധകാലത്ത് യൂറോപ്പിൽ നിന്നുള്ളവരും ഏകാന്തവാസത്തിനായി കർമ്മലയിൽ വന്നു. ഇവർക്കെല്ലാം വേണ്ടിയാണ് വിശുദ്ധ ആൽബർട്ട് നിയമാ വലിയെഴുതിയത്. അതിൽ അദ്ദേഹം അവരുടെ ഏകാന്തജീവിത ശൈലിയിൽ വലിയ വ്യത്യാസമൊന്നും വരുത്തുന്നില്ല. അവർ മുമ്പെന്നപോല അതതുകൂടിലുകളിൽത്തന്നെ താമസം തുടരണമെന്ന് നിർദ്ദേശിച്ചു. പക്ഷേ, അവർ തങ്ങളുടെ ഇടയിൽനിന്ന് ഒരാളെ അധി കാരിയായി തിരഞ്ഞെടുത്ത് എല്ലാ കാര്യത്തിലും അനുസരിക്കണം. അയാളുടെ മുമ്പാകെ വ്രതത്രയം വാഗ്ദാനം ചെയ്യണം. ആർക്കും സ്വന്തമായിട്ടൊന്നും അരുത്. ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രം

പ്രാർത്ഥനയ്ക്കോ ഭക്ഷണത്തിനോ ആയിട്ടു ഒരുമിച്ചു വരിക. മറ്റെല്ലാസമയവും തനിച്ചായിരിക്കുക, എല്ലാ കാര്യങ്ങളും തനിച്ച് അനുഷ്ഠിക്കുക. അതായത്, ഏകാന്തസന്ന്യാസത്തിന് കാര്യമായ തടസ്സമൊന്നും വരാത്തവിധത്തിലുള്ള സമൂഹ സന്ന്യാസമാണ് കർമ്മലീത്താ നിയമം വിഭാവനം ചെയ്തതും, ആദർശമായി സ്വീകരിച്ചതും. ഏകാന്ത സന്ന്യാസവും സമൂഹസന്ന്യാസവും സമന്വയിപ്പിക്കാനൊരു യത്നം. അപ്പോഴും മുൻതൂക്കം ഏകാന്ത തയ്ക്കായിരുന്നു. നിരന്തര പ്രണിധാനം കർമ്മല ചൈതന്യത്തിന്റെ നിർവ്വചനഘടകമാണല്ലോ. അധികം താമസിയാതെ സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് യൂറോപ്പിലേയ്ക്ക് കുടിയേറാൻ നിർബ്ബന്ധി ക്കപ്പെട്ടപ്പോഴാണ് ഈ കർമ്മലീത്താ സന്ന്യാസികൾ കൂടുതൽ ക്രമീകൃതവും സുസംഘടിതവുമായ സമൂഹജീവിതം സ്വീക രിക്കേണ്ടിവന്നത്. അതോടു കൂടി മറ്റ് അപ്പോസ്തലിക സമൂഹ ങ്ങളെപ്പോലെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായും വന്നു. അതോടെ ഏകാന്തവാസത്തിനുണ്ടായിരുന്ന ഊന്നൽ കുറഞ്ഞുവെന്നു വിചാരിക്കാം. എന്നാലും ഏകാന്തതയും നിരന്തരപ്രാർത്ഥനയും കർമ്മലചൈതന്യമായി എക്കാലവും കരുതപ്പെട്ടു. അതിന്നും അങ്ങനെയായിരിക്കണം. സ്ഥലകാല സാഹചര്യങ്ങളെ അതിജീവി ക്കേണ്ട ഏകാന്തതയും പ്രണിധാനവും! ആ ചൈതന്യത്തെ പുനരുജ്ജീ വിപ്പിക്കയും പുനസ്ഥാപിക്കയുമായിരുന്നു 16-ാം നൂറ്റാണ്ടിൽ കുരിശിന്റെ വിശുദ്ധ യോഹന്നാനും ആവിലായിലെ വിശുദ്ധ ത്രേസ്യായും നയിച്ച നവീകരണ യത്നങ്ങളുടെ ലക്ഷ്യം.

*പ്രസന്നാദേവി*

ഏകാന്തസന്ന്യാസം എക്കാലവും വിലമതിക്കപ്പെട്ടിരുന്നു; ഒന്ന് അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അതു പഴയനിയമകാലം മുതൽ തന്നെ നിലനിന്നിട്ടുമുണ്ടെന്ന് പറയാൻ ശ്രമിക്കയായിരുന്നു ഇതുവരെ. ഇനി നമുക്ക് തുടക്കത്തിൽ പരാമർശിച്ച പ്രസന്നാദേവിയുടെ വിഷയ ത്തിലേയ്ക്ക് തിരിയെ പോകുക. ദേവിക്കിപ്പോൾ അൻപതിനു മുകളിൽ പ്രായമുണ്ടാകും. മൂന്നു വർഷം മുമ്പ് ആ കൊച്ചുകുടിലിൽ പോകാനും ദേവിയുമായി പരിചയപ്പെടാനും എനിക്കു ഭാഗ്യം ലഭിച്ചു. വാഹനത്തിൽനിന്ന് ഇറങ്ങിയശേഷം മുക്കാൽ മണിക്കൂറെങ്കിലും മലകയറി വനത്തിലൂടെ നടക്കണം അവിടെ എത്താൻ. ചെറിയൊരു അരുവിയുടെ കരയിൽ കെട്ടിയുണ്ടാക്കിയിട്ടുള്ള കുടിൽ. സിംഹം

ഉൾപ്പെടെ കാട്ടുമൃഗങ്ങൾ വന്ന് വെള്ളം കുടിക്കുന്ന അരുവിയാണത്; അതും കുടിലിന്റെ തൊട്ടുമുമ്പിൽ നിന്നുകൊണ്ട് എന്നു പറയുമ്പോൾ ആ സ്ഥലത്തിന്റെ സവിശേഷതകൾ ഊഹിക്കാമല്ലൊ. ശാന്ത ഭീകരമായ അന്തരീക്ഷം എന്നു വിശേഷിപ്പിക്കാം. നദിയുടെ മറുകരയിൽ, നോക്കിയാൽ കാണാവുന്ന ദൂരത്തൊരു അമ്പലമുണ്ട്. അവിടുത്തെ പൂജാരിയും ആരാധകരുമൊഴിച്ചാൽ വേറെ മനുഷ്യ സാന്നിദ്ധ്യം അടുത്തെങ്ങും ഉണ്ടെന്നു തോന്നുന്നില്ല. പ്രസന്നാ ദേവിയുടെ ദർശനത്തിനായി വരുന്നവർ ധാരാളമുണ്ട്. അമ്പലത്തിൽ തൊഴാൻ വരുന്നവരും മിക്കവാറും ദേവിയെ കണ്ട് ആശീർവ്വാദം വാങ്ങിയേ പോകാറുള്ളൂ എന്നു പറയുന്നു. അവരൊക്കെ വരികയും ആദരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദേവിയുടെ വിനീത ഭാവത്തിനോ ജീവിതലാളിത്യത്തിനോ ശാന്തശീലത്തിനോ ഒന്നിനും ഭംഗമില്ല. മിതഭാഷിയായ യേശുഭക്ത. വരുന്നവരെയെല്ലാം സന്തോഷത്തോടെ സ്വീകരിക്കാനും, സാധിക്കുന്നതുപോലെ നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും, വേദപുസ്തകം വായിച്ചു കേൾപ്പിക്കാനുമെല്ലാം ദേവി ശ്രദ്ധിക്കും. വരുന്നവരോടുകൂടിയും അവർക്കുവേണ്ടിയും പ്രാർത്ഥിക്കയും ചെയ്യും. ദേവിക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും, വസ്ത്രം, ഭക്ഷണസാധനങ്ങൾ, അൾത്താരയിലേയ്ക്കാവശ്യമായ പൂക്കൾ എന്നിങ്ങനെയെല്ലാം കൊണ്ടുവന്നു കൊടുക്കുക ആ ഭക്തർക്കു സന്തോഷമാണ്. അവരെല്ലാവരും തന്നെ അക്രൈസ്ത വരാണെന്നു കൂടി ഓർമ്മിക്കണം.

അന്ന എന്നാണ് പ്രസന്നാദേവിയുടെ മാമ്മോദീസാ പേര്; അന്നകുട്ടിയെന്നത് മാതാപിതാക്കൾ വിളിച്ച ഓമനപ്പേരും. കേരളത്തിൽ തൊടുപുഴയടുത്താണ് തറവാട്. അടുത്തനാളിലാണ് അമ്മ മരിച്ചത്. ചെറുപ്പത്തിൽ അന്നക്കുട്ടി ബാംഗ്ലൂർ ഉണ്ടായിരുന്ന ഒരു വിദേശ കന്യകാലയത്തിൽ ചേർന്നു. പക്ഷേ, എന്തോ കാരണത്താൽ ആ മഠം അടച്ചു പൂട്ടിപോയി. അങ്ങനെ പുറത്തുപോരേണ്ടിവന്ന അന്നക്കുട്ടി സന്ന്യാസിനിയായി, അതും ഭാരതീയശൈലിയിൽ സന്ന്യാസിനിയായി ജിവിതം തുടരാൻ ആഗ്രഹിച്ചു. അവളുടെ ഒരാങ്ങള ഇക്കാര്യത്തിൽ വളരെ സഹായിച്ചുവെന്നു പറയുന്നു. പറ്റിയൊരു സ്ഥലമന്വേഷിച്ചുപിടിച്ചു വന്നെത്തിയതാണ് ഇപ്പോൾ താമസിക്കുന്ന ഗീർവനം. 1974-ൽ ബിഷപ് ജോനസിന്റെ നേതൃത്വത്തിൽ സി. എം.ഐ. കാർ രാജ്കോട്ടു മിഷൻ ഏറ്റെടുത്തപ്പോൾ അന്നക്കുട്ടി ഗീർവനത്തിൽ താമസമാരംഭിച്ചിരുന്നു. ഇതിനകം അവർ പ്രസന്നാദേവിയായി

മാറിയിരുന്നു. ജൂനഗട്ട് ഇടവകാതിർത്തിയിലാണ് ദേവിയുടെ കുടിൽ. പള്ളിയിലേയക്ക് എട്ടുപത്തു കിലോമീറ്ററെങ്കിലും ഉണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ആദ്യകാലങ്ങളിൽ ഞായറാഴ്ചയും മറ്റും വിശുദ്ധ കുർബ്ബാനയ്ക്കായി ഇടവകപ്പള്ളിയിൽ വരികയായിരുന്നു പതിവ്. അവരുടെ ആത്മാർത്ഥതയിലും നിഷ്കളങ്കതയിലും നമ്മുടെ മിഷനറിമാർക്കും മെത്രാനച്ചനും ആദ്യം മുതലേ മതിപ്പാണ്. മുൻപറഞ്ഞ അമ്പലത്തിലെ പൂജാരിക്ക് ആരംഭത്തിൽ ദേവിയോട് അല്പം നീരസവും എതിർപ്പുമെല്ലാമായിരുന്നു. കാലക്രമത്തിൽ അതെല്ലാം മാറി. എല്ലാവർക്കും ആദരണീയയും സ്നേഹ പാത്രവുമാണ് ഇന്നു ദേവി. അവരുടെ കൊച്ചു കുടിലിന്റെ ഒരു കോണിൽ വിശുദ്ധ കുർബ്ബാന പ്രതിഷ്ഠിക്കുന്നതിന് മെത്രാനച്ചൻ അനുമതിയും നല്കി. ആഴ്ചയിൽ ഒരിക്കലെങ്കിലും വികാരിയച്ചൻ അവിടെപ്പോയി വിശുദ്ധ കുർബ്ബാന അർപ്പിക്കുന്ന പതിവുമായി.

ബിഷപ് ജോനസിന്റെ കാലശേഷം മെത്രാനായി നിയമി ക്കപ്പെട്ടിരിക്കുന്നത് മാർ ഗ്രിഗരി കരോട്ടമ്പ്രയാണല്ലൊ. അദ്ദേഹം സ്ഥാനമേല്ക്കുന്നത് 1983-ൽ. പ്രസന്നാദേവിയുമായി പരിചയ പ്പെടുകയും ദീർഘകാലം ഇടപഴകുകയും ചെയ്തപ്പോൾ, ഔദ്യോഗികമായി അംഗീകാരം അർഹിക്കുന്നൊരു സന്ന്യാസി നിയാണല്ലോ അവർ എന്ന ചിന്ത ബിഷപ്പിന്റെ മനസ്സിലുദിച്ചു. ഏതെങ്കിലുമൊരു സഭയുടെ അംഗമായിരിക്കുന്നവർക്കുമാത്രമേ കാനോനികമായി സന്ന്യാസികളായി അംഗീകരിക്കപ്പെടാനാകൂ എന്ന ധാരണയായിരുന്നു അദ്ദേഹത്തിനും. എന്നിരുന്നാലും പ്രസന്നാദേവിയെപ്പോലുള്ള ഒരാളെ, ഒരു സഭയുടെയും അംഗമല്ലാതിരിക്കെത്തന്നെ, സന്ന്യാസിനിയായിട്ട് അംഗീകരിക്കാൻ സാധ്യതയുണ്ടോ എന്ന് അദ്ദേഹം റോമിൽ തിരക്കി. അദ്ദേഹത്തിനു ലഭിച്ച ഉത്തരം, ''അതിനു കാനോനിക നിയമത്തിൽ വകുപ്പുണ്ടല്ലോ; അതനുസരിച്ച് നിങ്ങളുടെ സിനഡിൽ ഇക്കാര്യം ചർച്ച ചെയ്ത് വേണ്ട തീരുമാനം എടുത്തുകൊള്ളുക'' എന്നാണ്.

പൗരസ്ത്യ സഭകൾക്കായുള്ള കാനോനിക നിയമാവലി (CCEO) 570, 571 നമ്പറുകളാണ് ഇവിടെ വിവക്ഷ. ലത്തീൻ സഭയുടെ കാനോനിക നിയമാവലി (CIC) 603, 604, 605 നമ്പറുകൾ തത്തുല്യമാണ്. CCEO 571, CIC 605 എന്നിവയുടെ പ്രതിപാദ്യം സമർപ്പണ ജീവിതത്തിൽ പുതിയ രൂപങ്ങൾ (new forms of consecrated life) ആണ്. പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതിൽ നിന്നു

വ്യത്യസ്തമായ പുതിയ രൂപങ്ങൾ സമർപ്പണ ജീവിതത്തിനു ണ്ടാകാമെന്നാണ് നിയമാവലികൾ രണ്ടും പറയുക. ഈ പുതിയ രൂപങ്ങളെ അംഗീകരിക്കേണ്ടത് പരിശുദ്ധ സിംഹാസനമാണ്. എന്നി രുന്നാലും, പരിശുദ്ധാരൂപി തിരുസ്സഭയെ ഏല്പിക്കുന്ന "പുതിയ വരങ്ങളെ" (new gifts) വിവേചിച്ചറിയാനും പ്രോത്സാഹി പ്പിക്കാനുമുള്ള കടമ പാത്രിയർക്കീസുമാർക്കും മെത്രാന്മാർക്കുമുണ്ട്. CCEO 570, CIC 603, 604 എന്നീ നമ്പറുകളാണ് നമുക്കിവിടെ കൂടുതൽ പ്രസക്തം. അവയിൽ, ഒരു സഭയുടെയും അംഗമല്ലാതിരിക്കെതന്നെ സമർപ്പിത ജീവിതം നയിക്കുന്നവരായി അംഗീകരിക്കപ്പെടാവുന്ന ഏകാന്ത സന്ന്യാസികളെയും കന്യകമാരെയും വിധവകളെയും സംബന്ധിച്ചു പറഞ്ഞിരിക്കുന്നു. പൗരസ്ത്യ സഭകളിൽ അവരുടെ ജീവിതം അതതു പാത്രിയർക്കീസുമാർ അഥവാ മെത്രാന്മാർ അംഗീകരിക്കുന്ന പ്രത്യേക നിയമങ്ങൾക്കു വിധേയമാണ്.

ബിഷപ്പു ഗ്രിഗരി വിഷയം സീറോ മലബാർ സിനഡിന്റെ പരിഗ ണനയ്ക്ക് സമർപ്പിച്ചു. ഒരു സഭയുടെയും അംഗമല്ലാത്തവരെ തന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ ഏകാന്തസന്ന്യാസികളായി സ്വീകരിക്കുക അതതു മെത്രാന്റെ അധികാര പരിധിയിൽ പ്പെടുന്നതാണെന്നകാര്യം വ്യക്തമാക്കിക്കൊണ്ട്, സിനഡുപിതാക്കന്മാർ പ്രസന്നാദേവിയുടെ കാര്യത്തിൽ വേണ്ടതു ചെയ്യുന്നതിനുള്ള അനുമതി ബിഷപ് ഗ്രിഗരിക്കു കൊടുത്തു. പിന്നീടു ആവശ്യമെങ്കിൽ സീറോ മലബാർ സഭയ്ക്കു മുഴുവനുമായി ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താമെന്നും, അതുവരെ അതതു മെത്രാൻ തന്റെ രൂപതയ്ക്കായി ഉചിതമായ ക്രമീകരണങ്ങൾ ചെയ്താൽ മതിയെന്നുമായിരുന്നു സിനഡു തീരുമാനം. അതനുസരിച്ചു ബിഷപ്പ് ഗ്രിഗരി തന്റെ രൂപതയ്ക്കു മാത്രമായി പ്രകൃത വിഷയം സംബന്ധിച്ച് പ്രത്യേക നിയമാവലി എഴുതിയുണ്ടാക്കി; അതൊന്നുകൂടി സിനഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. പ്രസ്തുത നിയമാ വലി നടപ്പിലാക്കികൊണ്ട് 2000-ാമാണ്ട് ഡിസംബർ 1-ാം തിയതി അദ്ദേഹമെഴുതി "... hereby declare as canonical the Hermit Life in the Diocese, and definitively promulgate for the observance of hermits in the diocese the statute for hermits called 'Particular Laws of the diocese of Rajkot concerning Hermits not belonging to an Institute of Consecrated Life."

പ്രസ്തുത നിയമാനുസൃതം പ്രസന്നാദേവി ബിഷപ്പിന്റെ മുമ്പിൽ വ്രതാർപ്പണം ചെയ്തു. ഇതു ദേവിയുടെ ജീവിതശൈലിയിൽ കാര്യമായ വ്യതിയാനമൊന്നും ഉണ്ടാക്കിയെന്നു വിചാരിക്കരുത്. പുതിയ നിയമാവലി കർക്കശവും വിപുലവുമായൊരു നിയമ സംഹിതയൊന്നുമല്ല. 27 വകുപ്പുകൾ മാത്രമുള്ള നന്നേ ചെറിയൊരു പുസ്തകം. ഏതാനും പേജുകൾ മാത്രം. വളരെ പൊതുവായ ചില നിബന്ധനകളും നിർദ്ദേശങ്ങളും മാത്രമാണതിന്റെ ഉള്ളടക്കം. പ്രസന്നാദേവിയെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം ബിഷപ്പു സ്വീകരിക്കുന്നു, അവർ അദ്ദേഹത്തിനു വിധേയയുമാണെന്ന പരസ്പരധാരണയുടെ രേഖ മാത്രമാണതെന്നു പറയാം. പ്രയോഗത്തിൽ ദേവിയുടെ ജീവിതം മുമ്പേ പോലെ തന്നെ തുടരുന്നു. ദിനചര്യ, ശൈലി എന്നിവയെല്ലാം പഴയതു തന്നെ. അവയ്ക്കെല്ലാം ഇന്നു തിരുസ്സഭയുടെ ഔദ്യോഗികാംഗീകാരവും ആശീർവ്വാദവും ലഭിച്ചിരിക്കുന്നുവെന്നു മാത്രം. വലിയൊരു പ്രോത്സാഹനം. സഭയുടെയൊന്നിന്റെയും അംഗമാകാതെ ബിഷപ്പിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ ഏകാന്ത സന്ന്യാസം ആഗ്രഹിക്കുന്നവർക്കെല്ലാം തുറന്നൊരു ആഹ്വാനവും. അങ്ങനെ വരുന്നവരെല്ലാം കൂടി ഒരു സമൂഹത്തിനു രൂപം കൊടുക്കുന്നുവെന്നും വിചാരിക്കരുത്. ഓരോരുത്തരും നേരിട്ട് ബിഷപ്പിനു വിധേയമായി സന്ന്യാസം വരിച്ച് ജിവിക്കുക. അത്രമാത്രം.

*ഏകാന്തതയിലേയ്ക്കുള്ള ഉൾവിളി*

പ്രസന്നാദേവിയുടെ വ്രതവാഗ്ദാനം ആദ്ധ്യാത്മിക ജീവിതത്തിലും പ്രേഷിതരംഗത്തും പുതിയൊരു പന്ഥാവു തുറന്നിരിക്കുന്നുവെന്നതാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. ഓരോ മനുഷ്യവ്യക്തിയിലും ഉണ്ടൊരു ഏകാന്തവാസി അഥവാ ഏകാന്ത സന്ന്യാസി. തന്നിലേയ്ക്ക് തന്നെ പിൻവലിഞ്ഞ്, തന്നിൽ വസിക്കുന്ന ഈശ്വരനുമായി ബന്ധപ്പെടാനുള്ള പ്രവണത. ചുരുങ്ങിയ പക്ഷം ബഹളങ്ങളിൽ നിന്നകന്ന് ഏകാന്തതയിൽ, മൗനത്തിൽ, പ്രണിധാനത്തിൽ ഈശ്വരസാന്നിദ്ധ്യം അനുഭവിക്കാനുള്ള പ്രവണത. ഈശ്വരൻ അന്തര്യാമിയാണ്, അവിടുത്തെ കണ്ടുമുട്ടാൻ ഹൃദയ ഗുഹയിലേക്കു പ്രവേശിക്കണം, മനുഷ്യവ്യക്തിത്വത്തിന്റെ പഞ്ചമ കോശത്തിൽ വസിക്കുന്ന ആനന്ദമയനാണ് ഈശ്വരൻ എന്നൊക്കെ പ്പറയുന്ന ഹൈന്ദവർ മനുഷ്യനിലെ എകാന്തവാസിയെ തട്ടി

യുണർത്തുകയാണ്. ഞാൻ ദൈവമാണെന്ന് നിശ്ചലതയിൽ നീയറിയുക (സങ്കീ. 46:10) എന്നു സങ്കീർത്തകനിലൂടെ കർത്താവു പറയുന്നത് ശ്രദ്ധിക്കുക. ഞാൻ നിങ്ങളിലും, നിങ്ങൾ എന്നിലും വസിക്കണമെന്ന് സ്വശിഷ്യരോടുപദേശിച്ച യേശുവിന്റെയും ഇംഗിത മിതുതന്നെ. അവിടെയുമിവിടെയുമെല്ലാം ഈശ്വരനെത്തേടിയലഞ്ഞ മനുഷ്യാത്മാവ് അവസാനം തന്നിലേയ്ക്കു തന്നെ തിരിഞ്ഞപ്പോൾ അവിടുത്തെ കണ്ടെത്തിയെന്ന് ഉദ്ഘോഷിക്കുന്ന വിശുദ്ധ അഗസ്റ്റിൻ നല്കുന്ന സന്ദേശം ഒന്നുതന്നെ. ആവിലായിലെ വിശുദ്ധ ത്രേസ്യാ നമ്മെ ക്ഷണിക്കുന്നത് ഹൃദയത്തിന്റെ ഏറ്റവും ഉൾകോട്ടയിൽ വസിക്കുന്ന ഈശ്വരനെ സാക്ഷാത്കരിക്കാനാണ്. അതെ, ആഴമേറിയ ഈശ്വരാനുഭവത്തിനായി ഏകാന്തതയിലേയ്ക്ക്, തന്റെ തന്നെ ഉള്ളറകളിലേയ്ക്ക് വലിയുക. സ്വാർത്ഥതയും തനിക്കുള്ളവരെയും, തനിക്കുള്ളവയെയുമെല്ലാം ത്യജിച്ച് പിന്നാലെ വരുവാൻ മനുഷ്യരെ ആഹ്വാനം ചെയ്ത യേശുവിന്റെ അടിസ്ഥാന സന്ദേശമാണത്. ദൈവമല്ലാത്ത മറ്റെല്ലാറ്റിൽ നിന്നും ചൈതന്യത്തിലെങ്കിലും വിടുതൽ പ്രാപിച്ചൊരാൾക്കു മാത്രമേ ഈശ്വരസാക്ഷാത്കാരമാകൂ എന്നാണ് ഇവിടുത്തെ വിവക്ഷ. ക്രൈസ്തവാഹ്വാനത്തിന്റെ മൗലികഘടകമാണീ ഏകാന്തത. അതു കൂടാതെ സന്ന്യാസമെന്നല്ല, ക്രൈസ്തവ ശിഷ്യത്വം തന്നെ അസാ ധ്യമാണ്. സന്ന്യാസികൾ അത് അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു എന്നു മാത്രം. അവർ സാധാരണ ഗതിയിൽ പ്രണിധാന പ്രധാന (contemplative)മോ, കർമ്മപ്രധാന (active)മോ ആയൊരു സന്ന്യാസസഭയിൽ ചേരുന്നു. ഒരു സഭയുടെ അംഗമായിരുന്നുകൊണ്ട് ഏകാന്തസന്ന്യാസം (hermit's life) എടുക്കുന്നവരുമുണ്ടാകാം. ഈ മൂന്നു രീതിയിലും ഒരു സന്ന്യാസ സഭയിലെ അംഗത്വം അനിവാര്യമാണ്. പക്ഷേ, ഏതെങ്കിലും കാരണത്താൽ ഒരു സഭയിലും ചേരാൻ സാധിക്കാത്തവരോ ആഗ്രഹി ക്കാത്തവരോ ഉണ്ടാകുമല്ലോ. എന്നാലും, സന്ന്യാസം വരിക്കാനും ഏകാന്തതയിൽ കഴിയാനും ആഗ്രഹിക്കുന്നവർ, അതിനായി വിളി യുള്ളവർ, അവർക്കിന്ന് ഒരു മാർഗം തുറന്നു കിട്ടിയിരിക്കുകയാണ്. ഒരു സഭയുടെയും അംഗമാകാതെ തന്നെ സ്ഥലത്തെ മെത്രാനു വിധേയമായി സ്വന്ത നിലയിൽ സന്ന്യാസമെടുക്കാനുള്ള സാധ്യത. അതു പലതുകൊണ്ടും സുപ്രധാനമായൊരു സാധ്യത തന്നെയാണ്.

ഏകാന്തസന്ന്യാസത്തെയും അതിനു പ്രേരണ ലഭിക്കു ന്നവരെയും പ്രോത്സാഹിപ്പിക്കുക തന്നെ വേണം. കാരണം

ക്രൈസ്തവസന്ന്യാസത്തിന്റെ ആദ്യരൂപത്തിലേക്കുള്ള ആശാവഹമായ തിരിച്ചുപോക്കാണത്. ഭാരതീയസന്ന്യാസത്തിന്റെ ആദ്യരൂപവും അതു തന്നെ. സഹജീവികളോടുള്ള കടമകൾ മറന്ന് ഒളിച്ചോടുന്നതായി ഏകാന്തസന്ന്യാസത്തെ കാണരുത്. നേരെമറിച്ചു ലോകത്തിൽ ദൈവസാന്നിധ്യത്തിന്റെ ശക്തവും കാര്യക്ഷമവുമായ മാധ്യമമായിട്ടാണ് ഏകാന്തസന്ന്യാസി വർത്തിക്കുക. ദൈവത്തിനു ലോകത്തിൽ സന്നിഹിതനാകാനും പ്രവർത്തിക്കാനും ഉതകുന്നൊരു മാധ്യമമായിട്ട്, അയാൾ സ്വയം പൂർണമായും വിട്ടുകൊടുക്കുകയാണ്. ജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ട് തിരുസന്നിധിയിൽ ആരാധന നടത്തുകയാണ്. ജനത്തെയും ലോകത്തെ മുഴുവനും തന്നിൽ വഹിച്ചുകൊണ്ട് ദൈവസന്നിധിയിൽ കഴിയുന്ന ഏകാന്തസന്ന്യാസി, തന്നിലൂടെ അവരെ മുഴുവൻ ദൈവത്തിന് അർപ്പിക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ ഏകാന്തസന്ന്യാസി ചെയ്യുന്നത് വലിയൊരു ജനശുശ്രൂഷയാണ്, ലോകസേവനമാണ്.

അതിശക്തമായൊരു ക്രൈസ്തവസാക്ഷ്യം കൂടിയാണ് ഏകാന്തസന്ന്യാസം. ക്രിസ്തുവിൽ സമാഗതമായ ദൈവരാജ്യത്തിനു സാക്ഷ്യം. അവിടുന്നുപദേശിച്ച വിനയം, ദാരിദ്ര്യചൈതന്യം, പരിത്യാഗം, നിസ്വാർത്ഥത, സ്നേഹം, കാരുണ്യം തുടങ്ങിയ മൂല്യങ്ങൾക്കു, വാക്കുകളോ കർമ്മപരിപാടികളോ വഴിയല്ല പ്രത്യുത സ്വന്തജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുകയാണയാൾ. ഇങ്ങനെയുള്ള ക്രിസ്തുസാക്ഷികളെയാണു ഭാരതത്തിനാവശ്യം എന്നു സ്വാമി അഭിഷിക്താനന്ദ പറഞ്ഞത് അനുസ്മരിക്കുക. പ്രണിധാനത്തിനു പ്രാധാന്യം നൽകുന്ന ക്രിസ്തുശിഷ്യരുടെ അഭാവത്തിൽ ക്രൈസ്തവമിഷന് ഭാരതത്തിൽ വിജയ സാധ്യത നന്നേ കുറവാണെന്ന അദ്ദേഹത്തിന്റെ പ്രവചനം നിരസ്സിക്കാനാകുമോ?

ഏകാന്തസന്ന്യാസമെന്ന അരൂപിയുടെ പുതിയ ദാനം വിവേചിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ രൂപതാധ്യക്ഷൻ കടപ്പെടുന്നു. സ്വന്തനിലയിൽ ഏകാന്തസന്ന്യാസം നയിക്കാൻ വിളിക്കപ്പെടുന്നവരെ സ്വീകരിച്ച്, അവർക്കു വേണ്ട ക്രമീകരണങ്ങൾ അദ്ദേഹം ചെയ്തുകൊടുക്കണം. ഭാരതത്തിലെ മിഷൻ പശ്ചാത്തലത്തിൽ ഇതൊരു അടിയന്തരാവശ്യമാണ്. അതുപോലെതന്നെ, സന്ന്യാസ സഭകളിലേക്കു ദൈവവിളി വിരളമായികൊണ്ടിരിക്കുന്ന ഈ കാലത്തിന്റെ ചുവരെഴുത്താണിത്. അംഗസംഖ്യയെ ആശ്രയിക്കാതെ, ജീവിതത്തിന്റെ ആധികാരികതയ്ക്ക് പ്രാധാന്യം നല്കുക. വലിയ സന്ന്യാസ സമൂഹങ്ങളുടെ അഭാവം ആഴപ്പെട്ട ആദ്ധ്യാത്മികതയുടെ ഉടമകളായ ഏകാന്ത സന്ന്യാസികളെകൊണ്ട് നികത്തുക.

നിലവിലുള്ള സന്ന്യാസസഭകളും, പ്രത്യേകിച്ച് ഭാരതത്തിലെ സഭകൾ, അംഗങ്ങളിൽ ഏകാന്തസന്ന്യാസം പ്രോത്സാഹിപ്പിക്കണം. കർമ്മനിരതവും സമൂഹജീവിതപ്രധാനവുമായിരിക്കാം പ്രസ്തുത സഭകൾ. അവയും സമർപ്പണ ജീവിതത്തിന്റെ പുതിയ രൂപങ്ങളെ തങ്ങളുടെ അംഗങ്ങളിൽ വിവേചിച്ചറിഞ്ഞു വളർത്തണം. മൗനത്തിലും ഏകാന്തതയിലും പ്രാർത്ഥനയിലും നിരന്തരം യേശുവുമായി സമ്പർക്കത്തിൽ കഴിയുന്ന അംഗങ്ങളെകൊണ്ട് അംഗ സംഖ്യ കുറഞ്ഞു കൊണ്ടിരിക്കുന്ന സമൂഹത്തെ ശക്തിപ്പെടുത്തുക. പ്രവർത്തന ബാഹുല്യം കൊണ്ട് തളരുന്ന സഭയ്ക്ക്, ഓരോ മത്സര ഓട്ടത്തിൽ കാലു കുഴഞ്ഞു വീഴുന്ന സഭാംഗങ്ങൾക്ക്, താങ്ങായി ഏകാന്തതയുടെ നിശ്ചലതയിലും മനസ്സിന്റെ നിസംഗതയിലും യേശുവുമായി നിരന്തരം ബന്ധപ്പെട്ടുകഴിയുന്ന കുറച്ചുപേരെങ്കിലും ഉണ്ടാകട്ടെ എന്നു വയ്ക്കുക.

ഏകാന്തതയ്ക്കും ആഴപ്പെട്ട പ്രാർത്ഥനാനുഭവത്തിനുമായി ദാഹിക്കുന്ന കുറച്ചുപേരെങ്കിലും ഇന്നു കർമ്മനിരതമായ എല്ലാ സഭകളിലു മുണ്ടെന്നാണ് എന്റെ ബോധ്യം. അങ്ങനെയൊരു ദാഹത്തോടു കൂടിയാകാം അവർ സഭയിൽ ചേർന്നത്. പക്ഷേ, അവരുടെ ആ ദാഹം തീർക്കാൻ സഭയ്ക്കു സാധിക്കാതെ പോകുന്നു. സഭയുടെ പ്രകൃത ചുറ്റുപാടുകളും കർമ്മപരിപാടികളും അതിനു അനുകൂലമല്ല എന്നു വരാം. അങ്ങനെ തങ്ങളുടെ വിളി സാക്ഷാത് കരിക്കാനാകാതെ കഴിയുകയാകും പ്രസ്തുത അംഗങ്ങൾ. വേറെ ചിലർക്ക്, ദീർഘനാൾ സമർപ്പണബോധത്തോടെ കർമ്മരംഗത്ത് വ്യാപരിച്ച് തങ്ങളുടെ ഊർജ്ജം മുഴുവൻ വാർന്നുപോയി എന്ന അനുഭവമായിരിക്കാം. ശിഷ്ടജീവിതം മുഴുവനുമോ ഭാഗികമായോ ഏകാന്തസന്ന്യാസം കഴിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്നാകാം അവരുടെ അദമ്യമായ ആഗ്രഹം. മറ്റുവിധത്തിൽ പരിഹരി ക്കാനാകാത്ത ഒരാവശ്യമായിരിക്കാം അവർക്ക് ഏകാന്തസന്ന്യാസം. ഇങ്ങനെയെല്ലാമുള്ള സഭാംഗങ്ങളെ സഹായിക്കുക സമൂഹത്തിന്റെയും അധികാരികളുടെയും ഉത്തരവാദിത്വവും ആവശ്യവുമാണ്. അതുകൊണ്ട് പ്രസ്തുത അംഗങ്ങൾക്കുമാത്രമല്ല, സഭയ്ക്കു മുഴുവനുമാണ് വർദ്ധിച്ച ദൈവാനുഗ്രഹവും ആദ്ധ്യാത്മികോണർവും ഉണ്ടാകുക. സഭാംഗങ്ങളിൽ ആർക്കെങ്കിലും ഏകാന്തവാസത്തിന് വിളി അനുഭവപ്പെടുന്നെങ്കിൽ, അത് ആ സഭയ്ക്കുതന്നെ ലഭിക്കുന്ന ദൈവ ദാനമായിട്ട് എല്ലാവരും കണക്കാക്കുകയും, അത് സ്വീകരിച്ചു പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുക. നല്ലൊരു കത്തോലിക്കാ കുടുംബത്തിൽ

ഒരംഗത്തിന് സന്ന്യാസത്തിലേക്കോ വൈദികാന്തസിലേക്കോ വിളി ലഭിക്കുന്നെങ്കിൽ, മാതാപിതാക്കളും ഇതരാംഗങ്ങളും അതു കുടുംബത്തിനു കിട്ടിയൊരു ദൈവദാനമായി കരുതി സന്തോഷിക്കുമല്ലൊ. അങ്ങനെയൊരു മനോഭാവവും സമീപനവുമാകണം ഏകാന്തവാസത്തിനായി പ്രേരണ ലഭിക്കുന്ന സഭാംഗങ്ങളോട് അധികാരികളും ഇതരാംഗങ്ങളും പുലർത്തുക. വിളിക്കുള്ളിലെ വിളിയായി അതിനെ ഗണിക്കുക. അതിനെ പലവിധത്തിൽ പ്രോത്സാഹിപ്പിക്കാം.

ഒന്നുകിൽ ക്രൈസ്തവ പാരമ്പര്യമനുസരിച്ചുള്ള ഏകാന്തവാസകുടിലുകൾ (hermitages) തീർത്തു കൊടുക്കുക. അല്ലെങ്കിൽ, പലർക്ക് ഒരുമിച്ച് താമസിച്ച് ധ്യാനാത്മകജീവിതം നയിക്കാവുന്ന പ്രണിധാന ഭവനങ്ങൾ (contemplative houses) ഉണ്ടാക്കി കൊടു ക്കുക. സ്വാമി അഭിഷിക്താനന്ദ നിർദ്ദേശിക്കുന്ന ആശ്രമശൈലിയിൽ തനിച്ചോ പലർ ഒരുമിച്ചോ ജീവിക്കാൻ അനുവദിച്ചുകൊണ്ടും ഏകാന്തസന്ന്യാസം പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനൊക്കെ ആവശ്യമായ ഭേദഗതികൾ യഥാവിധി നിയമാവലിയിൽ വരുത്താനോ, വകുപ്പുകൾ കൂട്ടിചേർക്കാനോ മടിക്കയുമരുത്.

ഏകാന്തസന്ന്യാസത്തിന് പ്രചോദനം അനുഭവപ്പെടുന്നൊരു സമൂഹസന്ന്യാസി ഏകപക്ഷീയമായി തീരുമാനമെടുക്കയോ എടുത്തുചാടുകയോ ചെയ്യരുതെന്നതും പ്രധാനകാര്യമാണ്. അയാൾ തന്റെ ഉൾപ്രേരണയും ആഗ്രഹവും സവിനയം അധികാരിയുടെയും സമൂഹത്തിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക. അവർക്കുകൂടി ഇക്കാര്യത്തിൽ ബോധ്യമാകണം. അതിനവർ സമയമെടുക്കുന്നെങ്കിൽ അസ്വസ്ഥത പ്രദർശിപ്പിക്കയുമരുത്. ക്ഷമാപൂർവ്വം കാത്തിരിക്കുക. കർത്താവിന്റെ സമയത്ത്, അവിടുത്തെ ശൈലിയിൽ, ഈ വിളി സാക്ഷാത്കരിച്ചാൽ മതിയെന്നു വിചാരിക്കുക. അതിനിടയിൽ ആഗ്രഹപ്രാപ്തിക്കായി മുട്ടിപ്പായും തീക്ഷ്ണതാപൂർവ്വവും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക; വേണ്ടപ്പെട്ടവരെ തന്റെ ആഗ്രഹം വിധേയമനസ്ഥിതിയോടെ അറിയിച്ചുകൊണ്ടുമിരിക്കുക. എല്ലാറ്റിനുമുപരിയായി തനിക്കനുഭവപ്പെടുന്ന വിളി താനായിരിക്കുന്ന സ്ഥലത്തും സാഹചര്യങ്ങളിലും കഴിവിന്റെ പരമാവധി ജീവിക്കാൻ ശ്രമിക്കുക. അങ്ങനെ തന്റെ ആഗ്രഹത്തിന്റെ പരമാർത്ഥതയും ആധികാരികതയും സമൂഹത്തിനും അധികാരിക്കും ബോധ്യപ്പെടാൻ അവസരം നല്കുക. തക്കസമയത്ത്, തക്കവിധത്തിൽ, വിളിച്ചിരിക്കുന്നവൻ കാര്യങ്ങൾ ക്രമീകരിച്ചുകൊള്ളും. അങ്ങനെ സമൂഹത്തിന്റെയും

അധികാരിയുടെയും അനുവാദത്തോടും ആശീർവ്വാദത്തോടും കൂടി മാത്രം, സഭയുടെ വിശ്വസ്താംഗമായിരുന്നു കൊണ്ടു തന്നെ ഏകാന്തസന്ന്യാസത്തിന്റെ ഏതെങ്കിലും തനിരൂപത്തിലേയ്ക്ക് കാലെടുത്തു കുത്തുക. അത് ആ വ്യക്തിക്കു മാത്രമല്ല സമൂഹത്തിനു മുഴുവൻ ദൈവാനുഗ്രഹത്തിനു നിദാനമാകും.

## 1.5. ആശ്രമ പ്രസ്ഥാനം

മുന്നദ്ധ്യായങ്ങളിൽ നാം ഏകാന്തസന്ന്യാസം പഠന വിഷയമാക്കി. കാനോനിക നിയമാവലികൾ നിർദ്ദേശിച്ചിട്ടുള്ള സമർപ്പണ ജീവിതത്തിന്റെ പുതിയ രൂപങ്ങളെ ആ സന്ദർഭത്തിൽ പരാമർശിച്ചത് ഓർമ്മിക്കുന്നുണ്ടാകുമല്ലൊ. ഏകാന്തസന്ന്യാസത്തിന്റെ കൂടി പുതിയൊരു രൂപമായി ആശ്രമ ജീവിതത്തെ കണക്കാക്കാം, പ്രത്യേകിച്ച് ഭാരതത്തിൽ. അതിലും പ്രത്യേകിച്ച് ഉത്തരേന്ത്യയിലെ മിഷൻ പശ്ചാത്തലത്തിൽ പരീക്ഷിക്കാവുന്ന, പരീക്ഷണവിധേയ മായിക്കൊണ്ടിരിക്കുന്ന, ആശ്രമജീവിതം. അതിന്നൊരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കയാണ്. അതല്പം വിശദമാക്കാൻ ശ്രമിക്കാം.

''ആശ്രമം'' എന്നത് ഒരു ജീവിതശൈലിയാണ്, സ്ഥാപനമല്ല എന്നതാണ് ആദ്യമായി മനസ്സിലാക്കേണ്ടത്. അക്കാരണത്താൽത്തന്നെ വളരെ വ്യക്തിപരമായൊരു കാര്യമാണത്. മുഖ്യമായും ഒരു വ്യക്തി ഗതസിദ്ധി (personal charism) ആണത്. ഭാരതീയ പാരമ്പര്യത്തിലെ ചതുരാശ്രമങ്ങളല്ല വിവക്ഷ. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിവയാണല്ലൊ ചതുരാശ്രമങ്ങൾ. ഓരോ വ്യക്തി യുടെയും വിവിധ ജീവിതാവസ്ഥകളാണവ. താനായിരിക്കുന്ന അവസ്ഥയുടെ കടമകൾ കൃത്യമായി നിർവ്വഹിച്ചുകൊണ്ട് ജീവിത ലക്ഷ്യത്തിനായി ശ്രമിക്കുന്നു എന്ന അർത്ഥത്തിലാണ് അവയി ലോരോന്നും ആശ്രമം എന്നു വിളിക്കപ്പെടുന്നത്. നാമിവിടെ ചർച്ച ചെയ്യുന്ന ആശ്രമമാകട്ടെ, ഏതു ജീവിതാവസ്ഥയിലും ആർക്കും സ്വീകരിക്കാവുന്നൊരു ജീവിതശൈലിയാണ്. ജാതിമതഭേദമെന്യേ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രായപരിഗണനപോലും കൂടാതെ സ്വീകരിക്കാവുന്നൊരു ജീവിതശൈലി. നമ്മുടെ രാജ്യത്തു പ്രചുര പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്നൊരു ജീവിതശൈലി.

ഇന്നത്തെ രീതിയിലുള്ള ആശ്രമജീവിതത്തിന് ആരംഭം കുറിച്ചത് ഗാന്ധിജിയാണെന്നു പറയാം. അദ്ദേഹം 1915 ൽ സബർ മതിയിൽ (ഗുജറാത്ത്) സ്ഥാപിച്ച സത്യഗ്രഹാശ്രമവും, പിന്നീട് വർദ്ധായിൽ (മഹാരാഷ്ട്ര) സ്ഥാപിച്ച സേവാഗ്രാം ആശ്രമവും ലോക പ്രസിദ്ധമാണ്. ഒരു ഗൃഹസ്ഥനും രാഷ്ട്രമീമാംസകനുമായിരുന്നു ഗാന്ധിജി എന്നോർമ്മിക്കണം. ആ പദവികൾ നിലനിറുത്തികൊണ്ടും, അവയുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തികൊണ്ടുമാണ് അദ്ദേഹം

ആശ്രമങ്ങൾ തുടങ്ങിയതും ആശ്രമജീവിതം നയിച്ചതും. ഭാര്യയും ബന്ധുജനങ്ങളും സഹപ്രവർത്തകരും സമുദായത്തിലെ വിവിധ നിലകളിലുള്ളവരുമെല്ലാം ഉൾപ്പെടുന്ന ആശ്രമം. ഗ്രാമീണ പശ്ചാത്തലത്തിൽ, തുറവി, ലാളിത്യം, പ്രാർത്ഥന എന്നീ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടുള്ള ജീവിതശൈലി.

ഗാന്ധിജിയുടെ അനുയായിയായ വിനോബ ഭാവെയും 1959-ൽ ഒരാശ്രമം സ്ഥാപിച്ചു. സേവാഗ്രാം ആശ്രമത്തിൽനിന്ന് അത്ര അകലെയല്ലാതെ, പവനാർ എന്ന സ്ഥലത്ത്, ബ്രഹ്മവിദ്യാമന്ദിരം എന്ന നാമധേയത്തിൽ ഒരാശ്രമം. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ സജ്ജീകരണങ്ങളുണ്ടവിടെ. ഇപ്പോൾ അവിടെ മുന്നിട്ടു നില്ക്കുന്നത് സ്ത്രീവിഭാഗമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വന്നിട്ടുള്ള അൻപതോളം സ്ത്രീകളുണ്ടവിടെ. സന്ന്യാസിനികൾ. ലളിതമായ ഖാദിവെള്ളസാരിയിൽ. ഒരുമിച്ചു പ്രാർത്ഥിച്ച്, ഒരുമിച്ചു ജോലി ചെയ്ത്, ഒരുമിച്ചു ഭക്ഷിച്ചുകഴിയുന്നവർ. സമൂഹസാധനയാണവരുടെ പ്രധാന നിയമം. കരവേലയും ലളിതജീവിതവും ഈശ്വരോന്മുഖതയും സമഭാവനയുമെല്ലാമാണ് ആദർശങ്ങൾ.

ആശ്രമപ്രസ്ഥാനം ക്രൈസ്തവരുടെ ഇടയിലേയ്ക്കും വ്യാപിക്കാൻ തുടങ്ങി. അകത്തോലിക്കാ വിഭാഗങ്ങളാണ് ഈ രംഗത്ത് ആദ്യം പ്രത്യക്ഷപ്പെട്ടത്. ആഗ്ലിക്കൻ സഭാംഗമായ ജാക്ക് വിൽസൺ 1927 ൽ പുനയിൽ (മഹാരാഷ്ട്ര) സ്ഥാപിച്ച ക്രിസ്ത് പ്രേമ സേവാശ്രമവും, പിന്നീട് റവ. മുറേയ് റോജേഴ്സ് ബറേലിയിൽ (ഉത്തരപ്രദേശ്) സ്ഥാപിച്ച ജ്യോതിനികേതൻ ആശ്രമവുമാകണം മുന്നോടികൾ. കാലക്രമത്തിൽ അവരുമായി കത്തോലിക്കരും സഹകരിക്കുകയും, പ്രസ്തുത ആശ്രമങ്ങളിൽ അംഗത്വം സ്വീകരിക്കുകയുമൊക്കെ ചെയ്തു. അങ്ങനെ അവ സഭാന്തര (ecumenical) പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

താമസിയാതെ കത്തോലിക്കർ തനതായും ആശ്രമജീവിതത്തിലേയ്ക്ക് കാലുകുത്തുവാനും ആശ്രമങ്ങൾ സ്ഥാപിക്കുവാനും തുടങ്ങി. ഫ്രഞ്ചു ബനഡിക്റ്റൈൻ സഭാംഗങ്ങളായ സ്വാമി പരമാരൂപ്യാനന്ദയും സ്വാമി അഭിഷിക്താനന്ദയും ചേർന്ന് 1950-ൽ കുളിത്തലൈയിൽ (തമിഴ്നാട്) സച്ചിദാനന്ദാശ്രമം സ്ഥാപിച്ചു. ആ സ്ഥലത്തിന് അവർ നല്കിയ പേരാണ് 'ശാന്തിവനം' എന്നത്. വീണ്ടും, ഫ്രഞ്ചു ബനഡിക്റ്റൈൻ സഭാംഗമായ ഫ്രാൻസിസ് ആചാര്യ 1958-ൽ വാഗമൺ (കേരള) എന്ന സ്ഥലത്ത് കുരിശുമല ആശ്രമം സ്ഥാപിച്ചു.

അദ്ദേഹത്തിനു കൂട്ടായി ഇംഗ്ലീഷ് ബനഡിക്ടൈൻ സഭാംഗമായ ഫാദർ ബീഡ് ഗ്രിഫിത്തും ഉണ്ടായിരുന്നു. സ്വാമി അമലോദ്ഭവദാസ് 1979 ൽ മൈസൂറിൽ (കർണ്ണാടക) അഞ്ജലി ആശ്രമം സ്ഥാപിച്ചു. ഇംഗ്ലണ്ടിൽ തുടങ്ങിയ തിരുഹൃദയ സന്ന്യാസിനി സഭാംഗങ്ങളായ വന്ദന മാതാജിയും കൂട്ടുകാരും ചേർന്ന് 1982-ൽ ജയ്ഹരിഖാൽ (ഉത്തരാഖണ്ഡ്) എന്ന സ്ഥലത്ത് ജീവൻധാരാ ആശ്രമം സ്ഥാപിക്കുകയും, അതിന്നും സജീവമായി നിലകൊള്ളുകയും ചെയ്യുന്നു. കത്തോലിക്കാ ആശ്രമങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടിന്ന്. പല വലുപ്പത്തിലും വിവിധസ്വഭാവത്തിലുമുള്ള ആശ്രമങ്ങൾ. ആശ്രമൈക്യം എന്നൊരു കൂട്ടായ്മ സ്ഥാപിതമായിട്ട് ഇരുപത്തഞ്ചുകൊല്ലം തികയുകയാണ്. ഭാരതത്തിലെ കത്തോലിക്കാ ആശ്രമങ്ങൾ ചേർന്നുള്ളൊരു ആശ്രമസഖ്യമാണതെന്നു പറയാം. അഖിലേന്ത്യാതലത്തിലും പ്രാദേശികതലത്തിലും സത്സംഗം നടത്തി അംഗങ്ങൾ പരസ്പരം പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നൊരു സഖ്യം.

മുകളിൽ നാലു ബനഡിക്ടൈൻ ആചാര്യന്മാരുടെ പേരെടുത്തു പറഞ്ഞല്ലോ. അവരെക്കുറിച്ച് ഒരു വാക്കു പറയട്ടെ. സ്വാമി പരമാരൂപ്യാനന്ദ, സ്വാമി അഭിഷിക്താനന്ദ, സ്വാമി ബീഡ് ഗ്രിഫിത്, സ്വാമി ഫ്രാൻസിസ് ആചാര്യ എന്നിവർ കത്തോലിക്കാ വൈദിക സന്ന്യാസികളും, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, തപശ്ചര്യ തുടങ്ങിയ രംഗങ്ങളിൽ അതികായന്മാരും ആയിരുന്നു. കത്തോലിക്ക വിശ്വാസം, പ്രത്യേകിച്ച് ബനഡിക്ടൈൻ ആദ്ധ്യാത്മികത, ഭാരതീയ ശൈലിയിൽ ജീവിക്കുക, അതിലൂടെ ഭാരതീയ ക്രൈസ്തവ ആദ്ധ്യാത്മികതയും ദൈവശാസ്ത്രവും ആരാധനാക്രമവുമെല്ലാം കെട്ടിപ്പടുക്കുക എന്ന ഉന്നത ലക്ഷ്യങ്ങളായിരുന്നു അവർക്കുണ്ടായിരുന്നത്. അതിനായവർ പൂർണ്ണമായും തങ്ങളെത്തന്നെ സമർപ്പിച്ചു. ഈ നാട്ടിൽ വന്ന്, സംസ്കൃതഭാഷയും പ്രാദേശിക ഭാഷകളും കുറെയൊക്കെ പഠിച്ച്, ഹൈന്ദവഗ്രന്ഥങ്ങൾ വായിച്ച് മനനം ചെയ്ത്, ഹൈന്ദവാശ്രമങ്ങളിൽ താമസിച്ച്, ഹൈന്ദവാചാര്യന്മാരുമായി സംഭാഷണം നടത്തി, ഭാരതീയ സന്ന്യാസശൈലി സ്വീകരിച്ച്, തപസ്സിലും ധ്യാനത്തിലും ജീവിതം നയിച്ചവരാണവർ. ഭാരതത്തിൽ ക്രൈസ്തവജീവിതത്തിനും സാക്ഷ്യത്തിനും പുതിയൊരു പന്ഥാവു തുറന്നിട്ട ശ്രേഷ്ഠാചാര്യന്മാർ. അവരുടെ ത്യാഗോജ്ജ്വല ജീവിതത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ധീരതയുടെയും മുമ്പിൽ നാം ശിരസ്സു നമിക്കുക തന്നെ വേണം. ഭാരത കത്തോലിക്കരുടെ ഇടയിൽ

എന്നതിനേക്കാൾ, ഭാരതത്തിലും വെളിയിലുമുള്ള അകത്തോലിക്കരുടെ ഇടയിലാണ് അവർ കൂടുതൽ അറിയപ്പെടുന്നതും ആദരിക്കപ്പെടുന്നതുമെന്നതാണ് വിരോധാഭാസം. അവർ സംഭാവന ചെയ്തിട്ടുള്ള ഈടുറ്റ ആദ്ധ്യാത്മികഗ്രന്ഥങ്ങൾ ഇതുവരെയും നമ്മുടെ ശ്രദ്ധയിൽ അധികം പെട്ടിട്ടില്ല എന്നതല്ലെ ദു:ഖസത്യം!

ആശ്രമപ്രസ്ഥാനത്തിലേയ്ക്ക് തിരികെ വരിക. ഇതിനകം തിരുസ്സഭയുടെ ഔദ്യോഗികമായ അംഗീകാരവും പ്രോത്സാഹനവും സിദ്ധിച്ചിട്ടുള്ളൊരു പ്രസ്ഥാനമാണിത് എന്നത് പ്രസ്താവ്യമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനങ്ങളും നിർദ്ദേശങ്ങളും ഭാരതത്തിൽ എങ്ങനെ നടപ്പിലാക്കാം എന്നു ചർച്ച ചെയ്തു തീരുമാനമെടുക്കാൻ കൂടിയ  അഖിലേന്ത്യ സെമിനാറിലാണ് ആശ്രമ പ്രസ്ഥാനത്തിന് വ്യക്തവും ശക്തവുമായ അംഗീകാരമുണ്ടായത്. 1969 -ൽ ബാംഗ്ലൂർ ധർമ്മാരം കോളേജിൽ വച്ചു നടന്ന സെമിനാറാണത്. ഭാരതത്തിലെ എല്ലാ മെത്രാന്മാരും വൈദിക സന്ന്യാസ അല്മായ പ്രതിനിധികളും ചേർന്നു നടത്തിയ വളരെ വിപുലമായൊരു സെമിനാർ. "സഭ ഭാരതത്തിൽ" എന്നതായിരുന്നു പൊതുപ്രമേയം. അതിൽ പങ്കെടുത്തവരിൽ ഒരാളായിരുന്നു സ്വാമി അഭിഷിക്താനന്ദ. അതിൽ അദ്ദേഹം ആശ്രമജീവിതത്തെക്കുറിച്ച് ശക്തമായും ആവേശ പൂർവ്വവും സംസാരിച്ചു. ഭാരതസഭയ്ക്ക് തനതായൊരു ജീവിത രീതിയും ചിന്താധാരയും സാക്ഷ്യമൂല്യവും വേണമെങ്കിൽ, ആശ്രമശൈലി സ്വീകരിച്ചേ പറ്റു എന്നദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഊന്നിപ്പറഞ്ഞു. അതു പരിഗണിക്കപ്പെടുകയും, താഴെ പറയുന്ന തീരുമാനത്തിലേയ്ക്ക് സെമിനാറംഗങ്ങളെ നയിക്കുകയും ചെയ്തു:

> ആധികാരികമായ ധ്യാനാത്മക ജീവിതത്തെയും ഏകാന്ത ജീവിതത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. സഭയുടെ വിശിഷ്ട പാരമ്പര്യങ്ങളെയും ഭാരതത്തിന്റെ ആദ്ധ്യാത്മിക പൈതൃകത്തെയും സമന്വയിപ്പിച്ചുകൊണ്ട്, പ്രാർത്ഥനയിലും മൗനത്തിലും സേവനത്തിലും  സമയം കഴിക്കുന്നതിനായി പ്രത്യേക വിളിയുള്ളവർക്ക് എല്ലാവിധ പ്രോത്സാഹനവും നല്കേണ്ടതാണ്. അവർ ഇപ്പോഴേ തന്നെ വൈദികരോ സന്ന്യാസികളോ ആയിരുനാൽപ്പോലും അംഗീകാരം അർഹിക്കുന്നു.

പിന്നീട് ഒരു വർഷത്തിനകം 1970-ൽ ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സംഘം (സി.ബി.സി.ഐ.) സെമിനാർ തീരുമാനത്തെ പിന്താങ്ങികൊണ്ട് പ്രസ്താവിച്ചു: അതതു രംഗങ്ങളുമായി പൊരുത്തപ്പെടുന്ന ചെറിയ ആശ്രമങ്ങളും മതസംവാദ ഭവനങ്ങളും തുറക്കേണ്ടതാണ്. 1971-ൽ തോമ്മാശ്ലീഹായുടെ പത്തൊൻപതാം ചരമശതാബ്ദിയുടെ അവസരത്തിൽ നാഗപ്പൂർ കൂടിയ ദൈവശാസ്ത്രസമ്മേളനം ചെറിയ ആശ്രമങ്ങൾ സ്ഥാപിക്കണമെന്ന് വീണ്ടും നിർദ്ദേശിച്ചു. ഭാരതീയ ക്രൈസ്തവ പാരമ്പര്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ധ്യാനാത്മക ജീവിതത്തിന്റെ സാക്ഷ്യമൂല്യം ഊന്നി പറഞ്ഞു. 1973-ൽ സുവിശേഷപ്രഘോഷണം സംബന്ധിച്ച് പറ്റ്നായിൽ ചേർന്ന സമ്മേളനത്തിലാണ്, ജീവിതശൈലിയിൽ ഭാരതീയവും, അക്രൈസ്തവ ചുറ്റുപാടുകളുമായി നല്ല പൊരുത്തവുമുള്ള ചെറിയ ക്രൈസ്തവ സമൂഹങ്ങൾ രൂപീകൃതമാകണം എന്ന പ്രഖ്യാപനമുണ്ടായത്. അതിനകം നിലവിൽ വന്നിരുന്ന ആശ്രമങ്ങളെ വിലയിരുത്താനും, ആശ്രമപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനുമായി 1978-ൽ ബാംഗ്ലൂരിലെ എൻ.ബി.സി.എൽ.സി.യിൽ നടന്ന “All India Consultation on Ashrams” ചെയ്തിരിക്കുന്ന പരാമർശങ്ങൾ സഭയുടെ ചിന്താഗതിയെ നിതരാം വ്യക്തമാക്കുന്നുണ്ട്:

> ഭാരതത്തിന്റെ ആശ്രമപാരമ്പര്യമനുസരിച്ച് സംവിധാനം ചെയ്തിട്ടുള്ള ചുറ്റുപാടുകളിൽ ജീവിച്ചുകൊണ്ട് ക്രൈസ്തവ ദൈവാനുഭവം സാധിക്കുകയാണ് ക്രിസ്തീയാശ്രമത്തിന്റെ ലക്ഷ്യം... ഭാരതത്തിന്റെ മതസാംസ്കാരിക മൂല്യങ്ങളെ സ്വാംശീകരിക്കുക എന്ന ആദർശം അതിലെ ജീവിതശൈലിയ പ്രചോദിപ്പിക്കുകയും, പരിപോഷിപ്പിക്കുകയും, വെല്ലുവിളിക്കുകയും ചെയ്യണം. അതിനായി ഭാരതത്തിന്റെ വേദഗ്രന്ഥങ്ങളെയും ആദ്ധ്യാത്മിക പാരമ്പര്യങ്ങളെയും അവധാനപൂർവ്വം പഠിക്കണം; ഭാരതീയസംഗീതം തുടങ്ങിയ കലാ രൂപങ്ങളെ സുലഭമായി ഉപയോഗിക്കുകയും വേണം.

അടുത്ത നാളുകളിൽ പലരും, രൂപതാ വൈദികരും, സന്ന്യാസ വൈദികരും, സന്ന്യാസിനികളും, അല്മായരുമെല്ലാം കൂടുതൽ കൂടുതൽ ആശ്രമജീവിതത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നു എന്നത് കാലത്തിന്റെ ചുവരെഴുത്തായി കണക്കാക്കണം. നമ്മുടെ നാട്ടിലെ പല സന്ന്യാസസഭകളും ആശ്രമപ്രസ്ഥാനത്തെ അരൂപിയുടെ

പ്രവർത്തനമായി മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ടെന്നത് ശുഭോദർക്കമാണ്. ആശ്രമജീവിതത്തിലേയ്ക്ക് ആഹ്വാനം അനുഭവപ്പെടുന്ന സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കാനും, സഭയുടെതായി ആശ്രമങ്ങൾ തുറക്കാനുമെല്ലാം പല സമൂഹങ്ങളും ചെയ്യുന്ന ശ്രമങ്ങൾ തീർച്ചയായും വളരെ പ്രശംസനീയമാണ്. സി.എം.ഐ. സഭയുടെ നിലപാട് ഇക്കാര്യത്തിൽ തികച്ചും ക്രിയാത്മകമാണ്. അടുത്ത കാലത്ത് ഈ സഭ ഔദ്യോഗികമായി ചെയ്ത ചില പ്രസ്താവനകളിലും തീരുമാനങ്ങളിലും വ്യക്തമാക്കിയിട്ടുള്ള നിലപാടാണത്. (താഴെ വരുന്ന ഉദ്ധരണികൾ കാണുക). ഇപ്പോൾ തന്നെ ഈ സഭ നടത്തുന്ന ആശ്രമങ്ങൾ പലതുണ്ട്. അവയിൽ ചിലതുമാത്രം എടുത്തുപറയാം. വന്ദനമാതാജിയും കൂട്ടരും ജയ്ഹരിഖാലിൽ ആരംഭിച്ച "ജീവൻ ധാരാ ആശ്രമ"ത്തെക്കുറിച്ച് മുകളിൽ പറഞ്ഞല്ലോ. സി.എം.ഐ.കാർ ജോലി ചെയ്യുന്ന ബിജ്നോർ രൂപതയിലാണത്. പ്രസ്തുത ആശ്രമത്തിന്റെ നടത്തിപ്പ് അടുത്തകാലത്ത് സഭയുടെ ബിജ്നോർ പ്രവിശ്യ (St. John's Province) ഏറ്റെടുത്തിരിക്കുകയാണ്. ഈ സഭ നടത്തുന്ന മറ്റൊന്നാണ് മദ്ധ്യപ്രദേശത്ത് നരസിംഹപൂർ എന്ന സ്ഥലത്തുള്ള "സച്ചിദാനന്ദാശ്രമം," മൂന്നാമതൊന്നാണ് ബാംഗ്ലൂരിനടുത്ത് ബന്നർഗട്ട എന്ന സ്ഥലത്തുള്ള "വിദ്യാവനം" എന്ന ആശ്രമം. ഈ മൂന്നാശ്രമങ്ങളുടെ ആചാര്യന്മാരാണ് യഥാക്രമം തോമസ്, സദാനന്ദ്, വിനീത് എന്നീ സി.എം.ഐ. വൈദികർ.

2002 ഓഗസ്റ്റു മാസത്തിലാണ് സി.എം.ഐ. സഭയുടെ 35-ാം പൊതുസംഘം (General Synaxis) സമാപിച്ചത്. അതു പുറപ്പെടുവിച്ച ഔദ്യോഗിക രേഖയിലെ പ്രസക്തമായൊരു ഭാഗം താഴെ കൊടുക്കുന്നു:

> സഭയിൽ ഇപ്പോൾ രൂപം കൊണ്ടുകൊണ്ടിരിക്കുന്ന ആശ്രമപ്രസ്ഥാനത്തെ ഈ സംഘം അഭിനന്ദിക്കുന്നു. ഇപ്പോൾത്തന്നെ നമുക്ക് ഏതാനും ആശ്രമങ്ങൾ ഉണ്ട്. ദൈവപരിപാലനയിൽ അവ ഭാരതത്തിന്റെ വടക്കും, മദ്ധ്യഭാഗത്തും, തെക്കുമായി സ്ഥാപിതമായിരിക്കുന്നു. ആശ്രമം പ്രണിധാനപ്രധാനമോ കർമ്മോത്സുകമോ ആകാം. ഉപഭോക്തൃസംസ്കാരവും ലൗകിക ചിന്താഗതിയും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. അതിന്റെ പ്രബല വികാരങ്ങൾ അധികാരമോഹവും ധനാസക്തിയുമാണ്.

> അവയ്ക്കെതിരായി ആശ്രമങ്ങൾ ഉയർത്തിപ്പിടിക്കുന്ന ചില മൂല്യങ്ങളുണ്ട്. അവയാണ് ജീവിതലാളിത്യവും, തികഞ്ഞ സുതാര്യതയും, ഉയർന്ന ചിന്താഗതിയും, ദൈവത്തിന്റെ ശക്തിയിലും പരിപാലനയിലുമുള്ള നിരുപാധികമായ ആശ്രയവും. ഉപഭോക്തൃ സംസ്കാരത്തിനും ലൗകിക ചിന്താഗതിക്കുമുള്ള പ്രതി വിധിയാണ് ഈ മൂല്യങ്ങൾ. അവയെ പ്രോത്സാ ഹിപ്പിക്കുന്ന കാര്യത്തിൽ നേതൃത്വം നല്കുവാൻ ആശ്രമങ്ങളെ ഈ സംഘം ആഹ്വാനം ചെയ്യുന്നു.

തുടർന്ന് ബിജ്നോറിലെ പ്രവശ്യാസംഘം (Provincial Synaxis) പാസാക്കിയൊരു തീരുമാനവും ശ്രദ്ധേയമാണ്:

> സഭയുടെ 35ാം പൊതുസംഘം (2002) അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ഒന്നാണ് ആശ്രമപ്രസ്ഥാനം. ഇതിന്റെ തുടക്ക ക്കാരിൽപ്പെടുന്നു എന്നതിൽ സെന്റ് ജോൺസ് പ്രവിശ്യ സന്തോഷിക്കുന്നു. ജയ്ഹാരിഖാലിലെ ജീവൻധാരാ ആശ്രമത്തെ നിലവിലുള്ളവയിൽനിന്നു വ്യത്യസ്ത മായൊരു തരം (type) ഭവനമായി പ്രവിശ്യാസംഘം അംഗീകരിക്കുന്നു. അതിന്റെ അധിപൻ ആചാര്യ എന്നു വിളിക്കപ്പെടുന്നു. അദ്ദേഹത്തിന് കാലപരിധിയോ സാമ്പത്തികാധികാരമോ ഒന്നുമില്ല. പ്രത്യുത, എല്ലാ ക്കാര്യങ്ങളിലും പ്രവിശ്യാശ്രേഷ്ഠനു വിധേയനായി വർത്തിക്കുന്നു. ആവശ്യമെന്നു വിചാരിക്കുന്നതുപോലെ ആചാര്യയെ നിയമിക്കാനും, മാറ്റാനും, പകരം മറ്റൊരാളെ നിയമിക്കാനുമുള്ള അവകാശാധികാരങ്ങൾ പ്രവിശ്യാ ശ്രേഷ്ഠനുണ്ട്. സന്ദർശക സാധകരുൾപ്പെടെയുള്ള ആശ്രമസമൂഹത്തിന്റെ സഹായത്തോടെ ആചാര്യ ആശ്രമകാര്യങ്ങൾ നടത്തുന്നു.

അതേ പ്രവിശ്യാസംഘം തങ്ങളുടെ നിയമാവലിയിൽ (Provincial Statutes) ചേർക്കുന്നതിനായി പാസാക്കിയൊരു വകുപ്പുകൂടി ഉദ്ധരിക്കാം:

> ജയ്ഹരിഖാലിലെ ജീവൻധാരാ ആശ്രമം നമ്മെ ഭരമേല്പിച്ചിരിക്കയാണ്. ആശ്രമശൈലിയിലുള്ള ജീവിതം അനുഭവിക്കുവാനും പരീക്ഷിക്കുവാനും നമുക്കു

ലഭിച്ചിരിക്കുന്നൊരു അവസരമാണിത്. തുറവി, ലാളിത്യം, പ്രാർത്ഥനാപരത എന്നീ ആദർശങ്ങളെ സാക്ഷാത്ക്കരിക്കുവാനുള്ളൊരു മാർഗ്ഗമാണിത്. ഭാരതത്തിനു സഹജമായ സന്ന്യാസശൈലിയത്രെ ഇത്. അതുപോലെ തന്നെ ശക്തമായൊരു ക്രൈസ്തവസാക്ഷ്യവും. ഈ പുതിയ കാൽവയ്പിനെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ആശ്രമ ജീവിതത്തിലും അവിടത്തെ സജ്ജീകരണങ്ങളിലും നിന്ന് ഫലമെടുക്കാൻ നാം ഉത്സാഹിക്കണം.

(ആശ്രമപ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ Fr Paul Pattath CMI യുടെ *Ashram Sprirituality* എന്ന പുസ്തകം വായിക്കുന്നത് ഉപകാരപ്രദമായിരിക്കും. ഈ ലേഖനത്തിലെ പല ഉദ്ധരണികളും അതിൽ നിന്നാണ്.)

## 1.6. ആശ്രമ ശൈലി

*സാർവ്വജനീനം*

ആശ്രമ പ്രസ്ഥാനത്തിന്റെ ചരിത്രമായിരുന്നു മുൻ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം. ഇനി ആശ്രമജീവിതത്തിന്റെ പ്രത്യേകതകളെക്കുറിച്ചു പറയാം. എല്ലാവർക്കും ഒരുപോലെ സ്വീകരിക്കാവുന്നൊരു ജീവിതമാണിത് എന്നതാണ് ആദ്യത്തെ പ്രത്യേകത. അതായത്, സന്ന്യാസികൾക്കെന്നോ, വൈദികർക്കെന്നോ, ക്രൈസ്തവർക്കെന്നോ ഒന്നും നിബന്ധനയില്ലാത്തൊരു ജീവിതശൈലി. ജാതിമതഭേദമെന്യേ ജീവിതത്തിന്റെ ഏത് അന്തസ്സിലും മണ്ഡലത്തിലുമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ സ്വീകരിക്കാവുന്നൊരു ജീവിതശൈലി. അതിന്റെ തുടക്കക്കാരിൽ പ്രമുഖനാണ് ഗാന്ധിജി എന്ന് മുൻ മുന്നദ്ധ്യായത്തിൽ പറഞ്ഞല്ലൊ. ഒരു കുടുംബജീവിതക്കാരനും രാഷ്ട്രമീമാംസകനും സാമൂഹ്യപ്രവർത്തകനും ജനനേതാവുമായിരുന്നു അദ്ദേഹം. ഭാര്യ കസ്തൂർബയും അദ്ദേഹത്തോടൊരുമിച്ച് ആശ്രമത്തിൽ തന്നെ വസിച്ചു. സാർവ്വജനീനമായൊരു ജീവിതശൈലിയാണ് ആശ്രമമെന്നതുകൊണ്ടു മനസ്സിലാക്കേണ്ടത് എന്നതിന് ഇതിലധികം തെളിവുവേണ്ടല്ലോ. (മുമ്പൊരിക്കൽ പരാമർശിച്ച ചതുരാശ്രമവുമായി പൊരുത്തപ്പെടുന്നതെങ്കിലും, അല്പം വേറിട്ടു നില്ക്കുന്നൊരു ചിന്തയാണിവിടെ).

*ഊടും പാവും*

ആശ്രമജീവിതശൈലിക്ക് ഊടും പാവുമായി വർത്തിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്. ഒന്നാമതായി, ഇതു മുഖ്യമായും വ്യക്തിജീവിത (personal life) മാണ്, സ്ഥാപന (institution) മല്ല. വ്യക്തി അഥവാ വ്യക്തികൾ (persons) ക്കാണ് പ്രാധാന്യം, സ്ഥാപനത്തിനല്ല. വ്യക്തിയുടെ ജീവിത (life) ത്തിന്മേലാണ് ഊന്നൽ, അയാൾ നടത്തുന്ന സ്ഥാപനത്തിന്മേലല്ല. രണ്ടാമതായി, ഗ്രാമസംസ്കാര (village culture) മാണ് ആശ്രമ ശൈലിക്ക് ആധാരവും പ്രചോദനവുമായി നിലകൊള്ളുന്നത്. വേറെ വാക്കുകളിൽ, ഗ്രാമസംസ്കാരത്തിന്റെ മൂല്യങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ളൊരു ജീവിതമാണിത്. ഈ രണ്ടു കാര്യങ്ങൾ സാവകാശം വ്യക്തമാക്കാം.

*തുറവി*

ആശ്രമജീവിതത്തിന്റെ മൗലികാദർശങ്ങളാണ് തുറവി (openness) യും ലാളിത്യ (simplicity) വും. ഇവയിൽ തുറവിയെക്കുറിച്ച് ആദ്യം പറയാം. മറ്റാരും അറിയരുത്, മനസ്സിലാക്കരുത് എന്ന രീതിയിൽ ഒന്നും ഉണ്ടാകരുത് എന്ന നിലപാടാണ് തുറവി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സുതാര്യത (transparency) എന്നു പറയാം. ആരിൽനിന്നും മറച്ചുവയ്ക്കേണ്ടതായി ഒന്നുമില്ല, ഒന്നുമുണ്ടാകരുത് എന്ന നിലപാട്. വ്യക്തികൾക്കു മാത്രമല്ല, താമസിക്കുന്ന വീടിനും സ്വകാര്യമുറിക്കുമെല്ലാം ഉണ്ടാകണം ഈ സുതാര്യത. വ്യക്തിയെ സംബന്ധിച്ചിടത്തോളം, വിചാരത്തിലും വാക്കിലും പ്രവർത്തിയിലുമെല്ലാം സുതാര്യത വേണം. ആരോടു വേണമെങ്കിലും പറയാവുന്ന, പങ്കുവയ്ക്കാവുന്ന ചിന്തകളും പദ്ധതികളുമേ തനിക്കുണ്ടാകു എന്ന നിർബന്ധമാണ് വിചാരത്തിലെ തുറവി. ആരോടും പറയാവുന്നതും, ആർക്കും കേൾക്കാവുന്നതുമായ കാര്യങ്ങൾ മാത്രമേ തന്റെ സംസാരവിഷയമാകു എന്നതാണ് വാക്കിലെ തുറവി. ആരുമറിയരുത് എന്ന രീതിയിൽ രഹസ്യാത്മകമായ കാര്യങ്ങളൊന്നും താൻ ചെയ്യുകയില്ല എന്നതാണ് പ്രവൃത്തിയിലെ തുറവി. താൻ എവിടെപ്പോകുന്നു, എന്തു ചെയ്യുന്നു, ആരെല്ലാമായി ബന്ധപ്പെടുന്നു, വരവുചെലവുകൾ എന്ത്, ഇത്യാദിയെല്ലാം ആരോടുവേണമെങ്കിലും വെളിപ്പെടുത്താം, ആരുവേണമെങ്കിലും അറിഞ്ഞുകൊള്ളട്ടെ എന്നു സധൈര്യം പറയുവാൻ സാധിക്കണം. എല്ലാവരുടെയും മുമ്പിൽ മലർക്കെ തുറന്നു വച്ചിരിക്കുന്നൊരു പുസ്തകമാകുക. താൻ ദൈവത്തിന്റെ മുമ്പിൽ എങ്ങനെ ആയിരിക്കുന്നുവോ, അതുപോലെ തന്നെ മനുഷ്യരുടെ മുമ്പിലും ആയിരിക്കാൻ തന്റേടമുണ്ടാകുക. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. വീരോചിതമായൊരു നിലപാടാണിത്. നിർമ്മല മനസ്സാക്ഷിയുടെ ഉടമയ്ക്ക് മാത്രമേ ഇതു കഴിയൂ. ആഴപ്പെട്ടതും കാതലായതുമായ ആദ്ധ്യാത്മികതയുള്ളവർക്കുമാത്രമേ ഇതു സാധിക്കൂ.

ഭൂതകാലചിന്തകളും വാക്കുകളും ചെയ്തികളുമെല്ലാം ചികഞ്ഞു കണ്ടുപിടിച്ച് എല്ലാവരോടും വെളിപ്പെടുത്തണമെന്നു വിവക്ഷയില്ല. കഴിഞ്ഞുപോയ കാര്യങ്ങൾ പോകട്ടെ. ഇനി മുതൽ മുന്നോട്ടുള്ള ജീവിതത്തിൽ തികഞ്ഞ തുറവി പുലർത്തും എന്നൊരു നിർബന്ധബുദ്ധിയുണ്ടായാൽ മതി. തന്നെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ചുറ്റിനടന്നു എല്ലാവരോടും വിളിച്ചറിയിക്കണമെന്നും

ചിന്തിക്കരുത്. ആവശ്യമെങ്കിൽ തന്നെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ആരോടുവേണമെങ്കിലും പറയാനുള്ള സന്നദ്ധത യുണ്ടായിരിക്കുക, അതിനുള്ള ധൈര്യമുണ്ടായിരിക്കുക. അത്രമാത്രം.

പക്ഷേ, അവശ്യം രഹസ്യം പാലിക്കേണ്ട വിഷയ ങ്ങളുണ്ടാകും. ഉദാഹരണത്തിന് രഹസ്യം പാലിക്കണമെന്ന നിബന്ധനയോടുകൂടി, ആ ധാരണയിൽ, ആരെങ്കിലും എന്നോടു പറഞ്ഞിട്ടുള്ള കാര്യങ്ങൾ, പ്രത്യേകിച്ച് അവരുടെ മന:സാക്ഷിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ. അതുപോലെ തന്നെ, ജോലി സംബന്ധമായ രഹസ്യങ്ങൾ (professional secrets). ഇക്കാര്യങ്ങളിലെല്ലാം കണിശമായി രഹസ്യം പാലിക്കുകതന്നെ വേണം. തനിക്കുവേണ്ടിയല്ല, ബന്ധപ്പെട്ട മറ്റുള്ളവർക്കുവേണ്ടി; തന്നെ സംബന്ധിക്കുന്ന കാര്യങ്ങളിലല്ല, മറ്റുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ.

വ്യക്തി മാത്രമല്ല, താമസക്കുന്ന വീടും മുറിയുമെല്ലാം തുറന്ന താകണം. അതായത്, മറ്റാരും വന്നു കാണരുത്, അറിയരുത് എന്ന രീതിയിൽ യാതൊന്നും ഭവനത്തിലോ മുറിയിലോ ഉണ്ടാകരുത്. മറ്റുള്ളവർ അംഗീകരിക്കാത്ത കാര്യങ്ങൾ, പ്രതീക്ഷിക്കാത്ത കാര്യങ്ങൾ, അവർക്ക് ഇടർച്ച തോന്നാവുന്ന കാര്യങ്ങൾ ഒന്നും ഉണ്ടാകരുത് എന്നു വയ്ക്കുക. അടഞ്ഞ ഇടങ്ങൾ ഇല്ലാതിരിക്കുക; ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങൾ ഇല്ലാതിരിക്കുക. ഉപയോഗസാധനങ്ങൾ, സജ്ജീക രണങ്ങൾ, ജീവിത സൗകര്യങ്ങൾ, അലങ്കാരപ്പണികൾ, ഭക്ഷണം തുടങ്ങി എല്ലാറ്റിനെയും സംബന്ധിച്ച് സ്വീകരിക്കേണ്ട നിലപാടാണിത്. എല്ലാവർക്കും തുറന്ന ഭവനം, തുറന്ന മുറി. വാതിലും പൂട്ടുമെല്ലാം തുറന്നു കൊടുക്കാനും, പ്രവേശിപ്പിക്കാനും, കാണിക്കാനുമുള്ള സന്നദ്ധത വേണം, സാധ്യത വേണം.

*ലാളിത്യം*

ഇനി ലാളിത്യത്തിന്റെ കാര്യം. തുറവിയുടെ മറുവശമാണത്. ഒരേ ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ അവിഭാജ്യമാണ് തുറവിയും ലാളിത്യവും. ഒന്നുള്ളിടത്ത് മറ്റെതും അവശ്യം ഉണ്ടാകും. അതായത് മുൻവിവരിച്ച രീതിയിലുള്ള തുറവി ഉള്ളവരിലും ഉള്ളിടങ്ങളിലും ലാളിത്യവും ഉണ്ടാകുമെന്നത് തീർച്ച. ലാളിത്യം (simplicity) എന്നാൽ ആയിരിക്കേണ്ടതുമാത്രം ആയിരിക്കുക; ഉണ്ടായിരിക്കേണ്ടതു മാത്രം ഉണ്ടായിരിക്കുക എന്നതാണ്. ഒട്ടും കൂടുതലുമരുത്, കുറവുമരുത്. ഇംഗ്ലീ ഷിൽ simplicity എന്നാൽ single-

ness ആണെന്നു പറയാം. തനിച്ചായിരിക്കുന്ന, തനിമ നിലനിർത്തുന്ന അവസ്ഥ. അതിനു വിപ രീതമാണ് duplicity, complexity എന്നിവ. ഇരട്ടത്താപ്പ്, സങ്കീർണ്ണത എന്നതൊക്കെ ലാളിത്യത്തിനു വിരുദ്ധമാണ്. അങ്ങനെ നോക്കുമ്പോൾ, കലർപ്പില്ലാത്ത അവസ്ഥയാണ് ലാളിത്യം. അതുതന്നെ (വി)ശുദ്ധി (purity), തനിമ. വെള്ളമൊന്നും ചേർത്തിട്ടില്ലെങ്കിൽ പാലു ശുദ്ധമാണെന്നു പറയും. മായം ചേർക്കാത്ത, മിശ്രിതമല്ലാത്ത അവസ്ഥ. മറ്റു ലോഹമൊന്നും ചേർന്നിട്ടില്ലെങ്കിൽ സ്വർണ്ണം ശുദ്ധമാണ്. തനി സ്വർണ്ണം. അതുപോലെ മനുഷ്യൻ താൻ ആയിരിക്കേണ്ടതു മാത്രമായിരിക്കുക. ആണെന്ന് അവകാശപ്പെടുന്നതു മാത്ര മായിരിക്കുക. ഒട്ടും കൂടുകയുമരുത്, കുറയുകയുമരുത്. സന്ന്യാസി യാണെങ്കിൽ തനി സന്ന്യാസിയായിരിക്കുക. സന്ന്യാസിയെന്ന് അവകാശപ്പെടുന്നെങ്കിൽ നൂറു ശതമാനവും സന്ന്യാസിയായിരിക്കുക. പുറമേ ഒന്ന്, അകമേ മറ്റൊന്ന് എന്ന നിലപാട് അരുത്. അതു കലർപ്പാണ്. മായമാണ്. ഇരട്ടത്താപ്പാണ്. സങ്കീർണ്ണതയാണ്. അകത്തുള്ളതുതന്നെ പുറമെ കാണിക്കാനുള്ള ധൈര്യമുണ്ടാകണം. കുറയ്ക്കാതെയും കൂട്ടാതെയും. അതു തുറവിയാണ്; ലാളിത്യവും അതുതന്നെ. മനസ്സിൽ ഒന്നു വച്ചുകൊണ്ട് മറ്റൊന്നു പറയുന്നത് ലാളിത്യമല്ല. മനസ്സിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം ഒന്നുതന്നെയാവണം.

അതുപോലെതന്നെ, ചിന്തയിലും വാക്കിലും ചെയ്തി യിലുമെല്ലാം ലാളിത്യമുണ്ടാകണം. വക്രബുദ്ധിയാകാതിരിക്കുക. മനസ്സിന്റെ ആർജ്ജവത്വം അഥവാ സരളത നിലനിറുത്തുക. ഉന്നത ചിന്തകളും ഗഹനമായ ആശയങ്ങളും വേണ്ട എന്നല്ല പറയുന്നത്. ഉന്നതമായ ചിന്ത പുലർത്തുക തന്നെ വേണം. ആഴമുള്ള ആശയ ങ്ങളും വേണം. കഴിയുന്നത്ര ശാസ്ത്രീയമായിത്തന്നെ ചിന്തിക്കണം, ബുദ്ധിശക്തി പരമാവധി ഉപയോഗിക്കണം. ബുദ്ധിപൂർവ്വം ജീവിക്കയും വേണം. അതേസമയം സരളമായി ചിന്തിക്കാൻ, അടുക്കോടും ചിട്ടയോടുംകൂടി ചിന്തിക്കാൻ, പൂർവ്വാപരവൈരുദ്ധ്യം കൂടാതെ ചിന്തിക്കാൻ സാധിക്കണം. സംസാരം ഗഹനമാണെങ്കിലും, ലളിതമായ ഭാഷയിൽ, സരളമായ ശൈലിയിൽ പറയാൻ ശ്രമിക്കുക. കേൾവി ക്കാർക്ക്--സാധാരണക്കാർക്കുപോലും--അനായാസം മനസ്സിലാക്കാൻ കഴിയുന്ന ശൈലിയും പദപ്രയോഗവും സ്വീകരിക്കുക. അതൊരു വലിയ കലതന്നെയാണ്. ചിലർക്കത് ജന്മസിദ്ധമാണ്. മറ്റുള്ളവർ അതാ ർജ്ജിക്കാൻ ശ്രമിക്കണം. പ്രയത്നം കൊണ്ട് കുറച്ചെങ്കിലും സാധിക്കാ വുന്നൊരു സിദ്ധിയാണത്.

മനസ്സിലുള്ളതുമാത്രം, അതുതന്നെ, പറയുന്നതും സംസാര ത്തിലെ ലാളിത്യമാണ്. ഒന്നു മനസ്സിൽ വച്ചുകൊണ്ട് മറ്റൊന്നു പറയുന്നത് വക്രതയാണ്. അങ്ങനെ ചെയ്യുന്നവരെ വിശ്വസി ക്കാനാകില്ല. അവരുടെ വാക്കുകൾക്കും വാഗ്ദാനങ്ങൾക്കും വിശ്വാ സ്യതയില്ല. അവർക്കു ആത്മാർത്ഥതയില്ല. അങ്ങനെ നോക്കുമ്പോൾ, ലാളിത്യമെന്നത് ആത്മാർത്ഥതയാണ്. നേരേ വന്ന്, നേരേ പോകുന്ന സ്വഭാവം. മറിച്ചായാൽ കാപട്യമാണ്. യേശു നിശിതമായി വിമർശി ക്കുകയും ശപിക്കുകയും ചെയ്ത തിന്മ, അതു വർജ്ജിക്കുക. അതാണ് ലാളിത്യം.

ചിന്തിക്കുന്നതു പറയുന്നതുപോലെ തന്നെ, പറയുന്നതു പ്രവർ ത്തിക്കുകയും വേണം. അതാണ് പ്രവൃത്തിയിലെ ലാളിത്യം. ഒന്ന് പറഞ്ഞു, മറ്റൊന്നു പ്രവർത്തിക്കുന്ന രീതിയായാൽ അതു വക്രതയാണ്. ആത്മാർത്ഥതയില്ലായ്മയാണ്. പ്രസംഗിക്കുന്നത് പ്രവർത്തിക്കുക, പ്രവർത്തിക്കുന്നതുമാത്രം പ്രസംഗിക്കുകയും ചെയ്യുക. അകവും പുറവും ഒന്നുതന്നെയായിരിക്കുക. അതുതന്നെ തുറവിയും ലാളിത്യവും. അതുപോലെ തന്നെ, പെരുമാറ്റരീതിയിലും ലാളിത്യ മുണ്ടാകണം. നാട്യങ്ങൾ എല്ലാം വെടിഞ്ഞ്, അഹംഭാവമില്ലാത്ത, വിനീതവും ശാലീനവുമായ പെരുമാറ്റരീതി സ്വീകരിക്കുക. എല്ലാ വരോടും സമഭാവന പുലർത്തുന്ന, എല്ലാവരെയും സ്വാഗതം ചെയ്യുന്ന, സഹിഷ്ണുതാപൂർവ്വമായ പെരുമാറ്റം. മറ്റുള്ളവരുമായുള്ള ബന്ധത്തിൽ മാത്രമല്ല, ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഈ ലാളിത്യം ദൃശ്യമാകണം. ലളിതമായ പ്രവർത്തനശൈലി. അതുമൊരു കലയാണ്. സ്വതഃസിദ്ധ മായില്ലാത്തവർ, പരിശ്രമിച്ച് ആർജ്ജിക്കേണ്ടൊരു കല.

ലാളിത്യം ഭവനത്തിന്റെ കാര്യത്തിലും സ്വന്തമുറിയുടെ കാര്യ ത്തിലുമെല്ലാം ഉണ്ടാകണം. പാവപ്പെട്ടവരടക്കം ആരു കയറി വന്നാലും അന്ധാളിപ്പു കൂടാതെ സ്വന്ത വീട്ടിലെന്നതുപോലെ വ്യാപരിക്കാൻ സാധിക്കണം. സാധാരണക്കാരന്റെ ജീവിതത്തോതും ശൈലി യുമാകണം മാനദണ്ഡം. അതും ചുറ്റുപാടുമുള്ള സാധാരണക്കാരുടെ. ഭവനനിർമ്മാണം, സജ്ജീകരണങ്ങൾ, സൗകര്യങ്ങൾ, അലങ്കാരപ്പണി കൾ, വീട്ടുസാമാനങ്ങൾ, ഭക്ഷണം തുടങ്ങിയവയിലെല്ലാം ലാളിത്യം പാലിക്കണം. അതുപോലെതന്നെ ഉപയോഗസാധനങ്ങൾ, വ്യക്തി പരമായവ ഉൾപ്പെടെ ലളിതമായിരിക്കണം. വസ്ത്രം, എഴുത്തു സാമഗ്രികൾ തുടങ്ങിയവ എണ്ണത്തിലും ഗുണത്തിലും ആവശ്യ ത്തിനുമാത്രം മതി എന്നു വയ്ക്കുക. ഉദാഹരണത്തിനു, രണ്ടു സെറ്റു

വസ്ത്രം കൊണ്ടു കഴിയാമെങ്കിൽ, മൂന്നാമതൊന്നു, വെറുതെ കിട്ടിയാൽ തന്നെയും, വേണ്ട എന്നു വയ്ക്കണം. തരുന്ന ആളിന്റെ വികാരങ്ങളെ മാനിക്കാനായി സമ്മാനങ്ങൾ വാങ്ങേണ്ടിവരും. പക്ഷേ, ഏറ്റവും ആദ്യത്തെ അവസരം ഉപയോഗിച്ച്, അവയെ നേരായ മാർഗ്ഗത്തിലൂടെ അന്യർക്ക് വിട്ടുകൊടുക്കാം. അങ്ങനെ അപരിഗ്രഹമെന്ന യോഗതത്ത്വം കണിശമായി പാലിക്കുക. അതുപോലെതന്നെ വിലകുറഞ്ഞ സാധനങ്ങൾ കൊണ്ടു കഴിയാവുന്നിടത്ത്, മേൽത്തരം സാധനങ്ങൾ കിട്ടിയാൽ തന്നെയും വേണ്ടെന്നു വയ്ക്കണം. ഇതോടുകൂടിത്തന്നെ പോകുന്നൊരു തത്ത്വമാണ്, കഴിയുന്നതും പ്രകൃതിയിൽ നിന്നു ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിക്കുക എന്നത്. ഭക്ഷണസാധനങ്ങൾ ഉൾപ്പെടെ. കൃത്രിമ സാധനങ്ങളും, രാസ പദാർത്ഥങ്ങളും, യന്ത്രനിർമ്മിതവസ്തുക്കളും വർജ്ജിക്കുക, സാധിക്കുന്നിടത്തോളം. ഭവനപരിസരങ്ങൾ ശുചിയായും ക്രമീകൃതമായും ലളിതമായും സൂക്ഷിക്കണം. കയറിവരുന്നവർക്ക് ശുചിത്വവും സ്വച്ഛതയും ലാളിത്യവുമെല്ലാം അനുഭവപ്പെടണം.

*സംലഭ്യത*

തുറവിയും ലാളിത്യവുമുള്ളിടത്തും ആളുകളിലും സംലഭ്യതയുണ്ടാകും. Availability, approachability എന്നൊക്കെ ആംഗ്ലേയ ഭാഷയിൽ പറയും. ആർക്കും എപ്പോൾ വേണമെങ്കിലും എന്തിനും സമീപിക്കാവുന്നിടം, സമീപിക്കാവുന്ന ആളുകൾ. സങ്കോചമോ സംഭ്രമമോ കൂടാതെ ആർക്കും, കൊച്ചുകുട്ടികൾക്കു പോലും അവിടെ, അല്ലെങ്കിൽ അവരെ സമീപിക്കാം. എല്ലാവർക്കും അഭയം (fearlessness).

അഭയദാനം ചെയ്യുന്ന ഭവനവും ആളുകളും. പേടികൂടാതെ സ്വതന്ത്രമായി കയറിച്ചെല്ലാം, സമീപിക്കാം. ചെന്നാൽ സാധിക്കുന്ന സഹായം ചെയ്തുകിട്ടുമെന്ന് ഉറപ്പുണ്ട്. യഥാർത്ഥത്തിൽ വലുപ്പത്തിന്റെ, മഹത്തുക്കളുടെ, മുഖമുദ്രയാണ് സംലഭ്യതയും നമ്രതയും. കാളിദാസൻ അവരെ ഫലസമൃദ്ധമായ തേന്മാവിനോട് ഉപമിച്ചിരിക്കുന്നത് ഓർമ്മിക്കുക. മാമ്പഴം കൊണ്ടു നിറഞ്ഞ മാവിന്റെ ശാഖകൾ താനേ താഴോട്ടു ചായുന്നു. ആർക്കുവേണമെങ്കിലും മാമ്പഴം അനുഭവിക്കാൻ സാധിക്കത്തക്കവിധം! ജലനിർഭരമായ ആകാശമേഘം മഴയായി ഭൂമിയിൽ വർഷിച്ച് സകല ജീവജാലങ്ങൾക്കും കുളിർ

മ്മയേകുന്നു. മഹാന്മാരുടെ വർത്തനത്തിന് കാളിദാസൻ കല്പിക്കുന്ന മനോഹരമായ മറ്റൊരു ഉപമയാണത്. ശാകുന്തളം നാടകത്തിൽ സന്ന്യാസിമാരെക്കുറിച്ച് അദ്ദേഹം പറയുക, അവർ ഒരേ സമയം അധൃഷ്യരും അഭിഗമ്യരുമാണെന്നാണ്. അധൃഷ്യർ എന്നാൽ സമീപിക്കാൻ പാടില്ലാത്തവർ (unapproachable) എന്നർത്ഥം. അഭിഗമ്യർ എന്നാൽ വളരെ എളുപ്പത്തിൽ സമീപിക്കാവുന്നവരെന്നും. കവി സങ്കല്പമായ സൂര്യകാന്തക്കല്ലുപോലെയാണ് സന്ന്യാസിമാർ. സാധാരണ പരിതോവസ്ഥയിൽ വളരെ സുഖസ്പർശിയായൊരു കല്ലാണത്. പക്ഷേ, വിപരീത ശക്തി, അതായത് സൂര്യരശ്മി, അതി ലേറ്റാലുടൻ അതു കത്തിക്കാളുന്ന അഗ്നികുണ്ഠമായി മാറുകയായി! സന്ന്യാസികൾ എന്നല്ല ആശ്രമവാസികളെല്ലാം അങ്ങനെയാകണം. സാധാരണഗതിയിൽ കൊച്ചു കുഞ്ഞുങ്ങൾക്കുപോലും എന്തു കാര്യത്തിനും സമീപിക്കാവുന്നവർ, അഭിഗമ്യർ. പക്ഷേ, വിപരീത ശക്തികൾ, അതായത് അസത്യം, അനീതി, അധർമ്മം തുടങ്ങിയ ദുഷ്ട ശക്തികളുമായി ഏറ്റുമുട്ടുമ്പോൾ അവർ ഉഗ്രമൂർത്തികളായി മാറു കയായി, അധൃഷ്യർ. ഈ ദുഷ്ടശക്തികളോട് ഒരു വിധത്തിലും ഒത്തു തീർപ്പിനു മുതിരാതെ സന്ധിയില്ലാസമരം ചെയ്യുമവർ. അവയ്ക്കു കൂട്ടു നിൽക്കാൻ ആശ്രമവാസികളെ കിട്ടുകയില്ല. ആ വിഷയങ്ങളിൽ അവർ അധൃഷ്യരാണ്.

*ആവൃതികൾ*

ഭവനത്തിന്റെയും മുറിയുടേയും തുറവിയെകുറിച്ചു പറയു മ്പോൾ പലരുടേയും മനസ്സിൽ പൊന്തി വരുന്നൊരു ചോദ്യമുണ്ട്. സന്ന്യാസികൾ ജീവിക്കുന്നിടങ്ങളിൽ ആവൃതി സംവിധാനം വേണ്ടേ എന്നൊരു ചോദ്യം. സന്ന്യാസപാരമ്പര്യത്തിലെ അതിപ്രധാന മായൊരു ഘടകമാണ് ആവൃതികൾ. സന്ന്യാസ ഭവനങ്ങൾ ആവൃതി നിയമങ്ങൾക്ക് വിധേയമായിരിക്കണമത്രെ. പുറമെ നിന്നുള്ള സന്ദർശ കർക്ക് പ്രവേശനമില്ലാത്തിടങ്ങളാണ് ആവൃതിക്കുള്ളിൽപ്പെടുക. മറ്റാർക്കും പ്രവേശനമില്ലാത്തിടങ്ങൾ, പ്രത്യേക പരിഗണന അർഹി ക്കുന്നവർക്കുമാത്രം പ്രവേശിക്കാവുന്നിടങ്ങൾ എന്നെല്ലാം വ്യവ സ്ഥയുണ്ട്. സന്ന്യാസിമാരുടെ പോക്കുവരവുകൾ കൂടി ആവൃതി നിയമങ്ങൾ അനുസരിച്ചായിരിക്കണം. മുൻകാലങ്ങളിൽ ആവൃതി നിയമങ്ങൾ വളരെ കർക്കശമായിരുന്നു. സമീപകാലത്താകട്ടെ അവ ഒട്ടുവളരെ ലഘൂകൃതമായിട്ടുണ്ട്. എന്നാലും ഒരു പരിധിവരെ യെങ്കിലും, അവ ഇന്നും നിലനിൽക്കുന്നു.

എന്നാൽ നാം ഇവിടെ ചർച്ചചെയ്യുന്ന ആശ്രമങ്ങളിൽ ആവൃതിനിബന്ധനകളൊന്നുമില്ല എന്നു വ്യക്തം. എല്ലാവർക്കും എപ്പോഴും തുറന്നു കിടക്കുന്നയിടങ്ങൾ എന്നാണല്ലോ ആശ്രമങ്ങളെകുറിച്ചുള്ള ധാരണ. അപ്പോൾ, സന്ന്യാസികൾ ആശ്രമശൈലി സ്വീകരിച്ചാൽ ആവൃതികൾ സംബന്ധിച്ച ക്രമീകരണങ്ങളുടെ കാര്യമെങ്ങനെ എന്ന ചോദ്യമുദിക്കുന്നു. ആവൃതികൾ ആവശ്യമല്ലേ? ആവൃതി നിയമങ്ങൾ അപ്പാടെ അവഗണിക്കുന്നത് ശരിയാണോ? പ്രത്യേകിച്ച് സന്ന്യാസിനികളുടെ കാര്യത്തിൽ?

ആവൃതികളുടെ ഉദ്ദേശ്യമെന്തെന്നു വ്യക്തമാക്കിയാലേ പ്രസ്തുത ചോദ്യങ്ങൾക്ക് ഉത്തരം പറയാനാകൂ. എന്നും ഇന്നും അർത്ഥവത്തായൊരു ലക്ഷ്യം മുൻനിറുത്തിയാണ് ആവൃതികൾ ഏർപ്പെടുത്തിയിരിക്കുന്നത്. അതായത് സുരക്ഷിതത്വം. ഭൗതികവും ശാരീരികവും ആദ്ധ്യാത്മികവുമായ സുരക്ഷിതത്വം. എല്ലാതരത്തിലും സന്ന്യാസികൾക്ക് വേണ്ടത്ര സുരക്ഷിതത്വം ഉണ്ടാകണം. ആദ്യമായി തന്നെ സാധനസാമഗ്രികൾ സുരക്ഷിതമായിരിക്കണം. അവ കളവു പോകാതെ സൂക്ഷിക്കണം. രണ്ടാമതായി ശാരീരികമായ ആക്രമണങ്ങളിലും, ബലാത്സംഗം തുടങ്ങിയവയിൽ നിന്നും സുരക്ഷിതത്വമുണ്ടായിരിക്കണം. മൂന്നാമതായി ആദ്ധ്യാത്മിക പ്രലോഭനങ്ങളിൽ നിന്ന് സന്ന്യാസികൾ കഴിയുന്നത്ര ഒഴിഞ്ഞു നിൽക്കണം. അതിനുപരി ധ്യാനത്തിനും പ്രാർത്ഥനക്കും സഹായകമായൊരു അന്തരീക്ഷം അവർക്ക് ഉറപ്പു വരണം. ഇന്നും അന്നും ആവൃതികളുടെ ഉദ്ദേശ്യം, ചുരുക്കത്തിൽ, സർവ്വതോമുഖമായ സുരക്ഷിതത്വമാണ്. ഇത് നാമിപ്പോൾ ചർച്ച ചെയ്യുന്ന ആശ്രമങ്ങളിലും വേണം. സന്ന്യാസികൾക്ക് മാത്രമല്ല, ആശ്രമവാസികൾക്കെല്ലാവർക്കും. എങ്കിൽ ആവൃതി നിബന്ധനകളില്ലാത്ത ആശ്രമങ്ങളിൽ അത് എങ്ങനെ സാധിക്കും?

ഉത്തരം വളരെ എളുപ്പമാണ്. അതായത്, ആശ്രമങ്ങളിൽ ആവൃതികളുടെ സ്ഥാനവും, ദൗത്യവും തുറവി, ലാളിത്യം എന്നീ ആദർശങ്ങൾ ഏറ്റെടുക്കുന്നു. സന്ന്യാസഭവനങ്ങളിൽ ആവൃതികളെകൊണ്ട് സാധിക്കുന്ന ലക്ഷ്യം, ആശ്രമങ്ങളിൽ തുറവി, ലാളിത്യം എന്നീ ആദർശങ്ങളുടെ കണിശമായ സാക്ഷാത്ക്കാരം വഴി സാധിക്കുന്നു. സാധിക്കണം. അത് എങ്ങനെ എന്നു പറയാം. ആദ്യം തന്നെ സാധന സാമഗ്രികളുടെ സുരക്ഷിതത്വം. ലളിതമായ കാര്യങ്ങൾ മാത്രമേ ആശ്രമത്തിൽ ഉണ്ടാകാവു എന്ന് നിർബന്ധം വച്ചാൽ കളവിനെ ഭയന്നി

ട്ടാവശ്യമില്ല. ഇത്ര വില കുറഞ്ഞ തട്ടു മുട്ടു സാധനങ്ങൾ കട്ടെടുക്കാൻ ആർക്കു താല്പര്യമുണ്ടാകും? അതിനായി പാത്തും പതുങ്ങിയും ഭവനം കുത്തിപൊളിച്ച് ബദ്ധപ്പെടുന്നതിന് മുതലില്ലല്ലോ എന്നതു തന്നെ. അഥവാ ആരെങ്കിലും അവ കട്ടു കൊണ്ടു പോവുകയോ നശിപ്പിക്കുകയോ ചെയ്താൽ തന്നെ, അതു വലിയൊരു നഷ്ടമാകില്ലല്ലോ. എളുപ്പത്തിൽ വീണ്ടും സമ്പാദിക്കാവുന്ന വളരെ സാധാരണ കാര്യങ്ങൾ മാത്രം. ചുറ്റുപാടുമുള്ള നല്ല മനുഷ്യർ ഉടനടി പുതിയവ കൊണ്ടു വന്നു തന്നുവെന്നും വരാം.

ആശ്രമസ്ഥരെ, അതിലേറെ സന്ന്യാസികളെ, സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരാണ് പൊതുവേ ഭാരതീയർ. അവരെ ഉപദ്രവിക്കണമെന്നോ, അവരോട് അപമര്യാദയായി പെരുമാറണമെന്നോ ഉള്ള ചിന്ത ഭാരതീയമനസ്സിൽ ഉണ്ടാവുക എളുപ്പമല്ല. ഈ വിഷയങ്ങളിൽ സാമാന്യഗതിയിൽ സന്ന്യാസികൾ എന്നല്ല, ആശ്രമവാസികളെല്ലാം, അവർ ആത്മാർത്ഥമായി ആ ജീവിതം നയിക്കുന്നവരാകണം, സുരക്ഷിതരാണ്; ഭയത്തിനവകാശമില്ലാത്തവരാണ്. ഇതു വായിക്കുമ്പോൾ പലരുടേയും മനസ്സിൽ വരിക സമീപ കാലങ്ങളിൽ നമ്മുടെ രാജ്യത്ത് ക്രൈസ്തവ സന്ന്യാസികളും, മിഷനറിമാരും, പ്രത്യേകിച്ച് കന്യാസ്ത്രീകൾ നേരിടേണ്ടി വന്നിട്ടുള്ള, ഇന്നും നേരിട്ടു കൊണ്ടിരിക്കുന്ന അക്രമങ്ങളും അപമാനങ്ങളുമാണ്. പലരും ദാരുണമായി പീഡിപ്പിക്കപ്പെടുന്നു. ദേഹോപദ്രവും ഏൽപ്പിക്കപ്പെടുന്നു. മാനഭംഗപ്പെടുത്തപെടുന്നു. വധിക്കപ്പെടുക പോലും ചെയ്യുന്നു. ഇതാണോ സന്ന്യാസികളുടെ, ആശ്രമസ്ഥരുടെ നേരെ ഭാരതീയർ പ്രദർശിപ്പിക്കുന്ന സ്നേഹാദരവുകൾ? സുരക്ഷിതത്വമെവിടെ? എങ്ങനെ നിർഭയരായി വർത്തിക്കാനാകും? ഇതിനുത്തരം, ഇപ്പറയുന്ന നിഷ്ഠുര സംഭവങ്ങൾക്ക് ആവൃതിയുമായി ബന്ധമൊന്നുമില്ല എന്നതാണ്. ആവൃതികൾ വർദ്ധിപ്പിക്കുന്നതുകൊണ്ടോ, ബലപ്പെടുത്തുന്നതുകൊണ്ടോ, അവയെ തടയാനാകുന്നതുമല്ല. കാരണം അവ പലപ്പോഴും സംഭവിക്കുന്നത്, സംഭവിച്ചു കൊണ്ടിരിക്കുന്നത് ഭവനത്തിന് പുറത്ത് വച്ചാണ്. പ്രവൃത്തിസ്ഥലത്തും, യാത്രാമദ്ധ്യേയും, വാഹനത്തിൽ വച്ചുമെല്ലാമാണ്. അല്ലെങ്കിൽ ഉറപ്പും അടപ്പുമുള്ള ബലിഷ്ഠ കെട്ടിടങ്ങൾ കുത്തിപൊളിച്ചാണ്. അവയ്ക്ക് പിന്നിലുള്ള പ്രേരകങ്ങൾ പലപ്പോഴും രാഷ്ട്രീയലാഭങ്ങളാണ്, അധികാരമോഹമാണ്, ധനാസക്തി, സ്വാർത്ഥതാല്പര്യം, ധർമ്മച്യുതി, മതസ്പർധ, അഴുകിയ സാമൂഹ്യ

വ്യവസ്ഥിതി എന്നിവയെല്ലാമാണ്. എത്ര കനത്ത ഭിത്തികൾ ഉണ്ടായാലും അവയെ തടുക്കാനോ, ചെറുക്കാനോ ആകില്ല തന്നെ. അവയെ ആദ്ധ്യാത്മിക ബലം കൊണ്ട് നേരിടുകയാണ് വേണ്ടത്. ഇത് ദുഷ്ടാരൂപിയോടുള്ള പോരാട്ടമാണ്. അതിനുള്ള ആയുധങ്ങൾ അടിയുറച്ച വിശ്വാസവും, മറ്റ് ക്രിസ്തീയ മൂല്യങ്ങളുമല്ലാതെ ഒന്നുമല്ല. മരണത്തെപോലും വെല്ലുവിളിക്കുന്ന ധാർമ്മിക ശക്തിയും, ആത്മീയ വീര്യവുമാണാവശ്യം.

ഇനി ആദ്ധ്യാത്മിക സുരക്ഷിതത്വത്തെ കുറിച്ച് ചിന്തിക്കുക. ശരിയാണ്; പ്രലോഭനങ്ങളെ വിളിച്ചുവരുത്തുന്ന സാഹചര്യങ്ങളും, സമ്പർക്കങ്ങളും ഒഴിവാക്കണം. അതിന് ആവൃതിവ്യവസ്ഥകൾ സഹായകരവുമാണ്. പക്ഷേ, അതുപോലെ തന്നെ, അഥവാ അതി ലേറെ സഹായകരമാണ് തുറവി. പൊതു ജനത്തിനു മുൻപിൽ തുറന്നു വയ്ക്കപ്പെട്ട ഒരു പുസ്തകം പോലെ വർത്തിക്കുന്നൊരാൾക്ക് തെറ്റു ചെയ്യുവാനുള്ള സാധ്യത വളരെ കുറവാണെന്നതു വ്യക്തം. എല്ലാവർക്കും കാണാവുന്നതും, മനസ്സിലാക്കാവുന്നതുമായ കാര്യങ്ങളേ ഞാൻ ചിന്തിക്കൂ, പറയൂ, എന്ന് നിർബന്ധം പിടിക്കുക യാണെങ്കിൽ തെറ്റു ചെയ്യുവാനുള്ള എന്റെ സാദ്ധ്യത ഇല്ലാതാകുന്നു. ഞാൻ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം എല്ലാവരും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന സ്ഥിതി വന്നാൽ, നന്മ മാത്രം പറ യാനും ചെയ്യാനും ഞാൻ സ്വാഭാവികമായും നിർബന്ധിതനാകും. ആ സ്ഥിതിയിൽ പൊതുജനം എനിക്ക് വലിയൊരു സംരക്ഷണമാണ്. അവരുടെ പ്രതീക്ഷക്കൊത്ത് ഉയരുവാനും പ്രവർത്തിക്കുവാനും ഞാൻ നിർബന്ധിതനാകുന്നു. ഒറ്റ നോട്ടത്തിൽ അത് മാനുഷികമായൊരു നിർബന്ധമായി തോന്നിയാൽ പോലും, ഫലത്തിൽ നല്ലൊരു കാര്യമാണ്. അങ്ങനെ തുറവി കൂടുതൽ ഫലവത്തായ ആവൃതിയായി ഭവിക്കുന്നു.

*മൗനവും ഏകാന്തതയും*

എല്ലാവർക്കും എല്ലായ്പോഴും തുറന്നു കിടക്കുന്നിടമാണ് ആശ്രമമെങ്കിൽ, അവിടെ എങ്ങനെ മൗനവും ഏകാന്തതയും ഉണ്ടാകും? എങ്ങനെ പ്രാർത്ഥനയുടെ അന്തരീക്ഷം ഉണ്ടാകും എന്നീ ചോദ്യങ്ങളുമുദിക്കുന്നു. ഉത്തരം വളരെ എളുപ്പമാണ്: ആശ്രമത്തിൽ എപ്പോൾ വേണമെങ്കിലും ആർക്കും വരാം എന്നത് ശരി തന്നെ. അത് അങ്ങനെ തന്നെ ആകുകയും വേണം. പക്ഷേ ആശ്രമത്തിലേക്ക് ആര്

എപ്പോൾ വന്നാലും അത് ആ സമയത്ത് അവിടെ നടക്കുന്ന പരിപാടികളിൽ പങ്കുകൊള്ളാനാണ്. അല്ലാതെ അവയെ അലങ്കോലപ്പെടുത്താനല്ല. ആശ്രമത്തിലേക്ക് ആളുകൾ യഥേഷ്ടം വരുന്നത് ആശ്രമചിട്ടയിലും, ചൈതന്യത്തിലും, ഭാഗഭാഗിത്വം ലഭിക്കാനും, പങ്കെടുക്കാനുമാണ്. അവയെ തടസ്സപ്പെടുത്തുവാനോ, നിരുത്സാഹപ്പെടുത്തുവാനോ അല്ല. സന്ദർശകർ ആപ്പോളപ്പോൾ ആശ്രമത്തിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്നു. അതിനായി ഹൃദ്യമായി ക്ഷണിക്കപ്പെടുന്നു. അത് ഭക്ഷണമാകാം, പ്രാർത്ഥനയാകാം, ആശ്രമസേവയാകാം. അല്പം വിനോദമോ, വിശ്രമമോ ആകാം. എല്ലാവർക്കും സ്വാഗതം. അവർ അതിനു വേണ്ടി വരുന്നു. അത് അവർക്ക് നിർലോഭം ലഭിക്കുകയും ചെയ്യുന്നു. ആശ്രമത്തിൽ മൗനത്തിന് നിശ്ചിതസമയമോ സ്ഥലമോ ഉണ്ടെങ്കിൽ അതും സന്ദർശകർ ആദരിക്കുന്നു. കണിശമായി അനുസരിക്കുകയും ചെയ്യുന്നു. സന്ദർശകർക്കു വേണ്ടി, ആർക്കും വേണ്ടി, ആശ്രമ പരിപാടികളും ചിട്ടകളും മാറ്റിമറിച്ചു കൊണ്ടിരിക്കുകയില്ല. നേരെ മറിച്ച് സന്ദർശകരുൾപ്പെടെ എല്ലാവരും അവയോട് പൊരുത്തപ്പെട്ട് സഹകരിക്കുന്നു. അങ്ങനെയാകുമ്പോൾ ആളുകളുടെ യഥേഷ്ടമായ സാന്നിദ്ധ്യം മൗനത്തിനും, ഏകാന്തതയ്ക്കും, പ്രർത്ഥനാന്തരീക്ഷത്തിനും വിഘാതമല്ല, പ്രോത്സാഹനമാണ്.

പൊതുജനങ്ങളുടെ നിരന്തരമായ സാന്നിദ്ധ്യം ആശ്രമവാസികളുടെ ജീവിതത്തിന്റേയും പ്രവർത്തനങ്ങളുടേയും ഗുണം വർദ്ധിപ്പിക്കുന്നതല്ലാതെ, ശോഷിപ്പിക്കുകയില്ലെന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. എപ്പോഴും പുറമേ നിന്നുള്ള ആരെങ്കിലും ഒക്കെ സമൂഹത്തിലുണ്ടെങ്കിൽ കാര്യങ്ങൾ കുറെ കൂടി നന്നായിട്ടും ക്രമീകൃതമായും ചെയ്യാൻ എല്ലാവർക്കും നല്ലൊരു പ്രേരണയായിരിക്കും. ഉദാഹരണത്തിന് സന്ന്യാസസമൂഹത്തോടൊത്ത് എപ്പോഴും ആരെങ്കിലുമൊക്കെ പുറമേ നിന്നുണ്ടാവുമെന്ന് വിചാരിക്കുക. എങ്കിൽ വിനോദം, ധ്യാനം, പ്രാർത്ഥന, സംവിധാനങ്ങൾ, സുഖസൗകര്യങ്ങൾ എന്നിങ്ങനെ എല്ലാ കാര്യങ്ങളിലും സമൂഹാഗംങ്ങൾക്ക് കുറച്ചു കൂടി സൂക്ഷവും, ശ്രദ്ധയും ഉണ്ടാകും. പുറമേ നിന്നുള്ളവർക്ക് ഇടർച്ച തോന്നാവുന്ന, അവരുടെ പ്രതീക്ഷക്ക് വിരുദ്ധമായ യാതൊന്നും തങ്ങളിലും, തങ്ങളുടെ ഭവനങ്ങളിലും ഉണ്ടാകരുത് എന്ന നിർബന്ധമുണ്ടാകും. നേരെ മറിച്ച് അവർക്കു പ്രചോദനകരമായ വിധത്തിൽ പെരുമാറാനും പ്രവർത്തിക്കാനും കാര്യങ്ങൾ ക്രമീകരിക്കാനും സമൂഹാംഗങ്ങൾ പ്രേരിപ്പിക്കപ്പെടും. സന്ദർശകർക്ക് സ്വതന്ത്രമായി

പങ്കു ചേരാൻ പറ്റാത്ത ഒന്നും ഉണ്ടാകാതിരിക്കാൻ ശ്രമിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഭക്ഷണം. എല്ലായ്പ്പോഴും ആരെങ്കിലു മൊക്കെ പുറമെ നിന്ന് ഭക്ഷണത്തിനുണ്ടാകുമെന്ന സ്ഥിതി യാണെങ്കിൽ, എല്ലാവർക്കും ഭക്ഷിക്കാവുന്ന വിഭവങ്ങൾ മാത്രം വിളമ്പാൻ, സാധാരണക്കാർ പ്രതീക്ഷിക്കുന്ന കാര്യങ്ങൾ മാത്രം വിളമ്പാൻ, ശ്രദ്ധിക്കുക സ്വാഭാവികമാണല്ലോ. ആശ്രമങ്ങളിൽ സസ്യാ ഹാരം മാത്രമാകുന്നതിന്റെ ഒരു തത്വം ഇതാണ്. ഭക്ഷണത്തിന് എല്ലാവർക്കും സ്വാഗതമാണ്. സസ്യേതര ഭക്ഷണം വിളമ്പിയാൽ സസ്യഭുക്കുകൾക്ക് അത് ബുദ്ധിമുട്ടാകും. അതുകൊണ്ട് ആശ്രമത്തിൽ സസ്യാഹാരം മാത്രം മതിയെന്ന് വയ്ക്കുക. അങ്ങനെ പുറമേ നിന്നു ള്ളവരുടെ സ്വതന്ത്രമായ സാന്നിദ്ധ്യം ആശ്രമത്തിന്റെ ഭക്ഷണ ശൈലിയെ പോലും നിർണ്ണയിക്കുന്നു, സൃഷ്ടിപരമായി തന്നെ.

*ഗ്രാമ സംസ്കാരം*

ആശ്രമശൈലിക്ക് ആധാരവും പ്രചോദനവുമായി നില കൊള്ളുന്നത് ഗ്രാമ സംസ്കാരമാണെന്ന് തുടക്കത്തിൽ പറഞ്ഞത് വായനക്കാർ ഓർമ്മിക്കുന്നുണ്ടാവും. അത് അല്പം വ്യക്തമാക്കാം. ഗ്രാമ സംസ്കാരവുമായി അടുത്ത് ഇടപഴകുവാൻ എനിക്ക് അവസരം ലഭിച്ചത് ജഗ്ദൽപൂർ എന്ന സ്ഥലത്ത് താമസിക്കവേയാണ്. ഛത്തീസ്ഗഡ് എന്ന പുതിയ സംസ്ഥാനത്തിലെ ബസ്തർ എന്ന പ്രദേശത്താണത് . ആദിവാസികളുടെ നാടാണത് . അവരുടെ ഗ്രാമങ്ങൾ സന്ദർശിക്കുക, അവരുടെ സംസ്കാരവുമായി ബന്ധപ്പെടുക വലിയൊരു അനുഭവമാണ്. പലവിധത്തിലും പിന്നോക്കം നിൽക്കു ന്നവരും അവഗണിക്കപ്പെടുന്നവരും ആണ് ആദിവാസികൾ . ദാരിദ്ര്യം, നിരക്ഷരത്വം തുടങ്ങിയവ അവരുടെ കൂടപ്പിറപ്പാണ്. പുറം ലോകവുമായി ഒട്ടും തന്നെ ബന്ധമില്ലാത്തവർ. അക്കാരണത്താൽ തന്നെ ആധുനികശാസ്ത്രവും സാങ്കേതികവിദ്യയും കാഴ്ചവയ്ക്കുന്ന സുഖസൗകര്യങ്ങളും ആനുകൂല്യങ്ങളും അനുഭവിക്കാൻ അവസര മില്ലാത്തവർ. അതിനുള്ള സാമ്പത്തികശേഷിയും ഇല്ല. അങ്ങനെ നോക്കുമ്പോൾ ഒട്ടു വളരെ പരാധീനതകൾ അനുഭവിക്കുന്ന ഹതഭാഗ്യർ. പക്ഷേ അവർക്കുണ്ടെന്ന് അഭിമാനിക്കാവുന്ന വേറെ രണ്ട് കാര്യങ്ങളുണ്ട്: പ്രകൃതിയുമായുള്ള ബന്ധവും പരസ്പര ബന്ധവും.

*പ്രകൃതൈക്യം*

അവർ പ്രകൃതി ദേവിയുമായി ഇഴുകിച്ചേർന്നു കഴിയുന്നു. ജനിച്ചു വീഴുന്നത് മൺവീടുകളിലേക്കാണ്. ചെറുതെങ്കിലും മനോഹരവും വൃത്തിയുള്ളതുമായ മൺവീടുകൾ. വൃത്തിയും വെടിപ്പും ആദിവാസികളുടെ പൈതൃകമാണ്. സാധാരണഗതിയിൽ ഭാരതത്തിലെ ഇതര ഗ്രാമങ്ങളിലേയ്ക്ക് കാലെടുത്തു കുത്താൻ സൂക്ഷിക്കണം. അവിടെ എല്ലാം വൃത്തികേടായിരിക്കും. തുറന്ന കക്കൂസുകൾ എന്നു പറഞ്ഞാൽ അതിശയോക്തിയാകില്ല. എന്നാൽ ആദിവാസി ഗ്രാമങ്ങളുടെ സ്ഥിതിയതല്ല. ഗ്രാമങ്ങൾ മാത്രമല്ല വീടുകളും പരിസരങ്ങളും എല്ലാം അവർ വൃത്തിയായും മനോഹരമായും സൂക്ഷിക്കുന്നു. അങ്ങനെയുള്ള മൺവീടുകളിലേക്കാണ് അവർ പിറന്നു വീഴുന്നത്. അവയിൽ തന്നെ ജീവിക്കുന്നു. ഉപജീവനത്തിന് അവർ പൂർണമായും പ്രകൃതിയെ ആശ്രയിക്കുന്നു. ഫലമൂലാദികളും ധാന്യങ്ങളും പുഷ്പലതാദികളും എല്ലാമാണ് അവരുടെ ഭക്ഷണം. അവയെ അവർ ഒന്നുകിൽ കൃഷി ചെയ്ത് ഉണ്ടാക്കുന്നു. അല്ലെങ്കിൽ പ്രകൃതിയിൽ നിന്ന് ശേഖരിക്കുന്നു. ഭൂമിമാതാവ് അവരെ തീറ്റിപ്പോറ്റുന്നു. അവരും ആ അമ്മയെ സ്നേഹിക്കുന്നു, ആദരിക്കുന്നു, സംരക്ഷിക്കുന്നു. മരിച്ച് ആ മണ്ണിൽ തന്നെ അവർ അടക്കപ്പെടുകയും ചെയ്യുന്നു.

*മനുഷൈക്യം*

ഈ ഗ്രാമീണരുടെ പരസ്പരബന്ധവും വളരെ ശ്ലാഘനീയമാണ്. ഗ്രാമത്തിൽ ആരോടെങ്കിലും ഒരാളോട് ചോദിക്കുക. അവിടെയുള്ള എല്ലാവരെയും കുറിച്ച് എല്ലാ കാര്യങ്ങളും അയാൾ പറയും. പേര്, വരവ് ചിലവ് കാര്യങ്ങൾ, ബന്ധങ്ങൾ, ജോലികൾ, പ്രശ്നങ്ങൾ, പരാതികൾ എന്നിങ്ങനെ എല്ലാ കാര്യങ്ങളും. ആരും ആരിൽ നിന്നും ഒന്നും മറച്ചു വെച്ചിട്ടില്ല. ആർക്കും മറഞ്ഞിരിക്കുന്നതായി ഒന്നുമില്ല. എല്ലാവർക്കും എല്ലാവരെയും വ്യക്തിപരമായി അറിയാം. ഗ്രാമം മുഴുവനും കൂടി ഒരൊറ്റ കുടുംബമാണെന്ന പ്രതീതിയാണ്. ഏതെങ്കിലും ഒരു വീട്ടിൽ സംഭവിക്കുന്ന കാര്യം മറ്റെല്ലാ വീട്ടിലും സംഭവിക്കുന്നതുപോലെയാണ്, എല്ലാ ഗ്രാമവാസികളെയും ഒരുപോലെ ബാധിക്കുന്നതുപോലെയാണ്. ഉദാഹരണത്തിന് ഏതെങ്കിലും ഒരു വീട്ടിൽ ഒരു കുഞ്ഞു ജനിച്ചാൽ എല്ലാ വീട്ടിലും കുഞ്ഞു ജനിച്ചത് പോലെയാണ്. അതുപോലെതന്നെ ഏതെങ്കിലും

ഒരു വീട്ടിൽ സംഭവിക്കുന്ന മരണത്തിൽ ആ ഗ്രാമം മുഴുവൻ ഒരുപോലെ ദുഃഖിക്കുന്നു. ശേഷക്രിയകളിൽ പങ്കുകൊള്ളുന്നു. അങ്ങനെതന്നെ ആഘോഷങ്ങളും. ഏതെങ്കിലും ഒരു വീട്ടിൽ ഒരു കല്യാണാഘോഷം ഉണ്ടെങ്കിൽ ഏതാണ്ട് ഒരാഴ്ചത്തേക്ക് ആ ഗ്രാമം മുഴുവൻ ആ വീട്ടിലാണ്. മറ്റു വീടുകളിൽ ഒന്നും ആ ദിവസങ്ങളിൽ ഭക്ഷണം പാകം ചെയ്തിട്ട് ആവശ്യമില്ല. വളരെ വ്യക്തിപരമായി , പരസ്പരം അറിഞ്ഞ്, മനസ്സിലാക്കി, സഹായിച്ച്, കൊണ്ടും കൊടുത്തും കഴിയുന്ന ഗ്രാമീണരുടെ സുന്ദരമായ ജീവിതം .

ആധുനികകാലത്ത് വൻനഗരങ്ങളിൽ എന്നല്ല കൊച്ചു പട്ടണങ്ങളിൽ നിന്നു പോലും വളരെ വേഗം അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന, മിക്കവാറും നാമാവശേഷമായി കൊണ്ടിരിക്കുന്ന രണ്ടു നല്ല കാര്യങ്ങളാണ് പ്രകൃതിയുമായുള്ള ബന്ധവും പരസ്പരബന്ധവും. അവിടങ്ങളിൽ ജീവിക്കുന്നവർ വളരെ അപൂർവ്വം ആയിട്ടേ മണ്ണിൽ സ്പർശിക്കുന്നുള്ളൂ. യാത്ര മിക്കവാറും ഏതെങ്കിലും വാഹനത്തിൽ. അതിൽ നിന്ന് കാലെടുത്ത് കുത്തുന്നത് കാർപ്പറ്റ് വിരിച്ച മുറിയിലേക്ക്. ആവശ്യമുള്ള എല്ലാ കാര്യത്തിനും സ്വിച്ച് ഓൺ ചെയ്താൽ മതി. ചൂടിനും തണുപ്പിനും തീക്കും വെള്ളത്തിനും എല്ലാം സ്വിച്ച് ഓൺ ചെയ്യുക, അഥവാ ടാപ്പ് തുറക്കുക. ഭക്ഷണപാനീയങ്ങൾ എല്ലാം ഫാക്ടറി നിർമ്മിതം. ഫ്രിഡ്ജ് അഥവാ അലമാരി തുറന്ന് എടുത്ത് ഉപയോഗിച്ചാൽ മതി. ഇങ്ങനെ യാന്ത്രിക ലോകത്ത് പ്രകൃതിയുമായി ബന്ധമൊന്നുമില്ലാതെ ജീവിക്കുന്ന മനുഷ്യർ. കൃത്രിമ ലോകത്ത് മിക്കവാറും കൃത്രിമമായി തന്നെ ജീവിക്കുന്ന മനുഷ്യർ. എന്നാലും പ്രകൃതിയോട് ബന്ധപ്പെടാനുള്ള അഭിവാഞ്ഛ ഉള്ളിന്റെ ഉള്ളിൽ അവർക്കുമുണ്ട്. അതിന്റെ പൂരണത്തിനായി മുറിയുടെ മൂലയിലോ ടെറസിന്റെ മുകളിലോ ചട്ടികളിലും ചാക്കുകളിലും കൊച്ചു ചെടികൾ താലോലിച്ചു വളർത്തുന്നത് കാണാം!

നഗരങ്ങളിലും പട്ടണങ്ങളിലും വ്യക്തിബന്ധവും നാമമാത്രമാണ്. അവിടെ ആരും ആരെയും വ്യക്തിപരമായി അറിയുന്നില്ല. ആർക്കും ആരുടെയും പേര് അറിയില്ല. മുഖമില്ലാത്ത മനുഷ്യർ. ഒരേ കെട്ടിടത്തിൽ അടുത്ത മുറികളിൽ അഥവാ അപ്പാർട്ട് മെന്റുകളിൽ താമസിക്കുന്നവരാകാം. എന്നാലും പരസ്പരം അറിയില്ല അത്രേ. അവർക്ക് ആർക്കും പേരില്ല എന്നതുപോലെ! അതിനുപകരം ഉള്ളത് നമ്പർ മാത്രം. അത് ഭിത്തിയിലോ വാതിൽ പടിയിലോ പതി ച്ചിരിക്കും. പോസ്റ്റുമാൻ കത്തുകൾ എത്തിക്കാനായി. ചുരുക്കത്തിൽ

പരസ്പരം അടഞ്ഞും അടച്ചും കഴിയുന്ന ഒറ്റപ്പെട്ട വ്യക്തികളുടെ ലോകമാണ് നഗരങ്ങളും പട്ടണങ്ങളും.

*ഈശ്വരൈക്യം*

ഗ്രാമങ്ങളിൽ ആകട്ടെ, പ്രത്യേകിച്ച് ആദിവാസി ഗ്രാമങ്ങളിൽ, ഈ രണ്ടു മൂല്യങ്ങൾ, പ്രകൃതിയുമായുള്ള ബന്ധവും പരസ്പര ബന്ധവും, ഇന്നും പച്ചകെടാതെ നിൽക്കുന്നു. തത്ഫലമായി അവിടങ്ങളിൽ ആദരിക്കപ്പെടുകയും അഭ്യസിക്കപ്പെടുകയും ചെയ്യുന്ന മൂന്നാമതൊരു മൂല്യമുണ്ട്. അതായത് ദൈവവുമായുള്ള ഗാഢബന്ധം. ഗ്രാമീണർ സ്വാഭാവികമായി തന്നെ പ്രാർത്ഥനയുടെ മനുഷ്യരാണ്, ദൈവഭക്തരാണ്. അവർ പുലർത്തുന്ന പ്രകൃതിബന്ധത്തിന്റെയും മനുഷ്യബന്ധത്തിന്റെയും പരിണിതഫലമാണത്. പ്രകൃതിയുമായും പരസ്പരവും ബന്ധപ്പെട്ട് ജീവിക്കുന്ന മനുഷ്യർക്ക് നൈസർഗികമാണ് ദൈവവുമായുള്ള ബന്ധം എന്ന് പറയാം. ഉദാഹരണത്തിന്, ആദിവാസി ഗ്രാമീണർ ഉപജീവനത്തിന് ആശ്രയിക്കുന്നത് പ്രകൃതിയെ ആണെന്ന് പറഞ്ഞല്ലോ. കൃഷിവിഭവങ്ങളാണ് അവരുടെ ആഹാരം. കൃഷി നന്നാകണമെങ്കിൽ നല്ല കാലാവസ്ഥ വേണം. തക്ക സമയത്ത് ആവശ്യത്തിന് മഴ വേണം. കാലാവസ്ഥയാകട്ടെ തങ്ങളുടെ നിയന്ത്രണത്തിൽ നിൽക്കുന്നില്ല എന്ന ബോധ്യമുണ്ട്. അത് ദൈവത്തിൻറെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് കൃഷിയുടെ വിജയം ദൈവത്തെ ആശ്രയിച്ചാണ് കഴിയുന്നത്. അതിനായി ദൈവത്തിങ്കലേക്ക് തിരിയാൻ, തീക്ഷ്ണതയോടെ ദൈവത്തെ ധ്യാനിക്കാനും പ്രാർത്ഥിക്കാനും ഗ്രാമീണർ പ്രചോദിപ്പിക്കപ്പെടുന്നു, സന്നദ്ധരാകുന്നു. കൃഷിപ്പണി ആരംഭിക്കുന്നതിനു മുൻപ് അവർ പൂജ ചെയ്യുന്നു. ദൈവാനുഗ്രഹത്തിനായി കൃഷിയുടെ ഓരോഘട്ടത്തിലും അവർക്ക് പ്രത്യേകം പ്രത്യേകം പൂജയുണ്ട്. വിളവെടുപ്പിന് മുമ്പും ഉണ്ട് പൂജ. വിളവെടുപ്പ് വലിയൊരു ഉത്സവമാണ്. തങ്ങളെ കനിഞ്ഞ് അനുഗ്രഹിച്ച ദൈവത്തിനു കൃതജ്ഞതാപ്രകടനം.

പരസ്പരം ബന്ധപ്പെട്ട് സ്നേഹത്തിലും ഐക്യത്തിലും കഴിയുന്നവരുടെ മധ്യേ ദൈവസാന്നിധ്യം ഉറപ്പാണല്ലോ. തന്റെ നാമത്തിൽ രണ്ടോ അതിലധികമോ പേർ ഒരുമിച്ചു കൂടുന്നിടത്ത് താൻ ഉണ്ടാകുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവത്തിൽ നിന്ന് പാപമോചനം വേണമെങ്കിൽ നമ്മൾ പരസ്പരം ക്ഷമിക്കണം എന്നും അവിടുന്ന് പഠിപ്പിക്കുന്നു. പരസ്പരസ്നേഹം ദൈവസ്നേഹത്തിൻറെ

സുനിശ്ചിത ചിഹ്നം ആണെന്ന് വിശുദ്ധ യോഹന്നാൻ സമർത്ഥിക്കുന്നു. അങ്ങനെയെങ്കിൽ പരസ്പര സൗഹൃദത്തിന്റെ കാര്യത്തിൽ ആർക്കും പിന്നിലല്ലാത്ത ആദിവാസിഗ്രാമീണരുടെ ഇടയിലും ഹൃദയത്തിലും ദൈവസാന്നിധ്യം നിലനിൽക്കുന്നു എന്നതിൽ സംശയം വേണ്ട. ദൈവവുമായി നിരന്തരം തൊട്ടുരുമ്മി ജീവിക്കുന്ന ഒരു ജനമാണവർ. അവർക്കും ദൈവത്തിനും ഇടയിൽ വളരെ ലോലമായ ഒരു തിരശ്ശീല മാത്രമേ ഉള്ളൂ എന്നു പറയാം. മരണം വഴി അത് മാറ്റപ്പെട്ടാൽ ഉടനെ അവർ സ്വർഗ്ഗരാജ്യത്തിലേക്ക് കാലെടുത്തു കുത്തുകയായി. ദൈവത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ തങ്ങൾക്ക് സ്വതഃസിദ്ധമായ ലളിതഭാഷയിൽ തികഞ്ഞ ആത്മാർത്ഥതയോടെ അവർ ഇങ്ങനെ പറയുന്നതായി സങ്കൽപ്പിക്കാം: ‘പിതാവായ ദൈവമേ, ഞങ്ങൾ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ, ഞങ്ങളുടെ മറ്റു സഹോദരങ്ങൾക്ക് അങ്ങു നൽകിയ പല ആനുകൂല്യങ്ങളും ഞങ്ങൾക്ക് നൽകിയില്ല. പക്ഷേ ഞങ്ങൾ ഒരിക്കലും ആവലാതി പ്പെടുകയോ അതൃപ്തി പ്രദർശിപ്പിക്കുകയോ ചെയ്തില്ല. (ഒന്നിനെ ക്കുറിച്ചും ആവലാതിപ്പെടാതെ, ഉള്ളതുകൊണ്ട് സംതൃപ്തരായി ജീവിക്കുന്ന ഒരു ജനമാണ് ആദിവാസികൾ എന്ന് അനുസ്മരിക്കുക) എന്നാൽ പിതാവേ, ഇപ്പോൾ ഞങ്ങളുടെ അവകാശങ്ങൾ കനിഞ്ഞു നൽകിയാലും.’ ദൈവം മറുപടിയായി പറയും: ‘പ്രിയ മക്കളെ, നിങ്ങൾ പറയുന്നത് ശരിയാണ്. ചില പ്രത്യേക കാരണങ്ങളാൽ നിങ്ങൾ ഭൂമിയിൽ ആയിരുന്നപ്പോൾ മറ്റു മനുഷ്യർക്കു ഞാൻ നൽകിയ പല ആനുകൂല്യങ്ങളും നിങ്ങൾക്ക് നൽകിയില്ല. എന്നിട്ടും നിങ്ങൾ ആവലാതിപ്പെട്ടില്ല എന്നതിൽ ഞാൻ സന്തുഷ്ടനാണ്. എന്നാൽ ഇപ്പോൾ ഇതാ നിങ്ങളുടെ അവകാശം. സ്വർഗ്ഗരാജ്യം മുഴുവൻ നിങ്ങളുടെ അവകാശമാണ്. അത് ആവോളം ആസ്വദിച്ചാലും!’ ‘ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം നിങ്ങളുടെ അവകാശമാണ്’ എന്ന യേശുവിൻറെ വാക്കുകൾ അക്ഷരാർത്ഥത്തിൽ നിറവേറുകയല്ലേ ഇവിടെ?’

ചുരുക്കി പറയട്ടെ, ഗ്രാമസംസ്കാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മുഖ്യമായും പ്രകൃതിയോടും പരസ്പരവുമുള്ള സ്നേഹാദരവുകളും സൗഹൃദവും സൗമനസ്യവും, തജ്ജന്യമായ ദൈവൈക്യവുമാണ്. ദൈവവും മനുഷ്യനും പ്രകൃതിയും പരസ്പരം ഐക്യത്തിലും സ്നേഹത്തിലും ഏകയോഗക്ഷേമമായി കഴിയുന്ന മനോഹരമായ അന്തരീക്ഷം അഥവാ സ്ഥിതിവിശേഷം സൃഷ്ടിക്കാനും

നിലനിർത്താനും ആശ്രമങ്ങൾക്ക് കഴിയണം. അതായിരിക്കണം ആശ്രമത്തിന്റെ അന്തരീക്ഷം അഥവാ സ്ഥിതിവിശേഷം എന്നാണ് പറയുക. അവിടെ ഈശ്വരനും മനുഷ്യനും പക്ഷിമൃഗാദികളും വൃക്ഷലതാദികളും എല്ലാം മേളിക്കണം. പരസ്പരഭയം കൂടാതെ ഏകോദരസഹോദരങ്ങളെപ്പോലെ കഴിയണം. നഷ്ടപ്പെട്ട പറുദീസയുടെ പുനഃസൃഷ്ടി. കളഞ്ഞു കുളിച്ച ശൈശവ നൈർമല്യത്തിലേക്കുള്ള തിരിച്ചുപോക്ക്. ശാകുന്തളം നാടകത്തിൽ കാളിദാസൻ മനോഹരമായി ചിത്രീകരിച്ചിരിക്കുന്ന കണ്വാശ്രമത്തെക്കുറിച്ച്: 'അവിടെ സ്വർഗ്ഗവും ഭൂമിയും ഒരുമിക്കുന്നു' എന്നാണ് സുപ്രസിദ്ധ ജർമൻ കവിയായ ഗേഥേ സമർത്ഥിച്ചിരിക്കുന്നത്.

*പ്രകൃതിബദ്ധമായ ആധ്യാത്മികത*

പ്രകൃതിയുമായി ക്രിയാത്മകമായി ബന്ധപ്പെട്ട് ജീവിക്കുക എന്ന ആശയത്തിന് അടുത്ത കാലത്ത് കൂടുതൽ അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. മനുഷ്യജീവിതം പ്രകൃതിയുമായി അവശ്യം ബന്ധപ്പെട്ടതാണെന്നും പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യരാശിയുടെ തന്നെ നിലനിൽപ്പിന് ആവശ്യമാണെന്നും, പ്രകൃതിയെ ആദരിക്കുക എന്നത് പവിത്രമായ ധർമ്മം ആണെന്നും, മനുഷ്യന്റെ സർവ്വതോമുഖമായ സുസ്ഥിതി-- ശാരീരികവും മാനസികവും ആധ്യാത്മികവുമായ സുസ്ഥിതി-- പ്രകൃതിയുമായി അവശ്യം ബന്ധപ്പെട്ടിരിക്കുന്നുവെന്നും എല്ലാമുള്ള ചിന്തകൾ പ്രബലപ്പെട്ടിട്ടുണ്ട്. ഇന്ന് എല്ലാ വേദികളിലും ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണല്ലോ പരിതോവസ്ഥാ ശാസ്ത്രം (ecology). രാഷ്ട്രീയവും സാമൂഹികവും ശാസ്ത്രീയവും ആധ്യാത്മികവുമായ പ്രാധാന്യവും ശ്രദ്ധയും പിടിച്ചു പറ്റിയിരിക്കുന്ന പ്രമേയങ്ങളാണ് പ്രകൃതി സംരക്ഷണം, പരിതോവസ്ഥാശുചിത്വം, പ്രകൃതിയുടെ സന്തുലിതാ വസ്ഥ എന്ന് തുടങ്ങിയവ. അവ ക്രൈസ്തവ വിജ്ഞാനീയത്തിന്റെ കൂടി ഭാഗമായി തീർന്നിരിക്കുന്നു. ഇന്ന് ക്ലാസ് മുറികളിലും ചർച്ചാ സമ്മേളനങ്ങളിലും വിനിമയ മാധ്യമങ്ങളിലും എല്ലാം സുലഭമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പ്രകൃത്യാധ്യാത്മികത. (ecospirituality). പ്രകൃതിയെയും പരിതോവസ്ഥകളെയും എല്ലാം കണക്കിലെടുത്തു കൊണ്ടും ഉൾപ്പെടുത്തിക്കൊണ്ടും ക്രൈസ്തവർ നയിക്കേണ്ട ആധ്യാത്മിക ജീവിതമാണ് അതിന്റെ ഉള്ളടക്കം. ഇതിലേക്ക് സാരമായ സംഭാവന

ചെയ്യാൻ ആശ്രമങ്ങൾക്കു സാധിക്കും, സാധിക്കണം, അവ ഗ്രാമസംസ്കാരത്തിൽ ഊന്നി നിൽക്കുന്നു എന്നതുകൊണ്ട് തന്നെ.

പ്രകൃതിയോട് സൃഷ്ടിപരമായ ബന്ധം പുലർത്തണം എന്നത് ക്രൈസ്തവചിന്തയിൽ താരതമ്യേന പുതിയൊരു പ്രമേയമാണ്. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്, ഇതരസൃഷ്ടികൾ അത്രയും മനുഷ്യനുവേണ്ടിയാണ്, അവയുടെയെല്ലാം മുകളിൽ മനുഷ്യന് അധികാരം നൽകപ്പെട്ടിരിക്കുന്നു, അതുകൊണ്ട് അവയോട് എന്തു ചെയ്യുന്നതിനും എങ്ങനെ പെരുമാറുന്നതിനും മനുഷ്യന് അവകാശമുണ്ടെന്ന രീതിയിലുള്ള ചിന്തയാണ് ക്രൈസ്തവ ലോകത്ത് പൊതുവേ നിലനിന്നത്. പ്രകൃതിയെ അകാരണമായി പോലും നശിപ്പിക്കാനും പക്ഷിമൃഗാദികളോട് നിഷ്ക്കരുണം പെരുമാറാനും വൃക്ഷലതാദികളോടു ക്രൂരത കാണിക്കാനും പ്രകൃതി വിഭവങ്ങളെ അനീതിപരമായി ചൂഷണം ചെയ്യാനുമെല്ലാം ഉള്ള നിരുപാധികമായ അവകാശാധികാരങ്ങൾ തങ്ങൾക്കുണ്ടെന്ന ധാരണയിലാണ് ക്രൈസ്തവർ കഴിഞ്ഞത്. പ്രകൃതിവസ്തുക്കളോടും ജീവികളോടും ആദരവ് കാണിക്കുക, സൗഹൃദം പുലർത്തുക, കാരുണ്യപൂർവ്വം പെരുമാറുക എന്നതൊക്കെ അപവാദമായിട്ടും അധികപ്പറ്റായിട്ടും എല്ലാം ക്രൈസ്തവർ ഗണിച്ചിരുന്നു. പക്ഷേ അടുത്തകാലത്ത് ആ ചിന്തയ്ക്ക് മാറ്റം സംഭവിച്ചു തുടങ്ങിയിട്ടുണ്ട്. മനുഷ്യർ മാത്രമല്ല അവർ വസിക്കുന്ന പ്രപഞ്ചം അത്രയും ദൈവത്തിന്റെ വത്സലസൃഷ്ടിയാണ്, ദൈവം സ്നേഹപൂർവ്വം നട്ടുവളർത്തുന്ന മനോഹരമായ തോട്ടമാണ്, ഓമനിച്ചു പരിപാലിക്കുന്ന ജീവികളാണ്, ദൈവത്തിന്റെ പ്രതിനിധികൾ (images) എന്ന നിലയിൽ അവയെ സംരക്ഷിക്കുവാനുള്ള കടമയാണ് മനുഷ്യർക്കുള്ളത് എന്നിങ്ങനെയുള്ള ബോധ്യങ്ങൾ പ്രബലപ്പെട്ടു തുടങ്ങിയിട്ടുണ്ട്. നോട്ടക്കാർ എന്ന നിലയിൽ വേണ്ടത്ര അധികാരാവകാശങ്ങൾ മനുഷ്യന് ഉണ്ടെങ്കിൽ തന്നെയും പ്രകൃതിയെ കയ്യേറ്റം ചെയ്യുകയോ അകാരണമായി നശിപ്പിക്കുകയോ ചൂഷണം ചെയ്യുകയോ ഒന്നും ഒരിക്കലും അരുത്. നേരെമറിച്ച് പ്രകൃതിയെ സംബന്ധിച്ച് ദൈവത്തിന്റെ പദ്ധതികൾ പൂർത്തിയാക്കുക, അതിനെ കൂടി ദൈവീകതയിലേക്ക് ഉയർത്തുക, അതിലൂടെ വ്യക്തമാകുന്ന ദൈവ സ്നേഹവും പരിപാലനയും പ്രചോദനവും എല്ലാം അംഗീകരിച്ച് ആസ്വദിക്കുക, ദൈവസാന്നിധ്യത്തിന്റെ മാധ്യമമായ അതിനെ ആദരിക്കുക, പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ മിതമായി ഉപയോഗിക്കുന്നതോടൊപ്പം വരും തലമുറകൾക്കായി സംരക്ഷി

ക്കുകയും ചെയ്യുക. ഇപ്രകാരമെല്ലാം വളരെ സാധകമായ ചിന്തകളാണ് അടുത്തകാലത്ത് ദൈവശാസ്ത്രത്തിലും ആധ്യാത്മികചിന്ത യിലുമെല്ലാം ഊന്നപ്പെടുന്നത്.

മുകളിൽ പറഞ്ഞ പ്രകൃതിബദ്ധമായ ആധ്യാത്മികതയ്ക്ക് വളരെ ശക്തമായ പിന്തുണയാണ് പൗരസ്ത്യമതങ്ങൾ, ഹൈന്ദവ ബൗദ്ധ ജൈനമതങ്ങൾ, ഷിന്റോയിസം തുടങ്ങിയവ നൽകുന്നത്. ഭാരതീയ സംസ്കാരത്തിനും മതങ്ങൾക്കും പ്രകൃതിയോടുള്ള ആരാധനാഭാവം സുവിദിതമാണ്. പ്രകൃതിയെയും പ്രകൃതി വസ്തുക്കളെയും ദൈവമായി ആരാധിക്കുന്നത് തീർച്ചയായും ക്രൈസ്തവ വിശ്വാസത്തിന് നിരക്കുന്നതല്ല. എന്നിരുന്നാലും പ്രകൃതിയെ സ്നേഹിക്കുക, ആദരിക്കുക, സംരക്ഷിക്കുക, വളർത്തുക, അതിലൂടെ സംലഭ്യമാകുന്ന ദൈവസാന്നിധ്യവും ദൈവിക സന്ദേശങ്ങളും സ്വീകരിക്കുക, പ്രകൃതിയുമായി ക്രിയാത്മകബന്ധവും മൈത്രിയും പുലർത്തുക, പരമാവധി അഹിംസാഭാവം പുലർത്തുക, ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്കും പ്രകൃതിയുടെ സഹായം ആവശ്യമാണെന്ന് അംഗീകരിക്കുകയും അത് തേടാൻ ശ്രമിക്കുകയും ചെയ്യുക. ഈ കാര്യങ്ങളിൽ ഭാരതീയ സംസ്കാരവും മതങ്ങളും നൽകുന്ന ഉൾക്കാഴ്ചകളും പ്രചോദനങ്ങളും വിവേചിച്ചറിഞ്ഞ് സ്വീകരിക്കുകയും ആകാം. ഈ വലിയ ആദർശം പ്രവൃത്തിയിലേക്ക് കൊണ്ടുവരാൻ ആശ്രമങ്ങൾ പരിശ്രമിക്കുന്നു. പ്രകൃതിബദ്ധമായ ആധ്യാത്മികതക്ക് (ecospirituality) വളക്കൂറുള്ള മണ്ണാണ് ആശ്രമങ്ങൾ. പ്രകൃതിയോട് പൊതുവായും ഭൂമിദേവിയോട് പ്രത്യേകമായും ഉള്ള ആദരവിന്റെ പ്രകടനവും പ്രതീകവും എന്ന നിലയിലാണ് ആശ്രമങ്ങളിൽ ചെരുപ്പ് ഉപയോഗിക്കരുത്, സസ്യഭക്ഷണമേ ആകാവൂ, ഭക്ഷണം കൈകൊണ്ട് കഴിക്കണം, കായികാധ്വാനവും കരവേലയും ഉണ്ടാകണം, കഴിയുന്നിടത്തോളം പ്രകൃതിദത്തമായ വസ്തുക്കൾ മാത്രം ഉപയോഗിക്കുക എന്നി ങ്ങനെയെല്ലാം നിബന്ധന ഉള്ളത്.

*പ്രായോഗികമോ?*

ആശ്രമശൈലിയെ കുറിച്ച് സംസാരിക്കുമ്പോൾ പലരുടെയും മനസ്സിൽ ഉയർന്നു വരുന്ന ഒരു ചോദ്യമുണ്ട്. ഇത് പ്രായോഗികമാണോ? അതിലെ ആദർശങ്ങളെല്ലാം നല്ലതെങ്കിലും അവയെ പ്രവർത്തി പഥത്തിലേക്ക് കൊണ്ടുവരിക സാധിക്കുന്ന കാര്യമാണോ? പ്രത്യേകിച്ച് നമ്മൾ പണിതുയർത്തിയിട്ടുള്ള വലിയ കെട്ടിടങ്ങളും സ്ഥാപനങ്ങളും

സങ്കീർണ സംവിധാനങ്ങളും ഇടിച്ചു പൊളിച്ച് അവയുടെ സ്ഥാനത്ത് ലളിതവും തുറന്നതുമായ ആശ്രമങ്ങൾ വച്ചുകെട്ടുക എന്നത് എളുപ്പമുള്ള കാര്യമാണോ? പ്രസക്തമായ ഈ ചോദ്യത്തിനുത്തരം ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ പറഞ്ഞു വെച്ചിട്ടുള്ളതാണ്: ''ഇത് (ആശ്രമം) മുഖ്യമായും വ്യക്തിജീവിതമാണ്, സ്ഥാപനം അല്ല; വ്യക്തി അഥവാ വ്യക്തികൾക്കാണ് പ്രാധാന്യം, സ്ഥാപനത്തിനല്ല, വ്യക്തിയുടെ ജീവിതത്തിനാണ് ഊന്നൽ, അയാൾ നടത്തുന്ന സ്ഥാപനത്തിനല്ല.'' ആശ്രമശൈലിയുടേത് എന്ന് പറയാവുന്ന മൂല്യങ്ങളെകുറിച്ചാണ് നമ്മൾ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്തത്. പ്രസ്തുത മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, സാക്ഷാത്കരിച്ചുകൊണ്ട്, സ്വാംശീകരിച്ചുകൊണ്ട് ജീവിക്കുക എന്നതാണ് ആശ്രമശൈലി അഥവാ ആശ്രമ ജീവിതം. ആ മൂല്യങ്ങളും അവയ്ക്ക് അനുസൃതമായ ജീവിതവും സ്ഥലകാല പരിഗണനകൾക്ക് അതീതമാണ്. ആർക്കു വേണമെങ്കിലും എപ്പോഴും എവിടെയും പ്രാവർത്തികമാക്കാവുന്ന മൂല്യങ്ങൾ മാത്രം. അതായത്, തുറവി, ലാളിത്യം, പ്രകൃതിബന്ധം, പരസ്പരബന്ധം, പ്രാർത്ഥനാപരത എന്നീ പഞ്ചമൂല്യങ്ങൾ. ആശ്രമത്തിന്റെ വിശ്വാസപ്രമാണം (ashram creed) എന്നവയെ വിളിക്കാം. അതനുസരിച്ച് ജീവിക്കാൻ നല്ല മനസ്സുള്ള എല്ലാവർക്കും സാധിക്കുമെന്നത് തീർച്ചയാണ്. ആരുടെയും അനുവാദത്തിന് കാത്തുനിൽക്കാതെ ആർക്കും യഥേഷ്ടം ഏതു സാഹചര്യത്തിലും സ്വീകരിക്കാവുന്ന ജീവിതശൈലി മാത്രമാണത്. അക്കാരണത്താൽ അതിന്റെ പ്രായോഗികതയെ സംശയിച്ചിട്ടേ ആവശ്യമില്ല. നല്ല മനസ്സും നിശ്ചയദാർഢ്യവും മാത്രം മതി. ബാഹ്യസംവിധാനങ്ങൾ കൂടി അനുകൂലമാകുമെങ്കിൽ ആശ്രമജീവിതം വളരെ എളുപ്പവും പ്രത്യക്ഷവും ആകും എന്നതിൽ സംശയമില്ല. അങ്ങനെ സാഹചര്യങ്ങൾ ഒത്തു ലഭിക്കുന്നവർ അവ ഉപയോഗപ്പെടുത്തുക. അവരെ സംബന്ധിച്ച് ആശ്രമജീവിതം ഒരു പ്രത്യേക 'വിളി' തന്നെയായി പരിഗണിക്കണം. വിളിക്കുള്ളിലെ വിളിയാകാം. അതേക്കുറിച്ചും അത് വിവേചിച്ചറിയേണ്ടതിനെക്കുറിച്ചും അതിനു പ്രത്യുത്തരിക്കേണ്ടത് എങ്ങനെ എന്നതിനെക്കുറിച്ചും മുമ്പൊരു അദ്ധ്യായത്തിൽ വിവരിച്ചതാണല്ലോ.

### രണ്ടാം ഭാഗം

## മാർഗവും മാതൃകയും

### 2.1. വിളിയും വെല്ലുവിളിയും

നമ്മുടെ നാടിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ ഒട്ടേറെ വെല്ലുവിളികളെ നേരിട്ടു കൊണ്ടു മാത്രമേ ആർക്കെങ്കിലും മിഷനറിയാകാൻ സാധിക്കു. ഉത്തരേന്ത്യയിൽ സുവിശേഷവേലയ്ക്കു പോകുന്നതാണ് മിഷനറിയാവുക എന്നതു കൊണ്ട് നമ്മൾ സാമാന്യമായി വിവക്ഷിക്കുക. മിഷനറി പ്രവർത്തനം ഉത്തരേന്ത്യയിൽ ഒതുക്കി നിർത്താവുന്നതല്ല എന്നതു വാസ്തവം തന്നെ.. എന്നിരുന്നാലും ഈ അദ്ധ്യായത്തിന്റെ പ്രതിപാദ്യം ഏറിയ പങ്കും ഉത്തരേന്ത്യൻ മിഷൻ ആണെന്ന് ഓർമ്മിക്കുന്നത് സൗകര്യപ്രദമാകും. അവിടേയ്ക്കുള്ള ആഹ്വാനം സ്വീകരിച്ച് പുറപ്പെടുന്നവർക്ക് അനുഭവപ്പെടുന്ന വെല്ലുവിളികളെയാണ് മുകളിൽ സൂചിപ്പിച്ചത്. അവയെ മൂന്നായി തരം തിരിക്കാം: സ്വജനങ്ങളിൽ നിന്നുള്ള പ്രോത്സാഹനക്കുറവ്, മിഷൻ രംഗത്ത് അനുഭവപ്പെടുന്ന ഫലരാഹിത്യം, ക്രൈസ്തവ വിരോധം.

*ഉത്തിഷ്ഠ കൈരളി*

സ്വന്തം ജനങ്ങളിൽ നിന്ന് അനുഭവപ്പെടുന്ന തടസ്സങ്ങളാണ് ആദ്യത്തെ വെല്ലുവിളി. ഉദാഹരണത്തിന് മാതാപിതാക്കളടക്കമുള്ള ബന്ധുമിത്രങ്ങൾ സ്നേഹപൂർവ്വം നിരത്തുന്ന തടസ്സങ്ങൾ: എന്തിന് ഇത്ര അകലെ പോകണം? നമ്മുടെ നാട്ടിൽ തന്നെ വൈദികനായാൽ പോരെ? നാട്ടിൽ തന്നെയുള്ള ഏതെങ്കിലും ഒരു സന്ന്യാസ സഭയിൽ ചേർന്നാൽ പോരെ? ഇവിടെയുമുണ്ടല്ലോ ധാരാളം പ്രവർത്തന സാധ്യതകൾ!. സമീപത്താണെങ്കിൽ ഞങ്ങൾക്ക് വല്ലപ്പോഴും ഒന്നു കാണാമല്ലോ! വീട്ടിലും നാട്ടിലുമുണ്ടാകുന്ന ചടങ്ങുകളിലും സംഭവങ്ങളിലും പങ്കെടുക്കാമല്ലോ, സഹായിക്കാമല്ലോ! ഇങ്ങനെ സ്വന്തക്കാർ സ്നേഹപൂർവ്വം ഉന്നയിക്കുന്ന തടസ്സങ്ങളും, നിർബന്ധപൂർവ്വം നടത്തുന്ന യാചനകളും, സഹോദരബുദ്ധ്യാ നൽകുന്ന നിർദ്ദേശങ്ങളും! ഉത്തരേന്ത്യയിലെ മിഷനറിമാർക്കെതിരായി ഇക്കാലങ്ങളിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങളെയും മർദ്ദന

മുറകളെയും കുറിച്ചുള്ള വാർത്തകൾ കേൾക്കുന്ന മാതാപിതാക്കൾ തങ്ങളുടെ മക്കളെ അങ്ങോട്ടു യാത്രയാക്കുവാൻ സ്വാഭാവികമായും വിമുഖരാകയും ചെയ്യുന്നു.

സന്ന്യാസ സഭകളുടെ അധികാരികളിൽ നിന്നും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതികരണങ്ങളും പലപ്പോഴും അത്ര പ്രോത്സാഹജനകമല്ല. പുതിയൊരു മിഷൻ റീജൻ അഥവാ പ്രോവിൻസ് തുടങ്ങുമ്പോഴത്തെ സ്ഥിതി ആലോചിക്കുക. അതിലേയ്ക്ക് പോകാൻ മുമ്പോട്ടു വരുന്നവരെ അഭിനന്ദിച്ചനുഗ്രഹിക്കുന്നതിനു പകരം ഓരോ ന്യായങ്ങൾ ഉന്നയിച്ച് തടസ്സപ്പെടുത്തുന്ന പതിവ് വിരളമല്ലല്ലോ.. നാട്ടിലില്ലേ വേണ്ടുവോളം പ്രവർത്തന മണ്ഡലങ്ങൾ? സ്കൂളുകൾ, കോളേജുകൾ, ഹോസ്പിററലുകൾ, ഇടവക ശുശ്രൂഷ, സാധുജന സേവനം, മതപഠന ക്ലാസ്സുകൾ, അനാഥമന്ദിരങ്ങൾ, വൃദ്ധ മന്ദിരങ്ങൾ, ബോർഡിംഗു ഭവനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ, അധികാര ശുശ്രൂഷ ഇങ്ങനെ നാട്ടിൽത്തന്നെ എത്രയോ അവസരങ്ങൾ തുറന്നു കിടക്കുന്നു. അവിടെയൊക്കെ പ്രവർത്തിച്ചു ജീവിതസാഫല്യമടഞ്ഞു കൂടെ? എന്തിനു പുതിയ മേച്ചിൽ പുറങ്ങൾ അന്വേഷിച്ചു വല്ല യിടത്തേക്കും പോകണം? പോകണമെങ്കിൽത്തന്നെ കഴിവും, കാര്യ ശേഷിയുമുള്ളവർ പോയിട്ടാവശ്യമുണ്ടോ? അവർ തങ്ങളുടെ സേവനം നാട്ടിൽത്തന്നെ കാഴ്ചവെയ്ക്കട്ടെ. നമ്മളല്ലേ പണം വ്യയം ചെയ്ത് അവരെ പഠിപ്പിച്ചു വലിയവരാക്കിയത്? അതിന് പ്രതിനന്ദി കാണിക്കാൻ അവർക്ക് കടമയില്ലേ? അവരുടെ വരുമാനത്തിനുള്ള അവകാശം പഠിപ്പിച്ച നമുക്കുമില്ലേ? ഇവിടമെല്ലാം ഇട്ടെറിഞ്ഞ് പോകുന്നത് അനീതിയല്ലേ? മിഷനു പോകണമെങ്കിൽ പഠിപ്പി ല്ലാത്തവരും കഴിവില്ലാത്തവരും പോയാൽ മതി. വടക്കേ ഇന്ത്യയിലെ വരണ്ട ഗ്രാമങ്ങളിലെ എട്ടും പൊട്ടും തിരിയാത്ത പാവങ്ങളുടെ ഇടയിൽ ജോലി ചെയ്യാൻ വലിയ സാമർത്ഥ്യമൊന്നും ആവശ്യമില്ല. നമ്മൾ അധ്വാനിച്ചുണ്ടാക്കിയ പണം അവിടെ കൊണ്ടു പോയി മുക്കിയിട്ടും കാര്യമില്ല. പോകുന്ന കുറച്ചു പേരുടെ അനുദിനാ വശ്യങ്ങളൊക്കെ നടത്താനെന്തെങ്കിലും മാർഗ്ഗം കാണിച്ചു കൊടുത്താൽ മതി. ഇങ്ങനെ പോകുന്നു നമ്മുടെ സന്ന്യാസ ഭവനങ്ങളുടെയും മാതൃപ്രവശ്യകളുടെയും പ്രേഷിത പ്രവർത്തനം! മിഷനു പോകുന്ന സഹോദരങ്ങളെ അപഥസഞ്ചാരികളും, സുഖ പ്രിയരും, സ്വാതന്ത്ര്യേച്ഛുക്കളുമായി ചിത്രീകരിക്കുന്നവരെയും കാണാം.

ഇനി നമ്മുടെ കേരളത്തിലെ രൂപതകളുടെ കാര്യമെടുക്കാം. സന്ന്യാസ സഹോദരിമാരുടെ സേവനം നഷ്ടപ്പെടുന്നതാണ് അവരുടെ പ്രശ്നം. പുതിയ രൂപതകൾക്കും ഇടവകകൾക്കും രൂപം നൽകിക്കൊണ്ടിരിക്കുന്ന അവർക്ക് കൂടുതൽ കൂടുതൽ വേലക്കാരെ ആവശ്യമുണ്ടത്രെ. വർദ്ധിച്ചു കൊണ്ടിരിക്കുന്ന വേദപാഠ ക്ലാസ്സുകളിലും വിദ്യാമന്ദിരങ്ങളിലും, മെത്രാസന കാര്യാലയത്തിലും, സാമൂഹ്യ സേവനവേദികളിലും, വൃദ്ധവൈദിക മന്ദിരങ്ങളിലും, ധ്യാന മന്ദിരങ്ങളിലും, പുസ്തകശാലകളിലും, അച്ചടിശാലകളിലുമെല്ലാം ജോലിചെയ്യാൻ ആളുവേണ്ടേ? എല്ലാവരും മിഷനിലേയ്ക്കു പോയാൽ ഇവിടുത്തെ കാര്യങ്ങൾ എങ്ങനെ നടക്കും? ഇവിടുത്തെ തസ്തിക കളെല്ലാം നിറഞ്ഞ് കഴിഞ്ഞ് ബാക്കി വല്ലവരുമുണ്ടെങ്കിൽ മിഷനെ ക്കുറിച്ച് ചിന്തിക്കാം. അങ്ങനെ ഒരവസ്ഥ ഉണ്ടാകാനും പോകുന്നില്ല.

ദൈവവിളി പ്രോൽസാഹിപ്പിക്കുന്ന കാര്യം വരുമ്പോഴും ചിന്താശൈലി തഥൈവ. സന്ന്യാസ സഭകളും ഇടവക വൈദികരും മെത്രാനച്ചന്മാരുമെല്ലാം ഇക്കാര്യത്തിൽ അഭിപ്രായൈക്യമുള്ളവരാണ്. കഴിവും, കാര്യശേഷിയുമുള്ളവർ, തെളിഞ്ഞ സ്വഭാവവും തെളിഞ്ഞ വിശ്വാസവുമുള്ള മിടുക്കന്മാരും മിടുക്കിമാരും നാട്ടിൽ നിൽക്കട്ടെ. ബാക്കിയുള്ളവർ വല്ല മിഷനും പോകുന്നെങ്കിൽ തടയേണ്ടതില്ല!

ചുരുക്കത്തിൽ മിഷൻ എന്നു കേൾക്കുമ്പോൾ അലർജിയാണ് പലർക്കും. അറിഞ്ഞോ അറിയാതെയോ വ്യക്തികളിലും സമു ദായത്തിലും രൂപം കൊണ്ടിരിക്കുന്ന സങ്കുചിത മനഃസ്ഥിതിയാണ് അതിനടിസ്ഥാനം. സ്വന്തം കാര്യം കഴിഞ്ഞിട്ടു മതി മറ്റു കാര്യങ്ങൾ എന്ന സ്വാർത്ഥ ചിന്ത തന്നെ. സ്വന്തം നാടും ഇടവകയും രൂപത യുമെല്ലാം വളരണം, വളർത്തണം, അവയോടു ബന്ധപ്പെട്ട സ്ഥാപന ങ്ങളിലും പ്രസ്ഥാനങ്ങളിലുമായി ആളും അർത്ഥവും മുഴുവൻ വ്യയം ചെയ്യണം. എന്തു വിലകൊടുത്തും അവ നിലനിർത്തണം, വർദ്ധി പ്പിക്കണം എന്ന വ്യഗ്രത! ഈ നിലപാട് ക്രിസ്തീയമെന്നു പറയാ നാകുമോ?.

*കൊഴുത്തൊരത്തി മരം*

പാരമ്പര്യത്തിൽ അഭിമാനിക്കുന്നൊരു സഭയാണ് കേരള സുറിയാനി സഭ. അതു നല്ലതു തന്നെ. പക്ഷേ അമിതമായി അഭിമാനിക്കരുത്. അഭിമാനത്തിൽ മാത്രമായി അവസാനിക്കരുത്. അഭിമാനത്തിന് അനുസൃതമായി പ്രവർത്തിക്കുകയും വേണം.

ഇല്ലാത്തതിൽ അഭിമാനിക്കുകയുമരുത്. നൂറ്റാണ്ടുകളുടെ പാരമ്പര്യ മുണ്ടെന്ന് ന്യായമായും അഭിമാനിക്കുന്ന ഈ സഭ എന്തു ഫലം പുറ പ്പെടുവിച്ചിട്ടുണ്ടെന്ന് സ്വയം ചോദിക്കുന്നത് നല്ലതല്ലേ? ഇന്നും കൊച്ചു കേരളത്തിന്റെ അതിർത്തികളിൽ ഒതുങ്ങുന്ന, അതിനു പുറത്തേയ്ക്ക് വികസിക്കാനോ വെളിച്ചം പകരാനോ വലിയ ബദ്ധപ്പാടെന്നും പ്രദർശിപ്പിക്കാത്ത കേരള സുറിയാനി സഭ! ശാഖോപശാഖകൾ വീശി ആർത്തു വളരുന്നൊരു അത്തിവൃക്ഷം.. വിശന്നു ഫലമന്വേഷിച്ചു വരുന്ന തോട്ടമുടമയെ നിരാശപ്പെടുത്തുന്ന വൻവൃക്ഷം.. അയാൾ ഇതുവരെ അതിനെ ശപിച്ചു തള്ളിയിട്ടില്ലെന്നത് അനുഗ്രഹം തന്നെ! ഒരവസരം കൂടി നൽകിയിരിക്കുന്നു എന്നു വിചാരിച്ചാൽ മതി. ഒന്നു കൂടെ കിളച്ചു വളമിട്ടു നനച്ചു നോക്കാൻ കാര്യസ്ഥനു അനുവാദം കൊടുത്തിരിക്കുന്നു.

കേരള സഭയുടെ പ്രേഷിതതീഷ്ണതയെ മുക്തകണ്ഠം പ്രകീർത്തിച്ചുകൊണ്ട് പ്രസംഗിക്കുന്നവരും ഗ്രന്ഥം രചിക്കുന്നവരും ധാരാളമുണ്ട് നമ്മുടെ ഇടയിൽ. ഈ സഭയ്ക്ക് പറയത്തക്ക ഫലമൊന്നും പ്രേഷിതരംഗത്ത് ഉണ്ടായിട്ടില്ല എന്നതിനു പ്രധാന കാരണമായി അവർ പറയുക സാഹചര്യങ്ങളുടെ സമ്മർദ്ദമാണ്. പ്രതികൂല ശക്തികളെ ചെറുത്തു നിന്നു കൊണ്ട് സ്വന്തം വിശ്വാസം സംരക്ഷിക്കുന്നതിലും നിലനിറുത്തുന്നതിലും ശ്രദ്ധമുഴുവൻ കേന്ദ്രീ കരിക്കേണ്ടി വന്നുവെത്രെ!. അതിനു പുറമെ കൊളോണിയൽ ശക്തികളുടെയും വിദേശ മിഷനറിമാരുടെയും സ്വാധീനത്തിൽപ്പെട്ട തിരുസഭ 16-ാം നൂറ്റാണ്ടിൽ സ്വീകരിച്ച തെറ്റായ നയങ്ങളും സമീപനങ്ങളും കേരള സഭയുടെ പ്രേഷിത മുന്നേറ്റത്തെയും ചൈതന്യത്തെയും നിർവീര്യമാക്കിയെന്നത് ചരിത്ര വസ്തുതയാണ്.. അഖിലേന്ത്യാ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു ഈ സഭ. 1599-ൽ കൂടിയ നിയമവിരുദ്ധവും അസാധുവുമായ ഉദയംപേരൂർ സൂനഹദോസിനെ തുടർന്ന് സ്ഥിതി മാറി. അങ്കമാലി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന സഭയുടെ ഭരണകൂടം ഇല്ലാതായി. ഭാരതപ്പുഴ ക്കപ്പുറത്തേയ്ക്ക് ഈ സഭ വ്യാപിപ്പിക്കുകയോ സ്വന്തമായ പ്രേഷിത പ്രവർത്തനം വികസിപ്പിക്കുകയോ ചെയ്യരുതെന്ന് മുടക്കും ഏർപ്പെടുത്തി. എല്ലാം പാശ്ചാത്യസഭയുടെ അനധികൃതമായ കൈ കടത്തൽ! കാരണങ്ങൾ എന്തുതന്നെയായാലും കേരള സുറിയാനി സഭയുടെ പ്രേഷിതാവബോധം അന്നും ഇന്നും നാമമാത്രമാണെന്ന അഭിപ്രായമാണ് ഈ ലേഖകനുള്ളത്. കാലഹരണപ്പെട്ട പാരമ്പര്യ

ങ്ങളെപ്പോലും നിലനിറുത്തുക, ഇട്ടാവട്ടത്തിലുള്ള കേരളത്തിലെ സ്ഥാപനങ്ങളും പദ്ധതികളും വർദ്ധിപ്പിക്കുക, അർത്ഥശൂന്യവും അനാരോഗ്യകരവുമായ വാദപ്രതിവാദങ്ങൾക്ക് വളം വയ്ക്കുക എന്നിങ്ങനെയുള്ള പാഴ്‌വേലകളിൽ മുഴുകിക്കഴിയുന്നൊരു സഭയല്ലേ ഇത്?

*വിളിയെന്ന വരം*

ദൈവവിളിയുടെ കാര്യത്തിൽ വളരെ അനുഗൃഹീതമായ ഒരു സമൂഹമാണ് കേരള സുറിയാനിസഭ. വൈദിക സന്ന്യാസാന്തസുകളിലേയ്ക്ക് ധാരാളം ദൈവവിളികൾ ലഭിക്കുന്നൊരു സഭ. ദൈവവിളി കുറയുന്നു എന്ന് പലരും ആവലാതിപ്പെട്ടു കേൾക്കാറുണ്ട്. അതുശരിയല്ല. എണ്ണത്തിന്റെ കാര്യത്തിലെങ്കിലും ദൈവവിളി കുറയുകയല്ല, കൂടികൊണ്ടാണിരിക്കുന്നത്. കേരളത്തിലും വെളിയിലുമുള്ള രൂപതകളിലും സ്ത്രീപുരുഷന്മാരുടെ സന്ന്യാസ സഭകളും അവയുടെ പ്രവിശ്യകളും എത്രയുണ്ടെന്ന് ആലോചിക്കുക. ലത്തീൻ, സീറോ മലങ്കര, സീറോ മലബാർ എന്നീ മൂന്നു സഭകളിലെയും രൂപതകളും സന്ന്യാസസഭകളും പ്രവിശ്യകളും ആണ്ടു തോറും അർത്ഥികളെ അന്വേഷിച്ചു വരുന്നത് ഈ കൊച്ചു കേരളത്തിലേയ്ക്കാണ്. അവർക്കെല്ലാവർക്കും കുറച്ചു പേരെയെങ്കിലും ലഭിക്കുന്നുമുണ്ട്. അങ്ങനെ വർഷം തോറും വിളിക്കപ്പെട്ട് വിവിധ രൂപതകളിലും സഭകളിലും വൈദിക, സന്ന്യസാർത്ഥികളായി ചേരുന്ന യുവതി യുവാക്കളുടെ എണ്ണം ചെറുതൊന്നുമല്ല. ആയിരമായിരം!

കേരള സഭയുടെ കാര്യമെടുത്താൽ, ഇപ്പോൾ ആവശ്യത്തിനു മാത്രമല്ല, ആവശ്യത്തിലധികം വൈദികരും സന്ന്യാസികളും ഉണ്ടെന്നതാണ് വാസ്തവം. സംസ്ഥാനത്തിലെ ഏത് കൊച്ചിടത്തു ചെന്നാലും വഴിയിലും വണ്ടിയിലും ജോലിസ്ഥലത്തും പ്രാർത്ഥന മന്ദിരങ്ങളിലും കണ്ടുമുട്ടുക ധാരാളം വൈദികരെയും സന്ന്യാസിനി സന്ന്യാസിമാരെയുമാണ്. മനോഹരമായൊരു കാഴ്ച. ദൈവത്തിന്റെ അനർഘദാനം. എത നന്ദി പറഞ്ഞാലും മതിയാകാത്ത ദൈവാനുഗ്രഹം. ന്യായമായിട്ടും അഭിമാനിക്കാവുന്ന സ്ഥിതി വിശേഷം. പക്ഷേ നമുക്കാവശ്യത്തിലധികം സന്ന്യാസികളും വൈദികരും ഉണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു ജോലിയില്ല, അവർ ജോലിചെയ്യുന്നില്ല എന്നൊന്നും വിവക്ഷയില്ല. അവർക്കെല്ലാം ധാരാളം ജോലിയുണ്ട്. എല്ലാവരും ധാരാളം ജോലിചെയ്യുന്നുമുണ്ട്. സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ,

ഗ്രാമങ്ങൾ, കൃഷി സ്ഥലങ്ങൾ, പുസ്തകശാലകൾ, ഇടവകകൾ എന്നിവിടങ്ങളിൽ പകൽ മുഴുവൻ അധ്വാനിച്ച് ക്ഷീണിച്ച് തളർന്നാണ് അവരെല്ലാം തന്നെ രാത്രി ഉറങ്ങാൻ പോകുന്നത്. രാവും പകലും അദ്ധ്വാനിക്കുന്നവരുമുണ്ടാകാം. വ്യക്തിപരമായ കാര്യങ്ങൾക്ക് സമയം ലഭിക്കാത്തവർ ധാരാളമുണ്ട്. സ്വസ്ഥമായിരുന്ന് കുറച്ചു പ്രാർത്ഥിക്കുവാൻ പോലും സമയം കാണാൻ ബുദ്ധിമുട്ടുന്നവരുണ്ട്.

പക്ഷേ, നമ്മുടെ വൈദികരും സന്ന്യാസികളും ഇന്നു കേരളത്തിൽ ചെയ്യുന്ന ജോലികളിൽ പലതും അവരെകൊണ്ടേ നടക്കൂ എന്ന രീതിയിലുള്ളതല്ല എന്നതാണു വാസ്തവം. മറ്റു പലർക്കും ചെയ്യാവുന്ന ജോലികളാണിവ. ആ നിലയ്ക്ക് അവ മറ്റാരെയെങ്കിലുമൊക്കെ എൽപ്പിച്ചിട്ടു, ഈ വൈദികർക്കും സന്ന്യാസികൾക്കും തങ്ങളെകൊണ്ട് കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് പോകാമെന്നതാണ് സത്യം. ഇന്നവർ കേരളത്തിൽ ചെയ്യുന്ന നല്ല ഭാഗം ജോലികളും ഏറ്റെടുത്തു നടത്താൻ പ്രാപ്തിയും സന്നദ്ധതയുമുള്ള ധാരാളം അത്മായർ നമുക്കുണ്ടെന്നതും ശ്ലാഘനീയമായ കാര്യമാണ്. അദ്ധ്യാപനം, ആതുരശുശ്രൂഷ, ചികിൽസ, ഗ്രാമസേവനം, ധ്യാനിപ്പിക്കൽ, സംഘടനകളുടെ നേതൃത്വം തുടങ്ങിയ എല്ലാ തുറകളിലും പ്രഗദ്ഭരായ അത്മായർ മുന്നോട്ടു വരുന്ന സന്ദർഭമാണിത്. കാലത്തിന്റെ അടയാളമാണിത്. ആകുന്നിടത്തോളം ഉത്തരവാദിത്വം അത്മായരെ എൽപ്പിച്ചു കൊടുത്തിട്ട് വൈദികരും സന്ന്യാസികളും തങ്ങളുടെ സാന്നിധ്യവും സേവനവും അധികം ആവശ്യമുള്ളിടങ്ങളിലേയ്ക്ക് പോകണമെന്ന സൂചനയാണ് ലഭിക്കുന്നത്. ഇന്നു കേരളത്തിൽ ജീവിച്ചു പ്രവർത്തിക്കുന്ന വൈദികരുടെയും സന്ന്യാസികളുടെയും നല്ലൊരു ഭാഗം മറ്റിടങ്ങളിലേയ്ക്ക് പോകുന്നു എന്നു വിചാരിക്കുക. എന്നാലും ഇന്നു നടക്കുന്ന ഒരു കാര്യവും മുടങ്ങുകയോ തളരുകയോ ചെയ്യുകില്ലെന്നതാണ് വാസ്തവം. കാരണം, ശേഷിക്കുന്നവർ കൂടുൽ കാര്യക്ഷമരാകും, സംഘടിതരാകും. കൂടുതൽ കൂടുതൽ അത്മായസഹോദരങ്ങൾ മുന്നോട്ടു വന്ന് ഒഴിവുകൾ നികത്തുകയും ചെയ്യും.

*സമർപ്പിത കേരളം*

സന്ന്യാസിനി സന്ന്യാസികളുടെ കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. ആവശ്യമുള്ളതിനെക്കാൾ വളരെയധികം സമർപ്പിതർ കേരളത്തിൽ കെട്ടിക്കിടപ്പുണ്ടെന്നത് നിസംശയമാണ്. ഈ ലേഖകൻ

അംഗമായിരിക്കുന്ന സി.എം.ഐ. സഭയെക്കുറിച്ച് തന്നെ പറയാം. ഈ സഭാംഗങ്ങൾ പെട്ടന്ന് കേരളത്തിൽ നിന്ന് അപ്രത്യക്ഷ മായാൽത്തന്നെയും, ''ഞങ്ങളുടെ സി.എം.ഐ.ക്കാർ എവിടെപ്പോയി? അവരെ ഞങ്ങൾക്ക് തിരികെ ലഭിക്കണ''മെന്ന് പറഞ്ഞ് വരുന്നവർ അധികം ഉണ്ടാകില്ല. കാരണം ഈ സഭാംഗങ്ങളുടെ സാന്നിധ്യം ഇന്ന് കേരളത്തിന് അനിവാര്യമല്ല. അവരില്ലെങ്കിലും കേരളീയരുടെ ആവശ്യങ്ങളെല്ലാം നിർവിഘ്നം നടന്നു കൊള്ളും. അവർ മാത്രം ചെയ്തിരുന്ന, അവരെക്കൊണ്ടേ നടക്കൂ എന്ന തരത്തിലുള്ള ധാരാളം കാര്യങ്ങൾ അടുത്തകാലം വരെ കേരളത്തിൽ ഉണ്ടായിരുന്നു. ഉദാഹരണത്തിന്, വിദ്യാമന്ദിരങ്ങൾ, ധ്യാനപരിപാടികൾ, മുദ്ര ണാലയങ്ങൾ, ആതുരാലയങ്ങൾ, സാമുഹ്യ സേവനപദ്ധതികൾ,, കലാസാംസ്ക്കാരിക കേന്ദ്രങ്ങൾ, കുമ്പസാരം, രോഗിലേപനം തുടങ്ങിയ വൈദിക ശുശ്രൂഷകൾ, കുടിയേറ്റ സ്ഥലങ്ങളിലെ അജപാലനം, മതസൗഹാർദ്ദ പ്രവർത്തനങ്ങൾ, ക്രൈസ്തവൈക്യപ്രസ്ഥാനം എന്നീ മണ്ഡലങ്ങളിലെല്ലാം മുന്നിട്ടിറങ്ങി പ്രവർത്തിച്ചിരുന്നവരാണ് സി.എം.ഐ.ക്കാർ. അവരുടെ അസാന്നിധ്യത്തിൽ അവയിൽ പലതും നടക്കാതെ പോകുമായിരുന്ന കാലമുണ്ടായിരുന്നു. എന്നാൾ സ്ഥിതി വളരെ മാറിയിരിക്കുന്നു. പ്രസ്തുത മണ്ഡലങ്ങളിലെല്ലാം ഉന്നത പരിശീലനവും കാര്യക്ഷമതയുമുള്ള ധാരാളം ഇടവകവൈദികരും അത്മായ സഹോദരങ്ങളും പ്രവേശിച്ചു കഴിഞ്ഞു. കാലത്തിന്റെ ചുവരെ ഴുത്തുകൾ ശ്രദ്ധയോടെ വായിച്ച് വഴി മാറിക്കൊടുക്കുക മാത്രമല്ല, തങ്ങളെകൊണ്ട് കൂടുതൽ ആവശ്യമുള്ളിടത്തേയ്ക്ക് പോകുക എന്നത് സി.എം.ഐ.ക്കാരുടെ ആവശ്യമെന്നല്ല, ധർമ്മമാണെന്ന് പറയണം. അജപാലനം തുടങ്ങിയ രംഗങ്ങളിൽ ഒരുകാലത്ത് തങ്ങൾക്കു ണ്ടായിരുന്ന പ്രാഗദ്ഭ്യവും ജനസമ്മതിയും എന്തോ കാരണത്താൽ കുറഞ്ഞു കൊണ്ടിരിക്കുകയല്ലേ എന്ന ചോദ്യത്തിനും യാഥാർത്ഥ്യ ബോധത്തോടെ അവർ ഉത്തരം പറയേണ്ടിയിരിക്കുന്നു.

സി.എം.ഐ.ക്കാരുടെ സാന്നിധ്യം കേരളത്തിന് അനിവാര്യമാ യിരുന്നൊരു കാലമുണ്ടായിരുന്നുവെന്നത് പരമാർത്ഥമാണ്. സഭാ സ്ഥാപകരായ പാലയ്ക്കൽ തോമ്മാച്ചനും, പോരൂക്കര തോമ്മാച്ചനും വല്ല വനാന്തരത്തിലും പോയി സന്ന്യസിക്കാൻ ആഗ്രഹിച്ചവരാണ്. അനുവാദത്തിനായി അവർ അന്നത്തെ മെത്രാനച്ചൻ അഭിവന്ദ്യ മൗറേലിയൂസ് സ്തബിലീനിയെ സമീപിച്ചു. പക്ഷേ അദ്ദേഹം പറഞ്ഞു:

‘സന്ന്യസിക്കണമെന്നുള്ള നിങ്ങളുടെ ആഗ്രഹം സ്തുത്യർഹം തന്നെ. പക്ഷേ ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കാൻ കഴിവുള്ള ചുരുക്കം വൈദികർ നിങ്ങൾ മാത്രമാണ്. നിങ്ങൾ പിൻ വാങ്ങിയാൽ ജനങ്ങളെ സഹായിക്കാൻ മറ്റാരുണ്ടാകും? അതുകൊണ്ട് മറ്റെങ്ങും പോകാതെ, ഇവിടെത്തന്നെ ഒരു സന്ന്യാസാശ്രമം തുടങ്ങുക. എങ്കിൽ അതിൽനിന്ന് നിങ്ങൾക്ക് മാത്രമല്ല, ജനങ്ങൾക്കു കൂടി ഉപകാരമുണ്ടാകും. സന്ന്യാസജീവിതം നയിക്കുന്നതോടൊപ്പം തന്നെ നിങ്ങൾക്ക് ജനസേവനം അനുഷ്ഠിക്കുവാൻ സാധിക്കുകയും ചെയ്യും. അതാണിപ്പോൾ നിങ്ങളുടെ സ്വധർമ്മം.’ പ്രസ്തുത ഉപദേശം സ്വീകരിച്ച് തുടങ്ങിയതാണ് സി.എം.ഐ സഭ. തങ്ങളുടെ സാന്നിധ്യവും ശുശ്രൂഷയും കേരളീയർക്ക് അനിവാര്യമാണെന്ന സന്ദേശത്തിന് ഔദാര്യപൂർവ്വം പ്രത്യുത്തരിച്ച നീണ്ട തലമുറകളുടെ ചരിത്രമുണ്ട് സി.എം.ഐ. സഭയ്ക്ക്. കേരളസഭയുടെ മാത്രമല്ല, കേരളീയരുടെ മുഴുവൻ ആവശ്യങ്ങളെ കണക്കിലെടുത്ത് സമർപ്പണബോധത്തോടും ത്യാഗസന്നദ്ധതയോടും കൂടി അധ്വാനിച്ചു സി.എം.ഐ. കാർ. ജനസേവനത്തിന് മറ്റാരും മുന്നോട്ടു വരാൻ ഇല്ലാതിരുന്ന കാലത്ത്, മറ്റാർക്കും ചെയ്യാൻ സാധിക്കാതിരുന്ന പദ്ധതികളുമായി അവർ രംഗത്തിറങ്ങി പ്രവർത്തിച്ചു. അതിന്റെ ഫലമായി കേരളസഭ ഇന്നു സ്വയം പര്യാപ്തമായിട്ടുണ്ട്. ആളു കൊണ്ടും അർത്ഥം കൊണ്ടും ധാരാളം ധാരാളം ഇടവക വൈദികരും സന്ന്യസ്തരും, അവർ ഏറെറടുത്തു നടത്തുന്ന ധാരാളം ജനസേവന പദ്ധതികളും, അവരോടൊപ്പം പ്രവർത്തിക്കുന്ന സുശക്തമായ അത്മായ നേതൃത്വവും. ചുരുക്കത്തിൽ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പ്രചോദകരും പ്രവർത്തകരുമായി അനേകം പേർ പ്രത്യക്ഷ പ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സി.എം.ഐ. കാർക്കു ചാരിതാ ർത്ഥബോധത്തോടെ, തങ്ങളെകൊണ്ട് കൂടുതൽ ആവശ്യമുള്ളി ടത്തേയ്ക്ക് തിരോധാനം ചെയ്യാമെന്നതാണ് വസ്തുത. കേരളസഭയ്ക്ക് ഉണ്ടായിരുന്ന അസൂയാവഹമായ അഭിവൃദ്ധിക്കു പിന്നിൽ പ്രവർത്തിച്ചത് വാഴ്ത്തപ്പെട്ട ചാവറയച്ചനും തങ്ങളുടെ പൂർവ്വിക രുമാണെന്ന കാര്യം തീർച്ചയായും സി.എം.ഐ.ക്കാർക്ക് അഭിമാന കരമാണ്. അതോടൊപ്പം, ഇന്നത്തെ സാഹചര്യങ്ങളിൽ കേരളത്തിൽ തങ്ങൾ അധികപ്പറ്റാണെന്ന കാര്യം യാഥാർത്ഥ്യബോധത്തോടെ അവർ അംഗീകരിക്കുകയും വേണം. കേരളത്തിലെ മേലധ്യക്ഷന്മാരും വൈദികരും മാത്രമല്ല, അത്മായർക്കുടി പരോക്ഷമായിട്ടെങ്കിലും

നൽകുന്ന നല്ലൊരു സന്ദേശമല്ലേ അത്? അത് വിവേചിച്ചറിയാതെ വർത്തിക്കുന്നത് അബദ്ധമായിരിക്കും. ഓരോ മുടന്തൻ ന്യായം പറഞ്ഞ് ആവശ്യമില്ലാത്തിടത്ത് പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നത് കൃത്യ വിലോപമായിരിക്കും. സ്വന്തം കഴിവുകളുടെയും സിദ്ധികളുടെയും ദുരുപയോഗമായിരിക്കും.

സി.എം.ഐ. ക്കാരെ സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ച കാര്യം ഇതരസഭകളുടെയും കൂടി ചിന്തയ്ക്ക് വിഷയമാക്കേണ്ടതാണ്. ദൈവ വിളിയെന്ന മഹാദാനം കൊണ്ട് വളരെ അനുഗൃഹീതമാണ് കേരളത്തിലെ എല്ലാ സന്ന്യാസസഭകളും രൂപതകളും. അതിൽ ന്യായ മായിട്ടും നമുക്ക് അഭിമാനിക്കാം. അതോടൊപ്പം ദൈവത്തിന് നന്ദി പറയുകയും ചെയ്യുക. നമുക്ക് ആവശ്യത്തിലധികം വൈദികരും സന്ന്യാസികളും ഉണ്ടെന്ന വസ്തുത കൂടി അംഗീകരിക്കുക. അവരെ കൂടുതൽ ആവശ്യമുള്ള ഇതരസ്ഥലങ്ങളിലെ ആളുകൾക്ക് സംലഭ്യ മാക്കുവാനുള്ള കടപ്പാടു വിസ്മരിക്കരുത്. അരൂപിയുടെ ദാനങ്ങൾ നൽകപ്പെടുന്നത്, അവ സ്വീകരിക്കുന്നവർക്കു വേണ്ടി മാത്രമല്ല, പൊതുനന്മക്കു കൂടിയാണെന്ന വിശുദ്ധ ശ്ലീഹായുടെ പ്രബോധനം ഓർമ്മയിലുണ്ടാകണം (1 കൊറി 12: 7). ദൈവവിളിയെന്നത് വ്യക്തി കൾക്കായി മാത്രമല്ല, അവർ അംഗങ്ങളായിരിക്കുന്ന കുടുംബ ങ്ങൾക്കും, സമൂഹത്തിനും, സമുദായത്തിനും, സഭയ്ക്കും കൂടി ലഭിക്കുന്ന വലിയ ദാനമാണ്. അത് ആരും തങ്ങൾക്ക് മാത്രമായി സംവരണം ചെയ്യരുത്; അതു സുലഭമല്ലാത്ത മറ്റ് സഹോദരങ്ങളുമായി പങ്കിടണമെന്നത് വലിയ ധർമ്മമാണ്. നമ്മുടെ കേരളസഭയും സന്ന്യാസസമൂഹങ്ങളും ഈ ധർമ്മത്തെക്കുറിച്ച് ഇനിയും വേണ്ടത്ര ബോധവാന്മാരായിട്ടില്ല എന്നതാണ് ദുഃഖസത്യം. ഈ ദുഃസ്ഥിതി മാറി, ആഴപ്പെട്ടതും കാര്യക്ഷമവുമായ പ്രേഷിതാവബോധം നമ്മിൽ ഉണ്ടാ കേണ്ടിയിരിക്കുന്നു.

*അല്പം സ്വകാര്യം*

മിഷൻ രംഗത്ത് ഒരു അകാല പ്രജയാണ് ഞാൻ. ഏകദേശം ഇരുപത്തഞ്ചു വർഷം മുമ്പ് മനസ്സില്ലാമനസ്സോടെ ഈ രംഗത്തേക്കു കടന്നുവന്നൊരാൾ. ഇന്നു പിന്നോട്ടു തിരിഞ്ഞു നോക്കുമ്പോൾ, എന്റെ പ്ലാനുകൾക്കും പദ്ധതികൾക്കുമെതിരായി യേശു നിർബന്ധപൂർവ്വം എന്നെ ഇങ്ങോട്ടു കൊണ്ടു വന്നുവെന്ന അനുഭവമാണുണ്ടാകുക. അതിൽ ഞാൻ പൂർണ്ണ തൃപ്തനും കൃതജ്ഞനുമാണ്. അങ്ങനെ

വന്നതിനു ശേഷം, സാവകാശത്തിൽ എനിക്കു മനസ്സിലായി, ഇതാണ് എന്റെ വിളി എന്ന്. അതിനു കഴിവു പോലെ പ്രത്യുത്തരിക്കാനും അനുഗ്രഹം ലഭിച്ചു. അതോടെ ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ലളിതമനസ്ക്കരായ ജനങ്ങളെയും, അവരുടെ ചുറ്റുപാടുകളെയും ജീവിതശൈലിയുമെല്ലാം ഇഷ്ടപ്പെടാൻ തുടങ്ങി. ദൈവത്തിന്റെ പദ്ധതിയ്ക്ക് സ്വയം വിട്ടു കൊടുത്തതോടെ കാര്യങ്ങൾ സുഗമമായി, ആസ്വാദ്യമായി, അനാ യാസമായി. എന്നാലും പ്രേഷിതജീവിതത്തിന്റെ പരുപരുത്തതും വെല്ലുവിളി നിറഞ്ഞതുമായ തുറകളിലേയ്ക്ക് ഇറങ്ങി ചെല്ലുവാൻ സാഹചര്യങ്ങളുണ്ടായില്ല. ഏതാണ്ട് ഏഴു വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് ഉത്തരാഞ്ചൽ സംസ്ഥാനത്തിലെ ബിജ്നോർ രൂപതയിൽ ആശ്രമജീവതം ആരംഭിച്ചത്. പിന്നെയും രണ്ടു വർഷം കൂടി കഴിഞ്ഞാണ് ബിജ്നോറിലെ സി.എം.ഐ. മിഷൻ പ്രോവിൻസിൽ അംഗത്വം സ്വീകരിച്ചത്. എന്നാലും പൂർണ്ണമായ അർത്ഥത്തിൽ ഒരു മിഷനറിയാണെന്ന് ഞാൻ ഇന്നും അവകാശപ്പെടുന്നില്ല. മിഷൻ ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രത്യക്ഷമായ ഭാഗഭാഗിത്വം എനിക്ക് ഇനിയും ആയിട്ടില്ല എന്നു സമ്മതിക്കണം. എന്നിരുന്നാലും മിഷൻ ജീവിതത്തിൽ അർത്ഥവും കൃതാർത്ഥതയും കാണാനും അനുഭവിക്കാനും സാധിക്കുന്നുണ്ടെന്ന് വിനീതമായി സമ്മതിക്കട്ടെ. അതിനുള്ള കാരണങ്ങൾ രണ്ടാണ്.

ഒന്നാമതായി, എന്നെ കൂടുതൽ ആവശ്യമുള്ളിടത്തു ജീവിക്കുന്നു എന്ന ബോധ്യം. അതൊരു ചെറിയ ഗ്രാമമോ ഉൾപ്രദേശമോ ആകാം. അവിടെ ചെയ്യുന്ന കാര്യങ്ങൾ വളരെ നിസ്സാരവും സാധാരണവുമാകാം. പക്ഷേ, ഞാനില്ലങ്കിൽ അവിടെ മറ്റാരും ചെയ്യാൻ ഉണ്ടാകില്ല എന്ന അവസ്ഥ. (ഞാൻ അനിവാര്യനാണെന്ന ചിന്തയല്ല. ദൈവം ഔദാര്യപൂർവ്വം അവിടെ അതിനായി എന്നെ നിയോഗിച്ചിരിക്കുന്നു എന്ന ബോധ്യം മാത്രം). ചുരുക്കത്തിൽ, എന്നെക്കൊണ്ട് ആവശ്യമുള്ളിടത്ത്, ഞാനില്ലെങ്കിൽ നടക്കില്ല എന്ന വിധത്തിലുള്ള ചെറുതോ വലുതോ ആയ കാര്യങ്ങൾ ചെയ്തു ജീവിക്കുന്നു എന്ന സംതൃപ്തി. അത് വലിയൊരു സംതൃപ്തി തന്നെ. ഉദാഹരണത്തിന്, കേരളത്തിന് വെളിയിൽ വടക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് പോകുമ്പോൾ കാണുന്നത് ക്രൈസ്തവ സാന്നിധ്യം പോലുമില്ലാത്ത വിസ്തൃതമായ ഭൂപ്രദേശങ്ങളാണ്. അവിടെ എതെങ്കിലുമൊരു കൊച്ചു സ്ഥലത്ത്, ക്രൈസ്തവവിശ്വാസം മുറുകെപ്പിടിച്ചു കൊണ്ട് ജീവിക്കുക എന്നതു തന്നെ വലിയൊരു കാര്യമല്ലേ?.

അധികമൊന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽത്തന്നെയും, ജീവിതം സംതൃപ്തികരമാണെന്നു പറയണം. കാരണം അതിലൂടെ ക്രൈസ്തവ സാന്നിധ്യം, യേശുവിന്റെ സജീവസാന്നിദ്ധ്യം, അവിടെ ഉറപ്പുവരുകയാണ്. ഞാനൊരാളെങ്കിലും അവിടെയില്ലായെങ്കിൽ സാധിക്കാത്തൊരു കാര്യം. ആ നിലയ്ക്ക് എന്നെകൊണ്ടു മാത്രമേ നടക്കൂ എന്നൊരു കാര്യം. എനിക്കു പകരം മറ്റാരും ഇല്ലാത്തൊരു സാഹചര്യം. അക്കാരണത്താൽ എന്നെ തീർച്ചയായും ആവശ്യമുള്ള സ്ഥലവും ആളുകളും. അത് മഹത്തായൊരു മിഷൻ ആണെന്നാണ് എന്റെ വിനീതചിന്ത. അതോടൊപ്പം കുറച്ചുകൂടി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാനും പ്രവർത്തിക്കാനുമൊക്കെ സാധിച്ചാൽ വളരെ ശ്രേഷ്ഠമായി.

ഞാൻ താമസിക്കുന്ന ജീവൻധാര ആശ്രമത്തിലെ കാര്യമെടുക്കുക. ഹിമാലയത്തിൽ 5000 അടി ഉയരത്തിലുള്ള ഒരു കൊച്ചു ഗ്രാമത്തിലാണത്. നന്നേ ചെറിയൊരു സ്ഥലത്തുള്ള ചെറിയൊരാശ്രമം. സ്ഥിരമായി താമസിക്കുന്ന ഞങ്ങൾ കുറച്ചു പേരും വന്നും പോയുമിരിക്കുന്ന സന്ദർശകസാധകരുമാണ് ആശ്രമാംഗങ്ങൾ. മിക്കവാറും നിശബ്ദരായി കഴിയുന്നവർ. എന്തു ചെയ്യുന്നുവെന്നു ചോദിച്ചാൽ, കാര്യമായിട്ടൊന്നും ചെയ്യുന്നില്ല എന്നു പറയണം. ചുറ്റുപാടുമുള്ളവരെ ആകർഷിക്കാനോ സ്വാധീനിക്കാനോ തക്ക പ്രവർത്തനങ്ങളൊന്നുമില്ല.. എന്നാലും ഒരു തൃപ്തിയുണ്ട്; എനിക്കു മാത്രമല്ല എല്ലാവർക്കും ഉണ്ടാകുന്നൊരു സംതൃപ്തി. അതായത്, ഞങ്ങൾ അവിടെ വസിക്കുന്നതു കൊണ്ട് യേശുവിന്റെ സജീവസാന്നിധ്യം അവിടെ ഉണ്ട്. ഞങ്ങൾ ഇല്ലാതിരുന്നെങ്കിൽ ഉണ്ടാകില്ലാതിരുന്ന വലിയ കാര്യങ്ങൾ: ക്രൈസ്തവസാന്നിധ്യം, എന്നും അർപ്പിക്കുന്ന ദിവ്യബലി, വായിച്ചു മനനം ചെയ്യുന്ന വചനം, ദിവ്യകാരുണ്യ പ്രതിഷ്ഠയും യേശുവിന്റെ നിശബ്ദമെങ്കിലും സജീവ സാന്നിധ്യവും. അവയുടെ അദൃശ്യമായ തരംഗങ്ങൾ ചുറ്റുപാടും പ്രസരിക്കുന്നുണ്ടെന്ന് തീർച്ചയാണ്. ആദ്യമാദ്യം അവ അതിലോലമാകാം. പക്ഷേ കാലക്രമത്തിൽ പ്രബലമാകും. തിരമാലകളാകും, തീർച്ച. ആ ദേശവാസികളെ കാലാന്തരത്തിലെങ്കിലും സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും. അങ്ങനെ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണെങ്കിലും സംഭവിക്കാനിരിക്കുന്ന വലിയ കാര്യങ്ങളുടെ തുടക്കം കുറിക്കുകയാണ് ഞങ്ങളുടെ കുറച്ചു പേരുടെ ലളിത ജീവിതവും, അതിലൂടെ സാധിക്കുന്ന യേശുവിന്റെ നിശബ്ദ

സാന്നിധ്യവും എന്നു വിശ്വസിക്കുകയാണ്. അതും സഫലമായൊരു മിഷൻ പ്രവർത്തനമാണെന്നു പറയാമല്ലോ.

മിഷനറി ജീവിതത്തിന് ഉത്തേജനം പകരുന്ന മററൊരു കാര്യം കൂടിയുണ്ട്. അതു വളരെ വ്യക്തിപരമായൊരു കാര്യമാകാം. അതായത്, വച്ചുകെട്ടലൊന്നുമില്ലാത്ത തനിമയിൽ ജീവിക്കാൻ സാധിക്കുന്നുവെന്നത്. കേരളം പോലുള്ള പ്രദേശത്ത് ഒരു വൈദികൻ അഥവാ ഒരു സന്ന്യാസി ആയിരിക്കുക എന്നാൽ ഒട്ടേറെ ഔപചാരികത ആവശ്യപ്പെടുന്ന കാര്യമാണ്. ഭക്ഷണം, യാത്ര, വസ്ത്രം, പെരുമാറ്റം എന്നിങ്ങനെ എല്ലാറ്റിനെയും കുറിച്ച് എഴുതപ്പെട്ടതും അല്ലാത്തതുമായ നിരവധി നിബന്ധനകളുണ്ട്, പരമ്പരാഗത സങ്കൽപ്പങ്ങളുണ്ട്. ജനങ്ങളുടെ പ്രതീക്ഷയുണ്ട്. അവയെ മാനിച്ചും അനുസരിച്ചും മാത്രമേ മുമ്പോട്ടു പോകാനാകൂ. അവിടുത്തെ പ്രത്യേക സാഹചര്യത്തിൽ അതാവശ്യവുമാകാം. ഫലത്തിൽ താൻ ആയിരിക്കുന്നതു പോലെ പ്രത്യക്ഷപ്പെടാൻ പറ്റാത്ത അവസ്ഥ. ഒരു പരിധി വരെയെങ്കിലും കുറേയൊക്കെ ചമയങ്ങൾ അണിഞ്ഞേ വ്യാപരിക്കാനാകു എന്ന പരാധീനത. അതിന് നല്ല വശങ്ങളും ആനുകൂല്യങ്ങളും ഉണ്ടെന്നത് നിഷേധിക്കുന്നില്ല. തനിമ നഷ്ടപ്പെടുന്നതും കൃത്രിമത്വം കലർന്നതുമായൊരു അസ്തിത്വമാണെന്നു മാത്രം. ഉത്തരേന്ത്യയിലെ മിഷൻ പ്രദേശങ്ങളിൽ ഈ സാഹചര്യം ഒഴിവാക്കാമെന്നുള്ളത് ആശാവഹമായെരു കാര്യമായി ഞാൻ ഗണിക്കുകയാണ്. താൻ യഥാർത്ഥത്തിൽ ആയിരിക്കുന്നതു പോലെ ജനമദ്ധ്യത്തിൽ ജീവിക്കാം, പ്രത്യക്ഷപ്പെടാം. മണ്ണിൽ പാദമൂന്നി, പ്രകൃതിയോട് ഗാഢബന്ധം പുലർത്തി, വിയർപ്പിന്റെ മണമേറ്റ് ജീവിക്കാം. സാധാരണ വേഷത്തിൽ സാധാരണക്കാരനായി ജീവിക്കാം. കൃതിമത്വമില്ലാതെ, ഔപചാരികതയൊന്നുമില്ലാത്ത ജീവിതം. നിർവ്യാജമായ വ്യക്തി ബന്ധങ്ങൾ. ഹൃദയത്തോടു ഹൃദയം തുറന്നുള്ള ആശയവിനിമയവും പങ്കുവെയ്ക്കലും. ആർക്കും ആരിൽ നിന്നും മറച്ചു വെയ്ക്കാനോ ചൂഷണം ചെയ്യാനോ ഒന്നുമില്ലാത്ത സുതാര്യത.

*ക്രൈസ്തവ വിരോധം.*

പ്രേഷിത ജിവിതത്തിലെ വെല്ലുവിളികളെക്കുറിച്ചാണല്ലോ ചർച്ച. സഭയ്ക്കുള്ളിൽ നിന്നും ലഭിക്കേണ്ട പ്രോത്സാഹനത്തിന്റെ അഭാവം, കർമ്മ രംഗത്ത് അനുഭവപ്പെടുന്ന ഫലരാഹിത്യം എന്നീ രണ്ടു

വെല്ലുവിളികളാണ് ഇതു വരെ ചർച്ചയ്ക്കു വിഷയമായത്. അവയെ നേരിടാൻ കേരളസഭയുടെ പ്രേഷിത ബോധത്തെ അടിയന്തിരമായി തട്ടിയുണർത്തണമെന്നും, പെതുനന്മക്കായി നൽക പ്പെട്ടിരിക്കുന്ന ദൈവവിളി എന്ന ദാനം മറ്റുള്ളവരുമായി ധാരാള മനസ്സോടെ പങ്കുവയ്ക്കണമെന്നും, വിളിക്കപ്പെടുന്നവർ തങ്ങളെ കൂടുതൽ ആവശ്യമുള്ളിടങ്ങളിൽ പോകാനും ജീവിക്കാനും സന്നദ്ധ രാകണമെന്നും, പ്രേഷിതപ്രവൃത്തിയുടെ ജയപരാജയങ്ങൾ വില യിരുത്തുന്നതിൽ ക്രൈസ്തവരുടെ സംഖ്യ തുടങ്ങിയ പ്രത്യക്ഷമായ നേട്ടങ്ങളും കോട്ടങ്ങളുമാകരുത് മാനദണ്ഡം, മറിച്ച് തക്കസമയത്തും വിധത്തിലും തീർച്ചയായും ദൈവം ഫലം പുറപ്പെടുവിക്കും എന്ന ശരണം, ശുഭാപ്തി വിശ്വാസം ആകണമെന്നും നമ്മൾ കണ്ടു.

കൂടാതെ, യേശുവിനെ അനുകരിച്ച് പ്രേഷിതർ ദൈവ തൃക്കരങ്ങളിലേക്കു ചെയ്യുന്ന നിരുപാധികവും നിഷ്കാമവുമായ ആത്മാർപ്പണമാണ് നിർണ്ണായക ഘടകം. പ്രേഷിതവൃത്തിയിൽ ലഭിക്കുന്ന തിക്തവും മധുരവുമായ എല്ലാ അനുഭവങ്ങളും വിളിയുടെ ഭാഗമായി കണക്കാക്കണം. പ്രതിബദ്ധതയാണ് സർവ്വ പ്രധാനം. അജപാലനം തുടങ്ങിയ പൗരോഹിത്യ ധർമ്മത്തിന് പുതിയ അർത്ഥങ്ങളും മാനങ്ങളും കണ്ടെത്തണം. ദൈവത്താൽ വിളിക്ക പ്പെട്ടിരിക്കുന്നു എന്ന ബോധ്യമാണ് എല്ലാ ചോദ്യങ്ങൾക്കും ആത്യന്തികമായ ഉത്തരം. ഇക്കാര്യങ്ങൾ ലേഖനത്തിന്റെ ശിഷ്ടഭാ ഗത്ത് കൂടുതൽ വ്യക്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*എതിർപ്പിൻ കരുത്ത്*

ഇനി പരിഗണിക്കേണ്ടതായി മൂന്നാമത്തെ ഒരു വെല്ലുവിളി കൂടിയുണ്ട്. അതായത് ക്രൈസ്തവ വിരുദ്ധ ശക്തികളുടെ കടന്നാ ക്രമണം. അടുത്ത കാലത്ത് ഇതു വളരെ രൂക്ഷമായിട്ടുണ്ട്. ഹൈന്ദവ തീവ്രവാദികളുടെ എതിർപ്പു മാത്രമല്ല കൈയ്യേറ്റങ്ങളും. മൃഗീയമായ വിധം പ്രേഷിതർ പീഡിപ്പിക്കപ്പെടുന്നു, ദേഹോപദ്രവമേൽക്കുന്നു. അവർക്കു നീതി ലഭിക്കുന്നില്ല. അവർ മാനഭംഗം അനുഭവിക്കുന്നു, നിരന്തരഭീഷണിക്കു വിധേയരാകുന്നു, വധിക്കപ്പെടുകകൂടി ചെയ്യുന്നു. അവരുടെ ജീവ കാരുണ്യപ്രവർത്തനങ്ങൾ വിഘ്നപ്പെടുന്നു; സ്ഥാപനങ്ങൾക്കും വസതികൾക്കും സുരക്ഷിതത്വമില്ല, വസ്തുക്കൾ കൊള്ളയടി ക്കപ്പെടുന്നു! ആകെ തളർത്തുന്ന അനുഭവങ്ങൾ. അവയെ അവഗണിച്ചുകൊണ്ട് പ്രേഷിത ജീവിതം തുടരുവാൻ എളുപ്പമല്ല.

അതിലേക്ക് കടന്നുവരുവാൻ ഭയം തോന്നുക സ്വാഭാവികം മാത്രം. അതിലേക്കു മക്കളെ യാത്രയാക്കുവാൻ മാതാപിതാക്കളും മടിക്കുന്നു. വെല്ലുവിളി തന്നെ! അതിനെ നേരിടാൻ മാർഗ്ഗമെന്ത്?

ഇക്കാര്യത്തിലും ആവശ്യമായിരിക്കുന്നത് ക്രിയാത്മക ചിന്തയും സമീപനവുമാണ്. ഒന്നാമതായി, പീഡനങ്ങളും ഞെരുക്കങ്ങളും പ്രേഷിതവൃത്തിയുടെ അവിഭാജ്യ ഘടകമാണെന്ന് വിശ്വസിക്കുക. യേശു വ്യക്തമായി മുന്നറിയിപ്പു നൽകിയിട്ടുള്ള കാര്യമാണിത്. ഈ വിഷയത്തിൽ അവിടുത്തെ ആത്മാർത്ഥതയും യാഥാർത്ഥ്യബോധവും അനന്യസാധാരണം തന്നെ. തന്റെ ശിഷ്യർ ദുഃഖത്തിനിടമില്ലാത്ത സ്വപ്നലോകത്തിൽ കഴിയരുത് എന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു. സുന്ദര വാഗ്ദാനങ്ങൾ നൽകി അവരെ ആകർഷിക്കാനോ ഉത്തേജിപ്പിക്കാനോ അവിടുന്നാഗ്രഹിച്ചില്ല. മറിച്ച് വരാനിരിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ചും, തന്റെ ശിഷ്യത്വം ഉൾക്കൊള്ളുന്ന കയ്പ്പുരസത്തെക്കുറിച്ചുമെല്ലാം അവിടുന്ന് അസന്ദിഗ്ധമായ ഭാഷയിൽ പറഞ്ഞു. ''ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു...... മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ; അവർ നിങ്ങളെ ന്യായാധിപ സംഘങ്ങൾക്ക് ഏൽപ്പിച്ചുകൊടുക്കും........നിങ്ങൾ എന്നെ പ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്കു നയിക്കപ്പെടും....... എന്റെ നാമം നിമിത്തം നിങ്ങൾ സർവ്വരാലും ദ്വേഷിക്കപ്പെടും......... ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല; ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല........'' (മത്താ 10: 16-25).

അങ്ങനെയെങ്കിൽ ചിലപ്പോഴെങ്കിലും അനുഭവപ്പെടുന്ന തിരസ്ക്കാരങ്ങളും തെറ്റിദ്ധാരണകളും പീഡനങ്ങളും പ്രേഷിതരെ ഒരു വിധത്തിലും അന്ധാളിപ്പിക്കേണ്ടതില്ല. അതെല്ലാം വിളിയുടെ ഭാഗമാണെന്ന് ഉറച്ചു വിശ്വസിക്കുക. അതിന്റെ അഭാവത്തിലാകട്ടെ, കാതലായ എന്തിന്റേയോ കുറവില്ലേ എന്നവർ സംശയിക്കണം. ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല; ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല എന്ന യേശുവിന്റെ വാക്കുകൾ അനുസ്മരിക്കുക. ലോകം അവിടുത്തേയ്ക്ക് നൽകിയതിലധികം ആദരവും അംഗീകാരവും നമ്മൾ പ്രതീക്ഷിക്കുന്നതു ശരിയല്ല തന്നെ. ചുരുക്കത്തിൽ, തങ്ങളുടെ ന്യായമായ ഓഹരിയാണ് ഞെരുക്കങ്ങളും വേദനകളും എന്നു ചിന്തിക്കുക. അത് ഇത്ര വൈകിയും വിരളമായും മാത്രം വരുവാൻ കാരണമെന്തെന്നാണ് ഒരു പക്ഷേ നമ്മൾ ആരായേണ്ടത്!

നൂറ്റാണ്ടുകളായിട്ടും ക്രൈസ്തവ വിശ്വാസം ഭാരതമണ്ണിൽ വേരൂന്നാത്തത് എന്തുകൊണ്ട് എന്ന സമസ്യയ്ക്കു സമാധാനവും ഈ ദിശയിലാകില്ലേ നമ്മൾ അന്വേഷിക്കേണ്ടത്? വേദസാക്ഷികളുടെ നിണം പുരണ്ടാൽ മാത്രം പോരാ, അതിൽ കുതിരുക തന്നെ വേണം മണ്ണ്. എങ്കിലേ അതു വളക്കൂറുള്ളതാകൂ. അതിൽ മാത്രമേ വിശ്വാസ ബീജം കരുത്തോടെ മുളച്ച് വൻ വൃക്ഷമായി വളർന്ന് ഫലം പുറപ്പെടുവിക്കൂ.

*സുവർണ്ണാവസരം*

സുവിശേഷപ്രഘോഷണത്തിന് ഏറ്റവും ശക്തവും ഫലപ്രദവുമായ മാധ്യമമാണ് മതപീഡനവും രക്തസാക്ഷിത്വവുമെല്ലാം എന്നതാണ് വാസ്തവം. പ്രേഷിതരംഗത്ത് രൂക്ഷമായ എതിർപ്പും പ്രതിസന്ധിയും അനുഭവപ്പെടുന്ന കാലഘട്ടമാണിത്. വിശ്വാസത്തിനു വേണ്ടി കുറച്ചുപേരെങ്കിലും മർദ്ദിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ഇത്ര സംഘർഷാത്മകവും സംഭ്രമ ജനകവുമായ മറ്റൊരു സന്ദർഭം ഭാരതമിഷന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ അതോടു കൂട്ടിച്ചേർക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. അതായത്, ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും ഏറ്റവും വ്യക്തമായും ശക്തമായും ഭാരതത്തിൽ പ്രഘോഷിക്കപ്പെട്ടതും വേദന നിറഞ്ഞ ഈ കാലഘട്ടത്തിൽ തന്നെയാണ്! ക്രൈസ്തവ നിലപാട് ഭാരതീയർ വ്യക്തമായി മനസ്സിലാക്കിയ കാലഘട്ടമാണിത്. നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകമായ തന്റെ പ്രിയഭർത്താവിനെയും രണ്ടു പിഞ്ചോമനകളെയും ജീവനോടെ കത്തിച്ചു കൊന്ന കഠിനഹൃദയരോട് "ഞാൻ ആത്മാർത്ഥമായി ക്ഷമിക്കുന്നു" എന്നു പറഞ്ഞ ഗ്ലാഡിസ് സ്റ്റെയിൻസിന്റെ ശാന്തഗംഭീരമായ വാക്കുകൾ ദിഗന്തങ്ങളിൽ മുഴങ്ങിയ വചനപ്രഘോഷണമായിരുന്നില്ലേ? അതിനേക്കാൾ തെളിവായിട്ട് മുമ്പൊരിക്കലും ക്രൈസ്തവ സ്നേഹം ഈ മണ്ണിൽ പ്രസംഗിച്ചു കേട്ടിട്ടില്ല! അതുകേട്ടുനിന്ന വൈരികളുടെ പോലും ഹൃദയാന്തരാളത്തിൽ ആദരവിന്റെയും മതിപ്പിന്റെയും വികാരങ്ങൾ കുമിഞ്ഞുകൂടിയിട്ടില്ലെങ്കിലേ അദ്ഭുതമുള്ളൂ. അതുപോലെ പ്രതിസന്ധിഘട്ടങ്ങളിൽ നമ്മുടെ സഹോദരി സഹോദരങ്ങളായ പ്രേഷിതർ പ്രദർശിപ്പിക്കുന്ന ക്ഷമയും ധൈര്യവും വിശ്വാസ ദാർഢ്യവും പ്രത്യാശയും സർവ്വോപരി ശത്രുസ്നേഹവും പ്രതി

ബദ്ധതയുമെല്ലാം മനുഷ്യമനസ്സിലേക്കു ചുഴിഞ്ഞിറങ്ങുന്ന സുവിശേഷ പ്രഘോഷണമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ അമാനുഷികതയും നിതാന്തസൗന്ദര്യവും അജയ്യതയും ഭാരതീയർക്ക്, ക്രൈസ്തവ വിരോധികൾക്കു പോലും നിതരാം വ്യക്തമാകുന്ന സന്ദർഭങ്ങളാണവ. അതിന്റെ സത്ഫലങ്ങൾ ദൂരവ്യാപകങ്ങളും വളരെ സൃഷ്ടിപര വുമായിരിക്കുമെന്നതിൽ സംശയമില്ല.

ഏതാനും വർഷങ്ങൾക്കുമുമ്പ് മദ്ധ്യപ്രദേശിൽ ഇൻഡോർ രൂപതയിലെ ഉദയനഗർ എന്ന കുഗ്രാമം സന്ദർശിക്കാൻ ഇടയായി. നമ്മുടെ സഹോദരി റാണി മരിയ എഫ്.സി.സി. 1995 ഫെബ്രുവരി 25-ാം തിയതി മൃഗീയമായി വധിക്കപ്പെട്ട സ്ഥലമാണിത്. ആ ദാരുണ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച മനുഷ്യൻ ഇന്നും ആയുധ ധാരിയായി ആ ഗ്രാമത്തിലൂടെ നടക്കുന്നുണ്ട്. കാണികളെ അമ്പരപ്പിക്കുന്ന കാഴ്ച മറ്റൊന്നാണ്. അതായത്, ആ കരുത്തന്റെ മുന്നിലുടെ തന്നെ ഇന്നും സഞ്ചരിച്ച് ഓരോ കാര്യങ്ങൾ ചെയ്യുന്ന കൊച്ചുസഹോദരിമാർ. സ്നേഹദൂതുമായി പാറിപ്പറന്നു നടക്കുന്ന കൊച്ചുപറവകൾ! സേവനത്തിന്റെ പ്രതീകങ്ങൾ! അവരെ കാണുമ്പോൾ ആ മനുഷ്യന് വെപ്രാളമാണ്, അമ്പരപ്പാണ്. പക്ഷേ അവർക്കു ഭയമില്ല, പ്രതികാരഭാവവുമില്ല. ശാന്തിയും സന്തോഷവും വിതറുന്ന മന്ദഹാസം മാത്രം. ആ ശത്രുനേതാവിനെ കാണു മ്പോഴൊക്കെ ആത്മാർത്ഥതയോടെ അഭിവാദനമർപ്പിക്കുവാൻ അവർ മടിക്കുന്നില്ല. അതൊക്കെ കാണുന്ന ഗ്രാമീണരുടെ മനസ്സിൽ ആശ്ചര്യവികാരം അലയടിക്കുകയാണ്, ചോദ്യങ്ങളുയരുകയാണ്: ഇത്ര നിർഭയരായി വ്യാപരിക്കുവാൻ ഈ കുഞ്ഞുസഹോദരിമാർക്ക് എങ്ങനെ കഴിയുന്നു? ഇവർ മനുഷ്യരല്ലേ? മാലാഖമാരാകുമോ? ക്രൈസ്തവവിശ്വാസത്തിന്റെ അതിസ്വാഭാവികത മനുഷ്യമനസ്സിനെ തൊട്ടുണർത്തുന്ന അനർഘസന്ദർഭങ്ങൾ! ജഗ്ദൽപൂരിലെ ചിവർ ഗാവ്, ഗംഗാളൂർ, ചോട്ടിബട്ടിയ തുടങ്ങിയ ഉൾപ്രദേശങ്ങളിലെ അന്തരീ ക്ഷത്തിലും ഈ നാളുകളിൽ അലയടിക്കുന്ന ചേതോവികാരങ്ങൾ ഇതുപോലെ തന്നെയാണ്.

നമ്മെ ഓരോ വിധത്തിൽ ദ്രോഹിക്കുകയും ശല്യപ്പെടു ത്തുകയും ചെയ്യുന്നവർ പ്രതീക്ഷിക്കുന്ന തെന്താണെന്നോ? നമ്മൾ ഒന്നുകിൽ ഭയന്ന് പിൻതിരിഞ്ഞ് ഓടിപ്പോകണം. അതല്ലെങ്കിൽ പ്രതികാരം ചെയ്യണം. നാമാകട്ടെ ഇതു രണ്ടും ചെയ്യുന്നില്ല! പിൻതിരിഞ്ഞോടുന്നില്ല, പ്രതികാരബുദ്ധിയോടെ പ്രതികരിക്കുന്നുമില്ല.

അതുരണ്ടും ക്രൈസ്തവ സമീപനമല്ല എന്നുള്ളതുകൊണ്ടു തന്നെ. അതുകൊണ്ട് പ്രത്യേകിച്ച് ഒന്നും സംഭവിക്കാത്തതുപോലെ, പൂർവ്വാധികം ഉണർവ്വോടും തീഷ്ണതയോടും കൂടിത്തന്നെ നമ്മൾ അവിടെങ്ങളിലെല്ലാം പ്രവർത്തനം തുടരുന്നു. ഈ നിലപാടാണ് വിരോധികൾക്ക് അസഹ്യം! അതവർക്കൊരു ചോദ്യചിഹ്നമായി മാറുന്നു. കാലക്രമത്തിൽ അതവർക്കൊരു രഹസ്യമായി അനുഭവപ്പെടും. ക്രൈസ്തവർ അസാധാരണക്കാർ തന്നെ എന്ന് മനസ്സില്ലാമനസ്സോടെയെങ്കിലും സമ്മതിച്ചുകൊണ്ട് ആ രഹസ്യത്തിനു മുമ്പിൽ അവർ ശിരസ്സു നമിക്കും. ക്രൈസ്തവവിശ്വാസവും മതവും മാനുഷികമെന്നതിനെക്കാൾ ദൈവികമെന്നവർ സമ്മതിച്ചു പോകും.

*മതസംവാദം: ഉയർച്ചയും താഴ്ചയും*

പ്രേഷിതവൃത്തിക്ക്, വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന്, ഏററവും ഉചിതമായ മാർഗ്ഗമാണ് മതസംവാദമെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന കാലമാണിത്. രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞയുടനെ മതസംവാദം നമ്മുടെ ഇടയിൽ വലിയൊരു ഹരം തന്നെയായിരുന്നു. ഇതരമതസ്ഥരിലും അത് ചലനങ്ങൾ സൃഷ്ടിക്കുകയും സഹകരണമനോഭാവം തട്ടിയുണർത്തുകയും ചെയ്തു. മതസംവാദവേദികളും സമ്മേളനങ്ങളും രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽ ആസൂത്രിതമായി. മറ്റു മതങ്ങളെ പഠിക്കുന്നതിനും, ദൈവത്തിന്റെ പദ്ധതിയിൽ അവയ്ക്കുള്ള അർത്ഥവും സ്ഥാനവും മനസ്സിലാക്കുന്നതിനും, അവയോടു സഹിഷ്ണുത മാത്രമല്ല ആത്മാർത്ഥമായ ആദരവുകൂടി പ്രദർശിപ്പിക്കുന്നതിനും, അവയിലെ വിശുദ്ധവും സത്യവുമായ അംശങ്ങളെ അംഗീകരിക്കുന്നതിനുമെല്ലാം ധാരാളം പ്രോൽസാഹനം, പ്രത്യേകിച്ച് സെമിനാരികളിലും സന്ന്യാസ പരിശീലന കേന്ദ്രങ്ങളിലും, അനുഭവപ്പെട്ടു. പക്ഷേ ഈ ആവേശം സാവകാശത്തിൽ കെട്ടടങ്ങിയതുപോലെ! അതിനു രണ്ടു കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഒന്ന്, ക്രൈസ്തവചിന്തകരുടെയും സമൂഹങ്ങളുടെയും ഇടയിൽ ഇടക്കാലത്തു പ്രബലപ്പെട്ട ലിബറേഷൻ തിയോളജിയും ദളിത് തിയോളജിയും. അവയുടെ വേലിയേറ്റത്തിൽ വേദാധിഷ്ഠിതവും സംഘടിതവുമായ ഹിന്ദുമതത്തോട് കടുത്ത എതിർപ്പുണ്ടായി നമ്മുടെ മനസ്സിൽ. ഭാരതീയ ജനതയുടെ ഭൂരിഭാഗം വരുന്ന ഗ്രാമീണരുടെയും ആദിവാസികളുടെയും പുരോഗതിക്ക് വിലങ്ങുതടിയായി നിൽക്കുന്നതും, അവരുടെ ശോച്യമായ അടിമത്താ

വസ്ഥയെ അരക്കെട്ടുറപ്പിക്കുകയും നിലനിറുത്തുകയും ചെയ്യുന്നതും പ്രസ്തുത ഹിന്ദുമതമാണെന്ന ചിന്ത, അതിനെ അവഗണിക്കാനും അതിന്റെ നേർക്ക് വളർന്നു തുടങ്ങിയിരുന്ന സദ്ഭാവനയെ ഉപേക്ഷിക്കാനും നമ്മെ പ്രേരിപ്പിച്ചു, നിർബന്ധിച്ചു. ഹൈന്ദവരോടല്ലെങ്കിൽ പിന്നെ ആരോടാണ് ഭാരതത്തിൽ മതസംവാദം നടത്തുക? മതസംവാദം അപ്രസക്തമായതു പോലെ! ശേഷിക്കുന്നത് ഗ്രാമീണരുടെയും ആദിവാസികളുടെയും വിമോചനത്തിനും പുരോഗതിക്കും വേണ്ടിയുള്ള സമരപരിപാടികളും അതിനുപകരിക്കുന്ന തത്വസംഹിതകളും മാത്രം. അതുതന്നെയും മിക്കവാറും വിദേശത്തു നിന്ന് കടമെടുത്തത്. ഫലമോ? ഭാരതത്തിന്റെ മുഖ്യമതസാംസ്കാരികധാരകളുടെ വിസ്മൃതി!

ഹൈന്ദവമതസംസ്ക്കാരങ്ങൾ ക്രൈസ്തവർ അവഗണിക്കാൻ തുടങ്ങിയ കാലസന്ധിയിൽ തന്നെയാണ് ഹൈന്ദവ തീവ്രവാദം പെട്ടന്ന് തല ഉയർത്തിയത്. മതസംവാദത്തിന്റെ തളർച്ചയ്ക്ക് രണ്ടാമതൊരു കാരണമായിത്തീർന്നു അത്. ക്രൈസ്തവരുടെ ഹിന്ദുവിരുദ്ധ മനോഭാവത്തെ അതു ശക്തിപ്പെടുത്തുക കൂടി ചെയ്തു. രണ്ടാം വത്തിക്കാൻ സൂനഹദോസിനെ തുടർന്ന് ക്രൈസ്തവരിൽ നാമ്പെടുത്തിരുന്ന ഹൈന്ദവസഹാനുഭൂതിയും നല്ലമനസ്സും പെട്ടെന്ന് മുരടിച്ചു പോയതുപോലെ. വിദ്വേഷം വിതക്കുകയും അക്രമം കൊയ്യുകയും ചെയ്യുന്ന ഹൈന്ദവ മതത്തിൽ എന്തു നന്മയുണ്ടാകാൻ എന്ന് അറിയാതെ തന്നെ പലരും ചോദിച്ചു പോയി. മതേതര സംസ്ക്കാരത്തെ നശിപ്പിക്കാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നവരുമായി സൗഹൃദസംഭാഷണത്തിലേർപ്പെട്ടിട്ട് എന്തു കാര്യം എന്ന നിലപാടായി. അതിനു മുന്നോട്ടു വച്ച കാല് പലരും അറിയാതെ തന്നെ പിന്നോട്ടു വലിച്ചു പോയി. മതസംവാദ പരിശ്രമങ്ങൾക്ക് തിരിച്ചടി കിട്ടിയതുപോലെ!

*ക്രിയാത്മക സമീപനം:*

ഇവിടെ നമ്മൾ വിസ്മരിച്ചു പോകുന്ന ചില വസ്തുതകൾ ഉണ്ട്. ഒന്നാമതായി, ഇന്നത്തെ നിലയിൽ ഭാരതത്തിന്റെ മതസംസ്ക്കാരങ്ങൾ എന്നു പറയുന്നത് ഏറിയ പങ്കും ഹൈന്ദവമാണെന്ന അനിഷേധ്യ സത്യം. വേദാധിഷ്ഠിതമായ ഹൈന്ദവമത സംസ്ക്കാരങ്ങൾ തന്നെയാണു വിവക്ഷ. ഹൈന്ദവാംശങ്ങൾ മാറ്റി നിറുത്തിയാൽ ഭാരതത്തിലെ മതമെന്നും സംസ്ക്കാരമെന്നുമെല്ലാം

പറയുന്നത് നിരർത്ഥകമാകും, പൊള്ളയായ വാക്കുകൾ മാത്രമാകും. കുറഞ്ഞത് മുപ്പത്തഞ്ചു നൂററാണ്ടുകളുടെ പാരമ്പര്യമുള്ള ഒരു വൻവൃക്ഷമാണിത്. ഭാരത മനസ്സന്നെും മനസാക്ഷിയെന്നുമെല്ലാം ഒന്നുണ്ടെങ്കിൽ അതിന്റെ പിന്നിലെ മഹാശക്തി ഹൈന്ദവചിന്തയും ദർശനങ്ങളുമാണ്. ഇടക്കാലത്ത് ഭാരതമണ്ണിൽ ജന്മമെടുത്തിട്ടുള്ള ബുദ്ധമതവും ജൈനമതവുമെല്ലാം ഉണ്ടെന്നത് ശരിതന്നെ. പക്ഷേ അവയും അടസ്ഥാനപരമായി ഹൈന്ദവം തന്നെ. സിക്കുമതം പോലും ഇതിന് അപവാദമല്ല. ഹൈന്ദവാടിസ്ഥാനം പൊളിച്ചു മാറ്റിയാൽ അവയെല്ലാം നിലംപരിശാകും. കർമ്മ സിദ്ധാന്തം, പുനർജന്മം തുടങ്ങിയ ഹൈന്ദവ ബോദ്ധ്യങ്ങൾ സിക്കുമതമുൾപ്പെടെയുള്ള എല്ലാ ഭാരതീയമതങ്ങൾക്കും പൊതുവാണ്, അടിസ്ഥാനപരവുമാണ്. ഹിന്ദുമതസംസ്ക്കാരങ്ങളെ ഉപജീവിച്ചും, അവയുടെ പരിഷ്കൃത പതിപ്പുകളായും മാത്രമാണ് ഭാരതത്തിലെ മറ്റു മതങ്ങൾ ജന്മം കൊണ്ടതും വർത്തിക്കുന്നതും. ഹിന്ദുമത സംസ്ക്കാരങ്ങളുടെ ഉപജ്ഞാതാക്കളും വക്താക്കളുമായ ആര്യന്മാർ ഈ മണ്ണിൽ കാലുകുത്തുന്നതിനു മുമ്പു തന്നെ ഇവിടെ മതസംസ്ക്കാരങ്ങൾ ഉണ്ടല്ലോ എന്ന് ആരെങ്കിലും ചോദിച്ചേക്കാം. ശരിയാണ്, കൂടുതലായും ആദിവാസികളുടെ മതസംസ്കാരങ്ങൾ. പക്ഷേ ഇന്നവ വളരെ അസംഘടിതവും അപരിഷ്കൃതവുമായ അവസ്ഥയിലാണ്, അഥവാ ആര്യരുടെ മത സംസ്ക്കാരങ്ങളുമായി സമ്മിശ്രമായ അവ സ്ഥയിലാണ്. അവയെ സ്വതന്ത്രമായി വളർത്തിയെടുക്കാനോ വിടർത്തിയെടുക്കാനോ ഉള്ള ആവേശവും ബദ്ധപ്പാടും ആവശ്യ മുണ്ടെന്നും തോന്നുന്നില്ല. അവയ്ക്ക് തനിമയും വികസന സാദ്ധ്യതയുമെല്ലാം ഉണ്ടായിരുന്നുവെന്നത് ശരിതന്നെ. സാഹ ചര്യങ്ങൾ അനുകൂലമായിരുന്നുവെങ്കിൽ കെട്ടുറപ്പുള്ള സ്വതന്ത്ര സംസ്ക്കാരങ്ങളായി അവ വളരുമായിരുന്നുവെന്നു ന്യായമായി ഊഹിക്കുകയും ചെയ്യാം. പക്ഷേ അങ്ങനെയെന്നും സംഭവിച്ചില്ല എന്നതല്ലേ ചരിത്രവസ്തുത. അതിന്റെ കുറ്റക്കാരേ കണ്ടുപിടിച്ചു ശിക്ഷിക്കാനുള്ള വൃഥാ ശ്രമത്തിൽ സമയം കളഞ്ഞിട്ടാവശ്യമുണ്ടോ? അതിനുപകരം യാഥാർത്ഥ്യബോധത്തോടെ വസ്തുതകൾ അംഗീ കരിക്കുകയും, ഏതുഭാഗത്തു നിന്നും ലഭിക്കുന്ന വിഭവങ്ങൾ പരമാവധി ഉപയോഗിച്ച് സ്ഥിതിഗതികൾ മെച്ചപ്പെടുത്തുവാനും, രാജ്യത്തിന്റെ മതസംസ്ക്കാരന്തരീക്ഷത്തെയും പരിതോവസ്ഥയെയും ഉപരി സംസ്ക്കരിക്കുവാനും കെട്ടിപ്പടുക്കുവാനുമല്ലേ ശ്രദ്ധിക്കേണ്ടത്? തുറന്ന

മനോഭാവവും പരസ്പരാംഗീകാരവും, വളരുവാനും വളർത്തുവാനുമുള്ള സന്നദ്ധതയാണ് ആവശ്യം. നിലവിലിരിക്കുന്ന എല്ലാ മതസംസ്ക്കാരങ്ങൾക്കും അതത് അർഹിക്കുന്ന സ്ഥാനവും അംഗീകാരവും നൽകുക. ഭാരതത്തിൽ മുഖ്യസ്ഥാനം ഹൈന്ദവ പാരമ്പര്യങ്ങൾക്കു തന്നെ നൽകേണ്ടി വരും. അവയിലും ചെറുതും വലുതുമായ എല്ലാ ഭാരതീയപാരമ്പര്യങ്ങളിലും കൊള്ളാവുന്ന എല്ലാററിനെയും, തുറന്ന മനസ്സോടും ആത്മാർത്ഥതയോടും കൂടി സ്വീകരിക്കുക, അവയെ സ്വാംശീകരിച്ചുകൊണ്ട് വളരുക. അതാണാവശ്യം. അതാണ് ക്രൈസ്തവധർമ്മം. ഒന്നിനെയും നശിപ്പിക്കാതെ പൂർത്തിയാക്കുന്ന യേശുവിന്റെ പദ്ധതിയാണത്.

*സമ്പൂർണ്ണമായ പ്രതിബദ്ധത*

ചെയ്യുന്ന കാര്യങ്ങളും അവയുടെ വലിപ്പചെറുപ്പവും പ്രത്യക്ഷ ഫലങ്ങളൊന്നുമല്ല മിഷൻ ജീവിതത്തിൽ പ്രധാനപ്പെട്ടവ. പ്രത്യുത, യേശുവിന് മിഷനറി ചെയ്യുന്ന ആത്മാർപ്പണമാണ്. തന്നെത്തന്നെ ആ കരങ്ങളിലേയ്ക്ക് ഏൽപ്പിച്ചു കൊടുക്കുക, നിരുപാധികമായി, സമ്പൂർണ്ണമായി. എവിടെ വയ്ക്കണം, എന്തു ചെയ്യിക്കണം, എന്തെന്ത് അനുഭവങ്ങളിലൂടെ കടത്തിക്കൊണ്ടു പോകണം എന്നതെല്ലാം അവിടുന്ന് നിശ്ചയിച്ചു കൊള്ളട്ടെ. ആ നിലപാടാണ് പ്രേഷിതാഹ്വാനത്തിനുള്ള പ്രത്യുത്തരം. ഒത്തുതീർപ്പില്ലാത്ത സമർപ്പണബോധം, സമർപ്പിതജീവിതം. അതാണ് പ്രേഷിത മനോഭാവം, പ്രേഷിതജീവിതം. ഇക്കാര്യത്തിൽ മുതിർന്ന തലമുറക്കാരിൽ നിന്നും നമുക്ക് ഒത്തിരി പഠിക്കാനുണ്ട്, പ്രത്യേകിച്ച് വിദേശമിഷനറിമാരിൽ നിന്ന്. നാടും വീടുമെല്ലാമുപേക്ഷിച്ച് ഉള്ളവരെയും, ഉള്ളവയെയും മറന്ന്, മറു നാട്ടിൽ വന്ന് വളരെ പരിമിതവും, പലപ്പോഴും പ്രതികൂലമായ സാഹചര്യങ്ങളിൽ സ്വയം ഇല്ലാതാക്കി ജീവിച്ച് പ്രവർത്തിച്ച് മരിച്ച എത്രമാത്രം പ്രേഷിതശ്രേഷ്ഠന്മാർ! മറുനാട്ടിൽ അവർക്ക് ലഭിച്ച ഏറ്റവും സമ്പന്നവും സൗകര്യപ്രദവുമായ സാഹചര്യങ്ങൾ പോലും അവരുടെ നാട്ടിലെ താഴെക്കിടയിലേതെ ആകൂ എന്നോർക്കുമ്പോൾ, അവർ ചെയ്ത ത്യാഗത്തിന്റെ വലുപ്പം ഊഹിക്കാമല്ലോ. ഇന്നു പോലും കേരളത്തിൽ നിന്ന് വടക്കേ ഇൻഡ്യയിൽ മിഷൻ വേലയ്ക്കു പോകുന്ന നമുക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ കുറച്ചൊന്നുമല്ല. പരിചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, ഭാഷ, ഭക്ഷണരീതി, ആചാരമര്യാദകൾ, സംസ്ക്കാരം, അസഹ്യമായ കാലാവസ്ഥ; വഴിയോ

വാഹനമോ സമ്പർക്കമാധ്യമങ്ങളോ ഒന്നുമില്ലാത്ത ഉൾപ്രദേശങ്ങൾ; ശ്വാസം മുട്ടുന്ന, മനസ്സു മടുപ്പിക്കുന്ന നിസ്സഹായത. നമ്മുടെ ഇന്നത്തെ അനുഭവം ഇതാണെങ്കിൽ, മുൻകാലങ്ങളിൽ സമുദ്രം കടന്നു വന്ന വിദേശമിഷനറിമാരുടെ അവസ്ഥ ഊഹിക്കുവാൻ പോലും സാധ്യമല്ല. പക്ഷേ അവർ വിളിയുടെ വെല്ലുവിളി സ്വീകരിച്ചു. വിളിച്ചവനോടുള്ള വിശ്വസ്തതയും വിളിയ്ക്ക് നൽകിയ സമർപ്പണവുമായിരുന്നു അവരുടെ കൈമുതലും ശക്തിസ്രോതസ്സും. തികഞ്ഞ ഏകാഗ്രതയോടെ, സമർപ്പണബോധത്തോടെ അവർ ദൗത്യനിർവ്വഹണത്തിൽ മുഴുകി. ഗ്രാമീണഭാഷ പഠിച്ച്, വസ്ത്രത്തിലും, ഭക്ഷണത്തിലും ഇല്ലായ്മയിലും ഉള്ളായ്മയിലുമെല്ലാം അവർ പാവപ്പെട്ട നാട്ടുകാരുമായി താദാത്മ്യപ്പെട്ടു. തിരികെപ്പോകണമെന്നോ, വല്ലപ്പോഴുമെങ്കിലും സ്വന്തപ്പെട്ടവരെ സന്ദർശിക്കണമെന്നോ ഉള്ള ചിന്തകൾ അവരിൽ പലർക്കും ഇല്ലായിരുന്നു; അഥവാ അങ്ങനെയുള്ള മാനുഷികാഭിലാഷങ്ങളെ അവർ അറിഞ്ഞുകൊണ്ട് സ്വതന്ത്രമായി പരിത്യജിച്ചു. ആ പരിത്യാഗം തങ്ങൾക്കു ലഭിച്ചിരുന്ന വിളിക്കു പ്രത്യുത്തരമായി അവർ കണക്കാക്കി. അതവരെ കൃതാർത്ഥരാക്കി. സമ്പൂർണ്ണമായ ആത്മാർപ്പണം, പ്രതിബദ്ധത!

എൺപതുകളുടെ ആരംഭത്തിൽ ചിലിമ്പൂർ എന്ന ഗ്രാമീണ മിഷൻ സന്ദർശിക്കാൻ ഇടയായി. സന്താളികൾ എന്നറിയപ്പെടുന്ന ആദിവാസികളുടെ ഗ്രാമം. ബംഗാൾ സംസ്ഥാനത്തിന്റെ ഭാഗം. ബീഹാറിനോട് തൊട്ടടുത്തുള്ള ഒരു ഉൾപ്രദേശം. മാൾട്ടാ ദ്വീപിൽ നിന്നുമുള്ള ഈശോസഭക്കാരും ബംബിനാ സഹോദരിമാർ എന്നറിയപ്പെടുന്ന കന്യാസ്ത്രീകളുമാണ് മിഷനറിമാർ. ചെറിയൊരു ഹോസ്പിറ്റൽ, ബോർഡിംഗ് മന്ദിരം, ഗ്രാമസേവനപദ്ധതികൾ തുടങ്ങിയ സാധാരണ പ്രവർത്തനങ്ങൾ മാത്രം. ഗ്രാമങ്ങൾ തോറും ബലിയർപ്പിക്കുന്നതിനും മറ്റുമുള്ള സംവിധാനങ്ങളുണ്ട്. അങ്ങനെയുള്ള സെന്ററുകളിൽ മിഷനറിമാരോടു കൂടി ഞാനും പോയി. ഗ്രാമീണരീതിയിൽ കെട്ടിയുണ്ടാക്കിയിട്ടുള്ള വലിയ ഹോളാണ് പള്ളി. നിറയെ ജനം. ക്രൈസ്തവ മതം അവലംബിച്ച സന്താളികൾ. ആഘോഷപൂർവ്വമായ ബലിയർപ്പണം. താളമേളങ്ങളും, പാട്ടും, പ്രാർത്ഥനകളും കൊണ്ട് മുഖരിതമായ അന്തരീക്ഷം. ജനം മുഴുവൻ സജീവമായി പങ്കെടുക്കുന്നു. എന്നിൽ ഏറ്റവുമധികം കൗതുകമുണർത്തിയത് അവരിൽ ഓരോരുത്തരുടെയും കയ്യിൽ ഉണ്ടായിരുന്ന തടിച്ച പുസ്തകമാണ്. സന്താളിയല്ലാതെ വേറൊരും ഭാഷയും

അറിയാത്ത ആദിവാസികളാണവർ. അതിലാകട്ടെ അക്ഷരമോ അച്ചടിയോ ഒന്നുമില്ലതാനും. പിന്നെ എങ്ങനെ ഈ പുസ്തകങ്ങൾ അവരുടെ കയ്യിൽ വന്നു എന്നതായിരുന്നു എന്റെ ചിന്ത. പിന്നീടന്വേഷിച്ചപ്പോൾ മനസ്സിലായി, സന്താളി ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തിരിക്കുന്ന ക്രൈസ്തവ പ്രാർത്ഥനകളും പാട്ടുകളും, പഠനങ്ങളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കമെന്ന്. അച്ചടിച്ചിരിക്കുന്നത് ഇംഗ്ലീഷ് ലിപിയിൽ; കുത്ത്, കോമ തുടങ്ങിയ ചിഹ്നങ്ങൾ ഉപയോഗിച്ച് ക്ലിപ്തപ്പെടുത്തിയിരിക്കുന്ന ഉച്ചാരണങ്ങൾ. എനിക്ക് അദ്ഭുതം തോന്നി. മിഷനറിമാരുടെ പ്രതിബദ്ധതയ്ക്ക് തികഞ്ഞ ഉദാഹരണം. അവർ ആ കുഗ്രാമത്തിൽ വന്ന്, ജനങ്ങളോടൊത്ത് ജീവിച്ച്, അവരുടെ ഭാഷ വശമാക്കി, അതിനു ലിപിയുണ്ടാക്കി, ക്രൈസ്തവ വിശ്വാസം സംബന്ധിച്ച എല്ലാ കാര്യങ്ങളും മനോഹരമായി അതിലേക്ക് തർജ്ജമ ചെയ്ത് പുസ്തക രൂപത്തിൽ അവർക്ക് കരഗതമാക്കി. ജീവിതം തപസ്യയാക്കിയ മിഷനറിമാർ!

അവിടെ പ്രായത്തിലും ജ്ഞാനത്തിലും വൃദ്ധനായൊരു മിഷനറിയെക്കണ്ടു. ഈശോസഭാഗം. സ്വദേശം മാൾട്ട. ഒരു യുവ വൈദികനായി ചിലമ്പൂരിൽ എത്തിയതാണ്. അവിടെ എല്ലാ വിധത്തിലും സന്താളികളിൽ ഒരാളായിത്തീർന്നു. അവർക്കു വേണ്ടി കഠിനമായി നിരന്തരം അദ്ധ്വാനിച്ചു. വയസ്സ് എൺപത് ആകും. വന്ദ്യവാർദ്ധക്യം. വയ്യാതായി. വിശ്രമജീവിതം. എന്നാലും തികഞ്ഞ സന്തോഷം. തൃപ്തി. അദ്ദേഹവുമായി സംസാരിക്കുന്നതു തന്നെ വലിയൊരു ദിവ്യാനുഭൂതിയായിരുന്നു. ഇടയ്ക്ക് ഞാൻ ഒന്നു ചോദിച്ചു. ഇൻഡ്യയിലെ ദീർഘകാല വാസത്തിനിടയ്ക്ക് വല്യച്ചൻ ബാംഗ്ലൂരിൽ പോയിരിക്കുമല്ലോ? ബാഗ്ലൂരിൽ നിന്നാണ് ഞാൻ അന്ന് ചിലമ്പൂർ സന്ദർശിച്ചത്. മനോഹരമായ ബാഗ്ലൂർ നഗരം. ഒരു കത്തോലിക്കാ കേന്ദ്രം. ആ നിലയ്ക്ക് ഇത്ര ദീർഘനാൾ ഇൻഡ്യയിൽ കഴിച്ച അദ്ദേഹം തീർച്ചയായും ബാഗ്ലൂർ സന്ദർശിച്ചിട്ടുണ്ടാകും എന്നായിരുന്നു എന്റെ വിശ്വാസം. പക്ഷേ അദ്ദേഹത്തിന്റെ മറുപടി എന്നെ അമ്പരപ്പിച്ചു. ‘‘ഞാനോ? ബാഗ്ലൂരോ? ഇല്ലേയില്ലാ! ബാഗ്ലൂർ എന്നല്ല ഒരിടത്തും പോയിട്ടില്ല!’’ എന്ത്യേ? അദ്ദേഹം കൂട്ടിച്ചേർത്തു. ‘‘ഞാൻ ഇവിടെ ഈ ഗ്രാമത്തിലേയ്ക്ക് അയക്കപ്പെട്ടു. ഇവിടെ ജീവിച്ചു, പ്രവർത്തിച്ചു. ഇനി ജീവിതാവസനമായി. ഇവിടെത്തന്നെ മരിച്ച് അടക്കപ്പെടണം. വേറൊരു പലവിചാരവും ഇല്ല.’’ഏകാഗ്രത. പ്രതിബദ്ധത, സമർപ്പണം, തൽഫലമായ സംതൃപ്തി. സന്തോഷം. എല്ലാം പൂർത്തിയായി എന്ന കൃതാർത്ഥത!

ആ നാളുകളിൽ തന്നെ വോറൊരു ഈശോസഭാംഗത്തെ കൽക്കട്ടയിൽ കണ്ടുമുട്ടി. ചെറുപ്പത്തിലെ ഇൻഡ്യയിലെത്തിയ വിദേശി. ബൽജിയംകാരനാണെന്നു തോന്നുന്നു. അറുപതിലേറെ വയസ്സ്. കൽക്കട്ട നഗരത്തിനടുത്തുള്ള ഒരു ചെറിയ സ്ഥാപനത്തിലാണ് ജോലിയും വാസവും. അവിടെ എന്തെടുക്കുന്നുവെന്നോ? വിശുദ്ധ അഗസ്റ്റിന്റെ ''കൺഫെഷൻ'' എന്ന ആത്മകഥ ബംഗാളി ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തു കൊണ്ടിരിക്കുകയാണ്. ആ പുതിയ ഭാഷയിൽ പ്രാവീണ്യം നേടിയെന്നു മാത്രമല്ല, ക്രൈസ്തവ രചനകളെ ക്കൊണ്ട് അതിനെ സമ്പന്നമാക്കുകകൂടി ചെയ്യുന്നു. പ്രേഷിതന്റെ തപസ്യ! സംസാരത്തിനിടയിൽ അദ്ദേഹം സാന്ദർഭികമായിപ്പറഞ്ഞു, ''അടുത്ത ആഴ്ചയിൽ ഞാൻ ഗോവ വരെ ഒന്നു പോകുന്നുണ്ട്'' ''ആദ്യമായാണോ അവിടെ പോകുന്നത്?'' ഞാൻ കൗതുകത്തോടെ ചോദിച്ചു. ''അതെ ആദ്യമാണ്,'' ഉത്തരം. ദീർഘകാലത്തെ ഭാരതവാസത്തിനിടയിൽ ഒരിക്കൽ പോലും അദ്ദേഹം ഗോവയിൽ പോയിട്ടില്ല എന്ന കാര്യം എന്നെ സ്പർശിച്ചു. അങ്ങനെ ഒരു ചിന്തപോലും ഉണ്ടായിട്ടില്ലത്രേ! അയക്കപ്പെട്ടു വന്നിരിക്കുന്നിടത്തു മാത്രമേ ജോലി ചെയ്യുകയുള്ളൂ എന്നു മാത്രമേ ചിന്തിച്ചിട്ടുള്ളു. പിന്നെ ഇപ്പോൾ പോകുന്നതോ? ''അതോ എന്റെ അനുജനും കുടുംബവും ഭാരതം സന്ദർശിക്കാൻ വരുന്നുണ്ട്. എന്നെയും ഗോവ വരെ കൊണ്ടുപോകാൻ അവർക്കു താൽപര്യം. ഞാൻ സമ്മതിക്കുന്നു അത്രമാത്രം,'' അദ്ദേഹം വിശദമാക്കി. എത്ര വിചിത്രം! ഞാൻ സ്വയം പറഞ്ഞുപോയി. ഇന്ത്യ സന്ദർശിക്കുന്നവരെ പ്രത്യേകിച്ച് ക്രൈസ്തവരെ ആകർഷിക്കുന്ന സ്ഥലമാണ് ഗോവ. അവിടെ ഒന്ന് പോകുന്ന കാര്യം അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ല! അനുവാദ ത്തിന്റെയോ പണത്തിന്റെയോ അഭാവമായിരിക്കില്ല കാരണം. വേണമെങ്കിൽ സമയവും കാണാം. പക്ഷേ അതൊന്നും മനസ്സിലേക്ക് വരുന്നില്ല. വന്ന കാര്യം. വന്ന സ്ഥലം. അവിടുത്തെ ആളുകൾ, അവരുടെ ആവശ്യങ്ങൾ. അവയെ സ്വന്തമാക്കി ജീവിക്കുക, പ്രവർത്തിക്കുക. മറ്റൊന്നിനും മനസ്സിൽ സ്ഥാനമില്ല. തികഞ്ഞ ഏകാഗ്രത. ഏകാന്ത പ്രേമം.

*പുതിയ അർത്ഥങ്ങൾ:*

മിഷൻ രംഗത്ത് പലതിനും പുതിയ അർത്ഥങ്ങൾ കാണേണ്ടി വരും. പുതിയ പുതിയ കോണുകളിലൂടെ കാര്യങ്ങൾ നോക്കി കാണേണ്ടി

വരും. എങ്കിലേ വിളിയുടെ അർത്ഥം മനസ്സിലാകൂ, ദൗത്യം വ്യക്തമാകൂ, ജീവിതം സാർത്ഥമാകൂ. ഉദാഹരണത്തിന് പൗരോഹിത്യ ശുശ്രൂഷ. മിഷനറിമാരിൽ പലരും പുരോഹിതരാണ്. പൗരോഹിത്യം അവരുടെ ലക്ഷ്യമായിരുന്നു. മഹനീയമായൊരു ലക്ഷ്യം. ദീർഘവും ക്ലേശകരവുമായ പഠനത്തിനും പരിശീലനത്തിനും ശേഷം നേടിയൊരു ലക്ഷ്യം. പക്ഷേ അത് പൗരോഹിത്യശുശ്രൂഷയിലൂടെ ജീവിതാനുഭവമാക്കണം. ബലിയർപ്പണം, കൂദാശകളുടെ പരികർമ്മം, വചനപ്രഘോഷണം, അജപാലനവൃത്തി തുടങ്ങിയവയാണല്ലോ സാധാരണ ശുശ്രൂഷകൾ, പാരമ്പര്യങ്ങളിൽ ഊന്നിനിൽക്കുന്ന കത്തോലിക്കാ സമൂഹങ്ങളുള്ള കേരളത്തിലും മററും അതിലേർപ്പെടുക എന്നത് വളരെ സംതൃപ്തിജനകമാണ്. ദൈവജനത്തെക്കൊണ്ട് നിറഞ്ഞ വലിയ ദേവാലയത്തിൽ ബലിയർപ്പിക്കുക, വചനം പ്രഘോഷിക്കുക, പാപമോചനം നൽകുക, ഭക്ത സംഘടനകൾക്ക് നേതൃത്വം വഹിക്കുക, ആഘോഷങ്ങൾ നടത്തുക, കുടുംബങ്ങളുമായി ബന്ധപ്പെടുക, അവരുടെ ജീവിതാനുഭവത്തിൽ പങ്കാളിയും മാർഗ്ഗനിർദ്ദേശകനുമായി വർത്തിക്കുക എന്നിങ്ങനെയുള്ള മഹത്തായ സേവനങ്ങൾ നിരന്തരം ചെയ്തുകൊണ്ടുള്ള ജീവിതം തീർച്ചയായും ഹരം പകരുന്നതാണ്. പക്ഷേ മിഷൻ രംഗങ്ങളിൽ അവയ്ക്കുള്ള അവസരം വളരെ വിരളമാണ്, പലപ്പോഴും ഇല്ല എന്നുതന്നെ പറയാം. പലയിടത്തും കത്തോലിക്കരുടെ സംഖ്യ വട്ടപൂജ്യമാണ്, അല്ലങ്കിൽ വിരലിൽ എണ്ണാൻ മാത്രം. അവിടെ അജപാലനത്തിന് എന്തു സാംഗത്യം? മിഷനറി ദിനംതോറും ചെയ്യുന്നൊരു വൈദികശുശ്രൂഷ ദിവ്യബലിയർപ്പണമാണ്. എവിടെയെങ്കിലും ഒരു കൊച്ചുമുറിയിൽ. പലപ്പോഴും തനിയെ. അല്ലെങ്കിൽ ഏതാനും സഹോദരിമാരും അവരുടെയും അച്ചന്റെയും സഹായികളായ രണ്ടുമൂന്നു ആളുകളും ഉണ്ടാകും. ഇങ്ങനെയുള്ള സാഹചര്യത്തിൽ അജപാലനവ്യത്തിക്കുള്ള സാധ്യത എത്രയോ പരിമിതം എന്ന് ഊഹിക്കാം. മറെറല്ലാം വിലയായി കൊടുത്തു വാങ്ങിയ പൗരോഹിത്യദാനം ജീവിതാനുഭവമാക്കാൻ കഴിയാതെ പോകുന്നതിൽ പലർക്കും ഇച്ഛാഭംഗം തോന്നാം. തങ്ങൾ എന്തിനു വൈദികരായി എന്ന് അമ്പരപ്പോടെ ചോദിച്ചു പോകുന്നവരുമുണ്ടാകാം. പൗരോഹിത്യ ശുശ്രൂഷയ്ക്ക് പുതിയ അർത്ഥം കണ്ടെത്തുക, അജപാലന വൃത്തിയുടെ പുതിയ മാനങ്ങൾ തേടുക എന്നതാണ് സമാധാനം. കൂദാശകളുടെ പരികർമ്മം തുടങ്ങിയ

പരമ്പരാഗത ശുശ്രൂഷകൾ മാത്രമേ പൗരോഹിത്യ ധർമ്മമാകു, കത്തോലിക്കർ മാത്രമാണ് അജഗണം എന്ന ചിന്തയ്ക്കു വിരാമമിടുക. മിഷൻ സ്റേറഷനു ചുറ്റുമുള്ള എല്ലാ മനുഷ്യമക്കളെയും തന്റെ അജഗണമായി മിഷനറി കാണണം. അവരെ ദൈവവുമായി, ക്രിസ്തുവുമായി, ബന്ധപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും താൻ ചെയ്യുന്നതെല്ലാം വൈദിക ശുശ്രൂഷയാണ്. ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യവർത്തിയായിരിക്കുക എന്നതാണല്ലോ പൗരോഹിത്യദൗത്യം. അതിന്റെ നിർവ്വഹണത്തിനായി ചെയ്യുന്ന തെല്ലാം പൗരോഹിത്യശുശ്രൂഷയാണ്. അത് വിദ്യാഭ്യാസ പ്രവർത്തനമാകാം, സാമൂഹ്യസേവനമാകാം, രോഗിശുശ്രൂഷയാകാം, പ്രാർത്ഥനയാകാം, എന്തുമാകാം, പക്ഷെ ഏററവും മുഖ്യമായത് ദിവ്യബലിയർപ്പണം തന്നെ. എന്നാൽ ക്രൈസ്തവ ബലി യർപ്പണത്തിന്റെ പ്രത്യേകത മനസ്സിലുണ്ടാകണം. മറ്റു മതങ്ങളിലും, പഴയ നിയമത്തിൽ പോലും എന്തെങ്കിലും വസ്തുക്കൾ ദൈവത്തി നർപ്പിക്കുന്നതാണ് ബലിയർപ്പണം. ക്രിസ്തുമത ത്തിലാകട്ടെ, പുരോഹിതൻ ചെയ്യുന്നത് ഏതെങ്കിലും വസ്തുക്കൾ അർപ്പിക്കുകയല്ല, പ്രത്യുത തന്നെത്തന്നെ അർപ്പിക്കുകയാണ്. അതായിരുന്നു ക്രിസ്തുവിന്റെ ബലിയർപ്പണം. അവിടുത്തെ ഏററവും പ്രധാനപ്പെട്ട പൗരോഹിത്യ ശുശ്രൂഷ. പൗരോഹിത്യത്തിന് വിളിക്കപ്പെട്ട ശിഷ്യനും അതുതന്നെ ചെയ്യണം. തങ്ങളെത്തന്നെ ബലിയർപ്പിക്കണം. പക്ഷെ അവരുടെ ആത്മാർപ്പണത്തിന് അതിൽത്തന്നെ വിലയൊന്നുമില്ല. യേശുവിന്റെ ബലിയോടു ചേർത്താൽ മാത്രമെ അതിനു വിലയുള്ളൂ.

യേശുവിന്റെ നിത്യബലിയിൽ തന്റെ ആത്മബലിയും ചേർത്ത് ദിനം തോറും അർപ്പിക്കുക, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പൗരോഹിത്യാധികാരമുപയോഗിച്ച് യേശുവിന്റെ കുരിശിന്റെ ബലിയെ അൾത്താരയിൽ സന്നിഹിതമാക്കുകയും, അതോടെ തന്റെ ആത്മബലിയും ചേർത്ത് അർപ്പിക്കുകയും ചെയ്യുക, ജനത്തിനുവേണ്ടി. അൾത്താരയ്ക്കു ചുററും സന്നിഹിതരായിരിക്കുന്ന കത്തോലിക്കർ മാത്രമല്ല ജനം. ചുറ്റുപാടുമുള്ള എല്ലാവരും, ജാതിമതഭേദമെന്യേ, അവരിൽ ഉൾപ്പെടും. അർപ്പിക്കുന്ന ഓരോ ബലിയും അവർ ക്കെല്ലാവർക്കും വേണ്ടിയാണ്. അവർ സന്നിഹിതരാകണമെന്നില്ല, അറിയണമെന്നില്ല! യേശു അർപ്പിച്ച ആദ്യബലി ശ്രദ്ധിക്കുക കുരിശിലെ ബലി. അതിൽ പങ്കെടുക്കാൻ ആരെല്ലാം ഉണ്ടായിരുന്നു? എത്രപേർ ഉണ്ടായിരുന്നു? കുരിശിൻ ചുവട്ടിൽ നിൽക്കുന്ന അമ്മയുണ്ട്, പ്രിയ

ശിഷ്യൻ യോഹന്നാനും, മറ്റു ചുരുക്കം ചില ഭക്തരും. ആ ബലിയുടെ അർത്ഥം അൽപമെങ്കിലും മനസ്സിലാക്കിക്കൊണ്ട് നിന്നത് അവർ മാത്രം. അവിടെ തടിച്ചുകൂടിയിരുന്ന ബാക്കി ജനങ്ങൾ മുഴുവൻ കാഴ്ചക്കാർ മാത്രം. ബലിയിൽ ഭാഗഭാക്കാകുക എന്ന യാതൊരു ചിന്തയും അവർക്കില്ല. മരണം കാണാൻ നോക്കി നിൽക്കുന്നവർ; ചിലർ വൈരാഗ്യബുദ്ധിയോടെ, വേറെ ചിലർ കൗതുകത്തോടെ, ശേഷിച്ചവർ നിർവ്വികാരതയോടെ. അവരുടെയെല്ലാം നോട്ടത്തിൽ അദ്ഭുത പൂർവ്വമായൊരു മരണം സംഭവിക്കുന്നു. അത്രമാത്രം. പക്ഷേ വാസ്തവമോ? അവർക്കെല്ലാവർക്കും വേണ്ടി മാത്രമല്ല, ലോകത്തിലെ സകല മനുഷ്യർക്കും വേണ്ടി യേശു അർപ്പിച്ച ബലിയാണത്. അവർ എവിടെയാണെങ്കിലും, അവർക്കറിയാമെങ്കിലും ഇല്ലെങ്കിലും യേശുവിന്റെ നിയോഗത്തിലും മനസ്സിലും അവരെല്ലാമുണ്ട്. ഇന്നു നാമർപ്പിക്കുന്ന ബലിയെയും ഇതുപോലെ മനസ്സിലാക്കണം. വളരെ സംതൃപ്തിജനകവും സാർത്ഥകവുമായൊരു വികാരമാണത്. മിഷനറിവൈദികൻ ആ ചെറിയ പൂജാമുറിയിൽ അനാർഭാടമായി ബലിയർപ്പിക്കുന്നുവെങ്കിൽ തന്നെയും, ആ പ്രദേശത്തുള്ള മുഴുവൻ ജനവും അതിൽ ഭാഗഭാക്കുകളാണ്. അതിന്റെ ഫലം അർഹിക്കുന്നവരുമാണ്.

*അടിയുറച്ച ബോധ്യം:*

വിളിയെക്കുറിച്ചുള്ള അടിയുറച്ചുള്ള ബോധ്യമാണ് ജീവിതത്തിന്റെ ആണിക്കല്ല്. എന്തിന് ഈ ജീവിതം സ്വീകരിച്ചു, പ്രതികൂലസാഹചര്യങ്ങളിൽ പിടിച്ചു നിൽക്കാൻ ശക്തി നൽകുന്ന തെന്ത്, വെല്ലുവിളികളെ നേരിടുവാൻ കൈവശമുള്ള ആയുധമെന്ത്, എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് അപ്രമാദമായ ഉത്തരം, ഇതാണ് എന്റെ വിളി എന്ന ബോധ്യം മാത്രമായിരിക്കും. യേശു എന്നെ സസ്നേഹം വിളിച്ചിരിക്കുന്നത് ഈ ജീവിതത്തിലേയ്ക്കാണ് എന്ന ഉറച്ച ബോധ്യം. ഈ ജീവിതത്തിലെ തിക്തവും മധുരവുമായ എല്ലാ അനുഭവങ്ങളെയും സമചിത്തതയോടും കൃതാർത്ഥയോടും കൂടെ സ്വീകരിക്കാൻ ഈ ലേഖകനെ പ്രചോദിപ്പിക്കുന്ന ഘടകമാണിത്. ഉദാഹരണത്തിന് ചിലപ്പോൾ അസ്വസ്ഥനാക്കുന്നൊരു ചിന്തയുണ്ട്. ആശ്രമത്തിൽ ഞാൻ അനുഭവിക്കുന്നത് അമിതസുഖമാണെന്ന ചിന്ത. അമിതസുഖമോ? ആശ്രമത്തിലോ? പലരും ചോദിച്ചേക്കാം. പക്ഷെ അതാണു വാസ്തവം. അർഹിക്കാത്തൊരു നിർവൃതിയാണ്

ആശ്രമത്തിൽ ലഭിക്കുക. അകന്നു നിന്നു നോക്കുന്നവർക്കു നേരെ മറിച്ചായിരിക്കും തോന്നുക. മൗനം, ഏകാന്തത, ധ്യാനം, ഉപവാസം, പരിമിതമായ ജീവിത സൗകര്യങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾക്കു പ്രാധാന്യം കൽപ്പിക്കുന്ന ആശ്രമജീവിതത്തിൽ അമിതസുഖമെന്നല്ല, സുഖം തന്നെ എങ്ങനെയുണ്ടാകും എന്നായിരിക്കും പലരും ചോദിക്കുക. പറയാം. അതൊരു രഹസ്യമാണ്. അനുഭവിച്ചു തന്നെ അറിയേണ്ടൊരു കാര്യം. ഞാൻ രാവിലെ ഉണർന്നെ ഴുന്നേൽക്കുമ്പോൾ, അന്നു ചെയ്തു തീർത്തേ പറ്റു എന്നൊന്നും എന്റെ മനസ്സിലോ ശിരസ്സിലോ ഇല്ല എന്നതു തന്നെ. അങ്ങനെ ഒരു സുഖം മാറ്റെവിടെ കിട്ടാനാണ്? ഏറ്റവും ചെറിയൊരു മിഷൻ സ്റ്റേഷനിൽ പോലും അസുലഭം. നിസ്സാരപ്രവർത്തനങ്ങൾ നടക്കുന്നൊരു കൊച്ചു സ്ഥലത്താണെങ്കിൽ പോലും, ആളുകൾ രാവിലെ തന്നെ എഴുന്നേറ്റു വരുക തലനിറയെ പ്ലാനുകളും പദ്ധതികളും, അവയെക്കുറിച്ചുള്ള കണക്കുകൂട്ടലുകളും ആകുലതകളും കൊണ്ടായിരിക്കും. അങ്ങനെ ബഹുവിധവ്യഗ്രതയിൽ ദിവസം ആരംഭിക്കുന്നു. അവ പേറിക്കൊണ്ടു തന്നെ ദിവസം മുഴുവൻ കഴിയുന്ന മനുഷ്യൻ. രാത്രി വരുന്നു. രാവിലത്തെതിനേക്കാൾ സങ്കീർണ്ണവും ബഹുലവുമായ പ്രശ്നങ്ങളാൽ ഭാരപ്പെട്ട ഹൃദയത്തോടെയാകും അവർ ഉറങ്ങാൻ പോകുക. ഉറക്കവും ശരിയാകില്ല. അശാന്തമായ രാത്രിയും അസ്വസ്ഥമായ നിദ്രയും. ആധുനിക ലോകജീവിതാനുഭവമാണിത്. ഇതിനു വിപരീതമാണ് ആശ്രമത്തിലെ അനുഭവം. വ്യഗ്രതയില്ലാതെ, ആകുലതയ്ക്കോ ആശങ്കയ്ക്കോ അവകാശമില്ലാത്ത ജീവിത മാണിവിടെ. ജോലിയൊന്നുമില്ല, അലസമായി സമയം കളയുന്നു എന്നൊന്നുമല്ല വിവക്ഷ. ഉപകാരപ്രദമായ, സംതൃപ്തിജനകമായ ഒന്നല്ലെങ്കിൽ മറെറാരു ജോലി ചെയ്തു കൊണ്ടു തന്നെയാണ് ദിവസം മുഴുവൻ അതിരാവിലെ തുടങ്ങി രാത്രി വൈകുന്നതു വരെ ചിലവഴിക്കുക. ധ്യാനം, പ്രാർത്ഥന, വായന, എഴുത്ത്, വചന പ്രഘോഷണം, ചർച്ച തുടങ്ങി എന്തെങ്കിലുമൊക്കെ ജോലി ഉണ്ടാകും. വ്യഥാ ചെലവഴിക്കുന്ന, ഉറങ്ങിത്തീർക്കുന്ന സമയം ഇല്ലന്നു തന്നെ പറയാം. പക്ഷെ അതൊന്നും ഏതെങ്കിലും വിധത്തിലുള്ള നിർബന്ധത്തിനു വിധേയമായി ചെയ്യേണ്ടി വരുന്നില്ല. കർക്കശ മായൊരു സമയവിവര പട്ടികയ്ക്കു വിധേയമായി ചെയ്യുന്നവയുമല്ല. മറിച്ച് സ്വതന്ത്രമായി, ശാന്തമായി, നല്ല മനസ്സോടും സന്തോഷത്തോടും കൂടി ചെയ്യുന്ന കാര്യങ്ങൾ മാത്രം. ബാക്കി വരുന്ന ജോലികൾ മറെറാരു

ദിവസത്തേക്ക് മാറ്റിവയ്ക്കാനും തടസ്സമില്ല. ആകുലതയോ ഭയമോ ഒന്നും ആവശ്യമില്ല. മനസ്സിൽ മാത്രമല്ല അന്തരീക്ഷത്തിൽ പോലും നിറഞ്ഞുനിൽക്കുന്ന ശാന്തി! ഈ സുഖം, അമിതസുഖം മറ്റെവിടെ കിട്ടും? അല്ലലില്ലാതെ ഈ ജീവിതം ആസ്വദിക്കുമ്പോൾ എനിക്ക് ചിലപ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതയെക്കുറിച്ചാണ് പറഞ്ഞു വരുന്നത്. ഇത് അന്യായമല്ലെ, അനീതിയല്ലെ, സ്വാർത്ഥതയല്ലെ എന്നൊക്കെയുള്ള ചിന്ത. രാവും പകലും കഠിനമായി അദ്ധ്വാനിച്ചു കഷ്ടപ്പെടുന്നവരാണ് എന്റെ സഹവൈദികരും സന്യാസിമാരും. വേണ്ടത്ര വിശ്രമമോ വിനോദമോ ഇല്ലാത്ത അദ്ധ്വാന ജീവിതം. സമയത്ത് ഉണ്ണാനോ, ഉറങ്ങാനോ സാധിക്കാത്ത ജീവിതം. മനസ്സു കുളിർക്കേ യേശു സന്നിധിയിലിരുന്ന് ജപധ്യാനങ്ങൾ ചെയ്യാൻ പോലും സമയമോ സാവകാശമോ കാണാൻ സാധിക്കാത്ത ജീവിതം. മനസ്സില്ലായ്കയല്ല. സാഹചര്യം അനുവദിക്കുന്നില്ല. കുറച്ച് ഇടവേള കണ്ടുകിട്ടിയാൽ തന്നെയും വേണ്ടത്ര മാനസികാവസ്ഥ ഉണ്ടാകണ്ടേ? അത് യഥേഷ്ടം ബട്ടൻ അമർത്തിയാൽ കിട്ടുന്ന കാര്യമല്ലല്ലോ. സാഹചര്യങ്ങൾ കൂടി അനുകൂലമാകണം. അതിന്റെ അഭാവത്തിൽ എത്ര തന്നെ മനസ്സുണ്ടെങ്കിലും, ശ്രമിച്ചാലും, ജപധ്യാനങ്ങൾ ദുഷ്കരമാകും. ഇങ്ങനെ കഷ്ടപ്പെടുന്ന സഹോദരങ്ങളുടെ നേരെ കണ്ണടക്കുകയല്ലേ ആശ്രമജീവിതത്തിലൂടെ ഞാൻ ചെയ്യുക എന്ന ചിന്ത എന്നെ അലട്ടിയിരുന്നു, പ്രത്യേകിച്ച് ആദ്യകാലങ്ങളിൽ. അവരുടെ അദ്ധ്വാനത്തിൽ പങ്കുചേരുക എന്റെ കടമയല്ലേ എന്ന ചിന്ത. ആ കടമയിൽ നിന്നുള്ള ഒളിച്ചോട്ടമാണ് ആശ്രമജീവിതം എന്ന ചിന്ത. അതിന് ഞാൻ തന്നെ കണ്ടെത്തിയ ഉത്തരമുണ്ട്. അതായത്, യേശുവിന്റെ വിളിക്ക് പ്രത്യുത്തരമായിട്ടാണ് ഞാൻ ഈ ആശ്രമജീവിതം സ്വീകരിച്ചിരിക്കുന്നത്. അവിടുന്ന് വിളിച്ച് എന്നെ ഇവിടെ കൊണ്ടു വന്നിരിക്കുകയാണ്. നിശ്ചയമായും ഇതെന്റെ വിളിയാണ്. അങ്ങനെയെങ്കിൽ, ഇവിടെ ലഭിക്കുന്ന ഈ സുഖവും, ഞാൻ അർഹിക്കാത്ത അമിതസുഖം പോലും, എന്റെ വിളിയുടെ ഭാഗമാണ്. അതും കൃതജ്ഞതാപൂർവ്വം സ്വീകരിക്കുക എന്റെ ധർമ്മമാണ്. അതിൽ അസ്വസ്ഥത വേണ്ട. ആകുലതയും വേണ്ട. അങ്ങനെ ആ പരീക്ഷ ജയിക്കാൻ എനിക്കു കഴിയുന്നു. മനസ്സു ശാന്തമായി.

മനസ്സിനെ അലോസരപ്പെടുത്തിയ മറെറാരു കാര്യം കൂടി പറയാം. മുകളിൽ വിവരിച്ച സുഖാനുഭൂതിയ്ക്കു വിരുദ്ധമായൊരു

അനുഭവമാണത്. അതും ജയിക്കാൻ എന്നെ സഹായിച്ചത് വിളിയെക്കുറിച്ചുള്ള ബോധ്യമാണ്. പ്രശ്നമെന്തായിരുന്നെന്നോ? ചിലപ്പോഴെല്ലാം അനുഭവപ്പെട്ടിരുന്ന മുഷിപ്പ്, ബോറടി. അല്ലലില്ലാത്ത ജീവിതമാണെങ്കിലും, മനസ്സിനെ ആഹ്ലാദിപ്പിക്കുന്ന ബാഹ്യമായ കാര്യങ്ങളൊന്നും തന്നെയില്ല. ആശ്രമത്തിൽ. ടി.വി, ഫോൺ തുടങ്ങിയ സമ്പർക്ക മാധ്യമങ്ങൾ ഒന്നുമില്ല. ദിനപത്രം മാത്രം. പുസ്തക മാസികകളുടെ പരിമിതമായൊരു ശേഖരമുണ്ട്. മിക്കവാറും പഴഞ്ചൻ രീതിയിലുള്ള ഒരു പൊതുവാഹനം മാത്രം. ജീവിത സൗകര്യങ്ങൾ നന്നേ കുറവ്. ഭക്ഷണം വളരെ സാധാരണം. ദിനചര്യയിലും ഒരിക്കലും വ്യത്യാസമില്ല. ആഴ്ചയിൽ ഏഴുദിവസവും ഒരേ ദിനചര്യ. ഞായറാഴ്ച പോലും വ്യത്യാസമില്ല. പലപ്പോഴും രാവിലെ എഴുന്നേറ്റ്, ഇന്ന് എന്താഴ്ചയാണെന്ന് ആലോചിച്ചു നോക്കണം, ഞായറാഴ്ചയോ, തിങ്കളാഴ്ചയോ, ചെവ്വാഴ്ചയോ എന്നൊക്കെ! ഏതു ദിവസമാണെന്ന് കൃത്യമായി അറിഞ്ഞില്ലങ്കിലും കുഴപ്പമൊന്നുമില്ല. ഇങ്ങനെയിരിക്കെ ചിലപ്പോഴെങ്കിലും ബോറടി, മുഷിപ്പ്, മനം മടുപ്പ് അഥവാ അലസത തോന്നുക സ്വാഭാവികമാണല്ലോ. അത് അൽപം രൂക്ഷമായി അനുഭവപ്പെടുന്ന ദിവസങ്ങളും ഉണ്ടാകാം. ആശ്രമജീവിതത്തിന്റെ പരുപരുത്ത വശമാണിത്. ഇതിൽ തുടരണമോ, വേണ്ടയോ എന്നു ചിന്തിക്കാൻ പരീക്ഷിക്കപ്പെടുന്ന അവസരങ്ങൾ. വെല്ലുവിളി തന്നെ. അപ്പോഴും ഉത്തരം മുൻ പറഞ്ഞതു തന്നെ. വിളിയെക്കുറിച്ചുള്ള ബോധ്യം. എങ്കിൽ അതും കൃതജ്ഞതാപൂർവ്വം, ഔദാര്യപൂർവ്വം, സമർപ്പണബോധത്തോടെ സ്വീകരിക്കുക. അതോടെ മനസ്സു വീണ്ടും ശാന്തം. തിക്താനുഭവവും അർത്ഥവത്തായിത്തീരുന്നു.

ആശ്രമത്തിൽ ലഭിക്കുന്നത് വിരസത മാത്രമാണെന്ന് തെറ്റിദ്ധരിക്കരുത്. അതൊരു വശം മാത്രം. ഹൃദയത്തിന് ആഹ്ലാദം പകരുന്ന വൈവിധ്യവും ധാരാളമുണ്ട്. തികച്ചും ചലനാത്മകമായ കാര്യങ്ങൾ. മാറി മാറി വരുന്ന ഋതുക്കൾ തന്നെയെടുക്കുക. മരം കോച്ചുന്ന തണുപ്പുകാലം കഴിഞ്ഞാൽ വരുന്നത് വർണ്ണശബളവും സജീവവുമായ വസന്തമാണ്. അതൊഴുകിച്ചെല്ലുന്നത് ഇളം വെയിൽ ചൂടി നിൽക്കുന്ന സുഖദമായ ഗ്രീഷ്മത്തിലേക്ക്. അതിന്റെ പിന്നാലെ പ്രവേശിക്കുന്ന വർഷകാലവും. തനിച്ചും സംഘം ചേർന്നും വന്നും പോയുമിരിക്കുന്ന സന്ദർശക സാധകരാണ് മറെറാരു കൗതുകം. ദിനംതോറും അല്ലെങ്കിൽ ആഴ്ചതോറും മുൻപിൽ കാണുന്ന മുഖങ്ങൾ വ്യത്യസ്തമാണ്. പല ഭാഷക്കാർ, വേഷക്കാർ, ദേശക്കാർ, മതക്കാർ, ഭിന്നഭിന്നമായ

അഭിരുചികൾ, സാംസ്ക്കാരിക പശ്ചാത്തലങ്ങൾ. എന്നാൽ എല്ലാവരും അന്വേഷകരാണ്. സത്യാന്വേഷികൾ, അക്കാരണത്താൽ പരസ്പരം തുറന്നവരും, മാനിക്കുന്നവരും, സഹകരിക്കുന്നവരും സഹായിക്കുന്നവരും. അങ്ങനെ അനൈക്യത്തിൽ ഐക്യവും, വൈവിധ്യത്തിൽ സാധർമ്മ്യവും, നാനാത്വത്തിൽ ഏകത്വവും. അതിന്റെ ലഹരിയിൽ സമയം ഒഴുകി നീങ്ങുന്നത് അറിയുന്നില്ല! അങ്ങനെ നോക്കുമ്പോൾ വിരസതയ്ക്കിടമില്ലാത്ത ജീവിതം! ആത്മാർത്ഥത നിറഞ്ഞ മനുഷ്യരെ മാത്രം കണ്ടുമുട്ടുന്നിടമാണ് ആശ്രമം. അവരോടു കൂടെ ആണ്ടുവട്ടം മുഴുവൻ ദിനരാത്രങ്ങൾ കഴിക്കുക എന്നത് സൗഭാഗ്യം തന്നെ. ഭൂമിയിലെ സ്വർഗ്ഗം! ഞാൻ അടിവരയിട്ടു കാണിക്കാറുള്ളൊരു ആശ്രമാനുഭവമാണിത്. നിരന്തരം സജ്ജനസംസർഗ്ഗം. നിലയ്ക്കാത്ത സത്സംഗം. സാത്വിക സംഗമം. വിശുദ്ധമേള, നിർമ്മലസാഗരം. മാനസ സരസ്! അതും വിളിയുടെ ഭാഗം. കൃതജ്ഞതയോടെ അനുഭവിക്കുക.

## 2.2 കർമ്മയോഗിയായ ചാവറപ്പിതാവ്

സി. എം. ഐ. സഭയുടെ ആരംഭത്തെ കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലേക്ക് ഓടിവരിക ഭഗവദ്ഗീതയുടെ അവതരണ രംഗമാണ്. അവിടെ പാണ്ഡവ കൗരവ സൈന്യങ്ങൾ യുദ്ധത്തിന് സന്നദ്ധരായി നിൽക്കുന്നു. യുദ്ധകാഹളം മുഴങ്ങികഴിഞ്ഞു. ഘോരയുദ്ധം ആരംഭിക്കാൻ പോവുകയാണ്. അപ്പോഴതാ പാണ്ഡവ സൈന്യാധിപനായ അർജ്ജുനന് ഒരു ആഗ്രഹം. യുദ്ധമാരംഭിക്കുന്നതിനുമുൻപായി ഇരുസൈന്യങ്ങളെയും, പ്രത്യേകിച്ച് ശത്രു സൈന്യത്തെ ഒന്നു നല്ലതു പോലെ നോക്കി കാണണമെന്ന്. അദ്ദേഹം തന്റെ തേരാളിയായ ശ്രീകൃഷ്ണനോട് രഥത്തെ രണാങ്കണത്തിന്റെ മദ്ധ്യത്തിലേക്ക് നീക്കി നിറുത്തുവാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ശ്രീകൃഷ്ണൻ—ഹൈന്ദവവിശ്വാസമനുസരിച്ച്, അവതാര പുരുഷനായ ശ്രീകൃഷ്ണൻ—അർജ്ജുനന്റെ രഥത്തെ യുദ്ധഭൂമിയുടെ നടുവിലേക്ക്, ഇരു സൈന്യങ്ങളെയും നോക്കികാണാൻ സൗകര്യമുള്ളിടത്തേക്ക് കയറ്റി നിറുത്തി. അവിടെ ആ രഥത്തിൽ നിന്നുകൊണ്ട് അർജ്ജുനൻ രണ്ട് സൈന്യങ്ങളെയും കൂലങ്കക്ഷമായി നോക്കി കണ്ടു. ശത്രുപക്ഷമാണ് അദ്ദേഹത്തിന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചത്. ഏതോ ഒരു പുതിയ വെളിപാടു ദർശിക്കുന്നതു പോലെയായിരുന്നു അദ്ദേഹത്തിന്റെ ആ നേരത്തെ മുഖഭാവം. ശത്രുപക്ഷത്ത് സ്വന്തം ജനത്തെയാണ് അദ്ദേഹം കണ്ടത്. പാണ്ഡവൻമാരും കൗരവന്മാരും സഹോദരസന്താനങ്ങളായിരുന്നല്ലോ. ഒരുമിച്ച് കളിച്ചും ചിരിച്ചും വളർന്ന, ഒരുമിച്ച് വിദ്യാഭ്യാസം നടത്തിയ, സ്വന്തം മാംസരക്തങ്ങളായ സഹോദരങ്ങളെയാണ് അർജ്ജുനൻ അവിടെ കണ്ടത്. മാത്രമല്ല അക്കൂട്ടത്തിൽ സമാദരണീയരായ ഗുരുഭൂതരുമുണ്ട്. പിതാമഹൻമാരും മിത്രങ്ങളും ഉണ്ട്. ഇവർക്കെല്ലാമെതിരായിട്ടാണല്ലോ യുദ്ധം ചെയ്യേണ്ടത്, ഇവരുടെയെല്ലാം രക്തമാണല്ലോ താൻ ചിന്തേണ്ടത്, ഇവരെയെല്ലാമാണല്ലോ താൻ വധിക്കേണ്ടത് എന്നോർത്തപ്പോൾ അർജ്ജുനന്റെ സ്വാത്വികമനസ്സ് പെട്ടെന്ന് പതറി. ഈ യുദ്ധം തനിക്ക് വേണ്ട എന്ന തീരുമാനത്തിലേക്കാണ് അദ്ദേഹം പെട്ടെന്ന് നീങ്ങിയത്. അതങ്ങ് ഉറപ്പിച്ചു പറയുകയും ചെയ്തു. ഉറ്റവരും സ്വന്തക്കാരുമായ ഇവരുടെ രക്തം ചിന്തിയിട്ട് എനിക്ക് രാജ്യമോ രാജാധികാരമോ വേണ്ടേ വേണ്ട. അതിനേക്കാൾ ഉത്തമം ഭിക്ഷാടനമാണ്,

സന്ന്യാസമാണ്, അതുകൊണ്ടു ഞാനീ യുദ്ധത്തിനില്ല.(*) ഞാനിവിടം വിട്ട് വല്ല വനത്തിലും പോയി ശിഷ്ടജീവിതം കഴിച്ചുകൊള്ളാം. ഇതായിരുന്നു അർജ്ജുനൻ പെട്ടെന്നെടുത്ത ഉഗ്രതീരുമാനം. താൻ യുദ്ധത്തിൽ നിന്നും പിൻമാറുന്നു എന്നതിന്റെ തെളിവായി അമ്പും വില്ലും വലിച്ചെറിയുകയും ചെയ്തു. അങ്ങനെ യുദ്ധത്തിന് ഇറങ്ങിപുറപ്പെട്ട അർജ്ജുനൻ പെട്ടെന്ന് സന്ന്യാസ വ്രതമെടുക്കാൻ ഒരുങ്ങുന്നതാണ് നമ്മളിവിടെ കാണുക. സാമാന്യമായി പറഞ്ഞാൽ വളരെ പ്രശംസനീയമായ, വളരെ ആദ്ധ്യാത്മിക മൂല്യമുള്ള ഒരു തീരുമാനമാണ് അർജ്ജുനൻ എടുത്തത്. രാജകിരീടം വേണ്ട എന്നു വച്ചിട്ട് സന്ന്യാസം വരിക്കുക. പക്ഷേ അവതാര പുരുഷനായ ശ്രീകൃഷ്ണൻ ആ തീരുമാനം അംഗീകരിച്ചില്ല എന്നതിൽ അദ്ഭുതം തോന്നാം. തെറ്റായൊരു തീരുമാനമാണ് അർജ്ജുനൻ എടുത്തത് എന്നാണ് ശ്രീകൃഷ്ണൻ പറഞ്ഞത്. ഒരു ക്ഷത്രിയനും സേനാനിയുമായ അർജ്ജുനന്റെ കടമ യുദ്ധക്കളത്തിൽ നിന്നു പോരാടുകയാണ്, വനാന്തരത്തിൽ അഭയം പ്രാപിച്ച് തപസ്സു ചെയ്യുകയല്ല എന്നായിരുന്നു ശ്രീകൃഷ്ണന്റെ ഉപദേശം. വേറെ വാക്കുകളിൽ, സമൂഹത്തിൽ വസിച്ച് ജനസേവനം ചെയ്യുകയാണ്, സന്ന്യസിക്കാൻ പോകയല്ല അർജ്ജുനന്റെ സ്വധർമ്മം എന്നായിരുന്നു ശ്രീകൃഷ്ണന്റെ അഭിമതം. സ്വധർമ്മമുപേക്ഷിച്ചിട്ട് മറ്റെന്തു തന്നെ ചെയ്താലും അതു മോക്ഷത്തിനു പകരം പാപമായിരിക്കും വരുത്തി വക്കുക എന്നു കൂടി ശ്രീകൃഷ്ണൻ കൂട്ടിച്ചേർത്തു.

ഏതാണ്ടിതുപോലൊരു കഥയാണ് സി. എം. ഐ. സഭയുടെ ആരംഭത്തെ കുറിച്ചു പറയുവാനുള്ളത്. സഭാസ്ഥാപകരായ പാലയ്ക്കൽ തോമാ മല്പാനച്ചനും, പോരൂക്കര തോമാച്ചനും മനസ്സിൽ കണ്ടത് വല്ല വനത്തിലും പോയി തപസ്സിരിക്കുക എന്നതായിരുന്നു. ഈ ലോകത്ത് ജീവിച്ച് രക്ഷപ്പെടുക ദുഷ്കരമാണെന്നായിരുന്നു അവരുടെ ധാരണ. ഗീതയുടെ ശൈലിയിൽ, ഈ ലോകമാകുന്ന കുരുക്ഷേത്രത്തിൽ നിന്നു പൊരുതുക എന്നതിനേക്കാൾ സന്ന്യാസമാണ് അഭികാമ്യമെന്ന് അവർക്ക് തോന്നി. സെമിനാരിയിൽ

(*) ഭിക്ഷു, സന്ന്യാസി എന്നിവ പര്യായപദങ്ങളാണല്ലോ. ഭിക്ഷാടകൻ ആകുക എന്നാൽ സന്ന്യാസി ആകുക എന്നു ധ്വനി. ഇന്നും ജനങ്ങൾ സന്ന്യാസിമാരെ ആദര വോടെ അഭിസംബോധന ചെയ്യുക 'ഭിക്ഷുക്കൾ' എന്നാണ്. ചുരുക്കത്തിൽ, ലൗകിക ജീവിതം ഉപേക്ഷിച്ച് സന്ന്യാസം വരിക്കാൻ തത്രപ്പെടുന്ന അർജ്ജുനന്റെ ചിത്രമാണ് നാമിവിടെ കാണുക.

പഠിക്കുന്ന കാലത്തു തന്നെ പോരൂക്കരയച്ചൻ കണിയാന്തറ യാക്കോബെന്ന യുവാവിനോടു പറഞ്ഞു, "ഞാൻ കുർബാന പട്ടം ഏറ്റു വന്നാൽ നമുക്ക് രണ്ട് പേർക്കും കൂടെ വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടുക പ്രയാസം." പിന്നീട് തോമാച്ചൻമാർ രണ്ടുപേരും കൂടി അർത്തുങ്കൽ പള്ളിയിൽ വച്ച് മൗറേലിയൂസ് മെത്രാനച്ചനെ തങ്ങളുടെ അഗ്രഹം അറിയിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ സുപ്രസിദ്ധമാണല്ലോ. "ഞങ്ങൾ രണ്ടുപേരും വല്ലയിടത്തും ഒതുങ്ങി പാർക്കണമെന്ന് നിരൂപി ച്ചിരിക്കുന്നു. ആയതിന് ഞങ്ങൾക്ക് അനുവാദം തരണമേ."

ഇതിൽ നിന്നെല്ലാം സ്ഥാപക പിതാക്കൻമാർ വിഭാവനം ചെയ്തിരുന്നതെന്താണെന്ന് വ്യക്തമാണ്. ഈ ലോകത്ത് ജീവിച്ചുകൊണ്ട് രക്ഷ പ്രാപിക്കാൻ പ്രയാസം, അതുകൊണ്ട് ഈ ലോകമാകുന്ന സമരരംഗത്തു നിന്ന് പിൻമാറണം, വല്ലയിടത്തും ഒതുങ്ങി പാർക്കണം, വനവാസം നയിക്കണം എന്നെല്ലാമാണ് അവർ മനസ്സിൽ കണ്ടത്. അതായത് ഭാരതീയമുറ പ്രകാരമുള്ള തനി സന്ന്യാസം. ലോകവുമായി ഒരു ബന്ധവുമില്ലാത്ത, മുനിമാരുടെ തപോനിഷ്ഠമായ ജീവിതം. അതാണവർ വിഭാവനം ചെയ്തത്. ബ്രഹ്മചര്യവും, ഗാർഹസ്ഥ്യവും വാനപ്രസ്ഥവും കഴിഞ്ഞുള്ള ഏകാന്തമായ ധ്യാനജീവിതമാണല്ലോ ഭാരതീയർക്കു സന്ന്യാസ മെന്നത്. അതുപോലെ ഒതുങ്ങി, അതും വനത്തിൽ പോയി, ജീവിക്കണ മെന്നാണവർ ആഗ്രഹിച്ചത്. യുദ്ധം വേണ്ട എന്നു വച്ച് സന്ന്യാസം വരിക്കാൻ ഒരുമ്പെട്ട അർജ്ജുനന്റെതു പോലെയുള്ള ഒരു തീരുമാന മായിരുന്നു അത്. സാമാന്യ രീതിയിൽ പറഞ്ഞാൽ നല്ലതെന്നാരും സമ്മതിക്കുന്നൊരു തീരുമാനമായിരുന്നത്.

അർജ്ജുനൻ ശ്രീകൃഷ്ണനോട് തന്റെ ഇംഗിതം അറിയിച്ചതു പോലെ, തോമാച്ചൻമാരിരുവരും ലോകം വേണ്ടായെന്നുവച്ച് വനത്തിൽ സന്ന്യാസം നയിക്കാൻ പോകണമെന്ന തങ്ങളുടെ ആഗ്രഹം മെത്രാനച്ചനെ അറിയിച്ചു. അർജ്ജുനന്റെ കാര്യത്തിലെന്നതുപോലെ ഇവിടേയും വളരെ അപ്രതീക്ഷിതമായ ഒരു മറുപടിയാണ് മെത്രാനച്ചൻ നല്കിയത്. അദ്ദേഹം പറഞ്ഞു: 'അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളത് മിണ്ടടക്കമായി വല്ലയിടത്തും ഒതുങ്ങി പാർത്താൽ ലോകരെ പഠിപ്പിക്കാൻ ആരെന്നും, അങ്ങനെ നിങ്ങൾക്കു മസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ, എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ എന്നും കല്പിച്ചു....' ഇവിടെ തോമാച്ചൻമാർ

വിഭാവനം ചെയ്ത വനവാസവും, മെത്രാനച്ചൻ കല്പിച്ച കൊവേന്തയും രണ്ടും രണ്ടാണെന്നു വ്യക്തം. ക്ഷത്രിയനും സേനാനിയുമായ അർജ്ജുനന്റെ സ്വധർമം യുദ്ധവും ജനസേവനവുമാണെന്നതുപോലെ, അല്പം വല്ലതും തിരിയുന്ന പഠിപ്പും കഴിവുമുള്ള തോമച്ചൻമാരുടെ സ്വധർമ്മം വനവാസമല്ല, പ്രത്യുത സമുദായത്തിൽ മാതൃകാപരമായി ജീവിച്ചുകൊണ്ട് ജനസേവനം ചെയ്യുകയാണ്, ലോകരെ പഠിപ്പിക്കുകയാണ് എന്നത്രെ മെത്രാനച്ചൻ പറഞ്ഞതിന്റെ അർത്ഥം. ജനസേവനത്തിന് ഉതകുന്ന കർമ്മനിരതമായൊരു അർപ്പണ ജീവിത പദ്ധതിയായിട്ടാണ് കൊവേന്തയെ മെത്രാനച്ചൻ നിർദ്ദേശിച്ചത്. കൊവേന്ത സ്ഥാപിക്കാൻ പണമില്ലല്ലോ എന്ന് തോമാച്ചൻമാർ തടസ്സം പറഞ്ഞപ്പോൾ, മെത്രാനച്ചൻ, 'മനസ്സായിട്ട് പുറപ്പെട്ടാൽ നടക്കും. അതെ ക്രിസ്ത്യാനികൾ വളരെ ഉണ്ടല്ലോ. അവരോടു ധനം ചോദിച്ചാൽ മതി'യെന്നും കല്പിച്ചു. അങ്ങനെ മെത്രാനച്ചന്റെ ഈ ഉപദേശം അപ്പാടെ സ്വീകരിച്ച്, വനവാസമൊന്നും വേണ്ടെന്ന് വച്ച്, കൊവേന്ത സ്ഥാപിക്കുകയാണ് സി. എം. ഐ. പിതാക്കൻമാർ ചെയ്തത്.

സി. എം. ഐ സഭയുടെ ചൈതന്യത്തെ സംബന്ധിച്ച്, അതിന്റെ അനന്യതയെ സംബന്ധിച്ച്, ഏറ്റവും നിർണ്ണായകമായൊരു തീരുമാനമാണ് ഇവിടെ ഉണ്ടായതെന്ന് പറയാം. അതായത് സമുദായത്തിൽ നിന്ന് അകന്നുനിന്നുകൊണ്ടുള്ള ധ്യാനജീവിതം വേണ്ട. സമുദായ സേവനത്തിന് ഉപകരിക്കുന്ന സന്ന്യാസജീവിതം മതിയെന്നുള്ള തീരുമാനം. ഈ സഭയുടെ ഉദ്ദേശ്യം ധ്യാനത്തിന് മാത്രമായി മാറ്റി വച്ചിരിക്കുന്ന ഏകാന്ത ജീവിതമല്ല, പ്രത്യുത കർമ്മോത്സുക സന്ന്യാസമാണെന്നത് ആദ്യം മുതലേ വ്യക്തമാണ്. ഈ ചിന്ത പിതാക്കൻമാരുടെ മാനുഷിക ബുദ്ധിയിൽ നിന്നല്ല ഉരുത്തിരിഞ്ഞതെന്നും പ്രത്യേകം പ്രസ്താവ്യമാണ്. അവരുടെ ബുദ്ധിയിൽ തോന്നിയത് ഈ ലോകത്ത് പെരുമാറിയാൽ, കർമ്മം ചെയ്തു കൊണ്ടിരുന്നാൽ, രക്ഷ പ്രാപിക്കുക പ്രയാസം എന്നായിരുന്നു. കുരുക്ഷേത്രത്തിൽ പടവെട്ടിയാൽ മോക്ഷം ലഭിക്കുകയേലെന്ന് അർജ്ജുനൻ ചിന്തിച്ചതു പോലെ. എന്നാൽ പിതാക്കൻമാരുടെ മാനുഷിക ചിന്താഗതിയെ തിരുത്തികൊണ്ട് തിരുസഭാധികാരത്തിന്റെ വക്താവായ മെത്രാനച്ചൻ പറഞ്ഞു, ലോകത്ത് പെരുമാറികൊണ്ട് സമുദായസേവനം ചെയ്യാൻ ഉപകരിക്കുന്ന സന്ന്യാസമാണ് പഠിപ്പും കഴിവുമുള്ള നിങ്ങളുടെ

സ്വധർമ്മമെന്ന്. അതായത് അവർക്കും അവരുടെ അനുയായി കൾക്കുമായി പരിശുദ്ധാരൂപി നിർദ്ദേശിച്ചു തന്നിട്ടുള്ള സ്വധർമ്മമാണ് കർമ്മോത്സുക സന്ന്യാസം. ഇക്കാര്യത്തിൽ ഒട്ടും സംശയം വേണ്ട. താരതമ്യേന ക്ലേശകരമായ ഈ സ്വധർമ്മം ഏറ്റുവാങ്ങി ജീവിതത്തിൽ അനുവർത്തിക്കുകയും, സഹസന്ന്യസികളെ അതിനു പ്രേരി പ്പിക്കുകയും ചെയ്തുവെന്നതാണ് ചാവറയച്ചന്റെ ഏറ്റവും വലിയ നേട്ടമെന്ന് പറയണം. അതുതന്നെ സി. എം. ഐ. സഭയുടെ സിദ്ധിയും. പക്ഷേ ഈ സിദ്ധിയെ വേണ്ടതുപോലെ മനസ്സിലാക്കേണ്ടതുണ്ട്. വലിയൊരു ദൗത്യവും വെല്ലുവിളിയും ഉൾക്കൊള്ളുന്നൊരു സിദ്ധിയാണത്.

സ്ഥാപകപിതാക്കൻമാരും, പിൻഗാമികളും വിളിക്ക പ്പെട്ടിരിക്കുന്നത്, അവർക്കു സ്വധർമ്മമായി പരിശുദ്ധാരൂപി നിർദ്ദേശിച്ചു കൊടുത്തിരിക്കുന്നത്, കർമ്മോത്സുകസന്ന്യാസമാണെന്ന് പറഞ്ഞല്ലോ. അതായത് സന്ന്യസ്തരായ സമുദായ സേവകർ എന്നതാണ് അവരുടെ വിളി അഥവാ സ്വധർമ്മം. ഇത് വെറും സാമൂഹ്യസേവനത്തിനുള്ള വിളിയല്ല എന്നതാണ് മനസ്സിലാക്കി യിരിക്കേണ്ട പ്രധാനകാര്യം. സന്ന്യസ്തരായിരുന്നുകൊണ്ട്, സന്ന്യാസ ചൈതന്യത്തിൽ വർത്തിച്ചുകൊണ്ട്, സന്ന്യാസവ്രതബദ്ധരായി ജീവിച്ചുകൊണ്ട് സമുദായ സേവനം ചെയ്യുക എന്നതാണ് ഇവിടെ വിവക്ഷിക്കുന്ന സ്വധർമ്മം. ഇതിനെയാണ് കർമ്മയോഗം എന്ന് ഭാരതീയർ വിളിച്ചിരുന്നത്. ‘‘യോഗസ്ഥഃ കരു കർമ്മാണി’’ എന്നാണ് ഇതു സംബന്ധിച്ച് ഗീത തരുന്ന ഉപദേശം. യോഗസ്ഥനാ യിരുന്നുകൊണ്ട് കർമ്മങ്ങൾ ചെയ്യുക എന്നർത്ഥം. അതായത് പ്രഥമവും പ്രധാനവുമായി ഒരുവൻ യോഗിയാകണം. എന്നിട്ട് ആ യോഗാവസ്ഥയിൽ ഇരുന്നുകൊണ്ട് കർമ്മം ചെയ്യുക. അതാണാവശ്യം. പാലക്കൽ തോമാച്ചനും പോരൂക്കര തോമാച്ചനും ചാവറയച്ചനുമെല്ലാം മുൻപേ തന്നെ കർമ്മനിരതരായിരുന്നു. പള്ളിപ്പുറം സെമിനാരിയിലെ മൽപ്പാനെന്ന നിലയിൽ പാലക്കലച്ചനും, പ്രഗദ്ഭനായൊരു അജ പാലകൻ, വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറി എന്നീ നിലകളിൽ പോരൂക്കരയച്ചനും, ധ്യാനപ്രസംഗകൻ, സെമിനാരി നടത്തിപ്പിൽ സഹായകൻ എന്നീ നിലകളിൽ ചാവറയച്ചനും മുൻപേ തന്നെ കർമ്മ നിരതരായിരുന്നു. പക്ഷേ ഇനിമുതൽ സന്ന്യസ്ത രായിരുന്നുകൊണ്ട്, യോഗസ്ഥരായിരുന്നുകൊണ്ട്, പ്രസ്തുത കർമ്മങ്ങൾ, ലോകസേവനം, തുടരുക എന്ന ദൗത്യമാണ് അവർക്ക് പുതുതായി ലഭിച്ചത്.

ലോകത്ത് പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം എന്ന പോരൂക്കരയച്ചന്റെ ആശങ്കക്ക് പ്രതിവിധി എന്ന നിലയിലാണ്, സന്ന്യസ്തരായിരുന്നുകൊണ്ട് ലോകത്ത് പെരുമാറുകയെന്ന കർമ്മയോഗത്തെ മെത്രാനച്ചൻ നിർദ്ദേശിച്ചത് എന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. രണാങ്കണത്തെ വിടാതെ നിന്ന് യുദ്ധം ചെയ്യുക എന്നു ഉപദേശിക്കപ്പെട്ടപ്പോൾ അർജ്ജുനന്റെ മനസ്സിലും ഏതാണ്ടിപ്രകാരമുള്ളൊരു ശങ്കയാണ് ഉയർന്ന് വന്നത്. അന്നുവരെ ഹൈന്ദവമനസ്സിനെ മഥിക്കുകയും, നിയന്ത്രിക്കുകയും ചെയ്തിരുന്ന കർമ്മസിദ്ധാന്തമായിരുന്ന പ്രസ്തുത ആശങ്കക്കു കാരണം. ഏതൊരു കർമ്മം ചെയ്താലും അതിന് ഫലമുണ്ടാകുമെന്നും, ആ കർമ്മഫലം അനുഭവിച്ചു തീർന്നാലേ മോക്ഷം ലഭിക്കൂ എന്നുമായിരുന്നു കർമ്മ സിദ്ധാന്തം. ഒന്നുകൂടെ വ്യക്തമായി പറഞ്ഞാൽ, ഒരുവൻ നല്ല കർമ്മം ചെയ്താൽ നല്ല ഫലവും, ദുഷ്കർമ്മം ചെയ്താൽ ദുഷ്ഫലവും ഉണ്ടാകും. കർമ്മവും കർമ്മഫലവും നല്ലതായാലും, ചീത്തയായാലും ഒരുവനെ സംസാരാവസ്ഥയിൽ തളച്ചിടുന്നു. ആ കർമ്മഫലം അനുഭവിച്ചു തീർന്നാലേ അയാൾക്ക് മോക്ഷത്തിനർഹതയുള്ളൂ. അതുകൊണ്ട് കർമ്മം, അതു നല്ലതായാലും ചീത്തയായാലും, സംസാരബന്ധനഹേതുവാണ്. അതൊഴിവാക്കാനായി നിവൃത്തി യുള്ളിടത്തോളം കർമ്മം ചെയ്യാതിരിക്കുക, കഴിയുമെങ്കിൽ കർമ്മരംഗമായ സമുദായത്തെ വിട്ട് വനാന്തരങ്ങളിൽ പോയി തപസ്സിരിക്കുക എന്നതായിരുന്നു അന്നത്തെ ചിന്താഗതി. ഇതാണ്, എനിക്ക് യുദ്ധം വേണ്ട, സന്ന്യാസം മതി എന്ന് പറഞ്ഞപ്പോൾ അർജ്ജുനൻ അർത്ഥമാക്കിയത്. അതിനുപകരമായി യുദ്ധം ചെയ്യുകയാണ് ക്ഷത്രിയനായ നിന്റെ സ്വധർമ്മം. അതു ചെയ്തേ പറ്റൂ എന്ന് ശ്രീകൃഷ്ണൻ പറഞ്ഞപ്പോഴും, അർജ്ജുനന്റെ മനസ്സിൽ മുകളിൽ പറഞ്ഞ കർമ്മസിദ്ധാന്തത്തെ ഉപജീവിച്ചുള്ള ഭയം നീണ്ടു നിന്നു. അതു വ്യക്തമാക്കികൊണ്ട് അർജ്ജുനൻ കൃഷ്ണനോട് പറഞ്ഞു: കർമമെന്തായാലും, അതു സ്വധർമമാണെങ്കിൽ പോലും, ബന്ധന ഹേതുവാണല്ലോ. പിന്നെ എന്തിന് അങ്ങ് എന്നെ ഈ ഘോര കർമ്മത്തിന്, യുദ്ധത്തിന്, പ്രേരിപ്പിക്കുന്നു? ഈ ആവലാതിക്ക് ഉത്തരമായി ശ്രീകൃഷ്ണൻ ഉപദശിച്ചുകൊടുത്ത, അന്നുവരെ ഹൈന്ദവ ലോകത്തിന് മിക്കവാറും അജ്ഞാതമായിരുന്നു എന്നു പറയാവുന്ന, ഒരു നൂതന സാധനയാണ് കർമ്മയോഗം.

*കർമ്മയോഗത്തിന്റെ മർമ്മതത്ത്വം*

കർമ്മം ബന്ധനഹേതുവാണ് എന്നത് ശരി തന്നെ. എന്നാൽ എല്ലാ കർമ്മവുമല്ല. സ്വാർത്ഥലാഭത്തിന് വേണ്ടി ചെയ്യുന്ന കർമ്മം മാത്രമാണ് ബന്ധനഹേതു. ലാഭേച്ഛ കൂടാതെ നിസ്വാർത്ഥമായി നിഷ്കാമമായി കർമ്മം ചെയ്യുന്നെങ്കിൽ അത് സംസാര ബന്ധന മുളവാക്കില്ല. പ്രത്യുത, മോക്ഷസാധനയായിട്ട് പരിണമിക്കും. ഒന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ, കർമ്മമല്ല, കർമ്മഫലവുമല്ല, പ്രത്യുത കർമ്മഫലത്തിനു വേണ്ടിയുള്ള സ്വാർത്ഥപരമായ അഭിനിവേശമാണ്, കാമമാണ് സംസാരബന്ധനത്തിനു നിദാനം. അങ്ങനെയുള്ള കാമം കൂടാതെ നിഷ്കാമമായിട്ട് കർമ്മം ചെയ്യുകയാണെങ്കിൽ, അതു മോക്ഷ പ്രാപ്തിക്കുപകരിക്കുമെന്നതാണ് തത്ത്വം. ''കർമ്മണ്യേവാധി കാരസ്തേ, ന ഫലേഷു കദാചന'' എന്നു കൂടെ ഗീത കൂട്ടിചേർത്തിട്ടുണ്ട്. ''നിന്നെ അധികാരപ്പെടുത്തിയിരിക്കുന്നത് കർമ്മം ചെയ്യുവാൻ മാത്രമാണ്, കർമ്മഫലം അന്വേഷിക്കാനല്ല'' എന്നർത്ഥം. അങ്ങനെ നിഷ്കാമമായിട്ട് യുദ്ധമാകുന്ന കർമ്മം ചെയ്യുക എന്ന ഉപദേശമാണ് അർജ്ജുനനു ലഭിച്ചത്. ഏതാണ്ടിതുപോലൊരു ഉപദേശമാണ് സി. എം. ഐ സഭാസ്ഥാപകർക്കും ലഭിച്ചത്. ലോകത്ത് പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം എന്ന അവരുടെ ഭയം അംഗീകരിച്ചുകൊണ്ട് മെത്രാനച്ചൻ പറയുകയാണ്, ലോകത്ത് പെരുമാറികൊണ്ടു തന്നെ രക്ഷ സുനിശ്ചിതമാക്കാൻ ഒരു മാർഗ്ഗമുണ്ടെന്ന്. അതായത് കൊവേന്തയിലെ സന്ന്യാസ ജീവിതം, വനവാസമല്ല. ജനതാ മദ്ധ്യത്തിൽ കൊവേന്ത സ്ഥാപിച്ച്, അതിൽ സന്ന്യാസദീക്ഷ യെടുക്കുക. സന്ന്യാസവ്രതബദ്ധരായിരുന്നുകൊണ്ട്, യോഗസ്ഥരാ യിരുന്നുകൊണ്ട്, നിഷ്കാമമായി കർമ്മം ചെയ്യുക. എങ്കിൽ അതു തങ്ങളുടെ മാത്രമല്ല, മറ്റുള്ളവരുടേയും മോക്ഷപ്രാപ്തിക്ക്, രക്ഷക്ക്, ഉപകരിക്കും എന്ന് സാരം. ഇതാണ് സി. എം. ഐ. സഭക്ക് ലഭിച്ച കർമ്മയോഗത്തിനുള്ള ആഹ്വാനം. ഈ ആഹ്വാനത്തിന് പൂർണ്ണമായി പ്രതികരിച്ചുവെന്നതാണ് ചാവറയച്ചന്റെ മാഹാത്മ്യം. തികഞ്ഞൊരു സന്ന്യാസിയായിരുന്നുകൊണ്ട് നിസ്വാർത്ഥമായി, നിഷ്കാമമായി, അദ്ദേഹം കർമ്മം ചെയ്തു. സമുദായത്തിന്റെയും സഭയുടേയും നന്മയെന്ന ഒരേയൊരു ലക്ഷ്യമല്ലാതെ സ്വാർത്ഥ ലാഭേച്ഛ ലവലേശം പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ''നിങ്ങളോടു കൽപ്പിച്ചിരി ക്കുന്നതെല്ലാം ചെയ്തു കഴിയുമ്പോൾ പറയുക, 'ഞങ്ങൾ അയോഗ്യരായ ഭൃത്യർ മാത്രം, ഞങ്ങൾ കടമ നിർവഹിച്ചതേ ഉള്ളൂ'

എന്ന്'' (ലൂക്ക 17:10). യേശുവിന്റെ ഈ വാക്കുകളായിരുന്നു ചാവറയച്ചന്റെ കർമ്മോത്സുക ജീവിതത്തിന് ചൈതന്യം പകർന്നത്. 'നിങ്ങളുടെ വലതു കൈ ചെയ്യുന്നതെന്തെന്ന് ഇടതുകൈ അറിയാതിരിക്കട്ടെ (മത്താ 6:3) എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കിയ കർമ്മയോഗിയാണ് ചാവറയച്ചൻ.

ചാവറയച്ചൻ ചെയ്ത കർമ്മങ്ങളുടെ, സമുദായ സേവനങ്ങളുടെ, നീണ്ട പട്ടിക ഇവിടെ ആവർത്തിച്ചിട്ടാവശ്യമില്ല. സന്ന്യാസസഭാ സ്ഥാപനത്തിൽ തോമാച്ചൻമാരുടെ വലംകൈയായിട്ട് അദ്ദേഹം പ്രവർത്തിച്ചു. പിന്നീട് ആ സഭയുടെ ആദ്യത്തെ പ്രിയോർ ജനറൾ എന്ന നിലയിൽ നീണ്ട പതിനാറു കൊല്ലം ഭരിച്ചു. ശൈശവാവസ്ഥയെ തരണം ചെയ്തിട്ടില്ലായിരുന്ന സഭയെ ഭരിക്കുക എന്നതിനേക്കാൾ, അതിനാവശ്യമായ വളവും, വെള്ളവും നൽകി ശുശ്രൂഷിക്കുകയും, വളർത്തുകയും, പരിപോഷിപ്പിക്കുകയുമാണ് അദ്ദേഹം ചെയ്തത്. പുതിയ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിലും, പുതിയ അംഗങ്ങളെ പരിശീലിപ്പിച്ചു വളർത്തുന്നതിലും, അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങൾ കുറച്ചൊന്നുമല്ല. അതുപോലെ തന്നെ കേരളസഭയുടേയും, സമുദായത്തിന്റേയും, സർവ്വതോമുഖമായ സുസ്ഥിതിയേയും, വളർച്ചയേയും മുൻനിറുത്തി നിരവധി സേവനങ്ങൾ അദ്ദേഹം ചെയ്തു. ആരാധനാക്രമം ക്രോഡീകരിച്ചു. ഇടവകപള്ളികളിലെ ഭരണക്രമത്തിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കി. ധ്യാനപ്രസംഗം തുടങ്ങിയ ഒട്ടനവധി ആദ്ധ്യാത്മിക പദ്ധതികൾക്ക് തുടക്കം കുറിച്ചു. ആതുരാലയങ്ങൾ സ്ഥാപിച്ചു. സി. എം. സി. സന്ന്യാസിനീസഭയുടെ സ്ഥാപകനെന്നനിലയിൽ അത്യദ്ധ്വാനം ചെയ്തു. സാഹിത്യരചനകൾ നടത്തി, മുദ്രണാലയം സ്ഥാപിച്ചു. എല്ലാറ്റിനുമുപരിയായി കേരളാ സുറിയാനി കത്തോലിക്കരുടെ വികാരി ജനറൾ എന്ന നിലയിൽ നിസ്തുല സേവനങ്ങൾ കാഴ്ചവെച്ചു. റോക്കോസ് ശീശ്മക്കെതിരെ ധീരമായി യുദ്ധം ചെയ്ത് സമുദായത്തിന്റെ വിശ്വാസം സംരക്ഷിച്ചുവെന്നതാണ് ഒരു പക്ഷേ അദ്ദേഹം ചെയ്ത ഏറ്റവും മഹത്തായ സേവനം. ഇങ്ങനെ എണ്ണിയാൽ തീരാത്ത പദ്ധതികളുടെ ഉപജ്ഞാതാവും, നിർവാഹകനുമായിരുന്നു ചാവറയച്ചൻ. പക്ഷേ അതെല്ലാം യോഗസ്ഥനായിരുന്നുകൊണ്ടു ചെയ്തു, അങ്ങനെ കർമ്മയോഗം ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അദ്ദേഹത്തെ വെറുമൊരു സാമൂഹ്യ സേവകനായിട്ട്, കർമ്മത്തിന്റെ തിരക്കിൽ തന്റെ സന്ന്യാസ സമർപ്പണത്തെ കളഞ്ഞുകുളിച്ചവനായിട്ട്, ആരും കാണുകയില്ലെന്നത്

തീർച്ച. ചാവറയച്ചൻ കർമ്മനിരതനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പിന്തുർച്ചക്കാരായ സഭാംഗങ്ങളും കർമ്മ നിരതരാകണം എന്നു മാത്രം പറഞ്ഞാൽ കാര്യമാകില്ല. ചാവറയച്ചനെ കർമ്മയോഗിയായി കാണുക. അദ്ദേഹത്തിന്റെ അനുയായികളും, കർമ്മയോഗികൾ ആകുക. അതാണ് ആവശ്യം.

*മോക്ഷസാധന*

കർമ്മയോഗത്തെ കുറിച്ചുള്ള ഗീതയുടെ പാഠങ്ങളിൽ ഏറ്റവും ആദ്യത്തേത്, പൂർണ്ണമായി കർമ്മത്തെ ത്യജിക്കുക ആർക്കും സാധ്യമല്ല എന്നതാണ്. വനാന്തരത്തിൽ തപസ്സിരിക്കുന്ന മഹർഷി പോലും കുറച്ചെങ്കിലും കർമ്മമനുഷ്ഠിക്കണം. അത്യാവശ്യത്തിനു മാത്ര മെങ്കിലും ഭക്ഷിക്കുക, ശ്വാസോഛ്വാസം ചെയ്യുക എന്നതൊക്കെ ജീവൻ നിലനിറുത്തുവാൻ അനിവാര്യമായ കർമ്മങ്ങളാണല്ലോ. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ കർമ്മം ചെയ്യുക എന്നത് ജീവിത നിയമമാണ്. അക്കാരണത്താൽ കർമ്മത്തെ അപ്പാടെ വേണ്ടെന്ന് വയ്ക്കാമെന്ന അർജ്ജുനന്റെ വ്യാമോഹം അസ്ഥാനത്താണത്രെ. അങ്ങനെ കർമ്മം അനിവാര്യമാണെങ്കിൽ, അതു ബന്ധനമാകാത്ത വിധത്തിൽ എങ്ങനെ ചെയ്യാമെന്ന് മാത്രമാണ് ചിന്തിക്കേണ്ടത്. ചെയ്യേണ്ട കർമ്മങ്ങൾ നിഷ്കാമമായി ചെയ്യുകയെന്നതാണ് ആ മാർഗ്ഗം. അതാണ് നിഷ്കാമ കർമ്മം. സമുദായത്തെ സേവിക്കുക എന്നത് നമ്മുടെ വിശുദ്ധ ധർമ്മമാണ്. പക്ഷേ അങ്ങനെ നിർബന്ധമായി ചെയ്യേണ്ടി വരുന്ന കർമ്മത്തിന് അടിമയാകാതിരിക്കുക. സ്വാർത്ഥതാപൂരണത്തിനുള്ള മാർഗ്ഗമായി കർമ്മങ്ങളെ, ധർമ്മാനുഷ്ഠാനത്തെ, കാണാതിരിക്കുക. എങ്കിൽ അത് മോക്ഷ സാധനയാകും.

കർമ്മം അനിവാര്യമെന്നതുപോലെ കർമ്മഫലവും അനി വാര്യമാണ്. അതായത് കർമ്മം ചെയ്താൽ അതിന് നല്ലതോ, ചീത്തയോ ആയ ഫലവും അവശ്യം ഉണ്ടാകും. നല്ല കർമ്മം നല്ല ഫലത്തേയും, ചീത്ത കർമ്മം ചീത്ത ഫലത്തേയും അവശ്യം പുറപ്പെടുവിക്കുന്നു. അതുകൊണ്ട് കർമ്മഫലം വേണ്ട എന്നു വയ്ക്കാൻ സാധ്യമല്ല. എങ്കിൽ പിന്നെ ഒന്നേ മാർഗ്ഗമുള്ളൂ. കർമ്മ ഫലത്തിൽ ആസക്തിയില്ലാതിരിക്കുക. അതേ സംബന്ധിച്ച് നിഷ്പക്ഷത പാലിക്കുക. അതാണ് നിഷ്കാമകർമ്മം. ഇവിടെ ത്യജിക്കുന്നത് കർമ്മത്തെയല്ല, കർമ്മഫലത്തെയുമല്ല. കർമ്മ ഫലത്തിലുള്ള കാമത്തെ, സ്വാർത്ഥതാത്പര്യത്തെയാണ്. അതുകൊണ്ട് നിസ്വാർത്ഥതയാണ് നിഷ്കാമ കർമ്മത്തിന്റെ കാതൽ.

നമ്മുടെ കർമ്മത്തിന്റെ ഫലം വിജയമായിരിക്കാം, പരാജയമായിരിക്കാം. തിരികെ ലഭിക്കുന്നത് സ്തുതിയായിരിക്കാം, നിന്ദയായിരിക്കാം. അത് എന്തായാലും നിഷ്പക്ഷത പാലിക്കുക. പ്രയത്നത്തിന്റെ ഫലമെന്തായാലും സമചിത്തതയോടും സന്തോഷത്തോടും കൂടി സ്വീകരിക്കുക. ദൈവചിത്തത്തിന് പൂർണ്ണ വിധേയത്വം കാണിക്കുക. ഇങ്ങനെ നിഷ്കാമമായി കർമ്മം ചെയ്യുക അത്ര എളുപ്പമല്ല എന്നത് വ്യക്തം. അതിനൊരു പ്രത്യേക കഴിവു തന്നെ വേണം. അതുകൊണ്ടത്രേ "കർമ്മസു കൗശലം യോഗഃ" എന്ന് കർമ്മയോഗത്തെ ഗീത നിർവചിച്ചിരിക്കുന്നത്. കർമ്മത്തിലുള്ള കൗശലമാണത്രെ യോഗം. അതായത് നിഷ്കാമമായി, നിസ്വാർത്ഥമായി, കർമ്മഫലത്തിൽ ആസക്തിയൊന്നും കൂടാതെ, കർമ്മം ചെയ്യാനുള്ള കൗശലമാണ്, കഴിവാണ് കർമ്മയോഗം. അതൊരു സിദ്ധിയാണ്. നിരന്തര പരിശ്രമവും, ഈശ്വരോപാസനയും വഴി സമ്പാദിച്ചെടുക്കേണ്ടൊരു സിദ്ധി. അനിതരസാധാരണമായ വിധത്തിൽ ഈ സിദ്ധി ചാവറയച്ചന് ഉണ്ടായിരുന്നു.

കർമ്മയോഗത്തെ മറ്റൊരു വിധത്തിൽ കൂടി ഗീത നിർവചിക്കുന്നുണ്ട്. അതായത്, "സമത്വം യോഗ ഉച്യതേ" എന്ന്. കർമ്മഫലത്തെ സംബന്ധിച്ചിടത്തോളം സമചിത്തത പാലിക്കുകയാണ് യോഗമെന്നർത്ഥം. ജയപരാജയങ്ങളേയും, സുഖദുഃഖങ്ങളേയും സമഭാവനയോടെ, സമചിത്തതയോടെ, സദാ സന്തുഷ്ടമനസ്സോടെ സ്വീകരിക്കുക. ക്രൈസ്തവസങ്കേതത്തിൽ വിശുദ്ധ നിഷ്പക്ഷത (holy indifference) എന്നതിനു പേർ. സ്ഥിതപ്രജ്ഞത എന്ന ആപരനാമത്തിൽ ഗീതയുടെ രണ്ടാം അദ്ധ്യായം ഇതിനെ വിവരിച്ചിട്ടുണ്ട്. തികഞ്ഞൊരു സ്ഥിതപ്രജ്ഞനായിരുന്നു ചാവറയച്ചൻ എന്ന് അതിശയോക്തി കൂടാതെ പറയാം. നിഷ്കാമ കർമ്മത്തെകുറിച്ച് പറയുമ്പോൾ ഒരു ചോദ്യം സംഗതമാണ്. പൂർണ്ണമായും ഫലേച്ഛ കൂടാതെ നൂറു ശതമാനവും നിഷ്കാമമായിട്ട്, കർമ്മം ചെയ്യുവാൻ മനുഷ്യനു സാധ്യമോ? സാധാരണഗതിയിൽ സാധ്യമല്ല തന്നെ. എന്തെങ്കിലും ഉദ്ദേശ്യം കൂടാതെ ഒരു കാര്യം ചെയ്യുക ബുദ്ധിയും മനസ്സുമുള്ള ഒരു മനുഷ്യന് അസാദ്ധ്യമാണ്. അങ്ങനെയാണെങ്കിൽ നിഷ്കാമകർമ്മമെന്നത് അപ്രായോഗികമായൊരു ആദർശം മാത്രമല്ലേ? ഈ പ്രശ്നത്തിന് ഉത്തരമായി ഗീത ചൂണ്ടികാണിക്കുന്നത് ഈശ്വരന്റെ കർമ്മത്തെയാണ്. ഒന്നാമതായി സൃഷ്ടികർമ്മം. ഇല്ലാതിരുന്ന സൃഷ്ടികൾക്ക് അസ്തിത്വം നൽകുന്ന ഈശ്വരന്റെ കർമ്മമാണത്. അതായത്, സ്വന്തം അസ്തിത്വത്തിൽ

പങ്കുനൽകികൊണ്ട് സൃഷ്ടികൾക്ക് ഉണ്മയും ഉയിരും നൽകുന്നു ഈശ്വരൻ. ആത്മദാനം ചെയ്തുകൊണ്ട് അവിടുന്ന് സൃഷ്ടികളെ ജനിപ്പിക്കുന്നു, ജീവിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൽ എന്താണ് ഈശ്വരന്റെ ഉദ്ദേശ്യം? സ്വാർത്ഥലാഭത്തിനല്ല അവിടുന്ന് സൃഷ്ടികർമ്മം ചെയ്യുന്നത് എന്നത് തീർച്ച. കാരണം എല്ലാറ്റിന്റെയും ഉടമയായ അവിടുത്തേക്ക് തനിക്കായിതന്നെ ഒന്നും നേടുവാനില്ല. അവിടുത്തേക്ക് ഇല്ലാത്തതായി ഒന്നുമില്ല എന്നതു കൊണ്ടു തന്നെ. എങ്കിൽ മറ്റുള്ളവരുടെ, സൃഷ്ടികളുടെ നന്മ, അവരുടെ ഉള്ളായ്മ മാത്രമാണ് സൃഷ്ടികർമ്മത്തിൽ ഈശ്വരന്റെ ഉദ്ദേശ്യം. അങ്ങനെ നോക്കുമ്പോൾ സ്വാർത്ഥ ലാഭേച്ഛ അല്പം പോലുമില്ലാത്ത നിഷ്കാമമായ കർമ്മമാണ് ഈശ്വരന്റെ സൃഷ്ടികർമ്മമെന്നത് വ്യക്തം. അതിനെ അനുകരിച്ച് കർമ്മം ചെയ്യുക എന്നാണ് ഗീത ഉപദേശിക്കുന്നത്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. നിഷ്കാമമായി കർമ്മം ചെയ്യുക എന്നു പറയുമ്പോൾ, ഒരു ലക്ഷ്യവുമില്ലാതെ കർമ്മം ചെയ്യണം എന്നല്ല അർത്ഥം. പ്രത്യുത സ്വാർത്ഥ താത്പര്യങ്ങളൊന്നും അതിൽ ഉണ്ടാകരുത് എന്ന് മാത്രമാണ്. നിസ്വാർത്ഥ സേവനമാണ് നിഷ്കാമ കർമ്മം. ചാവറയച്ചന്റെ സേവനമെല്ലാം ഇപ്രകാരമായിരുന്നു.

*കർമ്മം യജ്ഞമായി മാറണം*

ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ഓരോ കർമ്മവും, യജ്ഞമായിരിക്കണമെന്ന് ഗീത നിഷ്കർഷിക്കുന്നത്. ‘‘യജ്ഞാർത്ഥാത് കർമ്മ സമാചര’’ എന്നാണ് ഗീതാ വാക്യം. യജ്ഞം ചെയ്യുക എന്നു പറഞ്ഞാൽ ദാനം ചെയ്യുക എന്നാണ് മൂലാർത്ഥം. യജ് എന്ന ധാതുവിന്റെ അർത്ഥം അതാണ്. ‘‘യജ് ദാനേ’’ എന്ന് വ്യാകരണ പാഠം. ഒരുവൻ യജ്ഞം ചെയ്യുമ്പോൾ തന്നെ തന്നെയോ, തനിക്കുള്ള എന്തിനെയെങ്കിലുമോ ഈശ്വരന് സമർപ്പണം ചെയ്യുകയാണല്ലോ. എങ്കിൽ ആത്മദാനമാണ് യജ്ഞത്തിന്റെ കാതൽ. അതുകൊണ്ടാണ് ഈശ്വരന്റെ സൃഷ്ടികർമ്മത്തെ ആദ്യത്തെ യജ്ഞമായിട്ട് ഹൈന്ദവ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഈശ്വരൻ സ്വന്തം അസ്തിത്വം സൃഷ്ടികൾക്കു പങ്കിട്ടു കൊടുത്ത യജ്ഞമാണത്. ആ ഈശ്വരനെ അനുകരിച്ച് മറ്റുള്ളവർക്ക് നാം നൽകുന്ന ആത്മദാനമാകണം നമ്മുടെ ഓരോ കർമ്മവും. ‘‘യജ്ഞാർത്ഥാത് കർമ്മ സമാചര’’ എന്ന് മുകളിൽ ഉദ്ധരിച്ച ഗീതാവാക്യത്തിന്റെ അർത്ഥമിതാണ്. മറ്റുള്ളവരെ വളർത്താനായിട്ട്, അവർക്ക് കൂടുതൽ ജീവനും ഐശ്വര്യവും ലഭിക്കുവാനായിട്ട് തന്നെത്തന്നെ ദാനം ചെയ്യുക. അതാണ്

കർമ്മയോഗം. അങ്ങനെ ചെയ്യുന്നതുവഴി നമ്മൾ പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയാണ്. അവിടുത്തെ സൃഷ്ടികർമ്മം തുടരുകയാണ്. അവിടുത്തെ സൃഷ്ടിയെ ഉത്തരോത്തരം പൂർണ്ണതയിലേക്ക് നയിക്കുകയാണ്. ഇങ്ങനെ നോക്കുമ്പോൾ വളരെ ക്രിസ്തീയമായൊരു പ്രമേയമാണ് നിഷ്കാമകർമമെന്നത്. അതിന്റെ പ്രവാചകനാണ് ചാവറയച്ചൻ. മറ്റുള്ളവരെ വളർത്തുവാൻ വേണ്ടി തന്നെത്തന്നെ പൂർണ്ണമായും ദാനം ചെയ്ത കർമ്മയോഗി.

ഇനിയും നിഷ്കാമകർമ്മത്തിനു മാതൃകയായിട്ട് ഗീത ചൂണ്ടി കാണിക്കുന്നത് ഈശ്വരന്റെ അവതാരമാണ്. ധർമ്മത്തിനു ക്ഷയവും അധർമ്മത്തിനു വൃദ്ധിയും ഉണ്ടാകുമ്പോഴെല്ലാം ശിഷ്ടരക്ഷണവും, ദുഷ്ടശിക്ഷണവും ധർമ്മസംസ്ഥാപനവും ലക്ഷ്യമാക്കി ഈശ്വരൻ ഏതെങ്കിലും സൃഷ്ടിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നാണ് അവതാരസിദ്ധാന്തം. ഇതിന്റെ വിശദാംശങ്ങളെ മറന്നുകളഞ്ഞാൽ തന്നെയും, ധർമ്മസ്ഥാപനത്തിനായി ഈശ്വരൻ മനുഷ്യനായി അവതരിച്ചു എന്നത് ക്രൈസ്തവർക്കും സ്വീകാര്യമാണല്ലോ. അങ്ങനെ അവതരിച്ച ദൈവമാണ് ക്രിസ്തു. ഈ അവതാരകർമ്മത്തിൽ ഈശ്വരന്റെ ഉദ്ദേശ്യമെന്താണെന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. സൃഷ്ടികർമ്മത്തെകുറിച്ചു പറഞ്ഞതുപോലെതന്നെ ഇക്കാര്യത്തിലും സ്വന്തമായൊന്നും നേടുവാനല്ല ഈശ്വരൻ, സകലത്തിന്റെയും ഉടമയായ ഈശ്വരൻ അവതാരമെടുക്കുന്നത്. കാരണം അവിടുത്തേക്ക് ഇല്ലാത്തതായി ഒന്നുമില്ല. അക്കാരണത്താൽ സൃഷ്ടിയുടെ അഥവാ മനുഷ്യന്റെ നന്മ ഒന്നുമാത്രം ലക്ഷ്യമാക്കിയാണ് ഈശ്വരൻ അവതാരമെടുക്കുന്നത്. അതനുകരിച്ച് നിഷ്കാമമായി, പരനന്മ മാത്രം മുന്നിൽ കണ്ടുകൊണ്ട് കർമ്മം ചെയ്യുന്നവനാണ് കർമ്മയോഗി. 'ലോകസംഗ്രഹാർത്ഥം കർമ്മം ചെയ്യുക' എന്ന ഗീതാ വാക്യത്തിന്റെ അർത്ഥമിതാണ്. ലോകസംഗ്രഹം, അതായത് ലോക രക്ഷ മാത്രം ലക്ഷ്യമാക്കി ഈശ്വരൻ അവതരിക്കുന്നു. ലോകത്ത് കർമ്മനിരതനാകുന്നു. അതുപോലെ കർമ്മയോഗിയും സമുദായത്തിൽ കർമ്മനിരതനായി വർത്തിക്കുന്നു. അതാണ് ചാവറയച്ചൻ ചെയ്തത്. അതിലൂടെ അദ്ദേഹം യേശു നിർവഹിച്ച രക്ഷണകർമ്മത്തിൽ പങ്കുചേരുകയായിരുന്നു. യേശുവിലൂടെ സാധിതമായ രക്ഷയെ സഹോദരങ്ങളിലേക്ക് എത്തിക്കുകയായിരുന്നു. ലോകസംഗ്രഹാർത്ഥം കർമ്മം ചെയ്ത ചാവറയച്ചനെയാണ് നമ്മളിവിടെ ദർശിക്കുക.

ഈശ്വരനെ അനുകരിച്ചു കർമ്മം ചെയ്യുന്നവനാണ് കർമ്മയോഗി എന്നാണല്ലോ മുകളിൽ പറഞ്ഞത്. ഈശ്വരനെ

പൂർണ്ണമായും അനുകരിക്കുക സാധ്യമാണോ? പ്രത്യേകിച്ച് നിസ്വാർത്ഥതയുടെ കാര്യത്തിൽ, എന്നു ചോദിച്ചേക്കാം. അതു സാധ്യമല്ല എന്നു തോന്നിപ്പോകാം. പക്ഷേ യേശുവും തന്റെ അനുയായികളോട് പ്രത്യക്ഷത്തിൽ അസാധ്യമെന്നു തോന്നിപ്പോകുന്നൊരു കാര്യം ആവശ്യപ്പെടുന്നുണ്ട്. 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെപോലെ പരിപൂർണ്ണരാകണം'(മത്താ: 5: 48). ദുഷ്ടരുടെ മേലും ശിഷ്ടരുടെ മേലും ഒരുപോലെ തന്റെ സൂര്യനെ ഉദിപ്പിക്കുകയും, വിശുദ്ധരുടെ മേലും പാപികളുടെ മേലും തന്റെ മഴ ഒരുപോലെ പെയ്യിക്കുകയും ചെയ്യുന്ന പിതാവിന്റെ പൂർണ്ണതയാണ് യേശു ഉദ്ദേശിക്കുന്നത് (മത്താ: 5: 45). അതായത് ശത്രുമിത്രഭേദമെന്യേ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്നതിൽ വ്യക്തമാകുന്ന പൂർണ്ണത. ഗീത നിർദ്ദേശിക്കുന്ന ഈശ്വരാനുകരണവും തജ്ജന്യമായ കർമ്മയോഗവും അർത്ഥമാക്കുന്നതും അതുതന്നെ. ആ നിലക്ക് ചാവറയച്ചൻ തികഞ്ഞൊരു കർമ്മയോഗിയായിരുന്നു. ശത്രുമിത്രഭേദം കൂടാതെ എല്ലാവരേയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്തൊരു കർമ്മയോഗി.

കർമ്മവും കർമ്മഫലവും അനിവാര്യമാണെന്നും, നിഷ്കാമമായിട്ട്, യജ്ഞമായിട്ട് ലോകസംഗ്രഹാർത്ഥം കർമ്മം ചെയ്യണമെന്നുമെല്ലാം പറയുമ്പോൾ ഒരു ചോദ്യം കൂടി പൊന്തിവരാം. എന്തു കർമ്മമാണ് ചെയ്യേണ്ടത്? അതിനുള്ള ഉത്തരമാണ് സ്വധർമ്മമെന്നത്. സമുദായത്തിൽ ഓരോ വ്യക്തിക്കും ഈശ്വരനിശ്ചിതമായ സ്ഥാനവും, അതിന്റെ ദൗത്യവുമുണ്ട്. അതാണ് സ്വധർമ്മം. ഹൈന്ദവ പാരമ്പര്യത്തിലെ വർണ്ണാശ്രമങ്ങളാണ് സ്വധർമ്മത്തെ നിർണ്ണയിക്കുക. അതായത് സമുദായത്തിലെ ഓരോ വ്യക്തിയും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശുദ്രൻ എന്നീ വർണ്ണങ്ങളിൽ ഒന്നിൽപെടുന്നു. അതുപോലെതന്നെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെയുള്ള ഏതെങ്കിലും ഒരാശ്രമത്തിലും പെടുന്നു. പ്രസ്തുത വർണ്ണവും ആശ്രമവുമായിരിക്കും അയാളുടെ സ്വധർമ്മത്തെ നിശ്ചയിക്കുന്ന ഘടകങ്ങൾ. വേറെവാക്കുകളിൽ ഒരുവന്റെ ജീവിതാവസ്ഥയും സമൂഹത്തിലെ അയാളുടെ സ്ഥാനവും ആവശ്യപെടുന്ന കടമയാണ് അയാളുടെ സ്വധർമ്മം. ക്ഷത്രിയനായ ഒരു ഗൃഹസ്ഥന്റെ സ്വധർമ്മം, ക്ഷത്രിയ വർണ്ണത്തിലെ ഗൃഹസ്ഥൻ എന്ന നിലയിലുള്ള കടമകളാണ്. ബ്രാഹ്മണനായ ബ്രഹ്മചാരിക്ക് ആ വർണ്ണവും ആശ്രമവും ആവശ്യപ്പെടുന്ന കടമകളായിരിക്കും സ്വധർമ്മം.

ഇങ്ങനെ സ്വധർമ്മം ഇന്നതെന്നു നിശ്ചയിച്ചു കഴിഞ്ഞാൽ, ഞാൻ അതു ചെയ്യണം, അതു തന്നെ ചെയ്യണമെന്നാണു പ്രമാണം. സമൂഹത്തിൽ എനിക്കായ് നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥാനത്ത് വർത്തിച്ചുകൊണ്ട്, ആ സ്ഥാനത്തിന്റെ ദൗത്യം ഞാൻ തന്നെ നിർവഹിക്കണം. സ്വധർമ്മം വിട്ടിട്ട് മറ്റെന്തു ഞാൻ ചെയ്താലും അതു കൃത്യവിലോപമായിരിക്കും. അതു മോക്ഷപ്രാപ്തിക്കുതകുകയില്ല. മറിച്ച് പാപമായിരിക്കും എനിക്ക് ലഭിക്കുക. സ്വധർമ്മത്തേക്കാൾ പ്രത്യക്ഷത്തിൽ സമുദായത്തിൽ മതിക്കപെടുന്നതും മെച്ചപ്പെട്ടതുമായ ജോലികൾ പലതുണ്ടായിരിക്കാം. പക്ഷേ അതൊന്നും എനിക്കുള്ളതല്ല. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉത്തമമായത് സ്വധർമ്മമാണ്. അതെത്ര ഹീനമാണെങ്കിലും, ദുഷ്കരമാണെങ്കിലും, സ്വധർമ്മം വിട്ടിട്ട് ഞാൻ എന്റെ ഇഷ്ടവും അഭിരുചിയുമനുസരിച്ച് മറ്റെന്തെങ്കിലും ചെയ്യാൻ പോയാൽ അതുവഴി ഞാൻ എനിക്കു തന്നെയല്ല, സമുദായത്തിനു മുഴുവനും ഹാനി വരുത്തുകയാകും. കാരണം, സമൂഹത്തിൽ ഞാൻ ചെയ്യേണ്ടിയിരുന്ന ജോലി നിർവഹിക്കപെടാതാകുന്നു. അങ്ങനെ സമൂഹത്തിന്റെ ഭദ്രതക്ക് കോട്ടം വരുന്നു. സമൂഹത്തിനു ഞാൻ നൽകേണ്ട സേവനം നൽകാതെ പോകുന്നു. എനിക്കു വേണ്ടി മറ്റാർക്കും പ്രസ്തുത ജോലി ചെയ്യാനും സാധ്യമല്ല. കാരണം അവരാരും അതിനുവേണ്ടി നിയുക്തരല്ല. അവർക്ക് അവരുടേതായ മറ്റു ദൗത്യങ്ങളുണ്ട്.

ചുരുക്കത്തിൽ എല്ലാവരും സ്വധർമ്മം ചെയ്താലേ, സ്വധർമ്മം മാത്രം ചെയ്താലേ, സ്വധർമ്മം മുഴുവൻ ചെയ്താലേ സമൂഹത്തിന്റെ ഭദ്രതയും സുരക്ഷിതത്വവും കരഗതമാകൂ. അതുപോലെ തന്നെ സ്വധർമ്മത്തിൽ തൃപ്തി കാണാനും എല്ലാവർക്കും സാധിക്കണം. അതു നിർവഹിക്കുന്നതിനുണ്ടാകുന്ന തടസ്സങ്ങളെല്ലാം അവഗണിക്കുകയും വേണം. സ്വധർമ്മമായ യുദ്ധം ഉപേക്ഷിച്ച് പ്രത്യക്ഷത്തിൽ മഹത്തായ വനവാസത്തിനു പോകാനാണ് അർജ്ജുനൻ തുനിഞ്ഞത്. ആ നീക്കം ശരിയല്ല എന്നു ചൂണ്ടികാണിച്ച് സ്വധർമ്മമായ യുദ്ധം നിഷ്കാമമായി ചെയ്യുവാനാണ് ശ്രീകൃഷ്ണൻ അയാളെ ഉപദേശിച്ചത്. അതുപോലെ തന്നെ സമൂഹത്തെ വിട്ടിട്ട്, ജനസേവനമെന്ന സ്വധർമ്മം അവഗണിച്ചിട്ട് വനവാസത്തിനു പോകാൻ ഒരുമ്പെട്ട സി. എം. ഐ. സഭാ സ്ഥാപകൻമാരുടെ നീക്കം ശരിയല്ല എന്നു ചൂണ്ടികാണിച്ചിട്ട് കൊവേന്തയിൽ യോഗസ്ഥരായി ജീവിച്ചു കൊണ്ട് പരസേവനമെന്ന സ്വധർമ്മം നിർവഹിക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും, ആഹ്വാനം ചെയ്യുകയും ചെയ്തു തിരുസഭാ

ധികാരികൾ. ആ പൈതൃകം ഏറ്റുവാങ്ങി തികഞ്ഞ ആത്മാർത്ഥത യോടെ പ്രത്യുത്തരിച്ച കർമ്മയോഗിയാണ് ചാവറയച്ചൻ.

പിൽക്കാലത്ത് ചിലരെല്ലാം വർണ്ണാശ്രമ സിദ്ധാന്തത്തെ വികൃതമായി വ്യാഖ്യാനിക്കുകയും, അധാർമ്മികമായി പ്രയോഗി ക്കുകയും ചെയ്തു എന്നത് വിസ്മരിച്ചിട്ടാവശ്യമില്ല. എന്നിരുന്നാലും അതിന് അടിസ്ഥാനമായി നിൽക്കുന്ന തത്ത്വം തർക്കത്തിന തീതമാണെന്ന് സമ്മതിക്കണം. അതാത് സമുദായത്തിൽ ഓരോ വ്യക്തിയും ആയിരിക്കേണ്ട സ്ഥാനവും, നിർവഹിക്കേണ്ട ദൗത്യവും സ്രഷ്ടാവ് തന്നെ നിർണ്ണയിച്ചിട്ടുണ്ടെന്ന തത്ത്വം. ഓരോ വ്യക്തി യുടേയും അനന്യതയ്ക്കു നിദാനവും അതു തന്നെ. അതു വിവേചി ച്ചറിഞ്ഞു പ്രവർത്തിക്കുന്നതിലത്രേ ജീവിത വിജയം. അതാണല്ലോ സ്വധർമ്മസിദ്ധാന്തം. അതിനുള്ള ക്രൈസ്തവസങ്കേതമാണ് ദൈവവിളി എന്നത്. ദൈവം അനാദി മുതൽ ഓരോ വ്യക്തിക്കും ഓരോ ദൗത്യം നിശ്ചയിച്ചിട്ടുണ്ട്. അതാണ് ദൈവവിളി അഥവാ സ്വധർമ്മം. വി. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമാണ് ഓരോ ക്രൈസ്തവനും. അങ്ങനെ നോക്കുമ്പോൾ സ്വധർമ്മദർശനത്തിന് ക്രൈസ്തവ ജീവിതത്തിൽ കൂടുതൽ അർത്ഥം ലഭിക്കുന്നു. ശരീരത്തിലെ ഓരോ അംഗവും അതതിന്റെ സ്ഥാനത്ത് വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കണം. ആ സ്ഥാനവും ദൗത്യവും വിട്ടിട്ട് മറ്റെന്തു ചെയ്താലും, അതു പ്രസ്തുത അവയവത്തിനും ശരീരത്തിനു മുഴുവനും ഹാനികരമാകും. ഇവിടെ അവയവത്തിന്റെ വലിപ്പമോ, ദൗത്യത്തിന്റെ മഹാത്മ്യമോ ഒന്നുമല്ല പ്രധാന സംഗതി. മറിച്ച് ഓരോ അവയവവും താൻ വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥാനത്ത് തൃപ്തിയോടെ വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം സമർപ്പണ ബോധത്തോടെ നിർവഹിക്കുകയാണ്. നന്നേ വലുപ്പം കുറഞ്ഞൊരു അവയവമാണ് ചെറുവിരൽ. അതിന്റെ ജോലിയും ചെറുതാണ്. പക്ഷേ അതും അതിന്റെ ജോലിയും ശരീരത്തിന്റെ ആകമാനമുള്ള ആരോഗ്യത്തിനും സമഗ്രതക്കും, സൗന്ദര്യത്തിനും അനിവാര്യമാണ്. അതുകൊണ്ട് ചെറുവിരൽ പറയരുത്, താൻ തലയുടെ സ്ഥാനത്ത് വർത്തിച്ചുകൊണ്ട് തലയുടെ ജോലി ചെയ്തുകൊള്ളാമെന്ന്. അങ്ങനെയൊരു അവകാശവാദം ചെറുവിരൽ നടത്തിയാലത്തെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. അതുപോലെ തന്നെ തലയും പറയരുത്, ഞാൻ ശരീരത്തിലെ മറേറതെങ്കിലും സ്ഥാനം

സ്വീകരിച്ചുകൊണ്ട്, ആ സ്ഥാനത്തിന്റെ ദൗത്യം നിർവഹിച്ചു കൊള്ളാമെന്ന്. ചുരുക്കി പറഞ്ഞാൽ ക്രസ്തുവിന്റെ ശരീരമാകുന്ന തിരുസഭയിൽ ഓരോ അംഗവും സ്വസ്ഥാനത്ത് സംതൃപ്തിയോടെ വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം സമർപ്പണ ബോധത്തോടെ നിർവഹിക്കണം. ഇക്കാര്യത്തിൽ വ്യക്തിയും സമൂഹവും ഒരുപോലെ നിഷ്ഠ വയ്ക്കണം. മിശിഹായുടെ ശരീരത്തിൽ തനിക്കു നിശ്ചയിച്ചുകിട്ടിയിട്ടുള്ള സ്ഥലത്തും ജോലിയിലും വ്യക്തി സംതൃപ്തി കാണണം. അതുപോലെതന്നെ സമൂഹം അഥവാ അധികാരികൾ ഓരോ അംഗത്തിനും സഭാഗാത്രത്തിൽ ദൈവം നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് നിന്നുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം നിർവഹിക്കാൻ അനുവാദവും പ്രോത്സാഹനവും നൽകണം. അതിനു പകരം സമൂഹവും അധികാരികളും തന്നിഷ്ടം പോലെ, വ്യക്തികളെ ദൈവദത്തമായ അവരുടെ സിദ്ധികളെയും പ്രത്യേകതകളെയും പരിഗണിക്കാതെ, അങ്ങോട്ടുമിങ്ങോട്ടും വലിച്ചെറിയുകയോ ഓരോരോ ജോലികളിൽ നിയോഗിക്കുകയോ ചെയ്യരുത്. തന്റെ ദൈവവിളി, സ്വധർമ്മം, സമുദായത്തിലും സഭാഗാത്രത്തിലും, തനിക്കുള്ള സ്ഥാനവും ദൗത്യവും, കണിശമായി വിവേചിച്ചറിയുകയും നിഷ്ഠാ പൂർവ്വം അനുവർത്തിക്കുകയും, അങ്ങനെചെയ്യാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്ത കർമ്മ യോഗിയാണ് ചാവറയച്ചൻ.

ഒന്നുകൂടെ തിരിഞ്ഞു നോക്കികൊണ്ട് ലേഖനം ഉപ സംഹരിക്കാം. കർമ്മയോഗത്തിനായിട്ടാണ്, യോഗസ്ഥരായി വർത്തിച്ചുകൊണ്ട് നിഷ്കാമമായി കർമ്മം ചെയ്ത് സമുദായസേവനം ചെയ്യാനാണ്, സി. എം. ഐ. സഭാസ്ഥാപകരും, അനുയായികളും വിളിക്കപ്പെട്ടിരിക്കുന്നത്. ആ വിളിക്ക് ഒഴിവുകഴിവില്ലാതെ പ്രത്യുത്തരിച്ച കർമ്മയോഗിയാണ് ചാവറയച്ചൻ. സമുദായത്തിന്റെ നന്മക്കും അഭിവൃദ്ധിക്കും വേണ്ടി നിസ്വാർത്ഥമായി അത്മാർപ്പണം ചെയ്തു അദ്ദേഹം. പക്ഷേ അതിന്റെ പിന്നിൽ അതിനു നിറം പകർന്നുകൊണ്ട് നിലകൊണ്ടത് അദ്ദേഹത്തിന്റെ സന്ന്യാസ സമർപ്പണമാണ്, യോഗാവസ്ഥയാണ്. പ്രഥമവും പ്രധാനവുമായി അദ്ദേഹം തന്നെത്തന്നെ യേശുപാദത്തിങ്കൽ സമർപ്പിച്ചു. തികഞ്ഞൊരു ബ്രഹ്മനിഷ്ഠനായിരുന്നദ്ദേഹം. പ്രർത്ഥനയുടെ മനുഷ്യൻ. ഏതൊരു പ്രതികൂല സാഹചര്യത്തിലും ദൈവേഷ്ടം നിറവേറണം, നിറവേറ്റണം എന്നൊരു ചിന്തയേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. സേവനത്തിനു പ്രതിഫലമായി അദ്ദേഹം ഒന്നും പ്രതീക്ഷിച്ചില്ല. ആഗ്രഹിച്ചില്ല,

സ്വീകരിച്ചുമില്ല. കല്പിക്കപ്പെട്ടതെല്ലാം ചെയ്തുകഴിയുമ്പോൾ 'കടപ്പെട്ടതു ചെയ്യുകമാത്രം ചെയ്ത അയോഗ്യദാസർ' ഞങ്ങൾ എന്നു പറയാനുപദേശിച്ച യേശുദേവന്റെ വിശ്വസ്ത ശിഷ്യനായിരുന്നു ചാവറയച്ചൻ.

സ്വന്തം പേരിനോ പെരുമക്കോ വേണ്ടിയല്ല ചാവറയച്ചൻ പ്രയത്നിച്ചത്. അവൻ വളരണം, ഞാൻ തളരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതാദർശം. പക്ഷേ അദ്ദേഹമറിയാതെ തന്നെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠ ലഭിച്ചു. ഒരു കർമ്മയോഗി എന്ന പ്രതിഷ്ഠ. ഒരേ സമയത്ത് ദൈവത്തിനും ജനത്തിനും വേണ്ടി ആത്മാർപ്പണം ചെയ്തൊരു സന്ന്യാസവര്യന്റെ ചിത്രം. അനിഷേധ്യനായ, കാര്യപ്രാപ്തിയുള്ള, സമർപ്പണബോധമുള്ളൊരു നേതാവ്. സർവ്വോപരി ദൈവത്തിന്റെ മനുഷ്യൻ. പ്രാർത്ഥനയുടെ മനുഷ്യൻ, വിശുദ്ധൻ. സംഭവബഹുലമായ, കർമ്മനിരതമായ ജീവിതത്തിലൊരിക്കലും മാമോദീസായിൽ കിട്ടിയ ദൈവേഷ്ട പ്രസാദത്തെ നഷ്ടപ്പെടുത്തുന്നതിനിടയായിട്ടില്ല എന്നു മരണസമയത്തു ഉറപ്പിച്ചു പറയുവാൻ കഴിഞ്ഞതാണദ്ദേഹത്തിന്റെ വിജയരഹസ്യം. അതാണ് അദ്ദേഹത്തെ യഥാർത്ഥത്തിൽ കർമ്മയോഗിയാക്കിയത്. പിന്നീട് മർസലീനോസ് എന്ന മിഷനറി ചാവറയച്ചനെ കുറിച്ചു പറഞ്ഞു, 'കുരിയാക്കോസ് ചാവറയച്ചൻ എന്ന പുഷ്പം മാത്രമേ മാന്നാനത്തു വിരിഞ്ഞുള്ളൂ എങ്കിൽ തന്നെയും, പാലയ്ക്കൽ തോമാ മല്പാന ച്ചന്റെയും, പോരൂക്കര തോമാച്ചന്റെയും പ്രയത്നത്തിന് തക്കഫലം കിട്ടിയെന്ന് ന്യായമായി പറയാം' എന്ന്. അദ്ദേഹം ചെന്നിടങ്ങ ളിലെല്ലാം ശാന്തത നിറഞ്ഞൊഴുകി. അദ്ദേഹത്തിലൂടെ യേശുവിന്റെ ശാന്തിയും, സന്ദേശവും ജനങ്ങളിലേയ്ക്കൊഴുകി. ചിലർ ചാവറയച്ചനെതിരായി തഹസിൽദാരുടെ പക്കൽ ഹർജി ബോധിപ്പിച്ചു. ഹൈന്ദവനായ ആ ഉദ്യോഗസ്ഥൻ, ചാവറയച്ചനെ പരിചയപ്പെട്ടശേഷം പ്രസ്താവിച്ചത് ഇപ്രകാരമാണ്: 'അദ്ദേഹം ഒരു ദിവ്യ പുരുഷനാകുന്നു. ഇത്ര മഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഇദ്ദേഹത്തെ പറ്റി പരാതി ബോധിപ്പിച്ചവർ മഹാദുഷ്ടരും, ഈശ്വരകോപത്തിനർഹരുമത്രേ.' അതെ, ഈശ്വരപ്രസാദം നിറഞ്ഞവനായി, ദിവ്യ പുരുഷനായി വർത്തിച്ചുകൊണ്ട്, ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിലല്ലാതെ ജീവിച്ചുകൊണ്ട്, നിസ്വാർത്ഥമായി, നിഷ്കാമമായി, സ്വധർമ്മം ചെയ്ത കർമ്മ യോഗിയാണ് ചാവറയച്ചൻ.

ചാവറയച്ചന്റെ പിൻഗാമികൾ ഇന്ന് കർമ്മ നിരതരാണ്. സംശയമില്ല. പക്ഷേ കർമ്മയോഗികളാണോ എന്നതാണ് പ്രശ്നം. യോഗസ്ഥരായി, സന്ന്യാസസമർപ്പണത്തിൽ അടിയുറച്ചു നിന്നുകൊണ്ടാണോ അവരുടെ കർമ്മജീവിതം? കർമ്മങ്ങളുടെ മദ്ധ്യത്തിൽ, കർമ്മങ്ങളുടെ അടിയൊഴുക്കിൽ, സന്ന്യാസസമർപ്പണം തേഞ്ഞുമാഞ്ഞ് ഇല്ലാതാകുന്നില്ലേ? വെറും സാമൂഹ്യപ്രവർത്തകരും, ഗ്രാമസേവകരും വിദ്യാഭ്യാസപ്രവർത്തകരുമെല്ലാമായിട്ട് തരം താണു പോകാനുള്ള അപകടം ഉണ്ടെന്ന് സമ്മതിക്കണം. അങ്ങനെയുള്ള അപകടം തടയണമെങ്കിൽ നിസ്വാർത്ഥതയും, നിഷ്കാമത്വവു മൊക്കെയാകണം കർമ്മങ്ങളുടെ മുഖമുദ്ര. ദൈവേഷ്ടം നിറവേറ്റണം, സർവ്വതോമുഖമായ അഭിവൃദ്ധി, എല്ലാറ്റിനുമുപരിയായി അധ്യാത്മികാ ഭിവൃദ്ധി ഉണ്ടാകണം എന്നതൊക്കെയാകണം ലക്ഷ്യം. എനിക്കല്ല, ദൈവത്തിനുമാത്രം സ്തുതിയെല്ലാം എന്ന മനോഭാവമുണ്ടാകണം. സ്വന്തം പേരും പെരുമയും, സ്ഥാനവും മാനവും, നിലയും വിലയുമെല്ലം ഉറപ്പിച്ചെടുക്കുവാനുള്ള വ്യഗ്രത വെടിയണം. സ്വയം തളർന്നുകൊള്ളട്ടെ, യേശു വളരട്ടെ എന്ന യോഗസ്ഥന്റെ ആദ്ധ്യാത്മീക വീക്ഷണം വളർത്തിയെടുക്കണം. പ്രവർത്തനങ്ങളുടെ ഫല പ്രാപ്തിയെ കുറിച്ചുള്ള ആകുലത വെടിയണം. ദൈവതൃക്കരങ്ങളിൽ നിന്ന് വിജയവും പരാജയവും ഒരുപോലെ സന്തോഷപൂർവ്വം എറ്റുവാങ്ങാനുള്ള സമചിത്തത, നിഷ്പക്ഷത, സ്ഥിതപ്രജ്ഞത ഉണ്ടാകണം. പരാജയത്തിൽ നിരാശരോ, നഷ്ടധൈര്യരോ ആകരുത്. ദൈവം തന്നു, ദൈവം എടുത്തു, അവിടുത്തേക്ക് സ്തുതി എന്ന് എല്ലായ്പ്പോഴും, പ്രവർത്തനങ്ങൾ അമ്പേ പരാജയപ്പെടുമ്പോഴും, പറയുവാൻ സാധിക്കണം. വിജയത്തിലാകട്ടെ, "ദൈവം ചെയ്യിച്ച തൊക്കെയും എന്റെ വശമോ?" എന്ന ചാവറയച്ചന്റെ മനോഭാവം സ്വീകരിക്കുക. വിജയത്തിൽ മതിമറന്ന് ആനന്ദിക്കുകയോ അഹങ്കരി ക്കുകയോ, സഹസൃഷ്ടിളെ അവഗണിക്കുകയോ അരുത്. ജയാ പജയങ്ങളിൽ ചഞ്ചലചിത്തരും, സ്വാർത്ഥമോഹികളുമായവർക്ക് ചാവറയച്ചന്റെ അനുയായികൾ എന്ന് അഭിമാനിക്കാൻ അവകാശമില്ല. നേരെ മറിച്ച് കർമ്മയോഗിയാകുക.

*യോഗസ്ഥഃ കുരു കർമ്മാണി!*

## മൂന്നാം ഭാഗം
# ക്രിസ്തു കീർത്തനം

[ഞാനൊരു കവിയല്ല, ഗായകനല്ല, സാഹിത്യകാരനുമ്മല്ല. എന്നിരിക്കെ എന്റെ പേരിൽ ക്രിസ്തു കീർത്തനം ആലപിച്ചു കേൾക്കുന്നതിൽ അദ്ഭുതം തോന്നുന്നു! എന്നെ അറിയുന്നവരും അത്ഭുതപ്പെടുന്നുണ്ടാകും.

ഏതാണ്ട് നാൽപ്പത് കൊല്ലം കൊണ്ട് രൂപം കൊണ്ടതാണ് ഈ കൊച്ചു കൃതി. അതിനിടയിൽ പലരുടെയും ലാളനവും, താഡനവും ഇത് ഏറ്റിട്ടുണ്ട്.

അമ്പലങ്ങളിൽ നിന്നും നിർഗളിക്കുന്നതുപോലുള്ള പ്രഭാത കീർത്തനം, ക്രൈസ്തവ ദേവാലയത്തിൽ നിന്ന് കേൾക്കുവാൻ ഞാൻ കൊതിച്ചു. 1974-ൽ ബാംഗ്ലൂർ ധർമ്മരാം ചാപ്പൽ പണി തീർന്ന്, ഉപയോഗത്തിലായ കാലം. അതിലെ ആവശ്യത്തിനായി, ആ നോമ്പുകാലത്ത്, യേശുക്രിസ്തുവിന്റെ പീഡാനുഭവം വിഷയമാക്കി, ഞാൻ ഏതാനും ശ്ലോകങ്ങൾ രചിച്ചു. അന്നൊരു ദൈവശാസ്ത്ര വിദ്യാർഥിയായിരുന്ന ചെറിയാൻ കുനിയന്തോടത്തച്ചൻ, ഞാൻ ആവശ്യപ്പെട്ടതനുസരിച്ച്, പത്തോ പന്ത്രണ്ടോ ശ്ലോകങ്ങൾ കൂടി കൂട്ടിച്ചേർത്തു. അവ ചാപ്പലിൽ പാടികേട്ടപ്പോൾ ഉണ്ടായ കൃതാർത്ഥത ഇന്നും മനസ്സിലുണ്ട്.

ക്രിസ്തു ചരിതം മുഴുവൻ സംഗ്രഹിച്ച് ശ്ലോകങ്ങളിലാക്കമെണന്നായി അടുത്ത ചിന്ത. അതിനു ബഹുമാനപ്പെട്ട സിൽവസ്റ്റർ പുതുശ്ശേരിയച്ചൻ വളരെ പ്രേരിപ്പിച്ചു. പക്ഷേ, ഉടനെ എനിക്കൊന്നും ചെയ്യുവാൻ സാധിച്ചില്ല. പിന്നീട് 1985-ൽ ആണെന്നു തോന്നുന്നു, പ്രസിദ്ധ ഗായകനായ ജോസഫ് പാലക്കൽ അച്ചൻ നിർബന്ധപൂർവ്വം പറഞ്ഞു: ക്രിസ്തുചരിതം പൂർത്തിയാക്കണം, ഈണം കൊടുത്ത് പാടി റെക്കോഡാക്കണമെന്ന്. ഞാനതിനു വഴങ്ങി, ഏതാനും മാസങ്ങൾക്കകം ക്രിസ്തുശതകം എന്ന ശീർഷകത്തിൽ രചന പൂർത്തിയാക്കി ഞാനദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹമത് സാഹിത്യകാരനായ മാത്യു ഉലകംതറ സാറിന് കൈമാറി. സാറത് കുലംകഷമായി വായിച്ചു തിരുത്തുകയും, പരിഷ്കരിക്കുകയും ചെയ്തു. ചില ശ്ലോകങ്ങൾ പൊളിച്ചെഴുതുക കൂടി ചെയ്തു.

അങ്ങനെ തിരുത്തി എഴുതിയ രൂപത്തിൽ അത് തിരികെ എന്റെ കയ്യിലെത്തി. എങ്കിലും കുറെ നാളത്തേയ്ക്ക് ഞാൻ അതിൽ ശ്രദ്ധിച്ചില്ല.

ഞാൻ അതിലേയ്ക്ക് വീണ്ടും തിരിയുന്നത് 2000 ത്തിലാകണം. ഉലകംതറ സാറിന്റെ തിരുത്തലുകളും നിർദ്ദേശങ്ങളും ഞാൻ ഒട്ടേറെ സ്വീകരിച്ചു, എന്റെ കൊച്ചു മനസ്സിൽ ഒതുങ്ങാത്തവ തിരസ്കരിച്ചു. ഏതാനും ശ്ലോകങ്ങൾ മാറ്റി കുറിച്ചു. ചിലതെല്ലാം പുതുതായി ചേർക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണ് സിസ്റ്റർ എമിലിൻ സി. എം. സി. കയ്യെഴുത്ത് പ്രതി കാണാൻ ഇടയായത്. അറിയപ്പെടാത്തൊരു കവിയത്രിയാണവർ. സഹോദരിയും ചില നിർദ്ദേശങ്ങൾ നൽകി സഹായിച്ചു. അതിനിടയിൽ സ്നേഹിതരായ ജോയി തേരുള്ളിയും, ഫിനിൽ ഏഴേറത്തച്ചനും പ്രോത്സാഹനവുമായി എത്തിയിരുന്നു.

വീണ്ടും കാലം കഴിഞ്ഞുപോയി. ശ്ലോകങ്ങൾക്ക് ഈണം നൽകി പാടി പുറത്താക്കാൻ ആരെങ്കിലുമുണ്ടാകുമോ എന്ന് കുറച്ചെല്ലാം അന്വേഷിച്ചുകൊണ്ടിരുന്നു. അത്ര തിരക്കൊന്നും തോന്നിയില്ല, ഇതിനിടയിൽ ശീമോൻ ചീനിക്കൽ, ജോൺ സ്റ്റീഫൻ എന്നീ വൈദീക വിദ്യാർഥികൾ കൃതി മുഴുവൻ ടൈപ്പ് ചെയ്തു.

അപ്പോഴാണ് മലയാള പണ്ഡിതനായ സണ്ണി ആക്കാട്ടു മുണ്ടയ്ക്കലച്ചന്റെ സന്ദർഭോചിതമായ ഇടപെടൽ. അദ്ദേഹം അന്വേഷിച്ചുവന്ന് പാഠം മുഴുവൻ പല ആവർത്തി വായിച്ച്, അക്ഷരപ്പിശകെല്ലാം തിരുത്തി, കുത്തും കോമയും ചേരുംപടി ചേർത്ത് വെടിപ്പാക്കി.

അവസാനം 2014 അന്ത്യത്തോടെ ഞാൻ ക്രിസ്തുകീർത്തനം ബഹുമാനപ്പെട്ട ജോർജ് താഞ്ചനച്ചനെ ഏൽപ്പിച്ചു. അന്നദ്ദേഹം സി.എം.ഐ. സഭയുടെ വികർ ജനറൽ ആയിരുന്നു, ഇന്നാകട്ടെ General Councillor for Evangelization and Pastoral Ministry. അദ്ദേഹമാണ് എന്റെ കൂട്ടുകാരൻ തോമസ് ചക്കാലമറ്റത്തച്ചനുമായി ബന്ധപ്പെട്ട് ക്രിസ്തു കീർത്തനം ഇത്രയും ഇമ്പമായ ഈണത്തിൽ പാടി പ്രസിദ്ധീകരിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തത്. തോമസച്ചനും സഹപ്രവർത്തകരും അഭിനന്ദനമർഹിക്കുന്നു, ഈണകർത്താവായ അമൽ ആന്റണിയെ പ്രത്യേകം അനുസ്മരിക്കുന്നു. അദ്ദേഹം ഞാനുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. എടുത്തുപറയേണ്ട മറ്റു പേരുകളാണ് ഓർക്കസ്ട്രേഷൻ ചെയ്ത സംഗീത് പവിത്രൻ, റെക്കോർഡിങ് ചെയ്ത ചേതന എൻജിനീയർ സജി ആർ.

ഇവർക്കും, ഓരോവിധത്തിൽ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത മറ്റെല്ലാവർക്കും, അകമഴിഞ്ഞ നന്ദി. വളരെ പ്രത്യേകിച്ച് എന്റെ പ്രൊവിൻഷ്യൽ ഫാദർ ജോർജ് കുളങ്ങരയ്ക്ക് കൃതജ്ഞതയുടെ കൂപ്പുകൈ. സർവ്വോപരി എന്റെ ഗുരുവരനായ യേശുദേവന് പ്രണാമം, സുപ്രണാമം.]

## 1. അവതാരം

1. ശ്രീയേശുദേവ പിതൃജാതനജാതഭാവൻ,
സർവ്വേശജാതവചനം ശ്രുതിരൂപനാദം,
സർവ്വപ്രപഞ്ചഭവകാരണമാദിശബ്ദം,
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

2. ശ്രീചിത്സ്വരൂപ പറുദീസയിലാദികാലേ
രക്ഷാവചസ്സമൃതഗീതകമായ് മുഴങ്ങി;
മർത്ത്യർക്കഹോ ശരണതാരമുദിച്ചു ഹൃത്തിൽ.
സംപൂജ്യപാദയുഗളത്തിനു സുപ്രണാമം.

3. ഓംകാര രൂപനിഹ ലോകവിമോചകൻ നീ,
അബ്രാഹവംശതരുവിൻ പുതുപുഷ്പമാം നീ,
മൂശാദി യോഗിനിരകണ്ടൊരു ദീപനാളം!
ശ്രീയേശുദേവ ശരണം മമ സുപ്രണാമം.

4. വിജ്ഞാനരൂപ നരനന്ദന ദേവപുത്രാ,
നൈവേദ്യമായി ജഡമാർന്നജശാബകം നീ!
വേദാർത്ഥസാര മഹിതോജ്ജ്വല ശാന്തിദാതാ,
സച്ചിന്മയാ ഗുരുവരാ മമ സുപ്രണാമം.

5. പൂർവ്വർഷിവൃന്ദമരുളീടിന ഹോമയാഗം
ദേവപ്രസാദകരമായി ഭവിച്ചതില്ല!
തന്നേക സൂനുവിനെ ഹോമമിടുന്നു താതൻ.
മാംസം ധരിച്ച വചനത്തിനു സുപ്രണാമം.

6. ഗോശാല തന്നിലൊരു പുൽവിരിയിൽ സമോദം
ഹേമന്ത രാവിലിഹജന്മമെടുത്ത ദേവാ

കന്യാംബയാം മരിയരാജ്ഞി നിനക്കു നൽകീ
പൂമേനി, ഹാ മനുജപുത്ര, മമ പ്രണാമം.

7. ആ വേളയിൽ സുരഗണം മുദമായ് മൊഴിഞ്ഞൂ:
“മർത്ത്യർക്കു ശാന്തി പരമീശനു കീർത്തിഗാനം!”
നക്ഷത്രനീത നൃപരൊത്തഥ മേഷപാലർ
വന്ദിച്ചു നിന്നെ, മമ ദേവനു സുപ്രണാമം.

8. ഹേറോദു ഭീരു തവ ജന്മസുവാർത്ത കേട്ടു
സംഹാര കാഹളമുയർത്തി ദിഗന്തമെങ്ങും!
യൗസേപ്പു നിന്നെയുമെടുത്തൊളിവിൽ മറഞ്ഞൂ;
രക്തത്തിലാ ശിശുഗണം തവ സാക്ഷ്യമേകി!

9. ശീമോൻ പ്രവാചകനുമാ വിധവാംഗനയ്ക്കും
സംതൃപ്തിയായി തവ ദർശനസിദ്ധി മൂലം!
നാനാമതസ്ഥ ജനമാനസദീപമേ നീ,
ഇസ്രായെലിൻെറയഭിമാന നിദാനവും നീ!

10. കൈവേല ചെയ്തു പിതൃസേവയണച്ചവൻ നീ
പന്ത്രണ്ടാം തിരുവയസ്സണയുന്ന കാലം
ദേവാലയത്തിലെ സദസ്സതിലും ലസിച്ചൂ!
പ്രജ്ഞാനരൂപ ഗുരുവേ മമ സുപ്രണാമം.

11. നസ്രത്തിലാ ചെറുകുടുംബമതിൽ വസിച്ചു
അജ്ഞാത കർമ്മപടു നീ ത്രിദശാബ്ദകാലം;
കാലേന നിൻെറയറിവും സുദൃഢം വപുസ്സും
മേന്മേൽ വളർന്നു, ഗുരുവേ മമ സുപ്രണാമം.

12. മൂലോക റാണി മറിയം വിനയാന്വിതാംബ
അഗ്രാഹ്യ ദൈവിക മനോജ്ഞ രഹസ്യമെല്ലാം
ഹൃത്താരിലാക്കി സതതം പ്രണിധാനമാണ്ടു!
മാതേ നിനക്കു നമനം, വരദാനമേകൂ.

13. അഗ്രേ ഗമിച്ച യുവയോഗിയൊരുക്കി മാർഗ്ഗം;
ഭൂലോക പാപഹരമേഷകിശോരകം നീ
മുന്നേറി നിൻ കുരിശു നോക്കി സദാപി നാഥാ!
ശ്രീദേവ ദേവസുതനേ മമ സുപ്രണാമം.

14. “എന്നിഷ്ട പുത്രനിവനാണിവനെ ശ്രവിക്കൂ!”
കൽപിച്ചിതേവമശരീരി വചസ്സു താതൻ;
ദ്യോവിങ്കൽ നിന്നു വിമലാത്മ കപോതരൂപം
കാണായി വന്നു ഗുരുവേ മമ സുപ്രണാമം.

15. “സമ്പൂർത്തിയാക പിതൃനിശ്ചിത നീതിയാകെ!”
ഈ മന്ത്രമോതി നിരതം ബലിയേകി നാഥൻ;
നിൻ ഹോമയാഗമതുലോജ്ജ്വല പ്രേമപൂജ!
സ്നേഹാത്മനേ നരഗുരോ മമ സുപ്രണാമം.

16. ദേവാ കൊടും തപമിരുന്നിഹ രാപ്പകൽ നീ!
ഹാ ദുഷ്ടശക്തിയൊടുവിൽ ചതിപൂണ്ടണഞ്ഞൂ;
സർവ്വേശനോടു ബതതാമസരൂപി തോറ്റു!
ശ്രീസത്തമാ വചനരൂപ, മമ പ്രണാമം.

## 2. ശിഷ്യത്വം

17. നിന്നാജ്ഞയാലെ വല വീശി വലിച്ച പത്രോസ്
പേടിച്ചു ചൊല്ലി, വിടുകെന്നെ നികൃഷ്ടനീ ഞാൻ
നീയോ ക്ഷണിച്ചവനെ മാനവ ബന്ധനാർത്ഥം;
സർവ്വം ത്യജിച്ചവനുമാക്കഴൽ പിന്തുടർന്നു.

18. പിഞ്ചെല്ലുകെന്നു തെളിവായി വിളിച്ച നിന്നെ
ശീഘ്രം ശ്രവിച്ചനുഗമിച്ചൊരു ലേവി മോദാൽ;
ആ സാധു സേവകനുശിഷ്യപദം ലഭിച്ചു;
ശ്രീചിന്മയാ സകലലോകഗുരോ പ്രണാമം!

19. പത്രോസു, തോമസു തുടങ്ങി വിനീതയൂദർ
പന്ത്രണ്ടു നിൻ ദയവിലന്നു നിയുക്തരായി;
സംപ്രീത ശിഷ്യരവരാണു നിരന്തരം നിൻ
പിൻഗാമികൾ ഗുരുവരാ, മമ സുപ്രണാമം.

20. ആത്മപ്രകാശമരുളും ഗുരു നീ സ്വശിഷ്യർ
ലോകത്തു ദീപമരുളേണമെന്നാജ്ഞനൽകി;
ഭൂമിക്കവർ ലവണവും സ്വയമാക വേണം!
ജ്യോതിസ്സ്വരൂപ, മമതേ നമനം പ്രണാമം.

21. നിൻ ശിഷ്യരായി വരുവോർ പരിപൂർണ്ണമായും
സ്വാർത്ഥം ത്യജിച്ചഥ ധനം സകലം വെടിഞ്ഞു

തൻ ക്രൂശെടുത്തനുഗമിക്കണമെന്നു ചൊല്ലും
ശ്രീകന്യകാമരിയനന്ദന സുപ്രണാമം.

22. മാതാപിതാക്കളു തുടങ്ങിയൊരുത്തനെയും
ശിഷ്യർ നിനക്കുപരിയായി ഗണിച്ചുകൂടാ;
സർവ്വസ്വവും സകലബന്ധുജനത്തെയും ഞാൻ
നിൻ കാൽക്കലേകി, ഗുരുവേ ശരണം ഗമിപ്പൂ.

23. കാട്ടിൽ മൃഗത്തിനു മനോഹരമാളമുണ്ട്;
പക്ഷിക്കു രാത്രിശയനത്തിനു കൂടുമുണ്ട്;
ഹാ മർത്ത്യപുത്രനിടമില്ല ശിരസ്സു ചായ്ക്കാൻ!
ശ്രീ മർത്ത്യനായവതരിച്ച ഗുരോ പ്രണാമം.

24. സമ്പത്തു നന്മനമൊടാകെയെടുത്തു വിറ്റു
ദാരിദ്ര്യ ദു:ഖിത ജനത്തിനലിഞ്ഞു നൽകി
സ്വാതന്ത്ര്യമോടെ മനുജൻ തവ ശിഷ്യനാകാൻ
നിർദേശമേകിയ ഗുരോ മമ സുപ്രണാമം.

25. സ്വാമിയ്ക്കുമേൽ വിലസുകില്ലിഹ ദാസരാരും,
ശിഷ്യർ തഥാ സ്വഗുരുനാഥനതീതരല്ല.
ദ്വേഷിച്ചു ലോകമഖിലം ഗുരുവായ നിന്നെ;
നിൻ ശിഷ്യരാമിവരെ നൂനമവർ വെറുക്കും!

26. ഹാ ശാന്തശീലനവിടുന്നു വീനിതചിത്തൻ,
നോക്കിപ്പഠിച്ചനുദിനം വളരട്ടെ ഞങ്ങൾ;
ഭാരം വഹിച്ചു തളരുമ്പൊഴുമാക്കരത്തിൻ
താങ്ങേകണം കനിവൊടേ, മമ സുപ്രണാമം.

27. നീ നൽകിടും ചുമടു ദുർവഹമല്ലെനിക്കു
നൂനം ഗുരോ തവ നുകം മധുരം നിതാന്തം;
ധൂർത്തന്റെയാഗമനമാണു നിനക്കു മോദം
സ്വർഗ്ഗീയ വൈദ്യ, പിതൃവരേണ്യ മമ പ്രണാമം.

28. ചെന്നായ് ഗണത്തിലമരുന്നയജം സ്വദാസർ
പ്രാവിന്റെ നിർമ്മലത തെല്ലു വിടാതെ മേവാൻ
കാരുണ്യപൂർവ്വമനിശം വരമേകണേ നീ;
ഏവം തരൂ ഭുജഗസൂക്ഷ്മ വിവേകമെന്നും!

29. സശ്രദ്ധമീശ വചനം നിരതം ശ്രവിച്ചു
ധ്യാനിച്ച നിൻ ജനനിയെന്നുമതിൻ പ്രകാരം

ജീവിച്ചു, നൂനമവളാണിഹ ഭാഗ്യശാലി!
ശ്രീശബ്ദമേ, മരിയനന്ദന സുപ്രണാമം.

## 3. ധർമ്മം

30. പാവങ്ങളാം മനുജമക്കളൊടായ് സുവാർത്താ–
പ്രഖ്യാപനത്തിനഭിഷിക്തനധീശനാം നീ
മോചിച്ചു ബന്ദിയെ, തഥാന്ധനു കാഴ്ചയേകി,
രോഗിക്കു സൗഖ്യമതുപോലടിമയ്ക്കു മുക്തി!

31. കുന്നിന്നു മേൽക്കയറിനിന്നു പറഞ്ഞു നാഥൻ:
"ദാരിദ്ര്യ ദു:ഖമിയലുന്ന നരർക്കുഭാഗ്യം,
സ്വർലോകമത്രയുമവർക്കവകാശമല്ലോ!"
കാരുണ്യമൂർത്തി ഗുരുവേ പരമപ്രണാമം.

32. ഹാ ദുഷ്കരം കഠിന നീതി കൊടുത്തു താതൻ
പൗരാണികർക്കതുപൊളിച്ചെഴുതി മുദാ നീ:
"സ്നേഹിക്ക നിങ്ങളിനി വൈരികളേയുമെന്നും!"
സ്നേഹൈകമൂർത്തിയവിടേയ്ക്കു മമ പ്രണാമം.

33. ആകാശ സീമയതിലേറെ മഹത്വമോടേ
വാഴുന്ന താതനുടെ പൂജ്യമനോജ്ഞനാമം
വാഴ്ത്താനിവർക്കറിവുനൽകി, തദിഷ്ടമെന്നും
ഭൂവിൽ നടത്തുവതിനാജ്ഞയും നൽകിയല്ലൊ.

34. ചോദിപ്പവനു ദൃഢമായി ലഭിക്കുമെന്നും,
തേടുന്നവൻ കണിശമായതു കാണുമെന്നും,
മുട്ടുന്നവർക്കഥ തുറന്നു ലഭിക്കുമെന്നും
കൽപിച്ചു നീ, മമ ഗുരോ നമനം നമസ്തേ!

35. പാടത്തു വാച്ചു വളരും ചെടി നോക്കിയാലും,
മാനത്തു പാറിയുയരും ചെറുപക്ഷിയേയും!
ഏവം വിധം മനുജമക്കളെയും സസൂക്ഷ്മം
പാലിച്ചിടും തവ പിതാവിനു സുപ്രണാമം.

36. അന്നാളൊരുത്തമ യഹൂദനിരുണ്ട രാവിൽ
ചാലേയണഞ്ഞഥ തവാരുളു തേടിമോദം!
നീയോ "ജനിക്ക പുനരെ"ന്നുപദേശമേകി;
ശ്രീമർത്ത്യരക്ഷക ഗുരോ മമ സുപ്രണാമം.

37. സാബത്തിനും മുകളിലാണു മനുഷ്യനെന്നും,
ചൈതന്യദീപമതുവാക്കിനതീതമെന്നും,
ചൈതന്യമാണു തനിസത്യമദീശനെന്നും
സുവ്യക്തമോതിയ ഗുരോ മമ സുപ്രണാമം.

38. സാരോപദേശ കഥ നീ സുലഭം പറഞ്ഞു:
നിൻ രാജ്യമത്ര കടുകിൻ മണിപോലെയെന്നും,
ലോകത്തിനാകെയുറ കൂട്ടുമരും പുളിപ്പും,
ചേതോഹരം നിധിയുമാണതു നൂനമെന്നും.

39. മർത്ത്യൻെറ മാനസമതിൽ വചനാത്മ ബീജം
ചാലേ വിതച്ചിടുമൊരുത്തമ കർഷകൻ നീ!
നിത്യേന നൂറു വിളവത്ര ഫലം വളർത്താൻ
നീയേകണം തവ വരം വരനേശു നാഥാ.

40. ശാഖാപ്രപഞ്ചമിഹവീശി ഫലംതരാത്ത
വൃക്ഷത്തെ നിർദ്ദയമുടൻ ഗുരു നീ ശപിച്ചു!
നാഥാ കനിഞ്ഞിഹ പൊറുക്കണമെൻെറ പാപം.
മാംസം ധരിച്ച കരുണാമയനേ പ്രണാമം.

41. ഞാനാണു മാർഗ്ഗമഥസത്യവുമപ്രകാരം,
ഞാൻ ജീവനെന്നുമരുളീ മമ സാന്ത്വനം നീ!
ജീവൻെറ വാക്കുമതുപോലെയപൂപവും നീ.
ശ്രീചിന്മയാ മമ ഗുരോ നമനം പ്രണാമം.

42. താതൻെറയിച്ഛര നിറവേറ്റുകയാണു നാഥാ
മൃഷ്ടാന്നമത്ര ഗുരുവായ നിനക്കു നൂനം!
ഞങ്ങൾക്കുമേയതു സുനിശ്ചിത മുക്തിമാർഗ്ഗം;
ശ്രീമാർഗ്ഗമാം ഗുരുവരാ മമ സുപ്രണാമം.

43. നിൻ താതനാണിഹയൊരേയൊരു സത്യദേവൻ;
സദ്‌രൂപിയാമവനെയെന്നതുപോലെ നാഥാ
സസ്നേഹമാക്കരുണയുള്ള പിതാവയച്ച
നിന്നെയുമത്രയറിവോനതു നിത്യജീവൻ!

44. സത്യം മനുഷ്യനെ വിമോചിതനാക്കുമെന്നു
നീയോതിയന്നൊരു ദിനം തവ ശിഷ്യരോടായ്;
നീയാണു സത്യമതുപോലെ ജഗത്പ്രദീപം;
സത്യത്തിനത്ര നിരുപാധിക സാക്ഷിയും നീ!

45. കന്യാസുതാ, നരസുതാ, പരമാത്മനീതാ,
മർത്ത്യസ്വഭാവമിയലുന്നൊരമർത്ത്യദേവാ,
വിശ്വരൂപ, സുരനന്ദന രാജരാജാ,
ഭൂലോക പാപഹരമേഷവരാ പ്രണാമം!

## 4. കരുണ

46. കാനായിലന്നൊരു ദിനം വിമലാംബിക മേരി
തൻ പുത്രനോടു കനിവാർന്നു വചിച്ചുവല്ലോ:
''വീഞ്ഞില്ല പന്തിയിലെ മാന്യജനത്തിനേകാൻ!''
വേഗം ജലത്തെ രസികൻ മധുവാക്കി നാഥൻ!

47. തോരാതെ നന്മ നരനേകി നടന്നു പോകേ
നായീമിലാ വിധവ തന്നിലകം കനിഞ്ഞു
തത്പുത്രനെ മൃതിയിൽ നിന്നുമുയർത്തിയോനേ,
മൃത്യുഞ്ജയാ, പ്രിയ ഗുരോ മമ സുപ്രണാമം.

48. പ്രാമാണികൻ ജയിറസിൻെറ മരിച്ച പുത്രി
നിന്നാജ്ഞയാലുടനെണീറ്റു സജീവയായി!
റോമൻ ശതാധിപഗൃഹസ്ഥനെയും തഥൈവ
രക്ഷിച്ചു നീ മരണമുഷ്ടിയതിൽപ്പെടാതെ!

49. സ്പർശിച്ചു നീ, ത്സടുതിയാ ജ്വരബാധിതാംഗി
സാമോദമേറ്റു ഗുരുസേവയണച്ചുവല്ലോ!
നിൻ ചേലയിൽ തൊടുകയാൽ സുഖമായി രക്ത-
സ്രാവാതുരയ്ക്കു, പരമൗഷധമേ പ്രണാമം!

50. മേൽക്കൂരമാറ്റി ജനവൃന്ദമലിഞ്ഞിറക്കി
വാതാമയം പിടിച്ചൊരുത്തനെ സന്നിധാനേ;
കാരുണ്യമൂർത്തിയവരിൽ തെളിവാർന്നു നൽകി
രോഗിക്കു സൗഖ്യ,മവിടേയ്ക്കു മമ പ്രണാമം!

51. കണ്ണീരണിഞ്ഞു തവ സ്നേഹിതനന്ത്യനിദ്ര
ചെയ്യും കുടീര നികടത്തിലണഞ്ഞ ദേവാ,
നിൻ നാദമാശ്രവണയുഗ്മമതിൽ പതിക്കെ
ലാസർ ഹ! വീണ്ടുമുയിരാണ്ടു, ഗുരോ പ്രണാമം.

52. നീയാണുയിർപ്പുമതുപോലുയിരും പ്രസിദ്ധം!
വിശ്വാസ പൂർവ്വമവിടുത്തെ നമിപ്പവർക്കു

നീയേകിടുന്നു പുനർജന്മവുമന്ത്യനാളിൽ!
മൃത്യുഞ്ജയാ മമ ഗുരോ മമ സുപ്രണാമം.

53. അഞ്ചപ്പവും ചെറിയ രണ്ടു വറുത്ത മീനും
അയ്യായിരം നരഗണത്തിനു ഭോജ്യമായി
ഭക്ഷിച്ചു തൃപ്തിയടയും വരെ നീ വിളമ്പി!
കീർത്തിച്ചു പാടിയവർ ഹാ തവ ദിവ്യശക്തി!

54. ശ്വാവിൻെറ ന്യായമഖിലം ദൃഢമുദ്ധരിച്ച്
സ്വാഭിഷ്ടയാചന നടത്തി വിജാതി നാരീ!
ആ ധീരസന്നിധിയിലങ്ങു നമിച്ചു മോദാൽ!
നീ ഭക്തവത്സലനവൾക്കു വരം കൊടുത്തു.

55. ദാരിദ്ര്യപീഡിതയുദാരതയോടു നൽകി
ദേവാലയത്തിലൊരു കൊച്ചുപഹാരമന്ന്;
ക്ഷിപ്രം പുകഴ്ത്തി ഗുരു നീയവളെത്തെളിച്ചു;
ശ്രീയാർത്ത രക്ഷക ഗുരോ മമ സുപ്രണാമം.

56. ശമ്രായ നാട്ടിലൊരുപാപിയുവാംഗനയ്ക്കു
നീയന്നലിഞ്ഞു വെളിവേകിയനുഗ്രഹിച്ചു;
വേഗം ഗമിച്ചവളറീച്ചു സുവാർത്ത നാട്ടിൽ;
ശ്രീദീനവത്സല ഗുരോ മമ സുപ്രണാമം!

## 5. സംഘർഷം

57. ദേവാലയം വിപണിയാക്കി മനുഷ്യമക്കൾ;
അന്നേരമത്ര തവ ദിവ്യവികാരമാളി!
ഹാ ധർമ്മരോഷവിറ പൂണ്ട ഗുരോ നമിപ്പൂ.
ശ്രീചിന്മയാ ജഗദധീശ മമ പ്രണാമം.

58. നീയീശ്വരൻെറ പരിപാവന ദൂതനെന്നും
അത്യുന്നതൻെറ സുതനെന്നുമറിഞ്ഞ സാത്താൻ
പേടിച്ചുടൻ നരരെ വിട്ടകലെപ്പറന്നു!
ശ്രീചിന്മയാ നരക നാശക സുപ്രണാമം.

59. ഞാൻ പാരിടത്തിൽ വളരും ശരിയത്തിവൃക്ഷം;
നിൻ താതനാണുടമ, നീയഥ കാര്യദർശീ;
നാളേറെയത്തി ഫലമേകിയതില്ലയെന്നാൽ
നിന്നിച്ഛ പോൽ തുടരെ ജീവിതമേകി താതൻ.

60. പന്തിക്കിരിക്കെയെളിയോരിടമാണു യുക്തം;
നീ താനേ താഴ്ത്തുവരെവാനിലുയർത്തുമല്ലൊ!

താനേ വിനീത നില പൂണ്ടിഹ ഭൂമിയോളം
താഴ്ന്നോരു ദേവതനയാ മമ സുപ്രണാമം.

61. ഉള്ളിൽ വസിച്ചഖിലവും നിയമിക്കുവോൻ നീ
ദാവീദുതൻ സുതനജൻ, ധനവാൻ ദരിദ്രൻ,
അഗ്രാഹ്യമാണു തവ ഭാവമഹാരഹസ്യം!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

62. ഹേറോദുതൻെറ ദുരഭീഷ്ടമനാദരിച്ച്
ആ രാജനെ കുറുനരീന്നു വിളിച്ച നാഥാ,
നീ മൃത്യുവെ തൃണസമാനമഹോ ഗണിച്ചു!
ആ ധർമ്മധീരതയെനിക്കു നൽകാൻ പ്രണാമം.

63. പാപിക്കു പാപിയെ വിധിക്കുക സാധ്യമല്ല!
നീ മാത്രമാണു വിധിയാളനതുല്യ നീതി;
എന്നിട്ടുമന്നവിടെയാ വ്യഭിചാരിണിക്കു
കാരുണ്യപൂർവ്വമവിടുന്നു കൊടുത്തു മാപ്പ്.

64. നീയാ വിരുന്നു സമയം മൃദുപത്മപാദം
അശ്രുക്കളാൽ കഴുകി, ശുദ്ധസുഗന്ധമിട്ടു
ചുംബിച്ച തരുണി തൻെറയഘം ക്ഷമിച്ചു!
ശീമോൻ ഫരീസനതു കണ്ടു പകച്ചു നിന്നു!

65. താബോർ ഗിരിയ്ക്കുമുകളിൽ പ്രിയശിഷ്യരൊത്തു
വാഴുമ്പൊഴാത്തിരുവുടൽ ഹിമശോഭയാർന്നു
വെട്ടി പ്രകാശകിരണം വിതറിത്തിളങ്ങി!
ആ നിൻ സ്വരൂപമഹിമാവു നമിപ്പു ഞങ്ങൾ.

66. ബെത്സേദയെന്നൊരു കുളക്കരയിൽ ഗുരോ നീ
ഔദാര്യപൂർവ്വമൊരു രോഗിയെ സൗഖ്യമാക്കി;
ശാബത്തിലാക്കരുണ കാട്ടിയ നിന്നെ നാഥാ
കൊല്ലാൻ ശ്രമിച്ചരിഗണം, കഠിനം കഠോരം!

67. സീസർക്കയാളുടെ പണം വിധിപോൽ കൊടുപ്പിൻ,
സർവ്വേശ്വരൻെറതവിടുന്നിനുമേകിടേണം
എന്നാജ്ഞ നൽകിയ ഗുരോ തവ രാജനീതി-
യന്യൂനമാണതു വരേണമിഹാനവദ്യം!

68. നാഥാ നിനക്കതുല രാജപദം സമോദം
നൽകാൻ തുനിഞ്ഞ ജനരാശി നിരാശപൂണ്ടു;

രാജാധിരാജപദമുണ്ടു നിനക്കു നൂനം;
എന്നാലുമൈഹികമതല്ല, പരത്രമത്രെ!

69. അന്ധന്നു നീ നയനശക്തി കനിഞ്ഞു നൽകീ;
പാപാന്ധമാം ജനമനത്തിനിരുട്ടു കൂടി;
ഹാ ഭ്രഷ്ടു നൽകിയവനാശു സഭാധികാരം!
പ്രേമാലു നീയവനു ശിഷ്യപദം കൊടുത്തു.

70. അന്നാഴിമീതെ നടകൊണ്ടു മഹർഷി നീയേ;
നിൻ ശാസനം വിനയ പൂർവ്വമഹോ ശ്രവിച്ചു
ക്ഷോഭിച്ച വൻ കടലുടൻ തിരയും ശമിച്ചു!
ശ്രീ ചിന്മയാ പരമശാന്തിദ സുപ്രണാമം.

71. ആട്ടിൻ ഗണത്തിനിഹ നല്ലിടയൻ ഗുരോ നീ;
മുന്നേ നടന്നു വഴി കാട്ടിടുവോനുമേവം;
ചെന്നായ് വരുമ്പൊഴുമജത്തെ വെടിഞ്ഞിടാതെ
സ്വന്തം നിണം ചൊരിയുമെൻ ഗുരുവേ പ്രണാമം!

72. കാണാതെ പോമജകിശോരമതിന്നു വേണ്ടി
തേടുന്നു നീ, കഠിന രോഗിയെ വൈദ്യനായും,
പശ്ചാത്തപിക്കുമൊരു പാപിയെ നോക്കിയും ഹാ
നീയെന്നുമെന്നുമലയുന്നു, ഗുരോ പ്രണാമം.

73. വാത്സല്യമോടരികണച്ചു ശിശുക്കളെത്താൻ
ആശീർവ്വദിച്ചവരുമൊത്തു ലസിച്ച നാഥാ,
നൈർമ്മല്യമോടവനി വാണു സമീപമെത്താൻ
നീയേകണം വരഗണം, മമ സുപ്രണാമം.

74. നീയേകിടുന്നിഹ സജീവജലം നരർക്കു,
ദാഹിക്കുകില്ല നരരാ സലിലം കുടിച്ചാൽ,
നിത്യായുസിന്നുറവയാമതു മാനസത്തിൽ!
ശ്രീരക്ഷകാ ഗുരുവരാ മമ സുപ്രണാമം.

75. സാന്ത്വപ്രകാശ പുരുഷോത്തമ, വിശ്വകർമ്മാ,
വിശ്വപ്രജാപതി, സനാതന വിശ്വരൂപാ,
സത്സംഗമാം തിരുശരീരമതിൻ ശിരസ്സേ,
വിശ്വംഭരാ നിഖിലനായകനേ പ്രണാമം.

76. ഓശാന പാടി ജനരാശി പുക്ഴത്തി നിന്നെ,
നേതാക്കളോ കഠിനമാനസരായതീവം!

കണ്ണീരൊഴുക്കി തവ കോമള നേത്രയുഗ്മം!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

## 6. സമർപ്പണം

77. അത്താഴനേരമരികിൽ ചിതമായിരുന്നു
തൻ ശിഷ്യര,ന്നഖിലനാഥനവർക്കു മുന്നിൽ
നന്നേ കുനിഞ്ഞു കഴുകി നിജദാസപാദം!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

78. പാപങ്ങളൊക്കെ നിഹനിച്ചു നരർക്കു നിത്യം
ജീവൻ കൊടുക്കുവതിനാ നിശയിൽ ഗുരോ നീ
അപ്പത്തെവാഴ്ത്തി നിജമാംസമിതെന്നു ചൊല്ലി,
വാങ്ങി ഭുജിക്കുകയിതെന്നുപദേശമേകി.

79. ജീവൻ പകർന്നു നരനത്ര വിമുക്തി നൽകാൻ
നീ പാനപാത്രവുമെടുത്തു പറഞ്ഞു നൽകി:
"എൻ രക്തമാണിതിനി ജീവിതപാനമാക്കൂ!"
ശ്രീരക്ഷകാ മമ ഗുരോ നമനം പ്രണാമം.

80. നീയാണു മുന്തിരയതിൻ ശിഖരങ്ങൾ ഞങ്ങൾ,
നിന്നോടു ചേർന്നൊരുമയിൽ കഴിയുന്ന കാലം
ജീവൻ നിറഞ്ഞു കവിയും ഫലമേറെയുണ്ടാം
ഹാ ഞങ്ങളിൽ, പ്രിയ ഗുരോ മമ സുപ്രണാമം.

81. സ്നേഹിച്ചു നീയിവരെയെന്നുമകം നിറഞ്ഞ്;
സ്നേഹിക്ക വേണമിവരും തഥൈവ തമ്മിൽ,
സ്നേഹത്തിലെന്നുമധിവാസമിയന്നിടുന്നോ-
ക്കേർകുന്നു നീ പരമ ശോഭന നിത്യഭാഗ്യം.

82. ഞങ്ങൾ പരസ്പരമുദാരതയോടെ നിത്യം
സ്നേഹിക്കുമെങ്കിലതു ക്രൈസ്തവജീവസാരം!
ശിഷ്യത്വലക്ഷണമതാകണമെന്നുരച്ച
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

83. നീ ശാന്തിയെ സ്വവരമായി നരർക്കു നൽകി;
ലോകത്തതോ വിരളമെന്നുമൊഴിഞ്ഞ നാഥാ,
ശാന്തിപ്രദാത തവ ദാസഗണത്തെയാക്കൂ
നിൻ ശാന്തിതന്നതിമനോഹരദൂതു നൽകാൻ.

84. “താതാ നിതാന്തമതു താവകയിഷ്ടമെങ്കിൽ
നീക്കിടുകെൻെറ സഹനാത്മക പാനപാത്രം!
എന്നാലുമെൻെറ ഹിതമല്ലിഹ നിൻെറയിഷ്ടം
വന്നീടണം,” തിരുവചസ്സതിനു പ്രണാമം.

85. യൂദാസു വന്നു കവിളിൽച്ചതിചുംബനത്താൽ
നിന്നെക്കൊടുത്തരിനിരയ്ക്കു കൊലയ്ക്കു വേണ്ടി!
നീയോ കൃപാർദ്രമൊഴിയാൽ ഗുണദോഷമേകി!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

86. നിൻ മൗലിയിൽ നിശിതമുൾമുടിവച്ചു ദേവാ,
നിന്ദിച്ചു നിന്നെ നിഖിലേശ്വര രാജരാജ!
നിന്നോമനത്തിരുമുഖത്തവർ തുപ്പി കഷ്ടം!
വന്ദിപ്പു ഞാനതിനെ, നായക സുപ്രണാമം.

87. ലോകത്തിനന്നതുല ശാന്തിപകർന്ന നിന്നെ
മാനം കെടുത്തിയഴലേറ്റിയടിച്ചു ലോകം!
നീലോകപാപനിഖിലത്തിനു ശിക്ഷയേറ്റു;
ഭൂലോകപാപഹരനാമജമേ പ്രണാമം.

88. മൂർത്തീഭവിച്ചവതരിച്ച കൃപാ സ്വരൂപാ
നീ നന്മ ചെയ്തു ഭുവനത്തിൽ നടന്നു നീങ്ങി;
പാപിയ്ക്കു തുല്യമഥനിന്നെ വിധിച്ചുലോകം!
നൈർമ്മല്യമൂർത്തി ഗുരുവേ നമനം പ്രണാമം.

89. ഏകാകിയായ് ഗുരുവെ വിട്ടനുയായിവൃന്ദം,
പേടിച്ചരണ്ടു നിരസിച്ചു പ്രധാനശിഷ്യൻ,
വൻപീഡകൾക്കു സ്വയമേ ബലി നൽകി നീയും!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

90. വൻക്രൂശുമേന്തി വഴിയാത്ര തുടർന്ന ദേവാ,
ദൂരത്തു കാണ്മൂ ബലിവേദി കപാലശൈലം!
വീഴുന്നു നീളെയഴലിൽ പലവട്ടവും നീ!
ശ്രീചിന്മയാ മമ ഗുരോ മമ സുപ്രണാമം.

91. ക്രൂശേന്തി മുൾമുടി ധരിച്ചു തളർന്ന നീയും
ശോകാഗ്നിയിൽ കരിയുമമ്മയുമത്ര നിൽപൂ!
വാക്കില്ല തമ്മിലുരിയാടുവതിന്നു, ചിത്തം
മാത്രം വിതുമ്പി ഗുരുവേ മമ സുപ്രണാമം.

92. ഭാരം വഹിച്ചിഹ വലഞ്ഞ നിനക്കു ശീമോൻ
നീട്ടി സഹായകരമങ്ങനെ ധന്യനായി;
തൂവാലകൊണ്ടൊരുവളാത്തിരുവക്ത്രമൊപ്പി!
ശ്രീയാർത്തരക്ഷക ഗുരോ നമനം നമസ്തേ.

93. ക്രൂശിൽ കിടന്നു മരണത്തൊടു മല്ലിടും നീ
സസ്നേഹമമ്മയെ വിളിച്ചുര ചെയ്തു സാന്ത്വം,
ഏൽപിച്ചു നീയവളെയുത്തമശിഷ്യനേവം
വാത്സല്യമാതൃസവിധേ നിജശിഷ്യനേയും.

94. സ്വന്തം പിതാവിനൊടുശത്രുവിനായി നാഥാ,
പ്രാർത്ഥിച്ചു നീ, കടമയാകവെ പൂർത്തിയാക്കി,
സംതൃപ്തിയോടു തലചായ്ച്ചു മരിച്ച ദേവാ,
ശ്രീചിന്മയാ മമ ഗുരോ നമനം പ്രണാമം.

95. സ്രഷ്ടാവുതൻ മരണവേളയതിൽ നടുങ്ങി-
ക്കേണു പ്രപഞ്ചമഖിലം ധരമേലിരുട്ടി,
സൂര്യന്റെ രശ്മിവലയം ധൃതിയായി മങ്ങി,
ദിക്കാകെ മിന്നലുകളാൽ ഭയമാർന്നു തേങ്ങി!

96. പാതാളവാസികളുണർന്നു നടന്നു പാരിൽ
ദേവാലയം സ്വതിരശീല പിളർത്തി ദു:ഖാൽ!
സൈന്യാധിപൻ തെളിവായുടനേ പുകഴ്ത്തി:
"നീയാണു സത്യജഗദീശസുതൻ, പ്രണാമം."

97. ഭൂലോകരക്ഷ ബലിയാലഥ നേടുവാനായ്
മൂന്നാണിമേൽ മൃതിവരിച്ചൊരു സ്നേഹരൂപാ,
പൂജിച്ചിടുന്നു ബലിവേദിക ഞങ്ങളിപ്പോൾ!
ശ്രീചിന്മയാ മമ ഗുരോ നമനം നമസ്തേ!

## 7. മഹിമ

98. ഹാ മൃത്യുഗർത്തമതിൽ നിന്നു തൃതീയ നാളിൽ
തേജസ്സു പൂണ്ടു പുനരുത്ഥിതനായ ദേവാ
ഹാ മൃത്യു തോറ്റുയിരുളാകെയകന്നുവല്ലോ!
മൃത്യുഞ്ജയാ, പുതിയ ജീവനു സുപ്രണാമം!

99. ഉത്ഥാനശേഷമതിവത്സലമാഗ്ദലയ്ക്കും
പ്രത്യക്ഷനായി ഗുരു, ശിഷ്യപരമ്പരയ്ക്കും;

സ്പർശിച്ചു തോമ്മ തിരു മേനിയെ, വിശ്വസിച്ചു
നീയാണു നാഥനഖിലേശനുമെന്നു നൂനം.

100. പേടിച്ചു വാതിലഖിലം ബലമായടച്ചു
മേവുന്ന ശിഷ്യനിരതൻ ഭയമാറ്റുവാനായ്
ഹാ വിസ്മയം! മുറിയകത്തവിടുന്നണഞ്ഞു.
ഭീതർക്കു ശാന്തിയരുളുന്ന ഗുരോ പ്രണാമം.

101. ശിഷ്യപ്രധാനിയുടെ ഭക്തിയുരച്ചു നോക്കി,
നീ പിന്നെ മേഷഗണനേതൃപദം കൊടുത്തു;
സത്സംഗമങ്ങനെ ദൃഢം വളരാൻ തുടങ്ങി.
ശ്രീചിന്മയാ മമ ഗുരോ നമനം നമസ്തേ.

102. ഭൂലോകമാകെ സുവിശേഷവെളിച്ചമേകി,
ത്രിത്വൈകദേവ തിരുനാമമുറച്ചു പാടി
വിശ്വാസപൂർവ്വമണയുന്ന ജനത്തെയെല്ലാം
സംഘത്തിലേയ്ക്കുപനയിച്ചു വരിച്ചു ശിഷ്യർ.

103. സ്വർലോകമേറി നിജതാതനു മോദമേകി,
തത്പാർശ്വമാർന്നരുളുമേശു, മദീയനാഥാ,
നീ വീണ്ടുമിങ്ങു വരുമെന്ന പ്രതീക്ഷയോടെ
പ്രേമാന്വയം മമ ഗുരോ നമനം പ്രണാമം.